## ക്രിസ്തുവിന്റെ പിന്നാലെ

Nischal Gibson



# …ാതന്ത്ര്യത്തിലേക്ക് വിളിക്കപ്പെട്ടവർ

/268.42
POC

HCC 1

# ക്രിസ്തുവിന്റെ പിന്നാലെ

## ഹയർ കോഴ്സ് ഇൻ കാറ്റെക്കെസിസ് (H.C.C)

## പാർട്ട്-1

COMMISSION FOR CATECHESIS

I AM THE WAY THE TRUTH AND THE LIFE

K.C.B.C.

16920

(Malayalam)
KRISTUVINTE PINNALE - 11
**SVATANDRIYATHILEEKK VILIKKAPPETTAVAR**

*Published by* : Pastoral Orientation Centre, Kochi - 682 025
Kerala, India

*Copyright* : Pastoral Orientation Centre, Kochi - 682 025
Kerala, India

All rights reserved. No part of this book may be reproduced in any form without permission, in writing from the publisher.

First Published : May 15, 1991
2nd Impression : April 15, 1993
3rd Impression : May 1, 1994
4th Impression : May15,1995
5th Impression : May 1, 1996
6th Impression : May 1, 1997
7th Impression : May 1, 1998
8th Impression : May 1, 1999

M/ 268.42

*Typeset* : De Paul Press, Kochi

*Printed* : THE CORONATION ARTS CRAFTS, SIVAKASI - 626 123.

*Imprimatur* :

✠ Joseph Kundukulam, Bishop of Thrissur
Chairman, K. C. B. C. Commission for Catechesis.

✠ George Valiamattam, Bishop of Thalassery
Vice Chairman, K. C. B. C. Commission for Catechesis.

✠ Soosai Pakiam, Bishop of Thiruvananthapuram
Vice Chairman, K. C. B. C. Commission for Catechesis.

Price : Rs. 14/=

ലേഖ 1 to 5

# ഉള്ളടക്കം

പുറം

ആമുഖം iv

1. യുവജനങ്ങളേ, ഇതാ നിങ്ങളുടെ രാജപാത 1

2. കേൾക്കാത്ത ശബ്ദം 16

3. മനുഷ്യരക്ഷയുടെ സ്വർഗ്ഗലത 34

4. സുവർണ്ണലത, സൗഗന്ധികപുഷ്പം 49

5. വചനം, വചനസാരം 63

6. ആരാധനാജീവിതത്തിലെ അമൂല്യനാഴിക 81

7. എന്നിൽ ക്രിസ്തു ജീവിക്കുന്നു 94

8. മതം കൈവിലങ്ങല്ല, ശാസ്ത്രം കനകവളയുമല്ല 111

9. ഈശ്വരാനുഭവവും നിരീശ്വരസങ്കല്പവും 124

10. കമ്മ്യൂണിസം ക്രൈസ്തവവീക്ഷണത്തിൽ 138

11. മരണം വിതയ്ക്കുന്ന മദ്യം 153

Nischial

# ആമുഖം

വിശ്വാസത്തിന്റെ പഠനക്കളരിയാണു മതബോധനരംഗം. ഒരു ദീപസ്തംഭമെന്നപോലെ അതു നാളെയുടെ വാഗ്ദാനങ്ങളായ യുവജനങ്ങളുടെ ജീവിതപാതകളെ പ്രകാശിപ്പിക്കണം. ജീവിതത്തിന് അർത്ഥംനൽകാൻ കഴിയുന്നവിധം സുവിശേഷം അവതരിപ്പിക്കാനും ഗ്രഹിപ്പിക്കാനും അംഗീകരിപ്പിക്കാനും ഏററവും ഉചിതമായ മാർഗ്ഗമാണ് യുവജനമതബോധനം (C.T. 39). യൗവനത്തിലേക്കു പ്രവേശിക്കുന്നവർക്കുവേണ്ടിയുള്ള വിശ്വാസപരിശീലനപുസ്തകങ്ങൾ ലഭ്യമാക്കണമെന്ന കേരളസഭയുടെ ചിരകാലസ്വപ്നത്തിന്റെ ഭാഗികസാക്ഷാത്കാരമാണ്, ഈ ഗ്രന്ഥം. പി. ഡി. സി. പ്രായക്കാർക്കുവേണ്ടിയുള്ള "ഹയർ കോഴ്സ് ഇൻ കാറെറക്കെസിസ്" എന്ന ദ്വിവത്സര പഠനപദ്ധതിയിൽ ഉപയോഗിക്കാനുള്ള പുസ്തകത്തിന്റെ ഒന്നാംഭാഗമാണ് "സ്വാതന്ത്ര്യത്തിലേക്കു വിളിക്കപ്പെട്ടവർ".

സത്യാന്വേഷണത്വരയും സ്വാതന്ത്ര്യബോധവും സർഗ്ഗാത്മകതയുമാണ് യുവജനങ്ങളുടെ മുഖമുദ്രകൾ (E. N. 76). ജീവിതത്തിലെ ആദ്യത്തെ പ്രധാന തീരുമാനങ്ങളെടുക്കുക, ഉത്തരവാദിത്വങ്ങൾ ഏറെറടുക്കുക, ആഭ്യന്തരവും ബാഹ്യവുമായ നിരവധി സംഘർഷങ്ങളെ നേരിടേണ്ടിവരുക ഇവയൊക്കെ യൗവനാരംഭത്തിലെത്തുന്നവരുടെ പ്രശ്നങ്ങളാണ്. അതിനാൽ "തികച്ചും മതപരമായ യാഥാർത്ഥ്യങ്ങളുടെ അഭ്യസനം ഉപേക്ഷിക്കാതെതന്നെ യുവമനസ്സുകളുടെ സമ്പൂർണ്ണമായ ശിക്ഷണത്തിന് ഉചിതമായ മതബോധനമാണ്" (C. T. 39) ഇവർക്ക് ആവശ്യം.

"സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ. 8:32) എന്നു പറഞ്ഞ യേശു നമ്മെ യഥാർത്ഥ "സ്വാതന്ത്ര്യത്തിലേക്കു വിളിച്ചിരിക്കുന്നു" (ഗലാ. 5:13). സത്യംതന്നെയായ യേശു സമഗ്രവിമോചകനുമാണ്. മാംസംധരിച്ച ആ ദൈവവചനത്തെക്കുറിച്ചാണ് ആദ്യപാഠം. ലിഖിതരൂപത്തിലുള്ള ദൈവവചനമായ ബൈബിളിനെക്കുറിച്ചാണ് തുടർന്നുവരുന്ന നാലു പാഠങ്ങൾ. വിമോചകനായ യേശുവിനോടു ചേർന്ന് വിശ്വാസത്തിന്റെ ആഘോഷമായ ആരാധനയ്ക്കു യുവജനങ്ങളെ സജ്ജമാക്കുകയാണ് അടുത്ത പാഠം. സ്വാതന്ത്ര്യവും പക്വതയുമുള്ള ക്രൈസ്തവവ്യക്തിത്വത്തെക്കുറിച്ചാണ് തുടർന്നുള്ള പാഠം. അടിമത്തത്തിന്റെ ആധുനിക അവതാരങ്ങളായ ശാസ്ത്രവാദം, നിരീശ്വര

ത്വം ഭൗതികവാദം എന്നീ താത്ത്വിക പ്രവണതകളിൽനിന്നും മദ്യം, മയക്കുമരുന്ന് മുതലായ പ്രായോഗിക പ്രതിഭാസങ്ങളിൽനിന്നുമൊക്കെയുള്ള വിമോചനമാർഗ്ഗങ്ങളെക്കുറിച്ചാണ് തുടർന്നുവരുന്ന പാഠങ്ങളിൽ പ്രതിപാദിക്കുന്നത്. പാരതന്ത്ര്യച്ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ് യേശുവിനെ മാതൃകയാക്കി പക്വതയാർന്നതും ഉത്തരവാദിത്വപൂർണ്ണവും സ്വതന്ത്രവുമായ വ്യക്തിത്വത്തിന്റെ ഉടമകളായി വളരുവാനുള്ള വിശ്വാസപരിശീലനത്തിന് ഇതു സഹായകമാകുമെന്നു പ്രതീക്ഷിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിൽ ഒട്ടേറെപ്പേർ നിസ്വാർത്ഥമായി സഹകരിച്ചിട്ടുണ്ട്. കേരളസഭയിലെ അഭിവന്ദ്യപിതാക്കന്മാരുടെയും പ്രത്യേകിച്ച് മതബോധനകമ്മീഷൻ അംഗങ്ങളുടെയും രൂപതകളിലെ മതബോധന ഡയറക്ടർമാരുടെയും സഹകരണവും പ്രോത്സാഹനവും നന്ദിയോടെ രേഖപ്പെടുത്തുന്നു. ഇതിന്റെ പ്രസിദ്ധീകരണത്തിനു നേതൃത്വം നല്കിയത് പി. ഒ. സി. ഡയറക്ടർ ഡോ. ജോർജ് ആലഞ്ചേരിയാണ്. ഫാ. പോൾ കാപ്പാനി, ഫാ. പോളി മണിയാട്ട്, ഡോ. മാത്യു വാരിയാമററം C. S. T., ശ്രീ. കുര്യൻ വേമ്പേനി, ഡോ. തോമസ് എലവനാൽ M. C. B. S., ഡോ. ജോർജ് മണലേൽ V. C., ഡോ. പോൾ തേലക്കാട്ട്, ഡോ. ജോർജ് ജോസഫ് (സൈക്യാട്രിസ്ററ്), ശ്രീ. ജോജി മാടപ്പാട്ട് എന്നിവർ പാഠങ്ങൾ തയ്യാറാക്കി. പാഠങ്ങളെല്ലാം എഡിററ് ചെയ്തത് ശ്രീ. കുര്യൻ വേമ്പേനിയാണ്. ഭാഷാപരമായ എഡിററിംഗ് നിർവഹിച്ചത് ഡോ. ജോർജ് കുരുക്കൂർ ആണ്. ഫാ. പോളി മണിയാട്ട്, ഫാ. ഫ്രാൻസിസ് കൊടിയൻ M. C. B. S., പ്രൊ. മാത്യു ഉലകംതറ എന്നിവരും പി. ഒ. സി. യിലെ മററു സ്ററാഫംഗങ്ങളും ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിന് ഏറെ സഹായം ചെയ്തിട്ടുണ്ട്. എല്ലാവർക്കും നന്ദിയുടെ നറുമലരുകൾ.

യൗവനത്തിലേക്കു കാലെടുത്തുവയ്ക്കുന്നവരെ പാരതന്ത്ര്യത്തിന്റെ തീരങ്ങളിൽനിന്ന് സ്വാതന്ത്ര്യത്തിന്റെ സ്വർഗ്ഗത്തിലേക്കുയർത്തുവാൻ ആവശ്യകമായ വിശ്വാസപരിശീലനം നല്കുന്നതിന് ഈ ഗ്രന്ഥം സഹായകമാകട്ടെ.

സെക്രട്ടറി

പി. ഒ. സി. — കെ. സി. ബി. സി.

15–5–1991 — മതബോധന കമ്മീഷൻ

# 1

# യുവജനങ്ങളേ ഇതാ നിങ്ങളുടെ രാജപാത

തീപിടിച്ച ഒരു പുരയ്ക്കുള്ളിൽ എന്നപോലെ മനുഷ്യ രാശി ഇന്ന് അസ്വസ്ഥതയുടെ അഗ്നിവലയത്തിനുള്ളിലാണ്. പട്ടിണി, പരാജയം, രോഗം, മരണം, അത്യാഹിതം, ആശാഭംഗം എന്നിങ്ങനെ വ്യക്തിയെ ചൂഴ്ന്നു നില്ക്കുന്ന പ്രശ്നങ്ങൾ. ജാതിസ്പർദ്ധ, വർഗ്ഗവിദ്വേഷം, മതവൈരം തുടങ്ങി സമൂഹത്തെ വലയംചെയ്യുന്ന പ്രശ്നങ്ങൾ. എരിതീയിൽ എണ്ണയൊഴിക്കുന്നതുപോലെ ഇവയെ ആളിക്കത്തിക്കുന്ന യുദ്ധവും യുദ്ധഭീഷണികളും. മനുഷ്യവർഗ്ഗത്തിന്റെ സ്വൈരം കെടുത്താൻ ഇതിൽപ്പരം എന്തുവേണം?

ഈ ഭൂഗോളത്തിന്റെ നിലനില്പിനെത്തന്നെ പണയപ്പെടുത്തിക്കൊണ്ട് ആണവ – രാസ – ജൈവായുധങ്ങൾ പ്രയോഗിക്കാൻ രാഷ്ട്രങ്ങൾ വെമ്പൽകൊണ്ടു നില്ക്കുന്നു. 1990 ആഗസ്ററിൽ ഇറാക്ക് കുവൈത്ത് പിടിച്ചടക്കുകയും ഗൾഫുനാടുകളിൽനിന്ന് പ്രാണരക്ഷാർത്ഥം ലക്ഷക്കണക്കിന് ആളുകൾ മാതൃരാജ്യങ്ങളിലേക്ക് എല്ലാം നഷ്ടപ്പെട്ടവരായി ഓടിപ്പോരേണ്ടിവരികയും ചെയ്തു. നമ്മുടെ നാടുതന്നെ അസ്വസ്ഥതയുടെ നീർച്ചുഴിയിൽ വഴുതിവീണു. കുവൈത്തിനെ മോചിപ്പിക്കാൻ ഒരു യുദ്ധം നടത്തേണ്ടിവന്നു.

ഏതെങ്കിലും രണ്ടു രാജ്യങ്ങളോ ജനതകളോ തമ്മിലുള്ള ഭിന്നിപ്പു മാനവസമൂഹം മുഴുവന്റെയും നിലനില്പിനെത്തന്നെ അപകടത്തിലാക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്. ഈ ആണവയുഗത്തിൽ ഭദ്രതയില്ലാത്ത ഭരണകൂടങ്ങൾ ആണവായുധങ്ങൾ വികസിപ്പിച്ചെടുത്താൽ അതു ഭീകരരുടെ കൈകളിലെത്താൻ പിന്നെ കാലതാമസമുണ്ടാകുമോ? അണുബോംബുകൾ ഭീകരസംഘങ്ങൾക്കു കിട്ടിയാൽ അവർ അത് വാഷിംഗ്ടണിലോ ടെൽ അവീവിലോ, ഡൽഹിയിലോ വിക്ഷേപിക്കുമെന്നതു തീർച്ചയാണ്. അങ്ങനെവന്നാൽ അണുബോംബുകൊണ്ടുള്ള ഒരു തീക്കളിയായിരിക്കുകയില്ലേ ഈ ഭൂമുഖത്തു നടക്കുക? ഇവ

യെപ്പററിയെല്ലാം ചിന്തിക്കുന്നവരുടെ മനസ്സ് അശാന്തികൊണ്ടു നീറിപ്പുകയുകയാണിന്ന്.

## വീർപ്പുമുട്ടിക്കുന്ന ചോദ്യങ്ങൾ

സകലവിധ അസ്വസ്ഥതകളിൽനിന്നും പാരതന്ത്ര്യങ്ങളിൽനിന്നും മോചനംകിട്ടാൻ ഏററവുമധികം ആഗ്രഹിക്കുന്നതു യുവജനങ്ങളാണ്. അനീതിയെയും അധർമ്മത്തെയും ചെറുക്കാൻ അവരോളം വെമ്പൽകൊള്ളുന്നവരായി ആരുമില്ല. സുപ്രധാനങ്ങളായ പല ചോദ്യങ്ങളും യുവതീയുവാക്കളുടെ മനസ്സിൽ ഉയരുന്നു:

* മനുഷ്യജീവിതത്തെ കീഴ്മേൽ മറിക്കുന്ന യുദ്ധം, ദാരിദ്ര്യം, രോഗം, മരണം തുടങ്ങിയ പ്രശ്നങ്ങൾക്ക് ഒരു ശാശ്വതപരിഹാരം ഉണ്ടോ?
* ഇന്നു ജീവിച്ചിരിക്കുന്ന ഏതെങ്കിലും ഒരു രാഷ്ട്രനായകന് ഈ ദുരിതങ്ങൾക്കു പ്രതിവിധി കണ്ടെത്താനാവുമോ?
* മഹായുദ്ധങ്ങൾ മാനവസമൂഹത്തിനു വരുത്തിവച്ച ദുരന്തങ്ങൾ കണ്ട് ലോകസമാധാനത്തിനായി ലോകരാഷ്ട്രങ്ങൾ രൂപംകൊടുത്ത ഐക്യരാഷ്ട്രസംഘടനയ്ക്കു സമാധാനം നിലനിറുത്താനാവുമോ?
* പട്ടിണി, രോഗം, മരണം, പരാജയം തുടങ്ങിയ കഷ്ടതകൾ മൂലമുണ്ടാകുന്ന മനോദു:ഖങ്ങളിൽനിന്നു സമഗ്രമോചനം നല്കാൻ കഴിവുററ ഏതെങ്കിലും ഒരു ശക്തിയുണ്ടോ?
* യുവജനങ്ങൾ ആരെയാണ് ഈ ആധുനികലോകത്തു നേതാവായി സ്വീകരിക്കേണ്ടത്?

മനുഷ്യവംശത്തോളംതന്നെ പഴക്കമുള്ളതാണു ദാരിദ്ര്യവും രോഗവും മരണവും. മനുഷ്യോത്പത്തിമുതൽ ഇന്നോളം മനുഷ്യപുരോഗതിയോടൊപ്പം ഇവയും മനുഷ്യനെ വേട്ടയാടി മുന്നേറിക്കൊണ്ടിരിക്കുന്നു. ആയിരക്കണക്കിനു വർഷങ്ങളായി ഈ ഭൂമുഖത്തുനിന്നു പട്ടിണി തുടച്ചുമാററാനും, രോഗങ്ങളെ ഉന്മൂലനം ചെയ്യാനും, മരണത്തെ മാററിനിർത്താനും മതപരിഷ്ക്കർത്താക്കളും ദീനജനസേവനോത്സുകരും, ഭരണകർത്താക്കളും വൈദ്യശാസ്ത്രവിശാരദന്മാരും അഹോരാത്രം അത്യദ്ധ്വാനം ചെയ്തിട്ടും ഇവയെയൊന്നും മനുഷ്യജീവിതത്തിൽനിന്ന് മാററിനിർത്താനായിട്ടില്ല.

കൃഷിയിടങ്ങളും വ്യവസായശാലകളും വ്യാപാരസ്ഥാപനങ്ങളുമെല്ലാം ഗവൺമെൻറുടമയിലാക്കി മനുഷ്യരെക്കൊണ്ട് അതികർക്കശമായി പണിചെയ്യിച്ചിട്ടും റഷ്യയിൽ കമ്മ്യൂണിസ്ററു പതാകയോടൊപ്പം, ദാരിദ്ര്യവും കൊടികുത്തി വാഴുകയായിരുന്നല്ലോ. സമത്വസുന്ദരമായ ലോകം കെട്ടിപ്പടുക്കുകയെന്ന അവരുടെ സ്വപ്നം ഇന്നും സ്വപ്നമായിത്തന്നെ അവശേഷിക്കുന്നു. എൺപത്തിനാലുകോടി ജനങ്ങളുള്ള നമ്മുടെ രാജ്യത്തുതന്നെ പകുതിയോളം ജനങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരാണ്.

ഇനി രോഗത്തിൻെറ കാര്യം ചിന്തിക്കൂ. ഇതുവരെ ക്ഷയവും മലമ്പനിയും വസൂരിയുമൊക്കെയായിരുന്നു മനുഷ്യജീവനെ നശിപ്പിച്ചുകൊണ്ടിരുന്ന സാംക്രമികരോഗങ്ങൾ. ഇവയ്ക്കുള്ള പ്രത്യൗഷധങ്ങൾ വൈദ്യശാസ്ത്രം കണ്ടെത്തിക്കഴിഞ്ഞതോടെ ഇന്ന് പുതിയ രോഗങ്ങൾ – ക്യാൻസർ, എയിഡ്സ് തുടങ്ങിയവ – വെളിച്ചപ്പാടുതുള്ളിവരുന്നു!

മരണം ഇന്നും ശാസ്ത്രകാരൻെറ പിടിയിൽപ്പെടാതെ വഴുതിമാറിക്കൊണ്ടിരിക്കുന്നു. മൃത്യുഭയമാണല്ലോ ഏററം വലിയ ഭയം. ഈ ഭയത്തെ മനുഷ്യജീവിതരത്തിൽനിന്നു മാററിനിർത്തുന്നതിനുവേണ്ടി ശാസ്ത്രജ്ഞന്മാർ പരീക്ഷണനിരീക്ഷണങ്ങൾ നടത്തി, ശരീരത്തിൻെറ പ്രവർത്തനം നിലയ്ക്കുന്നതിൻെറ കാരണം കണ്ടെത്തിയിട്ടുണ്ട്. പക്ഷേ, മരണത്തെ തടഞ്ഞുനിറുത്താനുള്ള മാർഗ്ഗങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. മരണം മനുഷ്യലോകത്തിൽ സ്വച്ഛന്ദം വിഹരിക്കുന്നു. മരണത്തിൻെറ മുൻപിൽ വൈദ്യശാസ്ത്രവിശാരദന്മാർ അമ്പേ തോല്വി സമ്മതിച്ചു നില്ക്കുകയാണ്.

ഈ വസ്തുതകളുടെ വെളിച്ചത്തിൽ നോക്കുമ്പോൾ, ദാരിദ്ര്യം, രോഗം, മൃത്യു എന്നിവയ്ക്ക് ഒരു ശാശ്വതപരിഹാരം കാണുക എളുപ്പമല്ലെന്നു വ്യക്തമാണ്. ഒരു രാഷ്ട്രനായകനും ഇവയ്ക്കു പരിഹാരമുണ്ടാക്കാൻ സാധിക്കുകയില്ല. സാധിക്കുമായിരുന്നെങ്കിൽ ഇതിനകം അതിപ്രഗൽഭരായ രാഷ്ട്രനായകന്മാർ ലോകത്തിലെ പട്ടിണിയെങ്കിലും നീക്കിക്കളയുമായിരുന്നുവല്ലോ.

സമാധാനം മനുഷ്യന് ഇന്നും ഒരു നീലക്കൊടുവേലിയാണ്. അത് കിട്ടിയാൽ സമസ്തൈശ്വര്യവും നേടാം; പക്ഷേ കിട്ടണ്ടേ?

രണ്ടു ലോകമഹായുദ്ധങ്ങൾ കണ്ടു മനംമടുത്ത രാഷ്ട്ര നേതാക്കന്മാർ ഒന്നുചേർന്ന് ലോകസമാധാനത്തിനായി സ്ഥാപിച്ചതാണല്ലോ ഐക്യരാഷ്ട്രസംഘടന. പക്ഷേ, ഈ സംഘടന നിലവിൽ വന്നശേഷം എട്ടുവർഷം നീണ്ടുനിന്ന ഇറാൻ–ഇറാക്ക് യുദ്ധം നടന്നു. ഇറാക്കിൻെറ എട്ടുലക്ഷം പട്ടാളക്കാരും ഇറാൻെറ പത്തു ലക്ഷം പട്ടാളക്കാരും കൊല്ലപ്പെട്ടതായിട്ടാണു കണക്ക്. ഇതൊന്നും പോരാഞ്ഞിട്ട് 1990–ൽ ഇറാക്ക് വീണ്ടും ഒരു യുദ്ധത്തിനു വഴിയൊരുക്കി. വീണ്ടും യുദ്ധം നടന്നു– ഇറാക്ക് പിടിച്ചെടുത്ത കുവൈത്തിനെ സ്വതന്ത്രമാക്കാനുള്ള യുദ്ധം. ആ യുദ്ധം കണ്ടു ലോകത്തിലെ സകലമനുഷ്യരും അസ്വസ്ഥതയുടെ അഗ്നിപ്രളയത്തിൽ മുങ്ങിത്താണു. ഒരു ലോകമഹായുദ്ധത്തിൻെറ ഭീഷണി മുഴങ്ങി. ഈ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ യുദ്ധങ്ങളെ– ആക്രമണപ്രത്യാക്രമണങ്ങളെ– പൂർണ്ണമായി തടയാനോ മനുഷ്യനു സമാധാനപൂർണ്ണമായ ജീവിതം പ്രദാനംചെയ്യാനോ യു. എൻ. ഒ. യുടെ അസ്തിത്വം പോലും മതിയാകുന്നില്ലെന്നു വരുന്നു. ഈ ദു:സ്ഥിതിയിൽ നിന്നു മനുഷ്യരാശിയെ കരകയററാൻ കെല്പുള്ള ഏതെങ്കിലും ഒരു നേതാവുണ്ടോ?

## യഥാർത്ഥനേതാവ്

ഇന്നത്തെ നേതാക്കന്മാരെക്കുറിച്ച് ഒന്നു ചിന്തിക്കൂ. തൻെറ തടിക്കു കേടുവരുത്താതെ സംഘടനകളെയും സ്ഥാപനങ്ങളെയും സമരങ്ങളെയും നയിക്കുന്ന നേതാക്കന്മാർ എത്ര വേണമെങ്കിലും ഉണ്ട്. അനുയായികൾ സമരമുന്നണിയിൽ മരിച്ചുവീഴുമ്പോൾ നേതാക്കൾ ഒളിസങ്കേതങ്ങളിലോ ഭൂഗർഭാലയങ്ങളിലോ ഇരുന്ന് അണികൾക്ക് ആവേശം പകരുന്ന പ്രസ്താവനകൾ തയ്യാറാക്കുകയാവും. "നിങ്ങൾ എൻെറ പിന്നാലെ വരിക.



യുദ്ധം വിതയ്ക്കുന്ന ദുരിതം

ഞാൻ മുന്നിലുണ്ട്''. എന്നു പറയുന്ന ഒരു ധീരനേതാവിനെയും ഇന്നു കണികാണുവാൻ കിട്ടുകയില്ല. അപകടഭീഷണിയില്ലാത്ത ജാഥകളുടെ മുന്നിൽ നേതാക്കളുണ്ടാവും! നേതാക്കൾക്കുവേണ്ടി അനുയായികൾ ജീവാർപ്പണം ചെയ്യുന്ന സംഭവങ്ങളല്ലാതെ സാധുക്കളായ അനുയായികൾക്കുവേണ്ടി ജീവത്യാഗം ചെയ്യുന്ന നേതാക്കളുടെ ചരിത്രം കേൾക്കാനില്ല.

രാഷ്ട്രങ്ങൾ തമ്മിലുള്ള ശത്രുതയും ചില രാഷ്ട്രനേതാക്കളുടെ ധിക്കാരവും ലോകസമാധാനം കെടുത്തുന്നു. രാജ്യങ്ങൾക്കുള്ളിൽത്തന്നെ വിഘടനവാദംകൊണ്ടും വർഗ്ഗകലാപംകൊണ്ടും സ്വസ്ഥതയില്ലാതാകുന്നു. മാതാപിതാക്കളും മക്കളും തമ്മിലുള്ള അനൈക്യംകൊണ്ടു കുടുംബങ്ങളിലെ സ്വസ്ഥത തകരുന്നു. ആശാഭംഗംകൊണ്ടും, ഉത്കണ്ഠകൊണ്ടും, തൊഴിലില്ലായ്മകൊണ്ടും,തൊഴിൽക്കുഴപ്പംകൊണ്ടും അഭ്യുന്നതിക്കും അഭിലാഷനിവൃത്തിക്കും മാർഗ്ഗം കാണായ്കകൊണ്ടും വ്യക്തികൾ അസ്വസ്ഥരായിക്കഴിയുന്നു. ഈ സ്ഥിതിവിശേഷത്തിൽ നമുക്കു പ്രത്യാശ പകർന്നുകൊണ്ട് ഒരു ശബ്ദം അലയടിച്ചു വരുന്നു; പണ്ട് പലസ്തീനായിൽ മുഴങ്ങിയ ശബ്ദം:

> ''നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ'' (യോഹ. 14:1).



ലോകൈക ഗുരു

ഞാൻ ഏതു മാർഗ്ഗം തിരഞ്ഞെടുക്കണം? ഈ അസത്യത്തിൻെറ തമോനിബിഡമായ ലോകത്തിൽ എന്താണ് സത്യം? നാലു വശത്തുനിന്നും ജീവനുനേരെയുള്ള ആക്രമണം ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ കാലസന്ധിയിൽ എങ്ങനെ ജീവൻ സംരക്ഷിക്കും? എന്നിങ്ങനെ ചിന്തിച്ച് സംശയാകുലരായി നില്ക്കുന്നവരുടെ കാതുകളിൽ മററൊരു ശബ്ദംകൂടി വന്നു പതിക്കുന്നു:

"വഴിയും സത്യവും ജീവനും ഞാനാകുന്നു"
(യോഹ. 14:6).

ഈ ശബ്ദം ഏതു നേതാവിൻേറതെന്നു നിങ്ങൾക്കറിയാം. യേശുവിൻെറ. നമ്മുടെ ആവശ്യങ്ങൾ സാധിച്ചുകിട്ടുക എന്ന ലക്ഷ്യത്തോടെയാണല്ലോ നമ്മുടെ അദ്ധ്വാനവും സമരവുമെല്ലാം. യേശു എന്ന നേതാവു നമ്മോട് വാഗ്ദാനം ചെയ്യുന്നു:

"നിങ്ങൾ എൻെറ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നല്കും"
(യോഹ. 15:16).

നമുക്ക് ആവശ്യമായവയെല്ലാം കിട്ടുന്നിടമാണു നമ്മുടെ ലക്ഷ്യം. യേശുവിൽനിന്നു സമസ്തവും ലഭിക്കുമെങ്കിൽ യേശു തന്നെ നമ്മുടെ മാർഗ്ഗവും ലക്ഷ്യവും. ഈ ലക്ഷ്യത്തിലെത്തുവോളം മനുഷ്യമനസ്സ് അസ്വസ്ഥമായിരിക്കും.

ഇത്തരുണത്തിൽ, ഭൗതികസുഖങ്ങളിൽ മുഴുകിയാൽ ജീവിതം സഫലമായിത്തീരും എന്നു കരുതി കടിഞ്ഞാണില്ലാതെ മനസ്സിനെ മേയാൻവിട്ട കാർത്തേജിലെ കലാശാലാവിദ്യാർത്ഥിയായിരുന്ന ആഗസ്തീനോസ് പറഞ്ഞ വാക്കുകൾ യുവതലമുറ മന:പാഠമാക്കേണ്ടതാണ്:

"നിനക്കുവേണ്ടി എന്നെ സൃഷ്ടിച്ച ദൈവമേ, നിന്നിൽ വിലയം പ്രാപിക്കുവോളം എൻെറ മനസ്സ് അസ്വസ്ഥമായിരിക്കും".

ഈ ചിന്ത നല്കിയ പ്രേരണയാണു ദൈവത്തിൽ സമ്പൂർണ്ണമായി അഭയം പ്രാപിക്കുവാനും ഒരു സാധാരണ യുവാവായിരുന്ന ആഗസ്തീനോസ് വിശുദ്ധ ആഗസ്തീനോസാകാനും ഇടയാക്കിയത്.

നമുക്ക് ആവശ്യമായതെല്ലാം നല്കാൻ ദൈവത്തിനേ കഴിയൂ. ദൈവത്തിലേക്കുള്ള വഴിയാകട്ടെ, യേശുവാണ്. താനാണ് മാർഗ്ഗമെന്ന് ഉദ്ഘോഷിച്ച യേശു പറയുന്നു:

"എന്നിലൂടെയല്ലാതെ ആരും പിതാവിൻെറയടുക്കലേക്കു വരുന്നില്ല" (യോഹ. 14:6).

പിതാവിനോടു ഗാഢബന്ധമുള്ള യേശുവാകുന്ന ഈ മാർഗ്ഗം നമ്മെ തീർച്ചയായും ലക്ഷ്യത്തിലെത്തിക്കും. അവിടുന്ന് അരുളം ചെയ്യുന്നു:

"എൻെറ നാമത്തിൽ നിങ്ങഠം എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തുതരും" (യോഹ. 14:14).

നമ്മുടെ ജീവൽപ്രശ്നങ്ങളെ പരിഹരിക്കുവാൻ ഉചിതമായ മാർഗ്ഗങ്ങഠം നിർദ്ദേശിക്കുന്നവനും നമ്മെ ജീവിതലക്ഷ്യത്തിലേക്കു നയിക്കുന്നവനുമായ യേശുവിനെ നേതാവായി നാം സ്വീകരിക്കണം.

## സമാധാനദായകൻ

നമ്മുടെ ആരാധ്യനേതാവായ ക്രിസ്തുവിൻെറ തിരുവവതാരവേളയിൽ ആട്ടിടയന്മാർക്കു ലഭിച്ച സ്വർഗ്ഗീയ സന്ദേശം ഒന്നു ശ്രദ്ധിക്കൂ! മാലാഖമാർ ആലപിച്ച ആ ഗാനതല്ലജത്തിലുണ്ട് ആർക്കാണു സമാധാനം ലഭിക്കുന്നതെന്ന്.

"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം" (ലൂക്കാ 2:14).

പരിശുദ്ധകുർബാനയിൽ പുരോഹിതൻ ആരാധനാസമൂഹത്തിനു സമാധാനം ആശംസിക്കുന്നുണ്ടല്ലോ. സമൂഹാംഗങ്ങഠം പരസ്പരവും സമാധാനം നേരുന്നു. പുരോഹിതൻ ആശംസിക്കുന്ന സമാധാനം — നാം കൈമാറുന്ന സമാധാനം — ക്രിസ്തു തന്നെയാണ്.

വി. പൗലോസ് പറയുന്നു:

"ക്രിസ്തു നമ്മുടെ സമാധാനമാണ്" (എഫേ. 2:14). ക്രിസ്തു തന്നെയാണു യഥാർത്ഥ സമാധാന സ്ഥാപകൻ. വി. പൗലോസ് എഴുതുന്നു:

"ഇരുകൂട്ടരെയും അവൻ ഒന്നിപ്പിക്കുകയും ശത്രുതയുടെ മതിലുകഠം തകർക്കുകയും ചെയ്തു" (എഫേ. 2:14).

ക്രിസ്തുനാഥൻെറ പ്രബോധനവിഷയവും സമാധാനമായിരുന്നു.

"വിദൂരസ്ഥരായ നിങ്ങളോടും സമീപസ്ഥരായ ഞങ്ങളോടും അവൻ സമാധാനം പ്രസംഗിച്ചു"
(എഫേ. 2:17).

ക്രിസ്തുവാണ് യഥാർത്ഥ സമാധാനദായകൻ. അവിടുന്നു പറയുന്നു:

"എൻെറ സമാധാനം നിങ്ങൾക്കു ഞാൻ നല്കുന്നു"
(യോഹ. 14:27)

ഈ സമാധാനമാണു പിതാവിൻെറ സന്നിധിയിൽ നമുക്കു പ്രവേശനമരുളുന്നതെന്ന് വി. പൗലോസ് പറയുന്നുണ്ട്. ഈശോയെ സ്വീകരിക്കുന്നതോടെ സമാധാനം സംപ്രാപ്തമാകുന്നു. ജറുസലേം ദേവാലയത്തിൽവച്ച് ശിശുവായ ഈശോയെ കരങ്ങളിലെടുത്തുകൊണ്ട് മഹാത്മാവായ ശിമയോൻ പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക:

"കർത്താവേ, അവിടുത്തെ വാഗ്ദാനമനുസരിച്ച് ഇപ്പോൾ ഈ ദാസനെ സമാധാനത്തിൽ വിട്ടയയ്ക്കണമേ! എന്തെന്നാൽ, സകല ജനതകൾക്കും വേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എൻെറ കണ്ണുകൾ കണ്ടുകഴിഞ്ഞു" (ലൂക്ക. 2:29–32).

ഇത് വായിക്കുമ്പോൾ നിങ്ങളുടെ മനോവേദിയിൽ തെളിഞ്ഞുവരുന്നില്ലേ ഒരു രംഗം? ഈ സംഭവം നിഴലിച്ചുനിൽക്കുന്ന രംഗം? നിങ്ങൾ നിങ്ങളുടെ ഇടവകദേവാലയങ്ങളിൽ ദിവ്യബലിയിൽ പങ്കെടുത്ത് ഈശോയെ കൈക്കൊള്ളുന്ന രംഗം! അപ്പോൾ മഹാത്മാവായ ശിമയോനെപ്പോലെ നിങ്ങൾക്കും ഇങ്ങനെ പ്രാർത്ഥിക്കാം:

"കർത്താവേ, സമസ്ത ജനതകൾക്കുമായി ഒരുക്കിയിരിക്കുന്ന രക്ഷ എൻെറ കണ്ണുകൾ കണ്ടുകഴിഞ്ഞിരിക്കുന്നു. ഇനി ഈ ദാസനെ സമാധാനത്തിൽ വിട്ടയയ്ക്കണമേ."

## ക്രിസ്തു: ഒരു വിപ്ലവകാരി

വിപ്ലവാഭിമുഖ്യമുള്ളവരാണല്ലോ യുവജനങ്ങൾ. സമൂഹത്തിൽ വിപ്ലവകരമായ മാററമുണ്ടായിക്കാണാനാണ് അവർ ആഗ്രഹിക്കുന്നത്. നിത്യേന പള്ളിയിൽ പോകുന്ന ആളുകളെ

നോക്കി കപടഭക്തരാണ് ഇക്കൂട്ടരെന്ന് അവർ ആക്ഷേപി ക്കാറുണ്ട്. ധനാഢ്യരെക്കാണുമ്പോഠം അവർ നെററി ചുളിക്കാ റുണ്ട്. പേരിനും പെരുമയ്ക്കും വേണ്ടി ധനികർ വൻതുകകഠം സംഭാവന കൊടുക്കുന്നതിൽ അവർ അമർഷം കൊള്ളുന്നു. അ ഗതികളെ അവഗണിക്കുന്ന സമൂഹമന:സാക്ഷിയെ അവർ കു റററപ്പെടുത്തുന്നു. ഈ വിപ്ലവാശയങ്ങളെ നമുക്കൊന്ന് അപ ഗ്രഥിക്കാം. സാക്ഷാൽ ദൈവഭക്തിയെയല്ല കപടഭക്തിയെ യാണ് യുവസമൂഹം അപഹസിക്കുന്നത്. ധനത്തെയല്ല, ധനം മൂലമുണ്ടാകുന്ന അഹങ്കാരത്തെയാണ് അവർ എതിർക്കുന്നത്. ദേവാലയത്തിൽ കാഴ്ചയർപ്പിക്കുന്നതിനോടല്ല, തങ്ങളുടെ പ്രൗ ഢിയും പ്രതാപവും ആരാധനാസമൂഹത്തിൻെറ മുൻപിൽ പ്ര ദർശിപ്പിക്കുന്നതിനോടാണ് അവർക്ക് അമർഷം. സാമ്പത്തിക മായുള്ള അസമത്വം അവർക്കു സഹിക്കാനാവുന്നില്ല. യുവാ ക്കളുടെ ഈ മനോഭാവവും ആശയങ്ങളും വിപ്ലവകരങ്ങളാണ്; നിലവിലുള്ള സാമൂഹിക വ്യവസ്ഥക്കെതിരേയുള്ള സമരകാഹ ളവുമാണ്. മഹത്തായ ഈ വിപ്ലവാശയങ്ങഠം ഇന്നത്തെ യു വാക്കഠം മനസ്സിൽ സൂക്ഷിക്കുന്നതല്ലേയുള്ളു? എന്നാൽ ഇവ പ്രാവർത്തികമാക്കിയ ഒരു യുവാവുണ്ടു ചരിത്രത്തിൽ – ഒരു യഥാർത്ഥ വിപ്ലവകാരി.

യഹൂദലോകത്തിലെ ഏററം ഉന്നതന്മാരായി ഫരിസേയ രും നിയമജ്ഞരും മാത്രം എണ്ണപ്പെടുന്ന കാലം. ആ കാല ഘട്ടത്തിൽ മോശയുടെ സിംഹാസനത്തിൽ അവരോധിക്കപ്പെട്ടി രുന്ന ആ ഉന്നതന്മാരുടെ മുഖത്തുനോക്കി വിപ്ലവകാരിയായ ഒരു യുവാവു പറയുന്നു:

> "കപടനാട്യക്കാരായ ഫരിസേയരേ, നിയമജ്ഞരേ, നിങ്ങഠംക്കു ദുരിതം!...... അന്ധരായ മാർഗ്ഗദർശി കളേ, കൊതുകിനെ അരിച്ചുനീക്കുകയും ഒട്ടകത്തെ വിഴുങ്ങുകയും ചെയ്യുന്നവരാണു നിങ്ങഠം!... നിങ്ങഠം പാനപാത്രത്തിൻെറ പുറം വെടിപ്പാക്കുന്നു. അവയുടെ അകം കവർച്ചയും ആർത്തിയും കൊണ്ടു നിറഞ്ഞിരി ക്കുന്നു. കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേ യരേ, നിങ്ങഠംക്കു ദുരിതം. നിങ്ങഠം വെള്ളയടിച്ച കുഴിമാടങ്ങഠംക്കു സദൃശരാണ്". (മത്താ. 23:24–27).

ഇത്രത്തോളം മൂർച്ചയേറിയ വാക്കുകഠം പ്രതാപത്തിൻെറ ഉ ത്തുംഗശ്രേണിയിലിരിക്കുന്നവരുടെമുഖത്തുനോക്കിപ്പറയുവാൻ ധൈര്യമുള്ള എത്രപേരുണ്ടു നമ്മുടെ സമൂഹത്തിൽ?

"ധനവാൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതാണ്" (മത്താ. 19:24).

എന്ന് ഉറക്കെ പ്രഖ്യാപിക്കുവാൻ ആരുണ്ട് ഇന്നത്തെ യുവസമൂഹത്തിൽ?



ധനാഢ്യന്മാർ ജറുസലേം ഭണ്ഡാഗാരത്തിൽ വൻതുകകൾ കാണിക്കയിട്ടുകൊണ്ടിരിക്കുന്ന ഒരു സന്ദർഭം. ദരിദ്രയായ ഒരു വിധവ രണ്ടു ചെമ്പുതുട്ടുകൾ കാണിക്കയിടുന്നു. അപ്പോൾ അവിടെ സന്നിഹിതനായ ആ വിപ്ലവകാരി ഉച്ചസ്വരത്തിൽ പ്രഘോഷിക്കുന്നു, ഈ വിധവയാണ് മററാരേയുംകാൾ കൂടുതൽ നിക്ഷേപിച്ചിരിക്കുന്നതെന്ന്.

നിന്ദ്യരെന്നു ലോകം എഴുതിത്തള്ളിയ പാപികളോടും ചുങ്കക്കാരോടും നിരന്തരം സഹവസിക്കുകയും അവരോടൊത്തു ഭക്ഷണം കഴിക്കുകയും ചെയ്യാൻ സന്നദ്ധരാകുന്ന എത്ര അഭ്യസ്തവിദ്യരുണ്ടു നമ്മുടെ നാട്ടിൽ? അഗതികൾക്കും അശരണർക്കുമായി ജീവിതം ഉഴിഞ്ഞുവയ്ക്കുവാൻ എത്ര യുവാക്കൾ ഇന്നു തയ്യാറാകും? അങ്ങനെ തയ്യാറായ ഒരു മഹാവിപ്ലവകാരിയുണ്ട്. ആ വിപ്ലവനേതാവ് ആരെന്ന് നിങ്ങൾക്കറിയാം. ചരി

ത്രപുരുഷനായ ക്രിസ്തു. വിപ്ലവകരമായ പരിവർത്തനം, സമൂഹത്തിലും, മനുഷ്യജീവിതത്തിലും ഉണ്ടായിക്കാണുവാൻ അഭിലഷിക്കുന്ന യുവാക്കൾക്കായി ഒരേയൊരു നേതാവിനെയേ ചൂണ്ടിക്കാട്ടിത്തരുവാൻ ലോകത്തിനുള്ളു. ആ നേതാവു ക്രിസ്തുവാണ്; ക്രിസ്തു മാത്രമാണ്. നൂറ് അനുയായികൾ ഉണ്ടായിരിക്കെ, ഒരാൾ കൂട്ടംവിട്ടുപോയാൽകാണാതായ ആ ഒരാൾക്കുവേണ്ടി തൊണ്ണൂറെറാൻപതു പേരെയും വിട്ട് അന്വേഷിച്ചിറങ്ങുന്നയാളാണ് ആ നേതാവ്. തൻെറ അനുയായികളുടെ സംരക്ഷണം കാത്തുകഴിയുന്നവനല്ല, അനുയായികൾക്കുവേണ്ടി ജീവൻ ബലികഴിക്കുന്നവനാണ് അദ്ദേഹം. ആത്മാർത്ഥതയും ത്യാഗസന്നദ്ധതയുമാണല്ലോ യഥാർത്ഥ നേതാവിൻെറ ലക്ഷണങ്ങൾ. ത്യാഗമൂർത്തിയായ ആ നേതാവിനെ പിൻചെന്നവരിൽ അധികംപേരും ഊർജ്ജസ്വലരായ യുവാക്കളായിരുന്നു. ഈശോയെന്ന വിപ്ലവകാരിയെ അനുഗമിക്കാൻ വിപ്ലവബുദ്ധിയുള്ള യുവാക്കൾക്കു തീർച്ചയായും കഴിയും.

## നിത്യജീവൻെറ ഉറവിടം

> അപ്പസ്തോലൻമാർ യേശുവിനെ പിൻതുടർന്നത്,
> "കർത്താവേ, ഞങ്ങൾ ആരുടെ പക്കൽ പോകും? നിത്യജീവൻെറ വചസ്സുകൾ നിൻെറ പക്കലാണല്ലോ"
> (യോഹ. 6:68)

എന്നു പറഞ്ഞുകൊണ്ടാണ്. നമ്മുടെ പല നേതാക്കളുടെയും വചനങ്ങൾ സ്വാർത്ഥതാപൂരിതങ്ങളോ, താൽക്കാലികലാഭത്തിനുവേണ്ടിയുള്ളവയോ ആയിരിക്കും. ഈശോയെന്ന നേതാവിൻെറ വചനങ്ങൾ അങ്ങനെയുള്ളതല്ല. അവ നിത്യജീവൻ പ്രദാനംചെയ്യുന്ന വചനങ്ങളാണ്. അവിടുന്ന് ഈ ലോകത്തിൽ വന്നതുതന്നെ,

> "നമുക്കു ജീവനുണ്ടാകുവാനും അത് സമൃദ്ധമായുണ്ടാകുവാനും വേണ്ടിയാണ്'" (യോഹ. 10:10).

വി. യോഹന്നാൻ അസന്ദിഗ്ദ്ധമായ ഭാഷയിൽ ഈ ആശയം അവതരിപ്പിച്ചിരിക്കുന്നു:

> "ദൈവം നമുക്കു ജീവൻ നല്കി. ഈ ജീവൻ അവിടുത്തെ പുത്രനിലാണ്. പുത്രനെ സ്വന്തമാക്കിയവൻ ജീവനെ സ്വന്തമാക്കിയിരിക്കുന്നു. ദൈവപുത്രനെ സ്വന്തമാക്കാത്തവനു ജീവനില്ല" (1 യോഹ. 5:11–12).

ഈ നിത്യജീവൻ പ്രാപിക്കുവാൻ നാം എന്തുചെയ്യണമെന്ന ചോദ്യം ഈ സന്ദർഭത്തിൽ നമ്മുടെ മനസ്സിൽ ഉയരുന്നു.

ഒരു ധനികയുവാവ് ഇതേ ചോദ്യവുമായി ഒരിക്കൽ ക്രിസ്തുവിനെ സമീപിക്കുകയുണ്ടായി (മത്താ. 19:16–22). അവിടുന്ന് അവനോടു പറഞ്ഞു:

> "ജീവനിൽ പ്രവേശിക്കാൻ അഭിലഷിക്കുന്നുവെങ്കിൽ പ്രമാണങ്ങൾ അനുസരിക്കുക".

ഇതുകേട്ടപ്പോൾ അവൻ പറഞ്ഞത് ഇന്നും മിക്കവരും പറയുന്ന ഉത്തരമായിരുന്നു:

> "അവയെല്ലാം ഞാൻ അനുസരിക്കുന്നുണ്ട്; ഇനി എന്താണ് എനിക്കൊരു കുറവ്?"

ഇതുകേട്ടിട്ട് ഈശോ പറഞ്ഞ മറുപടി ദൈവകല്പന പാലിച്ചുകൊണ്ടു നല്ലവരായി ജീവിക്കുന്ന സകല യുവതീയുവാക്കൾക്കും വേണ്ടിയുള്ളതാണ്.

> "നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിനക്കുള്ളതെല്ലാം വിററു ദരിദ്രർക്കു കൊടുക്കുക... പിന്നെ വന്ന് എന്നെ അനുഗമിക്കുക".

ക്രൈസ്തവപൂർണ്ണത പ്രാപിക്കുവാനുള്ള ഈ വെല്ലുവിളി ധനികനായ ആ യുവാവിനു സ്വീകരിക്കാനായില്ല. നമുക്കോ?

നിത്യജീവനെ സംബന്ധിച്ച് ഈശോ പറഞ്ഞു:

> "ഞാനാണ് ജീവൻെറ അപ്പം
> ..............................
> മനുഷ്യനു ഭക്ഷിക്കാൻവേണ്ടി സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ അപ്പം. ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ ജീവിക്കും. ലോകത്തിൻെറ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം എൻെറ ശരീരമാണ്"
> (യോഹ. 6:51).

ഇത്രയും അരുൾചെയ്തശേഷം അവിടുന്നു വീണ്ടും തറച്ചുപറയുന്നു.

> "നിങ്ങൾ മനുഷ്യപുത്രൻെറ ശരീരം ഭക്ഷിക്കുകയും അവൻെറ രക്തം പാനംചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു ജീവൻ ഉണ്ടായിരിക്കുകയില്ല"
> (യോഹ. 6:54).

സന്ദേഹത്തിനിടവരാത്തവിധം അവിടുന്ന് ഒരിക്കൽക്കൂടി വ്യക്തമായി പറയുന്നു:

> "എൻെറ ശരീരം ഭക്ഷിക്കുകയും എൻെറ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവൻ ഉണ്ട്" (യോഹ. 6:54).

ഈ വാക്കുകൾ ദുർഗ്രഹവും കഠിനവുമാണെന്നു നിങ്ങൾക്കു തോന്നുന്നില്ലേ? ഈ വാക്കുകൾ കേട്ട ശിഷ്യന്മാർക്കും ഈശോയുടെ പ്രസംഗം കേൾക്കാൻ കൂടിയിരുന്ന ജനങ്ങളിൽ ഒട്ടേറെപ്പേർക്കും ഇവ കഠിനവും അതീവദുർഗ്രഹവുമെന്നു തോന്നുകയും, ഏറെപ്പേർ ഈശോയെ വിട്ടുപേക്ഷിച്ചു പോവുകയുമുണ്ടായി. ഇവ ഒരു രഹസ്യം ഉൾക്കൊള്ളുന്നു. ക്രിസ്തുവിൽ വിശ്വസിക്കുകയും ശരണപ്പെടുകയും അവിടുത്തെ സ്നേഹിക്കുകയും ചെയ്യുന്നവർക്കേ ഈ രഹസ്യം അനുഭവവേദ്യമാകൂ! ഈ രഹസ്യമാണല്ലോ ദേവാലയത്തിൽ പരിശുദ്ധ കുർബാനയിൽ നാം പരികർമ്മം ചെയ്യുന്നത്.

## സഭ: ക്രിസ്ത്വനുഭവത്തിനുള്ള വേദി

ഇന്നു യേശുവിനെ അനുഭവിച്ചറിയാനുള്ള വേദി സഭയാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ സമാപനസന്ദേശത്തിൽ കൗൺസിൽ പിതാക്കന്മാർ യുവജനങ്ങളോടായ് പറഞ്ഞു:

> "നിങ്ങൾ സഭയെ നോക്കുക. അവളിൽ ക്രിസ്തുവിൻെറ മുഖം കാണാം. യഥാർത്ഥ ക്രിസ്തു, വിനീതനായ ക്രിസ്തു, ബുദ്ധിമാനും ധീരനുമായ ക്രിസ്തു. സത്യത്തിൻെറയും സ്നേഹത്തിൻെറയും പ്രവാചകനാണവിടുന്ന്. യുവത്വത്തിൻെറ സഹചാരിയും കൂട്ടുകാരനുമാണ്."

ദൈവവചനവും കൂദാശകളുമാണു നമുക്കു ക്രിസ്ത്വനുഭവം പകരുന്ന മാധ്യമങ്ങൾ. വി. യോഹന്നാൻ യുവാക്കളെ പ്രശംസിച്ചുകൊണ്ട് ഇപ്രകാരം എഴുതി:

> "യുവാക്കളേ, ഞാൻ നിങ്ങൾക്കു എഴുതുന്നു. നിങ്ങൾ ശക്തന്മാരാണ്. ദൈവത്തിൻെറ വചനം നിങ്ങളിൽ വസിക്കുന്നു" (യോഹ. 2:14).

യുവാക്കളുടെ ശക്തിക്കു നിദാനമായി ലേഖകൻ കാണുന്നതു ദൈവവചനത്തിൻെറ സാന്നിദ്ധ്യമാണ്. സഭയുടെ ആരാധനക്രമം ക്രിസ്ത്വനുഭവത്തിൽ നമ്മെ പങ്കുകാരാക്കുന്നു. യേശു

ക്രിസ്തു നമ്മുടെ ജീവിതത്തെ നയിക്കുകയും ഭരിക്കുകയും ചെയ്യുന്ന ഒരു യാഥാർത്ഥ്യമായിത്തീരണം. അതിനായി ദൈവ വചനത്തിനും കൂദാശകൾക്കും ജീവിതത്തിൽ നാം പ്രാധാന്യം കല്പിക്കണം.

ജീവിതപ്രശ്നങ്ങൾകൊണ്ട് ഉത്കണ്ഠാകുലരായിരിക്കുന്ന നമ്മെ ക്രിസ്തുവിന്റെ വാക്കുകൾ പ്രത്യാശാഭരിതരാക്കും. അവിടുത്തെ വാക്കുകൾ നമ്മെ നയിക്കട്ടെ.

> "നിങ്ങൾ ആദ്യം ദൈവരാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക; അതോടൊപ്പം മററുള്ളവയെല്ലാം നിങ്ങൾക്കു നല്കപ്പെടും" (മത്താ. 6:33).

## 1. ഉത്തരങ്ങൾ പഠിക്കുക

1. താഴെ ചേർക്കുന്ന വാക്യങ്ങളുടെ സന്ദർഭവും ആശയവും വ്യക്തമാക്കുക.

   i) "ഇരുകൂട്ടരേയും അവൻ ഒന്നിപ്പിക്കുകയും ശത്രുതയുടെ മതിലുകൾ തകർക്കുകയും ചെയ്യുന്നു".

   ii) "നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്ന് നിങ്ങൾക്കു നല്കും".

   ii) അന്ധരായ മാർഗ്ഗദർശികളേ, കൊതുകിനെ അരിച്ചുനീക്കുകയും ഒട്ടകത്തെ വിഴുങ്ങുകയും ചെയ്യുന്നവരാണ് നിങ്ങൾ!"

   iv) "സകല ജനങ്ങൾക്കുംവേണ്ടി ഒരുക്കപ്പെട്ടിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടു കഴിഞ്ഞിരിക്കുന്നു".

2. "നിനക്കുവേണ്ടി എന്നെ സൃഷ്ടിച്ച ദൈവമേ, നിന്നിൽ വിലയം പ്രാപിക്കുവോളം എന്റെ മനസ്സ് അസ്വസ്ഥമായിരിക്കും". ഇപ്രകാരം പറയാൻ നിങ്ങൾ പ്രേരിതരാകുന്ന ഒരു ജീവിതസാഹചര്യം വിവരിക്കുക.

3. ക്രിസ്തുവിനെ നേതാവായി സ്വീകരിക്കുവാൻ നിങ്ങൾ ഉത്സുകരാകുന്നത് എന്തുകൊണ്ട്?

## 2. പ്രാവർത്തികമാക്കുക

1. ക്രിസ്തു എന്ന നേതാവ് ജനസമൂഹത്തോടു ചെയ്തിട്ടുള്ള പ്രസംഗങ്ങളിൽ നിങ്ങൾക്ക് ഏററം ഇഷ്ടപ്പെട്ട ഒരു

പ്രസംഗഭാഗം സുവിശേഷങ്ങളിൽനിന്നു തിരഞ്ഞെടുത്ത് കുറിക്കുക.

2. നിങ്ങളെ ഇപ്പോഴം വിഷമിപ്പിക്കുന്ന മുഖ്യപ്രശ്നം എന്തെന്ന് ആലോചിച്ചു കണ്ടെത്തുക. ആ പ്രശ്നത്തിനു യേശു നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം ബൈബിളിൽനിന്നു കണ്ടുപിടിച്ച് കുറിച്ചെടുക്കുക.

## 3. ചർച്ചചെയ്യുക

1. ഇന്നത്തെ സാമൂഹിക – രാഷ്ട്രീയ വ്യവസ്ഥിതിയിൽ യേശുവിൻെറ നേതൃത്വശൈലിക്കുള്ള പ്രസക്തി എന്തെന്ന് ചർച്ചചെയ്യുക.
2. ലോകനേതാക്കളെപ്പററി നിങ്ങഠംക്കുള്ള അറിവിൻെറ വെളിച്ചത്തിൽ, നേതൃത്വഗുണങ്ങളെപ്പററി ചർച്ചചെയ്ത്, ക്രൈസ്തവവീക്ഷണപ്രകാരം ഒരു യഥാർത്ഥ നേതാവിന് ഉണ്ടായിരിക്കേണ്ട നേതൃത്വഗുണങ്ങഠം ഏവയെന്നു നിർണ്ണയിക്കുക.
3. ലോകചരിത്രത്തിൽ നിങ്ങഠം അറിയുന്ന വിപ്ലവകാരികളും യേശു എന്ന വിപ്ലവകാരിയും തമ്മിലുള്ള സാമ്യ–വ്യത്യാസങ്ങളെപ്പററി ചർച്ചചെയ്യുക

# 2

# കേൾക്കാത്ത ശബ്ദം

കുഞ്ഞുങ്ങളുടെ കലപലശബ്ദംമുതൽ ഇടിമുഴക്കംവരെ എത്രയോതരം ശബ്ദം നാം കേൾക്കുന്നു. കോഴികൾ കൂവുന്നു. ചീവീടുകൾ രാഗം മൂളുന്നു. കുയിലുകൾ പഞ്ചമരാഗം മുഴക്കുന്നു. പ്രാവുകൾ കുറുകുന്നു. അന്നംകാണാക്കിളികൾ "അച്ചൻ കൊമ്പത്ത്" എന്നു നീട്ടിപ്പാടുന്നു.

പക്ഷികൾ കളകളനാദം പുറപ്പെടുവിക്കുകയോ മൃഗങ്ങൾ ഒച്ചവയ്ക്കുകയോ ചെയ്യാതിരുന്നാലുള്ള അവസ്ഥയെക്കുറിച്ച് ഒന്നാലോചിച്ചു നോക്കൂ. പക്ഷിമൃഗാദികൾ ശബ്ദം പുറപ്പെടുവിക്കാത്തതോ പോകട്ടെ, മനുഷ്യനും ശബ്ദം പുറപ്പെടുവിക്കുന്നില്ലെങ്കിലോ? ആശയവിനിമയം നടത്താൻ കഴിയുമോ? കൊത്തിവച്ച പാവപോലെ എല്ലാവരും പരസ്പരം നോക്കിയിരിക്കുകയല്ലേ ഉള്ളൂ? അങ്ങനെവന്നാൽ ഈ പ്രപഞ്ചം ഒരു ബധിര പ്രപഞ്ചമായി മാറും. അതോടെ വീട്ടിലും നാട്ടിലും പ്രകൃതിയിലും കാണുന്നതെല്ലാം ഒരു മൂകചലച്ചിത്രമായിരിക്കും.

പ്രകൃതിയെ സജീവമാക്കുന്നതു ശബ്ദമാണ്. മനുഷ്യൻ വികാരജീവിയാണല്ലോ. ഈ വികാരങ്ങളുടെ വിനിമയോപാധി ശബ്ദമാണ്. ശബ്ദംമൂലം വികാരങ്ങൾ പ്രതിഫലിപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ, സ്നേഹം, ദയ, സന്തോഷം, സന്താപം തുടങ്ങിയ മസൃണവികാരങ്ങൾ കെട്ടടങ്ങിപ്പോവുകയല്ലേ ഉള്ളൂ? ദു:ഖം അനുഭവിക്കുന്ന എല്ലാവരും തങ്ങളുടെ ദു:ഖം ശമിപ്പിക്കുന്നതു മററുള്ളവരുമായി അതു പങ്കുവയ്ക്കുന്നതുവഴിയാണ്. ശബ്ദിക്കാൻ കഴിയുന്നില്ലെങ്കിൽ അവർ സങ്കടവും നൊമ്പരവും ഉള്ളിലൊതുക്കി ദഹിക്കുകയേയുള്ളു. അടുത്തുള്ളവർക്കെന്നപോലെ അകലെയുള്ളവർക്കും പരസ്പരം ബന്ധപ്പെടാൻ ശബ്ദം വേണം, അർത്ഥയുക്തമായ ശബ്ദം.

വായുമണ്ഡലത്തെ ശബ്ദമണ്ഡലമെന്നും വിളിക്കാം. കാരണം, അത്രമാത്രം ശബ്ദങ്ങൾ നിറഞ്ഞുനില്ക്കുന്നതാണു നമുക്കു ചുററുമുള്ള വായുമണ്ഡലം. പക്ഷേ, പല ശബ്ദവും നമ്മുടെ കാതുകളിലെത്തുന്നില്ല. 20 മുതൽ 20000 വരെ

ആവൃത്തിയുള്ള (Frequency) ശബ്ദങ്ങളേ നമുക്കു കേൾക്കാൻ കഴിയൂ. ഈ ആവൃത്തികൾക്ക് അപ്പുറവും ഇപ്പുറവുമുള്ള ശബ്ദങ്ങൾ നമുക്ക് കേൾക്കാനാവാത്തതുകൊണ്ട് അവയെ "കേൾക്കാത്ത ശബ്ദം" എന്നു വിളിക്കാം. പ്രപഞ്ചത്തിൽ ആദ്യം രൂപംകൊണ്ട ഊർജ്ജശകലമായിരിക്കണം, ശബ്ദം. ആദ്യശബ്ദമേതെന്ന് ഉത്പത്തിപുസ്തകത്തിൽ പറയുന്നു: "ഉണ്ടാകട്ടെ". നമ്മെ സംബന്ധിച്ചിടത്തോളം അത് ഇൻഫ്രാസോണിക് (20 ആവൃത്തിയിൽ താഴെയുള്ള) അല്ലെങ്കിൽ അൾട്രാസോണിക് (20000 ആവൃത്തിക്കു മുകളിലുള്ള) ശബ്ദമാണ്.

ഉണ്ടാകട്ടെ എന്ന് ഉച്ചരിക്കപ്പെട്ട വചനത്തിലൂടെ ഉദ്ഗമിക്കുന്ന ഊർജ്ജം ശൂന്യതയിലേക്കു വഴിഞ്ഞൊഴുകുന്നു. ചക്രവാളംകൊണ്ട് അതിരിട്ട നീലമേലാപ്പിൽ പ്രകാശഗോളങ്ങൾ ആയിരക്കണക്കിന് അണിനിരക്കുന്നു. താഴെ ഭൂമി. നീലജലാശയം തിരയടിക്കുന്നു. സസ്യശ്യാമളമായ മരതകക്കുന്നുകളും പച്ചപ്പുൽത്തകിടികളും അലയാഴിയുടെ അരഞ്ഞാണവുമിട്ട് ഉയർന്നുവരുന്നു. സ്ത്രീയും പുരുഷനുമായി ദൈവച്ഛായയിലും സാദൃശ്യത്തിലും മനുഷ്യജീവിതം മൊട്ടിടുന്നു. ചേതോഹരങ്ങളായ പക്ഷിമൃഗാദികളാൽ നിറയപ്പെട്ട, സുവർണ്ണനദികളാൽ ചുററപ്പെട്ട, ഒരു രമ്യഭൂവിഭാഗം ഉരുത്തിരിഞ്ഞുവരുന്നു – പറുദീസാ! അങ്ങനെ, ഭൂമിയിൽ ഒരു ദേവാലയം ഉണ്ടായി. അവിടെ ആദം ഹവ്വാ. മുകളിൽ ദൈവം. അവിടെ സ്വർഗ്ഗാനന്ദം വഴിഞ്ഞൊഴുകി.

ക്രമേണ, പാപപങ്കിലമായിത്തീർന്നു ആദ്യമനുഷ്യൻെറ ജീവിതം. അതോടെ മനുഷ്യലോകത്തിനു പറുദീസാ നഷ്ടപ്പെട്ടു. മനുഷ്യനും ദൈവവും ദൃശ്യനേത്രങ്ങൾകൊണ്ടു തമ്മിൽ കാണാൻ പാടില്ലാത്തവിധം രണ്ടു മേഖലകളിലായിത്തീർന്നു. എങ്കിലും സ്നേഹധനനായ ദൈവം മനുഷ്യരെ കൈവെടിഞ്ഞില്ല. അവിടുന്ന് അവർക്കൊരു രക്ഷകനെ വാഗ്ദാനം ചെയ്യുകയും തുടർന്നു തൻെറ തിരുവചനത്താൽ അവരെ നയിക്കുകയും ചെയ്തു.

അങ്ങനെ ഭൂമിയിൽ ദൈവത്തിൻെറ ശബ്ദം നിറഞ്ഞു. പഴയനിയമകാലത്തു പ്രവാചകന്മാർവഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും പിതാവായ ദൈവം നമ്മുടെ പൂർവ്വപിതാക്കന്മാരോടു സംസാരിച്ചു. അവസാനനാളുകളിൽ തൻെറ പുത്രൻവഴി അവിടുന്നു നമ്മോടു സംസാരിച്ചു. ഈ തിരു

വചനങ്ങളുടെ ലിഖിതരൂപമാണല്ലോ ബൈബിൾ – ദൈവത്തിന്റെ ശബ്ദം മനുഷ്യഭാഷയിൽ.

## ബൈബിൾ: പിതാവ് മക്കൾക്കയച്ച കത്ത്

ദൈവത്തെയും മനുഷ്യരെയും സംബന്ധിച്ചുള്ള ദൈവവചനങ്ങളുടെ സമാഹാരമാണല്ലോ ബൈബിൾ. ലേഖനസമാഹാരമോ, കഥാസമാഹാരമോ പോലെയുള്ള ഒരു പുസ്തകമല്ല ബൈബിൾ; സ്നേഹപിതാവായ ദൈവം തന്റെ മക്കൾക്ക് പൊതുവായും വ്യക്തിപരമായും എഴുതിയ തിരുവെഴുത്തുകളുടെ സമുച്ചയമാണത്.

മറുനാട്ടിൽ കഴിയുന്ന പിതാവ്. വർഷങ്ങളായി പിതാവിനെക്കൂടാതെ ഇങ്ങകലത്തിൽ കഴിയുന്ന മക്കളും അമ്മയും. സന്താനങ്ങളുടെ സമസ്താവശ്യങ്ങളും പിതാവ് അറിയുന്നു. അവരുടെ അർത്ഥനകളെല്ലാം അദ്ദേഹം സാധിച്ചുകൊടുക്കുന്നു. തന്റെ ഓമനക്കുഞ്ഞുങ്ങളുടെ അടുത്തായിരിക്കാൻ അദ്ദേഹം അഭിലഷിക്കുന്നു. അവരുടെ സംസാരവും പെരുമാററവുമൊക്കെ എങ്ങനെയായിരിക്കണമെന്ന് അദ്ദേഹം തന്റെ കത്തിൽ നിർദ്ദേശിക്കുന്നു. താൻ പറഞ്ഞതുപോലെ പഠിച്ചും പണിയെടുത്തും ജീവിച്ചാൽ തന്റെകൂടെ കൊണ്ടുപോകാമെന്നും വിലപിടിപ്പുള്ള വലിയ സമ്മാനം നല്കാമെന്നുമൊക്കെയായിരിക്കും പിതാവു തന്റെ കത്തിലെഴുതുന്നത്. പിതാവിന്റെ അസാന്നിദ്ധ്യത്തിൽ അദ്ദേഹത്തിന്റെ കത്തുകളായിരിക്കും അമ്മയ്ക്കും മക്കൾക്കും ഏകാവലംബം. ചിലപ്പോൾ പിതാവിനെ സ്നേഹപൂർവ്വം ഓർമ്മിക്കുന്ന അമ്മ, അദ്ദേഹത്തിന്റെ കത്തുകൾ വായിക്കുകയും കണ്ണുനീർ പൊഴിക്കുകയും ചെയ്യുന്നുണ്ടാവും. അദ്ദേഹം കുടുംബത്തിന്റെ നന്മയ്ക്കുവേണ്ടി സഹിച്ച ക്ലേശങ്ങളും വേദനകളുമായിരിക്കും അവരുടെ കണ്ണുകളെ ഈറനണിയിക്കുന്നത്.

ഈ പശ്ചാത്തലഭാവനയോടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ തിരുവെഴുത്തുകളെപ്പററി ചിന്തിക്കുക. സ്നേഹസമ്പന്നനായ പിതാവിന്റെ എഴുത്തുകൾ ഏതുമക്കളാണ് അവഗണിക്കുക? പിതാവിന്റെ കത്തുകൾ വായിച്ചു തള്ളിക്കളയുന്ന മക്കൾ, മക്കളെന്ന പേരിനർഹരല്ല. മാതാപിതാക്കളുടെ വാക്കുകൾ അനുസരിക്കുന്നവൻ മാത്രമാണ് പുത്രൻ എന്ന് അർത്ഥമുള്ള ഒരു ചൊല്ല് സംസ്കൃതത്തിലുണ്ട് ("മാതാപിത്രോർ

വചഃ യഃ കരോതി സ ഏവ പുത്രഃ ഇതി അവ്യഭിചാരി വചഃ"). ആ ചൊല്ല് പ്രമാദമററ വചനമായി ഭാരതീയർ പണ്ടുമുതലേ കരുതുന്നു.

വിദൂരതയിൽ കഴിയുന്ന പിതാവിൻെറയോ പ്രിയഭാജനങ്ങളുടെയോ കത്തുകൾ വായിക്കുന്ന നമുക്കറിയാം ആ കത്തുകൾ അവരുടെ ഹൃദയം തുറന്നുകാട്ടുന്നതാണെന്ന്; മാത്രമല്ല, ആ കത്തിലെ പദാവലികളിലൂടെ നാം നമ്മുടെ ഇഷ്ടജനങ്ങളെ മനസാ ദർശിക്കുകയും അവരുടെ സാന്നിദ്ധ്യവും സാമീപ്യവും അനുഭവിച്ചറിയുകയും ചെയ്യുന്നുണ്ടെന്ന്. ഇതുപോലെ വി. ലിഖിതങ്ങളിലൂടെ നമുക്കു ദൈവത്തിൻെറ സാന്നിദ്ധ്യസാമീപ്യങ്ങൾ അനുഭവിച്ചറിയാൻ കഴിയും. വി. പൗലോസ് തെസലോണിക്കാക്കാർക്ക് എഴുതിയ ലേഖനത്തിൽ വിശുദ്ധ ഗ്രന്ഥവചനം എന്താണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

> "ഞങ്ങളിൽനിന്നു നിങ്ങൾ ശ്രവിച്ച വചനം മനുഷ്യരുടെ വചനമായിട്ടല്ല, വിശ്വാസികളായ നിങ്ങളിൽ പ്രവർത്തിക്കുന്ന യഥാർത്ഥ ദൈവത്തിൻെറ വചനമായിട്ടാണു നിങ്ങൾ സ്വീകരിച്ചത്" (1 തെസ. 2:13).



വെളിച്ചംതേടി ബൈബിളിൽ

വി. പൗലോസ് ഉദ്ബോധിപ്പിക്കുന്നതുപോലെ വി. ലിഖിതങ്ങൾ, നമ്മിൽത്തന്നെ കുടികൊള്ളുന്ന ദൈവത്തിൻെറ വചനമായിട്ടാണോ നാം കരുതുന്നത്? "അല്ല" എന്നുള്ളതല്ലേ ഉത്തരം? "ആരോ ഇങ്ങനെയൊക്കെ എഴുതിവച്ചിരിക്കുന്നു. ഇതൊക്കെ ശരിയാണോ ആവോ?" എന്നല്ലേ, വിശുദ്ധ ഗ്രന്ഥവചനങ്ങൾ വായിക്കുമ്പോൾ നമ്മുടെ മനസ്സ് മന്ത്രിക്കാറുള്ളത്? നാം കേൾക്കുന്നതോ വായിക്കുന്നതോ ആയ ബൈബിൾഭാഗങ്ങൾ ദൈവത്തിൻെറ തിരുവധരത്തിൽനിന്നു പുറപ്പെടുന്ന വചനങ്ങളാണെന്നു വിശ്വസിക്കാൻ സാധിച്ചാൽ നമ്മൾ വിശ്വാസത്തിൻെറ കൊടുമുടിയിലെത്തിക്കഴിഞ്ഞു.

തൊഴിലില്ലായ്മയും പട്ടിണിയുംമൂലം തലതിരിഞ്ഞ് കുടുംബദ്രോഹിയായി നടക്കുന്ന ഒരു സഹോദരനെ സന്മാർഗ്ഗത്തിലേക്ക് ആനയിക്കാൻ കഴിയാതെ നമ്മൾ ദു:ഖിച്ചിരിക്കുകയാണെന്നു കരുതുക. അപ്പോഴായിരിക്കും സുവിശേഷത്തിലെ താഴെക്കുറിക്കുന്ന ഒരു ഉപമ (ലൂക്കാ 11:5–8) നമ്മുടെ ദൃഷ്ടിയിൽപ്പെടുന്നത്.

ഒരുവൻ പാതിരാത്രിയിൽ തൻെറ സ്നേഹിതൻെറ വീട്ടിൽ ചെല്ലുന്നു. ആ സ്നേഹിതൻ തൻെറ കുഞ്ഞുങ്ങളോടൊപ്പം ഗാഢനിദ്രയിലാണ്. പുറത്തുനിന്നുകൊണ്ടു സ്നേഹിതൻ, കുടുംബനാഥനായ കൂട്ടുകാരനെ വിളിച്ചു മൂന്ന് അപ്പം വായ്പ ചോദിക്കുന്നു. തൻെറ വീട്ടിൽ അവിചാരിതമായി വന്നെത്തിയ ഒരു അതിഥിക്കുവേണ്ടിയാണ് അയാൾ അപ്പം ചോദിക്കുന്നത്.

ഒന്നും കൊടുക്കാൻ പററുകില്ലെന്നു ഖണ്ഡിതമായി പറഞ്ഞുകൊണ്ടു ഗൃഹനാഥൻ അവിടെത്തന്നെ കിടക്കുന്നു. കതക് തുറക്കാൻകൂടി അയാൾ സന്നദ്ധനാകുന്നില്ല.

കഥ ഇവിടംകൊണ്ടു നിർത്തിയിട്ട് ഈശോ പറയുന്നു:

'അവൻ സ്നേഹിതനാണ് എന്നതിൻെറ പേരിൽ ഒന്നും കൊടുക്കുകയില്ലെങ്കിൽത്തന്നെ നിർബന്ധം നിമിത്തം എഴുന്നേററ് അവനു വേണ്ടതു നല്കും'.

ഈശോ തുടർന്ന് അരുൾ ചെയ്യുന്നു:

> "ചോദിക്കുവിൻ; നിങ്ങൾക്കു ലഭിക്കും. അന്വേഷിക്കുവിൻ; നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ; നിങ്ങൾക്കു തുറന്നുകിട്ടും" (ലൂക്കാ 11:9–10).

ഈ വാക്കുകൾ സാക്ഷാൽ സത്യംതന്നെയായ ദൈവത്തിന്റെ വാക്കുകളാണെന്നും അവിടുന്നു നമ്മുടെ കഷ്ടതകളിൽ മനമലിഞ്ഞു നമ്മോടു സംസാരിക്കുന്നതാണെന്നും വിശ്വസിച്ചാൽ നമ്മുടെ ആകുലതകൾ ആ നിമിഷം മാറും; മനസ്സിന്റെ ഇരുട്ടും ഭാരവും നീങ്ങും; അതോടെ നവോന്മേഷവും ആത്മധൈര്യവും ഉണ്ടാകും.

## ദൈവവചനം: ജീവദായകം

"മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണു ജീവിക്കുന്നത്" (മത്താ. 4:4) എന്ന ക്രിസ്തുനാഥന്റെ തിരുവചനങ്ങൾ ദൈവവചനം ജീവദായകമാണെന്നു വ്യക്തമാക്കുന്നു.

ബൈബിളിലൂടെ പ്രകാശിതമായിരിക്കുന്ന ദൈവവചനം അതിൽത്തന്നെ ജീവൻ ഉള്ളതും ജീവൻ നല്കുന്നതുമാണ്. സങ്കീർത്തകൻ പ്രഘോഷിക്കുന്നു:

> "ഞാൻ അങ്ങയുടെ കല്പനകളെ ഒരിക്കലും മറക്കുകയില്ല. അവ വഴിയാണ് അവിടുന്ന് എനിക്കു ജീവൻ തന്നത്" (സങ്കീ. 119:98).

ഈശോ അരുൾ ചെയ്യുന്നു:

> "നിങ്ങളോടു ഞാൻ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ്" (യോഹ. 6:63).

ദൃഢവിശ്വാസത്തോടുകൂടിയും തീക്ഷ്ണമായ അഭിലാഷത്തോടുകൂടിയും ദൈവവചനം ശ്രവിക്കുന്ന പക്ഷം അവ നമുക്കു ജീവൻ നല്കും. വി. പത്രോസ് യേശുനാഥനോടു പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക:

> "കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കു പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്" (യോഹ. 6:68).

സുവിശേഷരചനയുടെ ലക്ഷ്യങ്ങളെക്കുറിച്ചു പറയുമ്പോൾ വി. യോഹന്നാൻ പ്രഖ്യാപിക്കുന്നു:

> "ഇവതന്നെയും എഴുതപ്പെട്ടിരിക്കുന്നത് യേശു ദൈവപുത്രനായ ക്രിസ്തുവാണെന്നു നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്" (യോഹ. 20:31).

സുഭാഷിതങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ടല്ലോ, ദൈവത്തിൻെറ വചനമനുസരിച്ചു വ്യാപരിക്കുന്നവൻ ജീവൻെറ മാർഗ്ഗത്തിലാണെന്ന്. ഹെ്രബായർക്കുള്ള ലേഖനത്തിൽ നാം വായിക്കുന്നു:

"ദൈവത്തിൻെറ വചനം സജീവവും ഊർജ്ജസ്വലവുമാണ്. ഇരുതലവാളിനേക്കാൾ മൂർച്ചയേറിയതും ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിൻെറ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്"
(ഹെ്രബാ. 4:12).

ഈ വാക്യം ഒന്നു ശ്രദ്ധിച്ചു വായിക്കൂ. ഇതൊരു അബദ്ധപ്രസ്താവനയാണെന്നു തോന്നുന്നുണ്ടോ? ദൈവവചനത്തിൻെറ പ്രഭയും പ്രഭാവവും ഉള്ളിൽ തട്ടിയിട്ട് അവിടെനിന്നു ജ്വലിച്ച് ഉയരുന്നതല്ലേ ഈ ദൈവവചനഭാഷ്യം? വിശുദ്ധഗ്രന്ഥത്തിലെ ദൈവവചനം, നിർജ്ജീവവും ശക്തിഹീനവുമായിട്ടല്ലേ പലപ്പോഴും നമുക്ക് തോന്നാറുള്ളത്? മൃതനായ ലാസർ, "ലാസറേ പുറത്തുവരൂ" എന്ന ദൈവവചനത്തിലൂടെ, വീണ്ടും ജീവൻ പ്രാപിച്ച അദ്ഭുതസംഭവം നാം വായിച്ചിട്ടുണ്ടല്ലോ. കേവലം രണ്ടു പദങ്ങൾ! ക്രിസ്തുനാഥൻെറ തിരുവധരങ്ങളിൽനിന്നു പുറപ്പെട്ടപ്പോൾ ആ പദങ്ങൾ ജീവനൗഷധമായി മാറി. അന്ധർക്കു വെളിച്ചമായി, ബധിരർക്കു ശ്രവണശക്തിയായി, രോഗികൾക്കു ശമനൗഷധമായി, ദൈവവചനം രൂപാന്തരപ്പെട്ട സംഭവങ്ങൾ നാം പുതിയ നിയമത്തിൽ വായിക്കുന്നുണ്ട്. ഇതു സത്യമാണെന്നു ബോധ്യമുണ്ടെങ്കിൽ, പരാജയത്തിലും രോഗത്തിലും ദു:ഖത്തിലും ദുരിതത്തിലും ദൈവവചനത്തെ ആശ്രയിക്കുക. ആ വചനം, എല്ലാ പ്രതിസന്ധികളിലും പ്രശ്നങ്ങളിലും പ്രത്യൗഷധവും പ്രത്യുത്തരവുമായിരിക്കും.

നിർജ്ജീവവും ശുഷ്കവും ഛിന്നഭിന്നവുമായ അസ്ഥികളിന്മേൽ ദൈവവചനം സന്നിവേശിച്ചപ്പോൾ എന്താണു സംഭവിച്ചതെന്ന് എസെക്കിയേലിൻെറ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്:

ഒരു ദിവസം അസ്ഥികൾ നിറഞ്ഞ താഴ്‌വരയിലേക്കു കർത്താവ് എസെക്കിയേലിനെ നയിച്ചു. കർത്താവിൻെറ ആജ്ഞയനുസരിച്ച് അദ്ദേഹം അസ്ഥികളെ നോക്കിപ്പറഞ്ഞു:

'വരണ്ട അസ്ഥികളേ, കർത്താവിൻെറ വചനം
ശ്രവിക്കുവിൻ'.

ഒരു കിരുകിരാരവം. വേർപെട്ടുപോയ അസ്ഥികൾ തമ്മിൽ ഒന്നിച്ചു. ഞരമ്പും മാംസവും അവയുടെമേൽ വന്നുചേർന്നു! ചർമ്മം അവയെ ആവരണം ചെയ്തു! ഇത്രയുമായപ്പോൾ കർത്താവിൻെറ നിർദ്ദേശമനുസരിച്ച് എസെക്കിയേൽ ആ നിർജ്ജീവശരീരങ്ങളെ ലക്ഷീകരിച്ചു പറഞ്ഞു:

'ജീവശ്വാസമേ, നീ നാലുവായുക്കളിൽനിന്നുവന്ന്
ഇവരുടെ മേൽ വീശുക. ജീവനുണ്ടാകട്ടെ'.

ഈ പ്രഖ്യാപനമുണ്ടായ നിമിഷം തന്നെ മനുഷ്യാസ്ഥികൂടങ്ങൾ സജീവങ്ങളായി. ഒരു വലിയ സൈന്യനിരപോലെ അവർ എണീററ് അണിനിരന്നു (എസെ. 37:1–14).

നിർജ്ജീവശരീരങ്ങളിലേക്കു ദൈവവചനം പ്രവേശിച്ചപ്പോഴുള്ള മാററമാണല്ലോ നാം ഇവിടെ ദർശിക്കുന്നത്. സജീവശരീരികളായ നമ്മിലേക്കു ദൈവവചനം പ്രവേശിച്ചാലോ? എന്തുമാററമാകും നമ്മിൽ ഉണ്ടാവുക? ആലോചിച്ചുനോക്കൂ. അത്യുന്നതമായ ദൈവികജീവൻ ഉള്ളവരായിട്ടാകും നാം രൂപാന്തരപ്പെടുക. എന്നാൽ നമ്മിലേക്കും നമ്മുടെ ചുററിലും ഒന്നു കണ്ണോടിക്കുക. നമ്മിൽ ദൈവികജീവൻ പുലരുന്നതിൻെറ വല്ല ലക്ഷണവും നാം കാണിക്കുന്നുണ്ടോ? വൻപുപറയുകയും വഞ്ചിക്കുകയും പരിഹസിക്കുകയും പകപോക്കുകയും ചെയ്യുന്നവനിൽ ദൈവവചനം കുടികൊള്ളുന്നുവെന്നു പറയാനാവുമോ? നിങ്ങൾ ചെയ്ത ഒരു യാത്രയെപ്പററി ഒന്നോർത്തുനോക്കൂ. തല ചായ്ക്കാനൊരിടമില്ലാതെ മരത്തണലുകളിലും, വഴിയിറമ്പുകളിലും, കടത്തിണ്ണകളിലും, കലുങ്കിൻകീഴിലും കഴിഞ്ഞുകൂടുന്നവരെ നിങ്ങൾ കണ്ടുകാണും. ആലിലപോലെ ഒട്ടിയ വയറുമായി കീറത്തുണിയുമുടുത്തു നടക്കുന്ന ബാലികാബാലന്മാരെ നിങ്ങൾ കണ്ടിരിക്കുമല്ലോ. അന്ധരെയും ബധിരരേയും അസ്ഥിരബുദ്ധികളെയും നിങ്ങൾ കണ്ടുകാണും. ഈ അശരണരിൽ ക്രിസ്തുവിനെ കാണാൻ നിങ്ങൾക്കു കഴിഞ്ഞിട്ടുണ്ടോ? ഇല്ലെങ്കിൽ ദൈവവചനം സ്വാംശീകരിക്കുന്നതിൽനിന്ന് ഉളവാകുന്ന ദൈവികജീവൻ നിങ്ങൾക്കുണ്ടെന്ന് അവകാശപ്പെടാൻ കഴിയുമോ?

## ദൈവവചനം — രക്ഷാകരം

ദൈവവചനം ശ്രവിക്കുകയും തദനുസൃതം വർത്തിക്കുകയും ചെയ്യുന്നവരാണു രക്ഷപ്രാപിക്കുന്നത്. ക്രിസ്തുനാഥൻ അസന്ദിഗ്ദ്ധമായി പറഞ്ഞു:

"ആരെങ്കിലും എൻെറ വചനം പാലിച്ചാൽ അവൻ ഒരിക്കലും മരിക്കുകയില്ല" (യോഹ. 8:51).

ഇസ്രായേൽ ജനം വാഗ്ദത്തഭൂമിയിലേക്കുള്ള പ്രയാണത്തിൽ തളർന്നു വീണപ്പോൾ അവരെ താങ്ങിയെഴുന്നേല്പിച്ചതും മൃതപ്രായരായപ്പോൾ അവർക്കു നവോന്മേഷം നല്കിയതും ദൈവവചനമാണ്. സങ്കീർത്തകൻ വിളംബരം ചെയ്യുന്നു:

"അങ്ങയുടെ വചനം എൻെറ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണ്" (സങ്കീ. 119:105).

കഷ്ടതകളിലും ക്ലേശങ്ങളിലും നമ്മെ സമാധാനിപ്പിക്കുന്നതും നമുക്കു പ്രത്യാശപകരുന്നതും മനുഷ്യൻെറ സമാശ്വാസവചനങ്ങളേക്കാളുപരി ദൈവവചനമാണ്. മക്കബായക്കാരുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു:

"ഞങ്ങളുടെ കൈവശമുള്ള വിശുദ്ധഗ്രന്ഥങ്ങൾ ഞങ്ങൾക്ക് ആത്മധൈര്യം പകരുന്നു........" (1 മക്ക. 12:9).

വി. ക്രിസോസ്തോം നമുക്ക് ഉറപ്പുനല്കുന്നു:

"ദൈവവചനം മുറിവുകൾ ഉണക്കുന്ന ദിവ്യൗഷധമാണ്".

## ദൈവവചനം: വ്യക്തിത്വദായകം

ശാരീരികവും വൈകാരികവും ബൗദ്ധികവും സാമൂഹികവും ആദ്ധ്യാത്മികവുമായ ക്രൈസ്തവവ്യക്തിത്വത്തിൻെറ ആധാരശിലയാണു ദൈവവചനം. വി. പൗലോസ് നമ്മെ ഉദ്ബോധിപ്പിക്കുന്നു:

'സഹോദരരേ, നിങ്ങൾ സ്വീകരിച്ചതും നിങ്ങളുടെ അടിസ്ഥാനമായി നിലകൊള്ളുന്നതും നിങ്ങൾക്കു രക്ഷ പ്രദാനംചെയ്യുന്നതുമായ സുവിശേഷമാണു ഞാൻ നിങ്ങളോടു പ്രസംഗിച്ചത്' (1 കോറി. 15:1).

അപ്പസ്തോലപ്രവർത്തനങ്ങളിൽ ദൈവവചനത്തിൻെറ സവിശേഷകഴിവുകളെ വി. പൗലോസ് ഇപ്രകാരം പ്രകീർത്തിക്കുന്നു:

"നിങ്ങൾക്ക് ഉത്കർഷം വരുത്തുന്നതിനും സകല വിശുദ്ധരുടെയുമിടയിൽ അവകാശം തരുന്നതിനും ഈ വചനത്തിനു കഴിയും" (അപ്പ. 20:32).

പക്വതയാർന്ന വ്യക്തിത്വം നേടുന്നതു ദൈവവചനപഠനം മൂലമാണ്. ഹെബ്രായർക്കുള്ള ലേഖനത്തിൽ കാണുന്നു:

"ക്രിസ്തുവിന്റെ വചനത്തിന്റെ പ്രഥമപാഠങ്ങൾ പിന്നിട്ടു നമുക്കു പക്വതയിലേക്കു വളരാം"
(ഹെബ്രാ. 6:1).

താരുണ്യത്തിൽ പക്വതയില്ലാതെ പെരുമാറുന്ന ആൺകുട്ടികളും പെൺകുട്ടികളും ധാരാളമുണ്ടല്ലോ. കലാലയങ്ങളിൽ കോളേജുകുമാരന്മാരും കുമാരിമാരും കാട്ടിക്കൂട്ടുന്ന പക്വതയില്ലാത്ത ധാരാളം പെരുമാററങ്ങളെക്കുറിച്ച് നമുക്കു അറിവുള്ളതാണല്ലോ. അപ്രകാരമുള്ള പെരുമാററങ്ങളിൽനിന്നു രക്ഷിച്ചു നമ്മെ പക്വമതികളാക്കാനുതകുന്ന വചനങ്ങളാണു വി. ഗ്രന്ഥത്തിലുള്ളത്.



പക്വതയിലേക്ക്

പക്വതയാർന്ന ജീവിതത്തിനുവേണ്ടി പാലിക്കേണ്ട നിയമങ്ങാം വി. പൗലോസ് വിവരിച്ചുതരുന്നു:

"അമർഷം, ക്രോധം, ദുഷ്ടത, ദൈവദൂഷണം, അശുദ്ധഭാഷണം തുടങ്ങിയവ വർജ്ജിക്കുവിൻ. പരസ്പരം കള്ളം പറയരുത്...

നിങ്ങാം കാരുണ്യം, ദയ, വിനയം, സൗമ്യത, ക്ഷമ എന്നിവ ധരിക്കുവിൻ. ഒരാാംക്കു മറ്റൊരാളോട് പരിഭവമുണ്ടായാൽ പരസ്പരം ക്ഷമിച്ചു സഹിഷ്ണുതയോടെ വർത്തിക്കുവിൻ...

പരിപൂർണ്ണമായ ഐക്യത്തിൽ ബന്ധിക്കുന്ന സ്നേഹം പരിശീലിക്കുവിൻ. ക്രിസ്തുവിന്റെ സമാധാനം നിങ്ങളെ ഭരിക്കട്ടെ" (കൊളോ. 3:5–15).

ശാരീരികാഭിലാഷങ്ങളെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു പുറംകുപ്പായം എന്ന നിലയിലാണല്ലോ യുവജനങ്ങളിൽ കുറേപ്പേരെങ്കിലും സ്നേഹം കൈകാര്യം ചെയ്യുന്നത്. ഹൃദയത്തിൽനിന്നു പുറപ്പെടുന്ന സ്നേഹമായിരിക്കണം, എല്ലാ ബന്ധങ്ങളുടെയും – ഭാര്യാഭർത്തൃബന്ധം, പിതൃപുത്രബന്ധം, തുടങ്ങി സകല ബന്ധങ്ങളുടെയും – അടിസ്ഥാനം.

പഴയ വ്യക്തിത്വത്തെ തച്ചുടച്ച്, പുതിയ ക്രൈസ്തവ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതു ദൈവവചനമാണ്. ദൈവവചനം പഴയ വ്യക്തിത്വത്തെ നിർമ്മാർജ്ജനം ചെയ്യുന്നു. പുതിയ വ്യക്തിത്വത്തിന്റെ സൗഗന്ധികപുഷ്പം വിരിയിക്കുന്നു. ഏതാനും വ്യക്തികളുടെ ജീവിതത്തിലേക്കു നാം ഒന്നു കണ്ണോടിക്കുക.

ആഫ്രിക്കയിലെ തഗാസ്തെ നഗരത്തിൽ ഒരു യുവാവ് ജീവിച്ചിരുന്നു – ആരുടെയും വരുതിക്കുവഴങ്ങാത്ത ഒരു താന്തോന്നി. തിന്മചെയ്യാതെ ഒരു ദിവസമെങ്കിലും കഴിച്ചുകൂട്ടുവാൻ അയാാംക്കു പ്രയാസമായിരുന്നു. കാലം കുറേക്കഴിഞ്ഞു. ചാരക്കൂനയിൽ ഒളിഞ്ഞുകിടക്കുന്ന തീപ്പൊരിപോലെ നന്മയുടെ അഗ്നിസ്ഫുലിംഗം അയാളുടെ ഉള്ളിന്റെ ഉള്ളിലും മങ്ങാതെ കിടന്നിരുന്നു. എങ്കിലും തിന്മ വിട്ടകലാൻ അയാാംക്കു സാധിച്ചില്ല. തുലാവർഷത്തിലെ ജലപ്രവാഹത്തിൽപ്പെട്ട ഒരാളെപ്പോലെയായി ആ യുവാവ്. കരകയറാൻ മോഹം. പക്ഷേ, ഒഴുകിപ്പോകുന്നതു താഴോട്ടുതന്നെ. സുഖഭോഗങ്ങ

ളുടെ കുത്തൊഴുക്കിൽപ്പെട്ട ഒരുവൻ എങ്ങനെ കരകയറാനാണ്? ആ യുവാവ് ആകെ കുഴങ്ങി. ഒടുവിൽ അയാൾ തൻെറ പാപങ്ങൾ ഓർത്തു ലജ്ജിക്കാനും ദു:ഖിക്കാനും തുടങ്ങി. അങ്ങനെയിരിക്കെ ഒരുനാൾ ഒരു ശബ്ദം എവിടെനിന്നോ അയാളുടെ കാതുകളിൽ വന്നലച്ചു:

"എടുത്തുവായിക്കുക."

ഈ ശബ്ദത്തിൻെറ മുഴക്കം തീരുന്നതിനുമുൻപ് അയാൾ മുറിയിലേക്കുകയറി. അവിടെ മേശപ്പുറത്ത് ഒരു ബൈബിൾ ഇരിക്കുന്നതു കണ്ടു. അതു തുറന്നുനോക്കി. പെട്ടെന്നു ദൃഷ്ടിയിൽപ്പെട്ട ഒരു വാക്യം അയാളുടെ മനസ്സിൽ തട്ടി.

> "നിദ്രവിട്ട് ഉണരേണ്ട മണിക്കൂറാണല്ലോ ഇത്...... രാത്രി കഴിയാറായി. പകൽ സമീപിച്ചിരിക്കുന്നു. ആകയാൽ നമുക്ക് അന്ധകാരത്തിൻെറ പ്രവൃത്തികൾ പരിത്യജിച്ചു പ്രകാശത്തിൻെറ ആയുധങ്ങൾ ധരിക്കാം. പകലിനു യോജിച്ചവിധം നമുക്കു പെരുമാറാം. സുഖലോലുപതയിലോ, മദ്യലഹരിയിലോ അവിഹിതവേഴ്ചകളിലോ, വിഷയാസക്തിയിലോ, കലഹങ്ങളിലോ, അസൂയയിലോ വ്യാപരിക്കരുത്. പ്രത്യുത, കർത്താവായ യേശുക്രിസ്തുവിനെ ധരിക്കുവിൻ. ദുർമ്മോഹങ്ങളിലേക്കു നയിക്കത്തക്കവിധം ശരീരത്തെപ്പററി ചിന്തിക്കാതിരിക്കുവിൻ"
> (റോമാ 13:11–14).

ഈ വചനങ്ങൾ അയാളുടെ ഹൃദയത്തെ സ്പർശിച്ചു; തൻെറ പാപങ്ങളോർത്തു പശ്ചാത്തപിക്കുകയും ദൈവത്തോടു മാപ്പിരക്കുകയും ചെയ്തു. പിന്നെ വിശുദ്ധോചിതമായ ഒരു ജീവിതമാണ് ആ യുവാവ് നയിച്ചത്. ഈ പുണ്യപുരുഷൻ ആരെന്നോ? സഭാപിതാവും ദൈവശാസ്ത്രപണ്ഡിതനുമായ വി. ആഗസ്തീനോസ്. അദ്ദേഹത്തെ സ്വാധീനിക്കുകയും നന്മയിലേക്കു നയിക്കുകയും ചെയ്ത ദൈവവചനം യുവതീയുവാക്കൾ ഹൃദിസ്ഥമാക്കട്ടെ. ഈ വചനങ്ങളുടെ അനുസ്മരണ തിന്മകളുടെ ആക്രമണത്തിൽനിന്ന് അവരെ പരിരക്ഷിച്ചുകൊള്ളും. പാപത്തിൽ നിപതിച്ചിട്ട് അതിൽനിന്നു കരകയറുന്നതിനേക്കാൾ നല്ലതു പാപത്തിൽ വീഴാതിരിക്കുകയാണല്ലോ. അതിനു തികച്ചും സഹായകമായിരിക്കും യുവജനങ്ങൾ മുൻകൂർ മനസ്സിലാക്കുന്ന ഇത്തരം വചനങ്ങൾ.

പോളിയോ, ഡിഫ്ത്തീരിയാ തുടങ്ങിയ രോഗങ്ങൾ വന്നിട്ടല്ലല്ലോ ചികത്സിക്കുന്നത്. രോഗം പിടിപെട്ടുകഴിഞ്ഞു ചികത്സിച്ചാൽ ഭേദമാവുക ദുഷ്കരമാണ്. അതുകൊണ്ടാണല്ലോ രോഗസാദ്ധ്യതകളുണ്ടോ ഇല്ലയോ എന്നു നോക്കാതെ സകല ശിശുക്കൾക്കും നാം പ്രതിരോധകുത്തിവയ്പു നടത്തുന്നത്. അതുപോലെ പാപത്തിനടിപ്പെട്ടുപോകാൻ സാദ്ധ്യതയുള്ളവരോ ഇല്ലാത്തവരോ എന്നു നോക്കാതെ തരുണീതരുണന്മാർ, പാതകികളെ പുണ്യാവാന്മാരാക്കാൻ പര്യാപ്തമായിട്ടുള്ള ദൈവവചനങ്ങൾ കാലേകൂട്ടി മനഃപാഠമാക്കുക. പാപസാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ അവ അനുസ്മരിക്കുക.

വി. ആഗസ്തീനോസിനെന്നപോലെ വി. ഫ്രാൻസീസ് സേവ്യറിനും മാനസാന്തരം വരുത്തുവാൻ ഉപകരിച്ച ഒരു ബൈബിൾ വചനമുണ്ട്:

> "ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അതുകൊണ്ട് അവന് എന്തുപ്രയോജനം? (മർക്കോ. 8:36).

## ദൈവവചനം: പാപമോചകം

പാപങ്ങളിൽനിന്നും പാപസാഹചര്യങ്ങളിൽനിന്നും മോചിതരാകാൻ ദൈവവചനത്തേക്കാൾ വലിയ സിദ്ധൗഷധമില്ല. എന്തെല്ലാം പ്രലോഭനസാഹചര്യങ്ങളിലാണു നാം കഴിയുന്നത്! നാം കടുത്ത ദാരിദ്ര്യത്തിലാണു കഴിയുന്നതെന്നു കരുതുക. അപ്പോൾ പോക്കററടിക്കാനും മോഷ്ടിക്കാനും പ്രലോഭനമുണ്ടാവുക സ്വാഭാവികമാണ്. ധനവും അധികാരവും പദവിയും കിട്ടുമെന്നുണ്ടെങ്കിൽ, പല അധർമ്മങ്ങൾക്കും കൂട്ടുനില്ക്കാൻ നാം പ്രലോഭിതരാകും.

നാം തികച്ചും ദൈവഭക്തരാണെന്നു തന്നെ വിചാരിക്കുക. ദൈവം കാത്തുകൊള്ളുമെന്നു കരുതി അതിസാഹസങ്ങൾക്ക് നാം മുതിരുകില്ലേ? ഇവയും ഇവപോലെയുള്ള മററു പ്രലോഭനങ്ങളും നമ്മെ വലയം ചെയ്യുമ്പോൾ നമ്മെ രക്ഷിക്കാൻ ശക്തമായ ദൈവവചനങ്ങളുണ്ട്. നമ്മുടെ കർത്താവായ ഈശോ തന്നെ, പ്രലോഭനങ്ങളെ ജയിച്ചടക്കാൻ ഉപയോഗിച്ച തിരുവചനങ്ങളാണവ.

വിശപ്പും, അധികാരമോഹങ്ങളും, അമിതമായ ശുഭാപ്തിവിശ്വാസവും നമ്മെ പാപത്തിലേക്കു നയിക്കുമ്പോഠം നമുക്കു രക്ഷാകവചങ്ങളായിരിക്കും ആ അമൃതവചനങ്ങഠം:

> "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിൻെറ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത്" (മത്താ. 4:4).
>
> "നിൻെറ ദൈവമായ കർത്താവിനെ നീ ആരാധിക്കണം. അവനെ മാത്രമേ പൂജിക്കാവൂ" (മത്താ. 4:10)
>
> "നിൻെറ ദൈവമായ കർത്താവിനെ നീ പരീക്ഷിക്കരുത്" (മത്താ. 4:7).

ദൈവവചനത്തിൻെറ നാനാമുഖമായ പ്രയോജനങ്ങഠം വി. പൗലോസ് പ്രതിപാദിക്കുന്നു:

> "വിശുദ്ധ ലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും ശാസനത്തിനും തെററുതിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു. ഇതുവഴി ദൈവഭക്തനായ മനുഷ്യൻ പൂർണ്ണത കൈവരിക്കുകയും എല്ലാ നല്ല പ്രവൃത്തികളും ചെയ്യുന്നതിനു പര്യാപ്തനാവുകയും ചെയ്യുന്നു" (2 തിമോ. 3:16–17).

ഈ വചനമാല്യത്തിൽ കൊരുത്തിരിക്കുന്ന ഓരോ പൂവും നോക്കൂ: അവ എന്തിന് ഉപകരിക്കുന്നുവെന്നു ചിന്തിക്കൂ.

പ്രബോധനം.
ശാസനം.
തെററുതിരുത്തൽ.
നീതിയിലുള്ള പരിശീലനം.
നന്മപ്രവൃത്തികഠംക്കുള്ള പര്യാപ്തത.
സർവ്വോപരി, മനുഷ്യത്വത്തിൻെറ പൂർണ്ണത.

> "ഞാൻ നിങ്ങളോടു പറഞ്ഞ വചനം നിമിത്തം നിങ്ങഠം ശുദ്ധിയുള്ളവരായിരിക്കുന്നു" (യോഹ. 15:3).

എന്ന് ഈശോ തൻെറ ശിഷ്യഗണങ്ങളോടു പറയുന്നു. ഇതിൽനിന്നു പരിശുദ്ധരായി ജീവിക്കാനുള്ള വിശിഷ്ടഭോജ്യം ദൈവവചനമാണെന്ന് അനുമാനിക്കാമല്ലോ.

തൻെറ ജനത പരിശുദ്ധരായിരിക്കണമെന്നാണു ക്രിസ്തുനാഥൻ ആഗ്രഹിക്കുന്നത്. അതുകൊണ്ടാണല്ലോ അവിടുന്നു പരമപിതാവിനോടു സത്യത്താൽ ശിഷ്യസമൂഹത്തെ വിശുദ്ധീകരിക്കണമെന്നു പ്രാർത്ഥിക്കുന്നത്. മനുഷ്യനെ വിശുദ്ധീകരിക്കുന്ന സത്യം എന്താണെന്നും ഈശോ വ്യക്തമാക്കുന്നുണ്ട്:

"അവിടുത്തെ വചനമാണ് സത്യം" (യോഹ. 17:17).

ദൈവവചനം ഹൃദയത്തിൽ സൂക്ഷിക്കുന്നവനിലേക്കു പാപം പ്രവേശിക്കുകയില്ല. സങ്കീർത്തകൻ പറയുന്നു:

"അങ്ങേക്ക് എതിരായി പാപം ചെയ്യാതിരിക്കേണ്ടതിനു ഞാൻ അങ്ങയുടെ വചനം ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുന്നു" (സങ്കീ. 119:11).

വിശുദ്ധസങ്കീർത്തകനെപ്പോലെ കർത്താവിൻെറ പ്രിയഭാജനമായ ഒരു വ്യക്തി പാപം ചെയ്യാതിരിക്കേണ്ടതിനു ഹൃദയത്തിൽ വചനം സൂക്ഷിച്ചിരുന്നെങ്കിൽ നമ്മെപ്പോലെ സാധാരണക്കാരായ ആളുകൾ എന്തു ചെയ്യണം? നിത്യവും ദൈവവചനം ഹൃദയത്തിൽ പ്രതിഷ്ഠിച്ചു പൂവിട്ടു പൂജിക്കുകതന്നെ വേണം. പ്രതിരോധിക്കാൻ ദൈവവചനമില്ലെങ്കിൽ പാപത്തിനു ഹൃദയത്തിൽ പ്രവേശിക്കാൻ എന്തെളുപ്പം!

ദൈവവചനം കഠിനവും കയ്പുനിറഞ്ഞതുമാണെന്നല്ലേ നമുക്കു തോന്നുക. നെല്ലിക്കാ വായിലിട്ടു ചവയ്ക്കുമ്പോൾ ആദ്യം ചവർപ്പാണ് ഉണ്ടാവുക, പിന്നെ മധുരവും. ദൈവവചനത്തിൻെറ കാര്യവും ഇങ്ങനെതന്നെ. ആദ്യം സ്വീകരിക്കാൻ ബുദ്ധിമുട്ട്; സ്വാംശീകരിച്ചു കഴിഞ്ഞാൽ പിന്നെ മധുരം. ഒരുദാഹരണം നോക്കാം.

ഒരാൾ നമ്മുടെ നേരെ അകാരണമായി അസഭ്യവർഷം ചൊരിയുന്നു, അടിക്കുന്നു. നമുക്കു ക്ഷമിക്കാനാവുന്നില്ല. നാം കോപംകൊണ്ടു ജ്വലിക്കുന്നു. ചീത്ത പറയുന്നു. പ്രതിയോഗിയെ തല്ലുന്നു. അയാൾ പ്രജ്ഞയററു നിലം പതിക്കുന്നു. എതിരാളി നിലം പതിക്കുന്നതുവരെ അക്ഷമത, നമുക്കു മധുരമായി തോന്നും. എന്നാൽ പിന്നീടോ? കേസാകുന്നു. ജയിലിൽ കിടക്കേണ്ടി വരുന്നു. ആദ്യം സ്വാഗതം ചെയ്ത ക്ഷമകേട് അവസാനം കൊടും കയ്പുള്ള വിഷദ്രാവകമായി അനുഭവപ്പെടുന്നു.

ആദ്യമേ ക്ഷമിച്ചിരുന്നെങ്കിലോ? ക്ഷമിക്കാൻ കുറേ മനഃക്ലേശം അനുഭവിക്കേണ്ടി വരുമായിരുന്നെങ്കിലും പിന്നീട് എതിരാളി നമ്മുടെ ക്ഷമയിൽ മതിപ്പുള്ളവനായി നമ്മോടു മാപ്പു ചോദിക്കുമ്പോൾ ക്ഷമ മധുരമയമായി മാറുമായിരുന്നു. അപ്പോഴാണ്, "ശത്രുക്കളെ സ്നേഹിക്കുവിൻ. നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ" (മത്താ. 5:44) എന്ന ദൈവവചനത്തിൻെറ മധുരിമ നാം അറിയുന്നത്.

'വിശുദ്ധ ലിഖിതങ്ങളുടെ ചുരുൾ ഭക്ഷിച്ചു.
എൻെറ വായിൽ അതു തേൻപോലെ മധുരിച്ചു'
(എസെ. 3:3).

ദൈവവചനത്തെ എത്ര മനോഹരമായ മിസ്ററിക് കവിതയിലൂടെയാണ് ഇവിടെ എസെക്കിയേൽ പ്രതിഫലിപ്പിച്ചിരിക്കുന്നത്!

ദൈവവചനത്തിൻെറ അലംഘനീയത മുൻനിർത്തിയുള്ള നിയമാവർത്തനപുസ്തകത്തിലെ ഒരു ഉദ്ധരണി:

"...എൻെറ വചനം ഹൃദയത്തിലും മനസ്സിലും സൂക്ഷിക്കുവിൻ. അടയാളമായി അവയെ നിങ്ങളുടെ കയ്യിൽ കെട്ടുകയും പട്ടമായി നെററിത്തടത്തിൽ ധരിക്കുകയും ചെയ്യുവിൻ. നിങ്ങൾ വീട്ടിലായിരിക്കുമ്പോഴും യാത്ര ചെയ്യുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെപ്പററി സംസാരിച്ചുകൊണ്ട് നിങ്ങളുടെ മക്കളെ പഠിപ്പിക്കണം"
(നിയമം.11:18–19).

ദൈവവചനം ഹൃദയത്തിൽ സൂക്ഷിക്കേണ്ട ഒരു അഭഗ്നമുദ്രയായിരിക്കണം; അനുദിനം, അഭംഗുരം, അനുസ്യൂതം അത് ഉരുവിടണം; എന്നീ കാര്യങ്ങൾ ഇസ്രയേൽജനങ്ങളെ ധരിപ്പിക്കുന്നതിനുവേണ്ടിയുള്ളതാണ് ഈ പ്രതിപാദ്യം. പുതിയ ഇസ്രായേലായ നമുക്കും ഈ വചനമാഹാത്മ്യം ഉണർവു നല്കുന്നതാണ്.

ദൈവവചനം ശ്രവിക്കുകയും തദനുസൃതം പ്രവർത്തിക്കുകയും ചെയ്യുന്നവർക്കു ക്രിസ്തുനാഥൻ തൻെറ അമ്മയുടെയും സഹോദരങ്ങളുടെയും പദവിയാണു നല്കുന്നത്.

അവിടുത്തെ കാണാനായി അമ്മയും സഹോദരരും പുറത്തുനില്ക്കുന്നുവെന്നു ശിഷ്യന്മാർ ഈശോയെ അറിയിച്ച

പ്പോൾ അവിടുത്തെ മറുപടി ദൈവവചനം ശ്രവിക്കുന്നവരെ അഭിമാനവിജൃംഭിതരാക്കുന്നതാണ്. ഈശോ പറയുന്നു:

"ദൈവവചനം ശ്രവിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എൻെറ അമ്മയും സഹോദരരും" (ലൂക്കാ 8:21).

വിശുദ്ധഗ്രന്ഥങ്ങളിൽ അന്തർഭവിച്ചിരിക്കുന്ന ദൈവവചനത്തിൻെറ മഹത്ത്വവും ശക്തിയും പ്രയോജനവും നാം മനസ്സിലാക്കിക്കഴിഞ്ഞു. ഇനി നാം ചെയ്യേണ്ടത് ഒന്നേയുള്ളു.

ദൈവവചനം പഠിച്ച്, തദനുസൃതം പ്രവർത്തിക്കുക. അപ്പോൾ ദൈവരാജ്യം സ്ഥാപിതമാകും,

ഈ ഭൂമിയിൽ—
നമ്മുടെ കുടുംബങ്ങളിൽ—
നമ്മുടെ അന്തരംഗങ്ങളിൽ.

## I. ഉത്തരം പഠിക്കുക

1. പ്രാചീനകാലങ്ങളിൽ ദൈവഹിതം മനുഷ്യർ എങ്ങനെ അറിഞ്ഞു?
2. ദൈവവചനം ജീവദായകം എന്നു പറയുന്നതിൻെറ ഹേതുവെന്ത്?
3. ദൈവവചനം രക്ഷാകരമാണെന്നു സ്ഥാപിക്കുക.
4. ദൈവവചനത്തിൻെറ ഫലദായകത്വത്തെ സംബന്ധിച്ചു മത്തായി, യോഹന്നാൻ, ലൂക്കാ എന്നീ സുവിശേഷകന്മാർ പ്രഖ്യാപിക്കുന്ന കാര്യങ്ങൾ വിവരിക്കുക.
5. ദൈവവചനത്തെക്കുറിച്ചു സങ്കീർത്തകനും എസെക്കിയേൽ പ്രവാചകനും പറഞ്ഞതെന്ത്?
6. ലേഖനങ്ങളിൽ ദൈവവചനമഹത്വത്തെ എങ്ങനെ പ്രകീർത്തിച്ചിരിക്കുന്നു.

## 2. പ്രാവർത്തികമാക്കുക

1. അഭ്യസ്തവിദ്യനായ ഒരു യുവാവ് ഉപജീവനമാർഗ്ഗമില്ലാതെ നിരാശാഭരിതനായിക്കഴിയുന്നു. ഏതു ദൈവവചനം പറഞ്ഞുകൊടുത്തു നിങ്ങൾ ആ യുവാവിനെ പ്രത്യാശാഭരിതനാക്കും? കണ്ടെത്തുക.

2. നിങ്ങൾ ആത്മശോധന നടത്തി സ്വന്തം ന്യൂനത കണ്ടെത്തി അതു പരിഹരിക്കുന്നതിന് ഉപയുക്തമായ ദൈവവചനം കുറിച്ചെടുക്കുക.

3. നിങ്ങൾ സംഘടിപ്പിക്കുന്ന മദ്യവിരുദ്ധ സെമിനാറിൻെറ ബാനറുകളിൽ ഉപയോഗിക്കാവുന്ന ബൈബിൾ വാക്യങ്ങൾ കുറിച്ചെടുക്കുക.

4. നിങ്ങളുടെ ഇടവകയിൽ ബൈബിൾ എത്തിച്ചേർന്നിട്ടില്ലാത്ത വീടുകൾ കണ്ടെത്തി, എല്ലാ വീട്ടിലും ബൈബിൾ എത്തിക്കാനുള്ള ഒരു പദ്ധതി തയ്യാറാക്കി അതു നടപ്പിലാക്കുക.

## 3. ചർച്ചചെയ്യുക

1. ബൈബിൾ ഒരു സാധാരണ സന്മാർഗ്ഗ ശാസ്ത്രഗ്രന്ഥമാണോ? ചർച്ചചെയ്യുക.
2. ബൈബിൾ പാരായണം വ്യക്തിതലത്തിലും കുടുംബതലത്തിലും പ്രോത്സാഹിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ചചെയ്തു കണ്ടെത്തുക.
3. ഇന്നത്തെ സാമൂഹിക – സാമ്പത്തിക – രാഷ്ട്രീയ മേഖലകളെ ബൈബിളിൻെറ സന്ദേശത്തിനനുസൃതമാക്കാൻ നമുക്ക് ഓരോരുത്തർക്കും വഹിക്കാവുന്ന പങ്കിനെപ്പററി ചർച്ചചെയ്യുക.

# 3

# മനുഷ്യരക്ഷയുടെ സ്വർഗ്ഗലത

ഒരു പനിനീർച്ചെടിയെ നിരീക്ഷിക്കുക. മുള്ളുകളുള്ള തായ്ത്തണ്ടും ഇളം ശാഖകളും. ശാഖോപശാഖകളിൽ മുള്ളുള്ള ചെറിയ ഇലകാം. പനിനീർച്ചെടിയുടെ ഇത്രത്തോളം ഭാഗം നോക്കിയാൽ നമ്മെ ആകർഷിക്കാൻപോരുന്ന മനോഹാരിതയൊന്നും അതിനില്ല. എന്നാൽ അതിൽ വാസനയും വർണ്ണഭംഗിയുമുള്ള പുഷ്പങ്ങാം വിരിയുമ്പോഴോ? ആ ചെടിക്ക് ഒരു പ്രത്യേകമഹത്വം കൈവരുന്നു. പനിനീർച്ചെടിയുടെ തണ്ടുകാംക്കോ ഇലകാംക്കോ ഇല്ലാത്ത നിറവും സുഗന്ധവും മനോഹാരിതയുമാണ് പനിനീർപുഷ്പങ്ങാംക്കുള്ളത്. നറുമണം തുളുമ്പുന്ന പൂക്കാം വിരിയുന്നതോടെ പനിനീർച്ചെടി ആകമാനം നമുക്കു പ്രിയങ്കരമായിത്തീരുന്നു. പൂക്കളെ ഒഴിവാക്കി പനിനീർച്ചെടിയെക്കുറിച്ചോ, മുള്ളുള്ള ചില്ലകളെയും ഇലകളെയും ഒഴിച്ചുനിർത്തി പൂവിനെക്കുറിച്ചോ നമുക്ക് ചിന്തിക്കാൻ കഴിയുകയില്ല.



ഇതുപോലെ മനുഷ്യരക്ഷയുടെ കഥാഗ്രന്ഥത്തിനും രണ്ടുഭാഗങ്ങളുണ്ട്. പൂർവ്വഭാഗവും ഉത്തരഭാഗവും. കഥകളുടെ പൂർവ്വഭാഗത്തു ഒരിക്കലും കഥാമർമ്മം വെളിപ്പെടുത്തുന്നില്ല. പരിണാമഗുപ്തി

വളർത്തിക്കൊണ്ടു പോവുകയാണ് പൂർവ്വഭാഗം. ഉത്തരഭാഗത്താണ് അതുവരെ ഗോപനം ചെയ്തിരിക്കുന്ന കഥാമർമ്മം വെളിപ്പെടുത്തുന്നത്. അതോടെ ജിജ്ഞാസുവായ വായനക്കാരനു സംതൃപ്തിയും സമാധാനവും ഉണ്ടാകുന്നു.

രക്ഷാകരകഥയുടെ പൂർവ്വഭാഗമാണ് പഴയനിയമം; ഉത്തരഭാഗം പുതിയനിയമവും. പ്രവാചകന്മാരിലൂടെ ലഭിച്ച ദൈവവചനത്തിന്റെ സ്വർഗ്ഗലതയെ ഇസ്രായേൽ ജനം പരിചരിച്ചു പരിപാലിക്കുന്നു. ആ ലതയിൽ വിരിയുന്ന രക്ഷയുടെ സുന്ദരസുമത്തെ പ്രതീക്ഷിച്ചുകൊണ്ട് ആ തലമുറ കടന്നു പോകുന്നു. അങ്ങനെ പഴയനിയമം പര്യവസാനിക്കുന്നു. പിന്നെ പുതിയനിയമത്തിന്റെ പുലരിയാണ്. മനുഷ്യവർഗ്ഗം പ്രത്യാശിച്ച രക്ഷയുടെ സൗഗന്ധികപുഷ്പം വിരിയുന്നതു പുതിയനിയമത്തിലാണ്. ദൈവജനത്തിന്റെ ആശാലതയുടെ വിത്തുവിതയ്ക്കപ്പെടുന്നതു പഴയനിയമത്തിലാണ്; പൂവണിയുന്നത് പുതിയനിയമത്തിലും. താളവും രാഗവുംപോലെ പഴയനിയമവും പുതിയനിയമവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

## യേശു: പഴയനിയമത്തിന്റെ പൂർത്തീകരണം

സഭയുടെ രഹസ്യം മുൻകൂട്ടി പ്രഖ്യാപിച്ചിരുന്ന ഗ്രന്ഥമാണ് പഴയനിയമം. ക്രൈസ്തവസഭ ആദിമകാലം മുതൽ പഴയനിയമത്തെ ആദരപൂർവ്വം സ്വീകരിച്ചിരുന്നു. യഹൂദരെ സംബന്ധിച്ചിടത്തോളം ഏകവിശുദ്ധഗ്രന്ഥം പഴയനിയമമാണ്. ആദിമസഭ തേടിപ്പോയതും പഴയനിയമത്തെയാണ്. ക്രിസ്തുവിനെ ഉദ്ദർശനം ചെയ്യുന്ന പുസ്തകമായിട്ടുതന്നെ പഴയനിയമത്തെ അവർ മനസ്സിലാക്കി. അവരെ സംബന്ധിച്ചിടത്തോളം, ക്രിസ്തു പഴയനിയമത്തിലെ രക്ഷാകരപ്രവർത്തനങ്ങളുടെ അവസാനബിന്ദുവും വാഗ്ദാനങ്ങളുടെ പൂർത്തീകരണവും ആയിരുന്നു. അബ്രാഹം മുതൽ ആരംഭിച്ച ദൈവജനത്തിന്റെ രക്ഷാകരതീർത്ഥയാത്ര യേശുവിലാണ് പൂർത്തിയാകുന്നത്. യേശുവും അവിടുത്തെ ശിഷ്യന്മാരും തങ്ങളുടെ പ്രബോധനങ്ങൾക്ക് ആധാരമായി സ്വീകരിച്ചിരുന്നതും പഴയനിയമമാണ്. മോശയുടെ നിയമവും, പ്രവാചകന്മാരും, സങ്കീർത്തനങ്ങളും തന്നെക്കുറിച്ചു പറഞ്ഞിരുന്നവയെല്ലാം നിറവേറേണ്ടിയിരിക്കുന്നുവെന്ന് ഉത്ഥാനാനന്തരം യേശു അപ്പസ്തോലന്മാരെ അനുസ്മരിപ്പിക്കുന്നു (ലൂക്കാ. 24:4).

> "നിയമത്തെയോ പ്രവാചകന്മാരെയോ അസാധുവാക്കാനാണ് ഞാൻ വന്നതെന്നു നിങ്ങൾ വിചാരിക്കരുത്. അസാധുവാക്കാനല്ല, പൂർത്തിയാക്കാനാണു ഞാൻ വന്നത്" (മത്താ. 5:17)

എന്നിങ്ങനെ അവിടുന്നു പറയുന്നു. യഹൂദമതഗ്രന്ഥമായ പഴയനിയമത്തിന്റെ അർത്ഥം യേശുവിലൂടെ മാത്രമേ ഗ്രഹിക്കാനാവൂ എന്ന് ആദിമസഭ വിശ്വസിച്ചിരുന്നു. പഴയനിയമത്തിന്റെ രക്ഷാകരരഹസ്യങ്ങൾ മുഴുവൻ നമുക്കായി തുറന്നുതരുന്നതു യേശുവാണ്. പഴയനിയമം എപ്രകാരമാണു യേശുവിൽ നിറവേറിയതെന്ന് പുതിയനിയമ ഗ്രന്ഥകാരൻമാർ കൂടെക്കൂടെ സൂചിപ്പിക്കുന്നുണ്ട്.

> "പ്രവാചകൻ മുഖേന കർത്താവ് അരുളിച്ചെയ്തതു പൂർത്തിയാകാൻ വേണ്ടിയാണ് ഇതെല്ലാം സംഭവിച്ചത്."

എന്ന് മത്തായി സുവിശേഷകൻ പലപ്രാവശ്യം എടുത്തു പറയുന്നു (മത്താ. 1:22–23, 2:5–6; 2:15–16; 3:3–4 മുതലായവ). പഴയനിയമത്തിന്റെ പൂർത്തീകരണമെന്ന നിലയ്ക്കാണു പുതിയനിയമസംഭവങ്ങളുടെ പ്രതിപാദനംതന്നെ സുവിശേഷകന്മാർ നിർവ്വഹിച്ചിരിക്കുന്നത്.

മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങളിൽ, യേശുവിന്റെ ജനനത്തിനും ബാല്യകാലത്തിനും മോശയുടെ ജനനവും വളർച്ചയുമായി വളരെ അടുത്ത സാദൃശ്യം കാണാം, ഇരുവരുടെയും ജനനസമയത്തും ശൈശവത്തിലും ജീവനു ഭീഷണി നേരിടുന്നു. ജീവരക്ഷയ്ക്കുവേണ്ടി മോശയ്ക്കു പലായനം ചെയ്യേണ്ടിവന്നതുപോലെ യേശുവിനും ഈജിപ്തിലേക്കു പലായനം ചെയ്യേണ്ടിവന്നു. ചെങ്കടൽ കടന്നതിനുശേഷം മോശയുടെ നേതൃത്വത്തിൽ ഇസ്രായേൽജനം മരുഭൂമിയിൽ പരീക്ഷിക്കപ്പെട്ടതുപോലെ, ജോർദ്ദാൻ നദിയിൽ ജ്ഞാനസ്നാനം സ്വീകരിച്ചതിനുശേഷം യേശുവും മരുഭൂമിയിൽ പരീക്ഷിക്കപ്പെടുന്നു. ജ്ഞാനസ്നാനത്തിനുശേഷം യേശു ഗലീലിയിൽ ചെന്ന് പ്രവാചകന്മാർ പ്രവചിച്ചിരുന്ന ദൈവരാജ്യത്തെപ്പററിയുള്ള പ്രഘോഷണം ആരംഭിച്ചു. സീനായ് മലമുകളിൽവച്ചു മോശ ഇസ്രായേൽ ജനത്തിനു നിയമം നല്കിയതുപോലെ മലമുകളിലെ പ്രസംഗത്തിൽ യേശു ദൈവരാജ്യത്തിന്റെ പുതിയനിയമം നല്കുന്നു. അവിടുത്തെ അദ്ഭുത

ൃപവൃത്തികളെല്ലാം ദൈവരാജ്യത്തിൻെറ സാന്നിദ്ധ്യം വിളിച്ച റിയിക്കുന്ന അടയാളങ്ങളാണ് (മത്താ. 12:28). മോശ മരുഭൂമി യിൽ ജനങ്ങൾക്ക് അപ്പം കൊടുത്തതുപോലെ യേശുവും വിജ നഭൂമിയിൽവച്ചു ജനങ്ങൾക്ക് അപ്പം നല്കുന്നു. യേശു രൂപാ ന്തരപ്പെടുന്ന വേളയിൽ നിയമത്തിൻെയും പ്രവചനങ്ങളുടെയും പ്രതിനിധികളായ മോശയും ഏലിയായും അവിടുത്തോടൊ ത്ത് പ്രത്യക്ഷപ്പെടുന്നുണ്ട്. സുവിശേഷങ്ങളിൽ വിവരിക്കു ന്ന മൂന്നു പീഡാനുഭവപ്രവചനങ്ങളിലൂടെ, പഴയനിയമത്തിൽ കർത്താവിൻെറ സഹിക്കുന്ന ദാസനെപ്പററിയുള്ള പ്രവചനങ്ങൾ (ഏശ 42:1–4; 49:1–6; 50:4–11; 52:13–53:12) തന്നിൽ നിറവേ റുന്നതായി യേശു സൂചിപ്പിക്കുന്നു. ഈ ലോകത്തോടു യാത്ര പറയുന്നതിനു മുൻപായി യേശു ശിഷ്യരോടൊത്തു കഴിക്കുന്ന പെസഹാ, പുറപ്പാടിൻെറ പുസ്തകത്തിലെ പെസഹായെ പ്ര തിബിംബിപ്പിക്കുന്നു. തൻെറ സഹനം, മരണം, ഉത്ഥാനം എ ന്നിവ വിവരിച്ചതിനുശേഷം ദൈവരാജ്യപ്രഘോഷണത്തിനായി ശിഷ്യൻമാരെ നിയോഗിക്കുകയും അവരുടെ മദ്ധ്യേ തൻെറ സാന്നിദ്ധ്യമുണ്ടായിരിക്കുമെന്ന് ഉറപ്പിച്ചു പറയുകയും ചെ യ്യുന്നു. യേശുവിനെ അനുസ്മരിപ്പിക്കുന്നതാണല്ലോ പഴയ നിയമത്തിൽ ഇസ്രായേലിനോടൊത്തുണ്ടായിരുന്ന യാഹ്വേയു ടെ സാന്നിദ്ധ്യം. യേശുവിൻെറ സഭ പഴയ ഇസ്രായേലിൻെറ തുടർച്ചയും പുതിയ ഇസ്രായേലുമാണ്.

പുതിയനിയമം പഴയനിയമത്തിലാണു വേരൂന്നിയിരിക്കു ന്നത്. അതിനാൽ, നാം പഴയനിയമം പഠിക്കുമ്പോൾ ക്രിസ് തീയവിശ്വാസത്തിൻെറ അടിസ്ഥാനത്തെക്കുറിച്ചുതന്നെയാണു പഠിക്കുന്നത്. ഈ വസ്തുത അടിവരയിട്ട് ഉറപ്പിക്കുന്നതാ ണു വി. ആഗസ്തീനോസിൻെറ പ്രബോധനം. അദ്ദേഹം പറ യുന്നു: 'പുതിയനിയമം പഴയനിയമത്തിൽ നിഗൂഢമായിരിക്കു ന്നു; പഴയനിയമം പുതിയനിയമത്തിൽ തെളിവാകുകയും ചെ യ്യുന്നു'.

## പഴയനിയമരചനയുടെ ചരിത്രം

പഴയനിയമഗ്രന്ഥങ്ങൾ എഴുതപ്പെടുന്നതിനുമുമ്പ് ഏതാ ണ്ട് ആയിരത്തോളം വർഷം വായ്മൊഴിയായി നിലനിന്നു. പു രാതനകാലത്ത് എഴുത്ത് അപൂർവ്വവും ആയാസകരവുമായിരു ന്നു. ഓരോ തലമുറയും പഠിക്കേണ്ടവ മുൻതലമുറയിൽനിന്നു

കേട്ടു ഹൃദിസ്ഥമാക്കി സൂക്ഷിക്കുകയായിരുന്നു പതിവ്. അങ്ങനെ, എഴുതപ്പെടാതെ, വായ്മൊഴിയായി മാത്രം നിലനിന്ന പരമ്പരാഗത സംഭവവിവരണങ്ങൾ, തത്ത്വങ്ങൾ, നിയമങ്ങൾ, കീർത്തനങ്ങൾ മുതലായവയെയെല്ലാം വാചികപാരമ്പര്യം (oral tradition) എന്നു പറയുന്നു. പില്ക്കാലത്ത് അവയെല്ലാം എഴുതപ്പെട്ടു. പല സ്ഥലത്തുവച്ചു പല വ്യക്തികൾ എഴുതിയതാകയാൽ ഈ മൂലകൃതികളിൽ ചില വ്യത്യാസങ്ങൾ കടന്നുകൂടി. ഒരേ സംഭവംതന്നെ പലർ വിവരിക്കുമ്പോൾ വ്യത്യാസങ്ങൾ വന്നുചേരുമല്ലോ. അതുകൊണ്ടാണു ബൈബിളിൽ ചില വ്യത്യാസങ്ങൾ കാണുന്നത്. ആദ്യമായി ഓർമ്മക്കുറിപ്പുകളായും മററും എഴുതിയുണ്ടാക്കിയ ഗ്രന്ഥങ്ങൾ ഒന്നിച്ചു ചേർത്താണ് ഇപ്പോഴത്തെ രൂപത്തിലുള്ള ബൈബിൾ രചിക്കപ്പെട്ടത്. പരിഷ്കരിക്കലുകളും പകർത്തലുകളും അതിൽ സംഭവിച്ചിട്ടുണ്ട്.

അങ്ങനെ, ബൈബിളിൻെറ രൂപവത്കരണത്തിൽ മൂന്നു ഘട്ടങ്ങളുണ്ട്. ത്രിവർണ്ണപതാകയിലെ മൂന്നു വർണ്ണങ്ങളോട് അതിനെ സാദൃശ്യപ്പെടുത്താം. ആ ഘട്ടങ്ങൾ താഴെപ്പറയുന്നു:

എ. ഒരു ചരിത്രസംഭവത്തിൻെറ വിശ്വാസാധിഷ്ഠിതമായ അനുഭവം.

ബി. വാചിക പാരമ്പര്യം.

സി. ലിഖിതരൂപം.

## എ. ചരിത്രസംഭവത്തിൻെറ വിശ്വാസാധിഷ്ഠിതമായ അനുഭവം

ഇസ്രായേൽ ജനതയുടെ ജീവിതം, വിശ്വാസം, ആരാധന എന്നിവയുടെയെല്ലാം കേന്ദ്രം പുറപ്പാട് എന്നറിയപ്പെടുന്ന ചരിത്രസംഭവമാണ്. അതിനെ കേന്ദ്രീകരിച്ചാണു പഴയനിയമം രൂപപ്പെട്ടത്. ആ സംഭവത്തിനുശേഷം ദൈവവിശ്വാസത്തിൻെറ അടിസ്ഥാനത്തിൽ അവർ തങ്ങളുടെ ചരിത്രം രൂപവത്കരിക്കാൻ ശ്രമിച്ചു.

പ്രായപൂർത്തിയായ ഒരു മനുഷ്യൻ തൻെറ ബാല്യകാലത്തിലേക്കും യൗവനകാലത്തിലേക്കും പിൻതിരിഞ്ഞു നോക്കുന്നതുപോലുള്ള ഒരു തിരിഞ്ഞുനോട്ടമാണ് ഇസ്രായേൽ പഴയനിയമത്തിൽ നടത്തുന്നത്. ഈജിപ്തിൽനിന്നുള്ള വിമോചന

ത്തിൻെറയും പുറപ്പാടുസംഭവത്തിൻെറയും വെളിച്ചത്തിൽ പിതാവായ അബ്രാഹത്തിൻേറതുവരെയുള്ള കാലഘട്ടത്തിലേക്ക് ഇസ്രായേൽജനത പിൻതിരിഞ്ഞുനോക്കുകയാണ്. പുറപ്പാടുസംഭവത്തോടുകൂടിയാണ് ഏകദൈവത്തെ ആരാധിക്കുന്ന ഒരു ജനതയായിത്തീരാനുള്ള തങ്ങളുടെ ദൈവവിളിയെപ്പററി ഇസ്രായേൽക്കാർ ബോധവാന്മാരാകുന്നത്.

പ്രാചീന ഈജിപ്തിലെ ചരിത്രരേഖകളിൽ മോശ എന്ന ഒരു നേതാവിൻെറ നേതൃത്വത്തിൽ ഒരു പററം ഹെബ്രായ അടിമകൾ ഒളിച്ചോടിപ്പോയി എന്നൊരു പരാമർശം മാത്രമേ പുറപ്പാടു സംഭവത്തെപ്പററിയുള്ളു. എന്നാൽ, യഹൂദജനതയ്ക്കാകട്ടെ തങ്ങളുടെ മതാനുഭവത്തിൻെറ ആരംഭവും അടിസ്ഥാനവും കേന്ദ്രവുമായി ഈ സംഭവം പരിണമിക്കുന്നു. ഈ സംഭവത്തിൽ ദൈവത്തിൻെറ അദൃശ്യവും ശക്തവുമായ കരങ്ങൾ അവർ കണ്ടു. അടിമത്തത്തിൻെറ ഭവനമായ ഈജിപ്തിൽനിന്നു തങ്ങളെ പുറത്തുകൊണ്ടുവന്നതും ആ ദൈവമാണെന്ന് അവർ വിശ്വസിച്ചു (പുറ. 20:2). ഈ സംഭവവും അതേക്കുറിച്ചുള്ള അനുസ്മരണയും അവരുടെ ദൈവാരാധനയിൽ മുഖ്യസ്ഥാനം പിടിച്ചു. ഈ വിമോചനത്തിൻെറ ഓർമ്മയുടെ സുദിനമാണ് അവരുടെ ഏററവും വലിയ തിരുനാളായ പെസഹാത്തിരുനാൾ.

പുറപ്പാടു സംഭവത്തിൽ ദൈവം ചെയ്ത മഹാദ്ഭുതങ്ങളും രക്ഷാകരപ്രവർത്തനങ്ങളും കുടുംബനാഥന്മാർ പെസഹാദിവസം മക്കൾക്കു വിവരിച്ചുകൊടുക്കുന്നു. ഇസ്രായേലിൽ ഒരു കുടുംബനാഥൻെറ മുഖ്യ ഉത്തരവാദിത്വം മക്കളെ വിശ്വാസത്തിൻെറ ഈ അനുഭവത്തിൽ വളർത്തുക എന്നതായിരുന്നു; "ആ ദിവസം നിൻെറ മകനോടു പറയണം: ഈജിപ്തിൽനിന്നു ഞാൻ പുറത്തുപോന്നപ്പോൾ കർത്താവ് എനിക്കുവേണ്ടി പ്രവർത്തിച്ചതിൻെറ ഓർമ്മയ്ക്കായിട്ടാണിത്" (പുറ. 13:8). പെസഹാത്തിരുനാൾ ആഘോഷിക്കുമ്പോൾ ഭവനത്തിലെ ഏററവും ഇളയകുട്ടി ഈ ആഘോഷങ്ങളുടെ അർത്ഥം എന്തെന്നു ചോദിക്കുന്നു. അപ്പോൾ കുടുംബനാഥൻ വിശദീകരിക്കുന്നു: "ഇത് കർത്താവിനർപ്പിക്കുന്ന പെസഹാബലിയാണ്. അവിടുന്ന് ഈജിപ്തിലുണ്ടായിരുന്ന ഇസ്രായേൽക്കാരുടെ ഭവനങ്ങൾ കടന്നുപോയി; ഈജിപ്തുകാരെ സംഹരിച്ചപ്പോൾ അവിടുന്ന് ഇസ്രായേൽക്കാരെ രക്ഷിച്ചു" (പുറ. 12:27).

## ബി. വാചികപാരമ്പര്യം

മുകളിൽ വിവരിച്ച അടിസ്ഥാനപരമായ ദൈവാനുഭവത്തെ ആധാരമാക്കി വാചിക പാരമ്പര്യങ്ങൾ സമൂഹത്തിൽ വളർന്നു. പലരീതിയിൽ വാചികപാരമ്പര്യം സമൂഹത്തിൽ നിലനിന്നിരുന്നു – ജോലിസമയത്തുള്ള പാട്ടുകൾ (സംഖ്യ. 21:17–18), യുദ്ധവിജയം ഘോഷിക്കുന്നതിനുള്ള പാട്ടുകൾ (ന്യായാ. 5), സ്തുതിപ്പുകൾ (പുറ. 15:21), വിലാപഗാനങ്ങൾ (2 സാമു. 1: 19–27), സൂക്തങ്ങൾ (ഉൽപ. 4:23–24), മഹാന്മാരെക്കുറിച്ചുള്ള ചൊല്ലുകൾ (1 സാമു. 10:12; ന്യായ. 14:14,18) മുതലായവ. ഇവകൂടാതെ, പ്രപഞ്ചസൃഷ്ടി, മനുഷ്യോത്പത്തി, തിന്മയുടെ ഉദ്ഭവം എന്നിവയെപ്പററിയുള്ള സിദ്ധാന്തങ്ങൾ വംശനേതാവിനെപ്പററിയുള്ള ഐതിഹ്യങ്ങൾ, ചില സ്ഥലങ്ങളെ സംബന്ധിച്ചുള്ള കഥകൾ എന്നിവയും കൈമാറിക്കിട്ടിയ പാരമ്പര്യങ്ങളിൽപ്പെട്ടിരുന്നു. വാമൊഴിയായികിട്ടിയ പാരമ്പര്യം ലിഖിതരൂപത്തിലേക്കു കടന്നപ്പോഴും ഇവയെല്ലാം അതേരീതിയിൽ നിലനിർത്തി. വാചികപാരമ്പര്യത്തിൽ പുറപ്പാടുസംഭവംപോലുള്ള സുപ്രധാന സംഭവങ്ങൾ നിറപ്പകിട്ടോടുകൂടി വിവരിക്കപ്പെട്ടു. ഇവിടെ ചരിത്രപരമായ സൂക്ഷ്മത കുറഞ്ഞെന്നുവരാം. കാരണം ചരിത്രാഖ്യാനം ആയിരുന്നില്ല അവരുടെ ലക്ഷ്യം. വിശ്വാസത്തിൻെറയും ദൈവാനുഭവത്തിൻെറയും അടിസ്ഥാനത്തിൽ ചരിത്രത്തെയും ചരിത്രസംഭവങ്ങളെയും അവർ എങ്ങനെ വീക്ഷിച്ചു എന്നതാണ് ഇവിടെ പ്രധാനം.

ചിലപ്പോൾ അന്യസംസ്കാരങ്ങളിലെ ജനതകളുടെ പുരാണേതിഹാസങ്ങളിൽനിന്ന് ഇസ്രായേൽജനത ചിലതെല്ലാം കടം കൊണ്ടിട്ടുമുണ്ട്. പ്രപഞ്ചോത്പത്തി, ആദ്യപാപം, ജലപ്രളയം, ചില പ്രത്യേക നിയമങ്ങൾ, ആചാരങ്ങൾ എന്നിവയൊക്കെ ഇത്തരത്തിൽപെട്ടവയത്രേ. അന്ധമായ രീതിയിൽ ഇവയെല്ലാം സ്വീകരിച്ചു കൂട്ടിച്ചേർക്കുകയല്ല ചെയ്തത്. യാഹ്വെയിലുള്ള വിശ്വാസത്തിന് അനുരൂപമായവ മാത്രമേ സ്വീകരിച്ചിട്ടുള്ളൂ. അവയെയെല്ലാം തങ്ങളുടെ ദൈവാനുഭവവും ചരിത്രബോധവുമായി കൂട്ടിച്ചേർത്തു. വിശ്വാസാനുഭവത്തിൻെറ ഇത്തരത്തിലുള്ള ഒരു സംക്ഷിപ്തരൂപമാണ് നിയമാവർത്തനപ്പുസ്തകത്തിലെ 26–ാം അധ്യായത്തിൽ 5 മുതൽ 9 വരെയുള്ള വാക്യങ്ങളിൽ കാണുന്നത്.

## സി. ലിഖിതരൂപം

വാമൊഴിയായി നിലനിന്ന പഴയനിയമം എന്നാണ് എഴുതപ്പെട്ടത് എന്നു കൃത്യമായി പറയുവാൻ സാധിക്കുകയില്ല. ഏതാണ്ട് ബി. സി. 9–ാം നൂററാണ്ടിൽ സോളമൻെറ കാലത്താണ് എഴുതിത്തുടങ്ങിയത് എന്നു കരുതപ്പെടുന്നു. ആദ്യകാലത്ത് എഴുതപ്പെട്ടതും ഇന്നു കിട്ടാനില്ലാത്തതുമായ ആ കൃതികളെ ലിഖിതപാരമ്പര്യം (written tradition) എന്നാണു വിളിക്കുന്നത്. അവയാണ് ഇന്നത്തെ രൂപത്തിലുള്ള പഴയനിയമത്തിൻെറ ഉറവിടങ്ങൾ എന്ന് പണ്ഡിതന്മാർ പറയുന്നു. അവതന്നെ പല സ്ഥലങ്ങളിലും കാലങ്ങളിലും വ്യത്യസ്ത കാഴ്ചപ്പാടുകളോടെ എഴുതപ്പെട്ടവയത്രേ. പഴയനിയമത്തിൻെറ അന്തിമരൂപത്തിന് ആധാരമായിത്തീർന്ന ആ ലിഖിതപാരമ്പര്യങ്ങളെ അഥവാ ഉറവിടങ്ങളെ നമുക്കു പരിചയപ്പെടാം.

### *1. യാഹ്വെ പാരമ്പര്യം (J പാരമ്പര്യം)*

ദൈവത്തെ യാഹ്വെ എന്നുമാത്രം സംബോധനചെയ്യുന്ന ഭാഗങ്ങൾ പഴയനിയമത്തിലുണ്ട്. ഈ ഭാഗങ്ങളെ മൊത്തത്തിൽ യാഹ്വെ പാരമ്പര്യം എന്നാണ് വിളിക്കുന്നത്. ഈ പാരമ്പര്യത്തിൻെറ ഉപജ്ഞാതാക്കൾ രക്ഷാകര ചരിത്രത്തിൻെറ കേന്ദ്രമായിക്കാണുന്നതു പുറപ്പാടുസംഭവമാണ്. ഈജിപ്തിൽനിന്നുള്ള മോചനം, മരുഭൂമിയാത്ര, സീനായ് മലയിലെ ഉടമ്പടി, കാനാൻദേശലബ്ധി എന്നിവയൊക്കെയാണു യാഹ്വെ പാരമ്പര്യത്തിലെ സുപ്രധാന സംഭവങ്ങൾ. ഉൽപത്തി 12–ാം അദ്ധ്യായം മുതൽ 50–ാം അദ്ധ്യായം വരെ വിവരിക്കപ്പെട്ടിരിക്കുന്ന പൂർവ്വപിതാക്കന്മാരുടെ ചരിത്രമാണ് ഇതിനൊക്കെ പശ്ചാത്തലം ഒരുക്കുന്നത്. ഉൽപത്തി 1 മുതൽ 11 വരെയുള്ള അദ്ധ്യായങ്ങളിൽ വിവരിക്കുന്ന സൃഷ്ടി, പാപം, പാപത്തിൻെറ ശീഘ്രഗതിയിലുള്ള വ്യാപിക്കൽ എന്നിവയാണു യാഹ്വെ പാരമ്പര്യത്തിൻെറ അതിവിശാലമായ പശ്ചാത്തലം. ദൈവത്തിൻെറ രക്ഷാകരമായ ഇടപെടൽ ആവശ്യമാക്കിയതു പാപവും നാശവും, സഹനവും, ഭീഷണിയും നിറഞ്ഞ അന്തരീക്ഷമാണ് (ഉൽപ. 1–11). യാഹ്വെ പാരമ്പര്യം, ഒരു മനുഷ്യൻെറ രൂപത്തിലാണ് ദൈവത്തെ ദർശിക്കുന്നത്. ദൈവം തോട്ടത്തിലൂടെ നടക്കുന്നു (ഉൽപ. 3:8); ആദത്തിൻെറ വാരിയെല്ലിൽനിന്നു ഹവ്വായെ സൃഷ്ടിക്കുന്നു (ഉൽപ. 2:21–22); നോഹിൻെറ പേടക

ത്തിൻെറ വാതിൽ യാഹ്വെതന്നെയടയ്ക്കുന്നു (ഉൽപ. 7:16); കായേനെ സംരക്ഷിക്കുവാനായി അവൻെറമേൽ അടയാളം കുറിക്കുന്നു (ഉൽപ. 4:1).

മനുഷ്യൻെറ രൂപഭാവങ്ങഠം ദൈവത്തിനു നല്കുന്നതിൻെറ ഉദാഹരണങ്ങളാണിവ. യാഹ്വെ പാരമ്പര്യത്തിൽ ദൈവം കരുണാമയനും സ്നേഹപൂർണ്ണനുമാണ്. അപ്രമേയനാണെങ്കിലും ദൈവം മനുഷ്യന് അഭിഗമ്യനാണ്.

*2. എലോഹിം പാരമ്പര്യം (E പാരമ്പര്യം)*

യാഹ്വെ പാരമ്പര്യം മാത്രം മുൻനിർത്തിയുള്ളതല്ല, പഴയനിയമത്തിൻെറ രചന. 'എലോഹിം' പാരമ്പര്യവും അതിനു സഹായകമായിട്ടുണ്ട്. എലോഹിം പാരമ്പര്യത്തിൻെറ ഉപജ്ഞാതാക്കഠം ദൈവത്തെ 'എലോഹിം' (നമ്മുടെ ദൈവം) എന്നു വിളിച്ചതിനാലത്രേ ഈ പേരുണ്ടായത്.

ഈ പാരമ്പര്യം ആരംഭിക്കുന്നത് അബ്രാഹത്തിൻെറ വിളിയോടെയാണ്. യാഹ്വെ പാരമ്പര്യത്തിനുള്ള ദൈവശാസ്ത്രപരമായ ഉഠക്കാഴ്ചയോ സാഹിത്യമേന്മയോ ഇതിനില്ല. മാനുഷികരീതിയിലുള്ള പ്രവർത്തനങ്ങളൊന്നും അവർ ദൈവത്തിൽ കാണുന്നില്ല. ദൈവവും മനുഷ്യനും തമ്മിലുള്ള ദൂരവും വ്യത്യാസവും അവർ ഊന്നിപ്പറയുന്നു. സ്വപ്നങ്ങളിലൂടെയും, മോശയുടെയും പ്രവാചകന്മാരുടെയും മദ്ധ്യസ്ഥതയിലൂടെയുമാണു ദൈവം മനുഷ്യനുമായി ബന്ധപ്പെടുന്നത്. പത്തു കല്പനകളിൽ കൊടുത്തിരിക്കുന്നതുപോലെ ധാർമ്മികനിയമങ്ങളിലും, മനുഷ്യനു ദൈവത്തോടും സഹജീവികളോടുമുള്ള കടപ്പാടുകളിലും ഈ പാരമ്പര്യം അധികം ശ്രദ്ധിക്കുന്നു.

ഇപ്രകാരം വാഗ്ദത്തഭൂമിയിൽ പ്രവേശിക്കുന്നതുവരെയുള്ള ഇസ്രായേലിൻെറ ചരിത്രത്തെ ഈ രണ്ടു പാരമ്പര്യങ്ങളും സ്വാധീനിച്ചിട്ടുണ്ട്. ബി. സി. 721-ൽ സമറിയായുടെ നാശത്തിനുശേഷം യാഹ്വെ പാരമ്പര്യം തെക്കെ ഇസ്രായേലായ യൂദായിൽ വ്യാപിക്കുകയും അവിടെ ഒരു ഗ്രന്ഥകാരൻ രണ്ടു പാരമ്പര്യങ്ങളെയും സമന്വയിച്ച് ഒരു ഏകീകൃത ചരിത്രത്തിന് രൂപം നല്കുകയും ചെയ്തിരിക്കാം. ഈ സമന്വയിക്കൽ

പ്രക്രിയയിൽ ഗ്രന്ഥകാരൻ യാഹ്‌വെ പാരമ്പര്യത്തിനാണ് പ്രാമുഖ്യം കൊടുത്തത്.

*3. പുരോഹിത പാരമ്പര്യം (P പാരമ്പര്യം)*

യാഹ്‌വെ – എലോഹിം പാരമ്പര്യങ്ങൾ മുൻനിർത്തിയുള്ള ലിഖിതരൂപങ്ങൾ ഉണ്ടായകാലത്തു തന്നെ മററു രീതിയിലുള്ള രചനകളും നടക്കുന്നുണ്ടായിരുന്നു. ദേവാലയാരാധനയെ സംബന്ധിച്ച നിയമങ്ങൾക്കും പാരമ്പര്യങ്ങൾക്കും പുരോഹിതന്മാർ രൂപം നല്കി. യാഹ്‌വെ – എലോഹിം പാരമ്പര്യങ്ങളെ ദൈവാരാധന, വംശാവലി മുതലായവകൂടി ചേർത്തു വിപുലപ്പെടുത്തുവാനും പുരോഹിതന്മാർ ശ്രമിച്ചു. പുരോഹിത പാരമ്പര്യത്തിൻെറ മർമ്മഭാഗം ലേവ്യർ 17 മുതൽ 26 വരെയുള്ള അദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുള്ള വിശുദ്ധിയെ സംബന്ധിച്ച പാരമ്പര്യമാണ്. നിയമങ്ങൾ കൃത്യമായി അനുഷ്ഠിച്ചുകൊണ്ട് അവർ ജനത്തെ ദൈവത്തിങ്കലേക്ക് അടുപ്പിച്ചു. സ്വന്തം നാട്ടിലെ മതാത്മക അന്തരീക്ഷത്തിൽനിന്ന് അകററപ്പെട്ട് വിപ്രവാസത്തിൽ കഴിഞ്ഞിരുന്ന ഇസ്രായേലിൻെറ മതജീവിതത്തെ അവർ പരിപോഷിപ്പിച്ചു. ദൈവം എന്നും എപ്പോഴും ജനതയോടൊത്ത് കൂടാരമടിക്കുന്നു എന്ന ചിന്തയാണു പുരോഹിതപാരമ്പര്യത്തിൻെറ അടിസ്ഥാനശില. അവരുടെ ദൈവശാസ്ത്ര ചിന്താഗതിയനുസരിച്ച്, വ്യത്യസ്തങ്ങളായ നാലു ഘട്ടങ്ങളിലൂടെയാണു രക്ഷാകരചരിത്രം വികസിക്കുന്നത്: സൃഷ്ടി, നോഹയുമായുള്ള ഉടമ്പടി, അബ്രാഹവുമായുള്ള ഉടമ്പടി, സീനായ്മലയിലെ ഉടമ്പടി. ഈ പാരമ്പര്യത്തിൻെറ മിന്നിത്തിളക്കം ഉൽപത്തി ഒന്നും രണ്ടും നാലും അദ്ധ്യായങ്ങളുടെ രചനയിൽ കാണാം.

*4. നിയമാവർത്തന പാരമ്പര്യം (D പാരമ്പര്യം)*

ബി. സി. 622–ൽ ജോസിയാ രാജാവിൻെറ ഭരണകാലത്തു ജറുസലേം ദേവാലയത്തിൽനിന്നു നിയമപുസ്തകം കണ്ടെത്തിയതിനെപ്പററി പറയുന്നുണ്ട് (2 രാജാ. 22). നിയമാവർത്തനപുസ്തകത്തിൻെറ സുപ്രധാനഭാഗങ്ങൾ ഉൾക്കൊണ്ടിരുന്ന ഒരു ശേഖരമായിരുന്നു ദേവാലയത്തിൽ കണ്ടെത്തിയത്. ബി. സി. 587– ലെ വിപ്രവാസത്തിനുശേഷം ഒരു ഗ്രന്ഥകാരൻ, ദേവാലയത്തിൽ കണ്ടെത്തിയ നിയമപുസ്തകത്തിൻെറ വെളിച്ചത്തിൽ,

ചരിത്രപുസ്തകങ്ങൾക്കു പുതിയ വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും കൊടുത്ത് എഴുതി. ജോഷ്വാ, ന്യായാധിപന്മാർ, 1,2 സാമുവൽ, 1, 2 രാജാക്കന്മാർ എന്നിവയാണ് ഇപ്രകാരം പുനരാഖ്യാനം ചെയ്യപ്പെട്ട പുസ്തകങ്ങൾ. ഈ പുസ്തകങ്ങൾ നേരത്തെ എഴുതപ്പെട്ടിരുന്നവയാണ്. എന്നാൽ നിയമാവർത്തന ചരിത്രകാരൻ എന്നറിയപ്പെടുന്ന ഗ്രന്ഥകാരൻ നിയമത്തിൻെറ വെളിച്ചത്തിൽ ചരിത്രത്തിനും ചരിത്രസംഭവങ്ങൾക്കും പുതിയ വ്യാഖ്യാനങ്ങൾ നല്കി. ജറുസലേം ദേവാലയത്തിലെ ആരാധനയോടുള്ള വിശ്വസ്തതയുടെ വെളിച്ചത്തിലാണ് ഈ ഗ്രന്ഥകാരൻ രാജാവിനെയും ജനത്തെയും വിലയിരുത്തുന്നത്. ഉടമ്പടിയുടെ നിയമത്തോടുള്ള അവിശ്വസ്തതയും ദൈവാരാധനയിലുള്ള വീഴ്ചയും ആയിരുന്നു ദൈവജനത്തിൻെറ പരാജയങ്ങൾക്കും വിപ്രവാസത്തിനും കാരണം എന്നത്രേ അദ്ദേഹം പറയുന്നത്. ഇടയ്ക്കു തിരുകിച്ചേർത്തിട്ടുള്ള നീണ്ടപ്രസംഗങ്ങൾ വഴിയാണ് ഇക്കാര്യം അദ്ദേഹം സാധിക്കുന്നത് (നിയ. 31, ജോഷ്വ. 1,12,23, ന്യായം. 2:6–16, 18–19; 17:7–33; സാമു. 12,1 രാജാ. 8 എന്നിങ്ങനെയുള്ള നീണ്ട പ്രതിപാദ്യങ്ങൾ നിയമാവർത്തന ചരിത്രകാരൻേറതാണെന്നു പൊതുവെ കണക്കാക്കപ്പെടുന്നു.

### 5. *ദിനവൃത്താന്തകാരൻെറ ചരിത്രം*

പ്രവാസത്തിൽനിന്നു തിരിച്ചെത്തിയശേഷം ഇസ്രായേൽ ജനം മുൻകാലചരിത്രത്തിനു നല്കുന്ന വ്യാഖ്യാനമാണ് ഒന്നും രണ്ടും ദിനവൃത്താന്തപുസ്തകങ്ങൾ. എസ്റാ, നെഹെമിയാ എന്നീ പുസ്തകങ്ങളും ഇക്കൂട്ടത്തിൽപ്പെടുന്നു. ബി. സി. 4–ാം നൂററാണ്ടിൻെറ ആരംഭഘട്ടത്തിലാണ് ഇത് എഴുതപ്പെട്ടത്. ഈ രേഖയും പഴയനിയമത്തിൻെറ അന്തിമരൂപത്തിന് അടിസ്ഥാനമായിത്തീർന്നിട്ടുണ്ട്.

### 6. *പ്രവാചകപുസ്തകങ്ങൾ*

മേല്പ്പറഞ്ഞവയോടൊപ്പം തന്നെ വാചികപാരമ്പര്യമായി നിലനിന്ന പ്രവാചകവചനങ്ങളും ശേഖരിക്കപ്പെടുകയും എഴുതപ്പെടുകയും ചെയ്തിരുന്നു. പ്രവാചകരുടെ ശിഷ്യരാണ് ഇതിന് മുൻകൈ എടുത്തിരുന്നത്. പ്രവാസത്തിനുശേഷം നാലു വലിയ ചുരുളുകളായി (ഏശയ്യാ, ജറെമിയാ, എസക്കിയേൽ,




12 ചെറിയ പ്രവാചകന്മാർ എന്നിങ്ങനെ പ്രവാചകഗ്രന്ഥങ്ങൾ എഴുതപ്പെട്ടു.

### *7. സങ്കീർത്തനങ്ങൾ, വിജ്ഞാനപുസ്തകങ്ങൾ*

ദാവീദിൻെറ കാലം മുതൽ കീർത്തനങ്ങൾ എഴുതപ്പെട്ടിരുന്നു. ദേവാലയത്തിൽ ആലപിക്കുന്നതിനുവേണ്ടിയായിരുന്നു അവ. അഞ്ചു വലിയ പുസ്തകങ്ങളായി വിപ്രവാസത്തിനുശേഷം അവ സമാഹരിക്കപ്പെട്ടു. ഏതാണ്ട് അതേ കാലത്തു തന്നെ സുഭാഷിതങ്ങളും എഴുതപ്പെട്ടു. എസ്തേർ, സഭാപ്രസംഗകൻ, ഉത്തമഗീതം, ജ്ഞാനം, പ്രഭാഷകൻ എന്നീ പുസ്തകങ്ങളും ഈ കാലഘട്ടത്തിൽത്തന്നെ രചിക്കപ്പെട്ടവയാണ്. ബി. സി. 165– നോടടുത്താണു ദാനിയേൽ എന്ന പുസ്തകം രചിക്കപ്പെട്ടത്. അന്തിയോക്കൂസ് എപ്പിഫാന്നൂസ് എന്ന രാജാവു യഹൂദരെ പീഡിപ്പിച്ച കാലഘട്ടമായിരുന്നു അത്. മക്കബായരുടെ ഒന്നും രണ്ടും പുസ്തകങ്ങളും ഇതോടടുത്ത വർഷങ്ങളിൽ രചിക്കപ്പെട്ടവയാണ്. ഇതാണു പഴയനിയമ പുസ്തകങ്ങളുടെ രൂപവത്കരണചരിത്രം. ആദ്യവസാനം ഈ പ്രവർത്തനത്തെ നയിച്ചതു ദൈവാരൂപിയാണ്.

## പഴയനിയമഗ്രന്ഥവിഭജനം

ക്രൈസ്തവർ, പഴയനിയമഗ്രന്ഥങ്ങളെ ചരിത്രപരം പ്രവചനപരം പ്രബോധനപരം എന്നു പൊതുവെ മൂന്നായി തിരിക്കുന്നു. ഗ്രന്ഥങ്ങളുടെ പൊതുസ്വഭാവവും പഠനസൗകര്യവും പരിഗണിച്ചുള്ള ഒരു വിഭജനമാണിത്. ചരിത്രവും പ്രവചനവും പ്രബോധനവും ഏററക്കുറച്ചിലുകളോടെ എല്ലാ പുസ്തകങ്ങളിലും ഉണ്ട്.

## എ) ചരിത്രപരം

ഉൽപത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം എന്നീ അഞ്ചു പുസ്തകങ്ങളും (ഇവ പഞ്ചഗ്രന്ഥി എന്ന പേരിൽ അറിയപ്പെടുന്നു) ജോഷ്വാ, ന്യായാധിപന്മാർ, റൂത്ത്, 1, 2, സാമുവൽ, 1, 2, രാജാക്കന്മാർ, 1, 2, ദിനവൃത്താന്തങ്ങൾ, എസ്രാ, നെഹെമിയ, തോബിത്, യൂദിത്ത്, എസ്തേർ, 1, 2, മക്കബായർ എന്നിവയാണു ചരിത്രപരമായ പഴയ നിയമപുസ്തകങ്ങൾ. ഈ പുസ്തകങ്ങളെ ചരിത്രപരം എന്നു പറഞ്ഞിരിക്കുന്നതുകൊണ്ട് അവയിൽ സംഭവങ്ങളെ യഥാർത്ഥമായി കാലക്രമമനുസരിച്ചു വിവരിച്ചിരിക്കുന്നുവെന്നു ധരിക്കരുത്. ഇസ്രായേൽജനതയുടെ ദൈവാനുഭവത്തിൻെറയും രക്ഷാകരപദ്ധതിയെക്കുറിച്ചുള്ള വീക്ഷണത്തിൻെറയും അടിസ്ഥാനത്തിലുള്ള ചരിത്രവ്യാഖ്യാനമാണ് ഈ ഗ്രന്ഥങ്ങളിലുള്ളത്.

ഉൽപത്തിപുസ്തകത്തിൽ ആകെ 50 അദ്ധ്യായങ്ങളുണ്ട്. ഇവയിൽ ആദ്യത്തെ പതിനൊന്ന് അദ്ധ്യായങ്ങൾ രക്ഷാകരചരിത്രത്തിൻെറ ഒരു മുഖവുരയായി കണക്കാക്കാം. രക്ഷാകരചരിത്രത്തിൻെറ വ്യക്തമായ തുടക്കം അബ്രാഹത്തിൻെറ തിരഞ്ഞെടുപ്പാണല്ലോ. അബ്രാഹത്തിൻെറ തിരഞ്ഞെടുപ്പുമുതൽ ഇസ്രായേൽജനം ഈജിപ്തിൽ എത്തുന്നതുവരെയുള്ള ചരിത്രമാണ് ഉൽപത്തി 12 മുതൽ 50 വരെയുള്ള അദ്ധ്യായങ്ങളിലുള്ളത്. അവർ വാഗ്ദത്തഭൂമിയുടെ പ്രാന്തപ്രദേശത്ത് എത്തുന്നതുവരെയുള്ള സംഭവപരമ്പരകളാണു പഞ്ചഗ്രന്ഥിയിലെ മററു 4 പുസ്തകങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നത്. ഇസ്രായേൽജനം ജോഷ്വായുടെ നേതൃത്വത്തിൽ കാനാൻദേശത്തു പ്രവേശിക്കുന്നതുമുതൽ അവർ ബാബിലോൺ പ്രവാസത്തിലാകുന്നതുവരെയുള്ള ചരിത്രമാണു ജോഷ്വാമുതൽ ദിനവൃത്താന്തങ്ങൾവരെയുള്ള ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പ്ര

വാസത്തിനുശേഷം ഇസ്രായേൽ മക്കൾ തിരിച്ചെത്തിയതുമുതൽ മക്കബായ വിപ്ലവംവരെയുള്ള സംഭവവിവരണമാണ് എസ്രാ തുടങ്ങി മക്കബായർവരെയുള്ള പുസ്തകങ്ങളിൽ കാണുന്നത്.

## ബി. പ്രബോധനപരം

ജോബ്, സങ്കീർത്തനങ്ങൾ, സുഭാഷിതങ്ങൾ, സഭാപ്രസംഗകൻ, ഉത്തമഗീതം, ജ്ഞാനം, പ്രഭാഷകൻ എന്നീ ഗ്രന്ഥങ്ങളാണു പ്രബോധനപരമായ ഗ്രന്ഥങ്ങൾ. മനുഷ്യജീവിത പ്രശ്നങ്ങൾ, അവയ്ക്ക് ഉത്തരംകാണാനുള്ള തീവ്രയത്നം ഇവയാണ് ജോബ്, സഭാപ്രസംഗകൻ എന്നിവയിലെ വിഷയങ്ങൾ. ആരാധനാതലത്തിൽ രൂപംകൊണ്ട പ്രാർത്ഥനാഗീതങ്ങളാണു സങ്കീർത്തനങ്ങൾ. ധാർമ്മികചിന്തയോടും പക്വതയോടുംകൂടെ ജീവിക്കാനുതകുന്ന ഉൾക്കാഴ്ച നിറഞ്ഞ ചിന്താശകലങ്ങളുടെ സമാഹാരമാണു ജ്ഞാനം, പ്രഭാഷകൻ, എന്നീ പുസ്തകങ്ങൾ. ദൈവമനുഷ്യബന്ധങ്ങളെ പ്രണയത്തിന്റെ ഭാഷയിൽ അവതരിപ്പിക്കുന്നതാണ് ഉത്തമഗീതം.

## സി. പ്രവാചകപരം

ഏശയ്യ, ജറെമിയ, എസെക്കിയേൽ, ദാനിയേൽ എന്നീ വലിയ പ്രവാചകന്മാരുടെ പേരിലറിയപ്പെടുന്ന ഗ്രന്ഥങ്ങളും പന്ത്രണ്ടു ചെറിയ പ്രവാചകഗ്രന്ഥങ്ങളും, വിലാപങ്ങൾ, ബാറൂക്ക് എന്നിവയുമാണു പ്രവചനപരമായ പുസ്തകങ്ങൾ.

ദൈവത്തിന്റെ വക്താക്കൾ ആണ് പ്രവാചകന്മാർ. ദൈവവീക്ഷണമനുസരിച്ചു ചരിത്രത്തെ മനസ്സിലാക്കിയ അവർ തിന്മയിൽനിന്നകലാൻ ജനങ്ങളെ ആഹ്വാനംചെയ്തു. സമൂഹത്തിൽ നടമാടിയ വിഗ്രഹാരാധനയ്ക്കും കപടഭക്തിക്കും അനീതിക്കുമെതിരായി അവർ നിശിതവിമർശനശരങ്ങൾ വർഷിച്ചു. പശ്ചാത്താപത്തിലേക്കു നയിക്കാനായി ജനതയെ ശിക്ഷിക്കുന്ന ദൈവം അവരുടെ രക്ഷകനാണെന്നും അവർ പ്രഖ്യാപിച്ചു. ദൈവം നല്കാനിരിക്കുന്ന രക്ഷയെയും രക്ഷകനെയുംകുറിച്ചുള്ള വാഗ്ദാനങ്ങൾ എല്ലാ പ്രവാചകഗ്രന്ഥങ്ങളിലുമുണ്ട്. ഇസ്രായേലിന്റെ ദൈവവിശ്വാസത്തെ സ്ഫുടപാകം ചെയ്തതു പ്രവാചകന്മാരാണ്.

കർത്താവിന്റെ യഥാർത്ഥരൂപം – നീതിസ്വരൂപനും, സ്നേഹസ്വരൂപനും കൃപാനിധിയുമായ അവിടുത്തെ ശരിയായ

രൂപം – വരച്ചുകാട്ടി ജനങ്ങളെ ദൈവത്തിന്റെ പക്കലേയ്ക്കു നയിച്ചവരാണ് പ്രവാചകന്മാർ. ഇവർ പൊതുവെ എഴുത്തുകാരായിരുന്നില്ല. അവർ പ്രഘോഷിച്ച കാര്യങ്ങൾ ശിഷ്യന്മാരാണു ശേഖരിച്ചു ഗ്രന്ഥരൂപത്തിലാക്കിയിട്ടുള്ളത്. പ്രവാചകന്മാരെ ചെറിയവർ എന്നും വലിയവർ എന്നും തിരിച്ചിട്ടുള്ളത് അവരുടെ പേരിലുള്ള ഗ്രന്ഥങ്ങളുടെ വലിപ്പച്ചെറുപ്പത്തെ ആസ്പദമാക്കിയാണ്.

## 1. ഉത്തരങ്ങൾ പഠിക്കുക

1. "യേശു പഴയനിയമത്തിന്റെ പൂർത്തീകരണമാണ്". സമർത്ഥിക്കുക.
2. "യേശുവിന്റെ ജനനത്തിനും ബാല്യകാലത്തിനും മോശയുടെ ജനനവും ബാല്യകാലവുമായി സാദൃശ്യം ഉണ്ട്". വിശദീകരിക്കുക.
3. പഴയനിയമ രചനയ്ക്ക് അടിസ്ഥാനമായി നിലകൊണ്ട പ്രധാനപ്പെട്ട പാരമ്പര്യങ്ങളെന്തെല്ലാം?
4. പഴയനിയമ ഗ്രന്ഥങ്ങളെ പൊതുവേ മൂന്നായി തിരിക്കാം. ചരിത്രപരം, പ്രവചനപരം, പ്രബോധനപരം. വിശദീകരിക്കുക.

## 2. പ്രാവർത്തികമാക്കുക

വേദപുസ്തകത്തിലെ പഴയനിയമ പുസ്തകങ്ങളുടെ പേരുകൾ കുറിച്ചെടുക്കുക.

## 3. ചർച്ചചെയ്യുക

മോശയുടെ നിയമങ്ങളും യേശു നല്കിയ നിയമങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ.

# 4

# സുവർണ്ണലത സൗഗന്ധികപുഷ്പം

കുടുംബാംഗങ്ങളെ വിട്ട് വിദൂരനാട്ടിൽ ഒരു പിതാവും അദ്ദേഹത്തിൻെറ ഏകപുത്രനും വസിക്കുന്നു. കുടുംബാംഗങ്ങളെ അറിയിക്കാനുള്ള കാര്യങ്ങരം നാട്ടിലേക്കു പോരുന്ന വിശ്വസ്തരോടു പറഞ്ഞുവിടുന്നു. അവരെ അവിശ്വസിക്കേണ്ട കാര്യമില്ലെങ്കിലും അവർ പറഞ്ഞുകേരംക്കുന്ന വിവരങ്ങരംകൊണ്ട് ആ കുടുംബം തൃപ്തിപ്പെടുന്നില്ല. അമ്മയും മററു കുടുംബാംഗങ്ങളും ആ ഏകപുത്രൻെറ വരവു കാത്തിരിക്കുന്നു. പിതാവിനെക്കുറിച്ചും അദ്ദേഹം വസിക്കുന്ന രാജ്യത്തെപ്പററിയുമെല്ലാമുള്ള വിവരങ്ങരം ആ ഏകമകനല്ലേ പൂർണ്ണമായിട്ട് അറിയൂ. അവനിൽനിന്നല്ലേ പൂർണ്ണവിവരങ്ങരം നേരിട്ടു ലഭിക്കൂ. അങ്ങനെയിരിക്കെ, ഒരുദിവസം ആ പുത്രൻ വരുകയും വാർത്തകളെല്ലാം അറിയിക്കുകയും ചെയ്താലുള്ള അവസ്ഥ ഒന്നോർത്തുനോക്കൂ. പുത്രൻെറ ആഗമനം എത്ര ആഹ്ലാദകരമായിരിക്കും. ആ മകൻ പറയുന്ന വാർത്തകരം എത്ര ആനന്ദത്തോടും ശ്രദ്ധയോടുംകൂടിയായിരിക്കും ആ കുടുംബാംഗങ്ങരം കേട്ടിരിക്കുന്നത്.

ഈ കുടുംബാനുഭവം മുൻനിർത്തി പഴയനിയമത്തെക്കുറിച്ചും പുതിയനിയമത്തെക്കുറിച്ചും നാം ഒന്നു ചിന്തിക്കുക.

മനുഷ്യകുടുംബം ഇങ്ങ് ഭൂമിയിൽ; പിതാവും ഏകജാതനും അങ്ങു സ്വർഗ്ഗത്തിലും. പൂർവ്വകാലങ്ങളിൽ പിതാവായ ദൈവം നമ്മുടെ പിതാക്കൻമാരോട് പലപ്പോഴായി പലവിധത്തിൽ പ്രവാചകൻമാർ മുഖേന സംസാരിച്ചു (ഹെബ്രാ. 1:1). അതാണു നാം പഴയനിയമത്തിൽ വായിക്കുന്നത്. എന്നാൽ ഈ അവസാനനാളുകളിൽ തൻെറ പുത്രൻവഴി, അതായത് അവിടുന്ന് ആരെ സകലത്തിൻെറയും അവകാശിയായി നിയമിച്ചുവോ, ആരുവഴി ലോകം സൃഷ്ടിച്ചുവോ ആ പുത്രൻവഴി, നമ്മോടു സംസാരിച്ചിരിക്കുന്നു (ഹെബ്രാ. 1:2). അ

താണു പുതിയനിയമം. ദൈവജനത്തിൻെറ പ്രത്യാശയും ദൈവികവാഗ്ദാനങ്ങളുടെ പൂർത്തീകരണവുമാണു പുതിയനിയമത്തിൻെറ മുഖ്യപ്രമേയമായ ക്രിസ്തുസംഭവം. രക്ഷാകരകഥയുടെ ഉത്തരഭാഗം പുതിയനിയമമാണല്ലോ. പഴയനിയമം ഒരു സ്വർഗ്ഗലതയും പുതിയനിയമം അതിൽ വിരിഞ്ഞ ഒരു സൗഗന്ധിക പുഷ്പവുമാണ്.

പുതിയനിയമത്തിലെ ആദ്യത്തെ നാലു പുസ്തകങ്ങളെ സുവിശേഷങ്ങൾ എന്നാണു പറയുന്നത്. ക്രിസ്തുനാഥൻെറ തിരുമൊഴികൾ രേഖപ്പെടുത്തിയിട്ടുള്ളതു സുവിശേഷങ്ങളിലാണ്. ക്രൈസ്തവവിശ്വാസത്തിൻെറ അടിസ്ഥാനം ഈ ഗ്രന്ഥങ്ങളാണ്.

സുവിശേഷങ്ങൾ, അപ്പസ്തോലപ്രവർത്തനങ്ങൾ, പൗലോസിൻെറ ലേഖനങ്ങൾ, സാർവ്വത്രിക ലേഖനങ്ങൾ, വെളിപാട് എന്നിങ്ങനെ പുതിയ നിയമഗ്രന്ഥങ്ങളെ അഞ്ചായി തിരിച്ചിരിക്കുന്നു.

'സുവിശേഷം' എന്ന വാക്കിനു നല്ലവാർത്ത, ആഹ്ലാദകരമായ വിശേഷം എന്നെല്ലാമാണ് അർത്ഥം. ഇംഗ്ലീഷിൽ ഉപയോഗിക്കുന്ന ഗോസ്പെൽ (gospel) എന്ന പദത്തിനും നല്ല വിശേഷങ്ങൾ എന്നുതന്നെയാണർത്ഥം. ഗ്രീക്കുഭാഷയിൽ സുവിശേഷം എന്നർത്ഥംവരുന്ന വാക്ക് 'ഏവൻഗേലിയോൻ' എന്നാണ്.

ഇന്നു നാം കല്പിക്കുന്ന അർത്ഥം ഈ പദത്തിനു ചരിത്രത്തിൽ എല്ലാക്കാലത്തും ഉണ്ടായിരുന്നില്ല. ഗ്രീക്കുഭാഷയിൽ 'വിജയത്തിൻെറ സദ്വാർത്ത' എന്നാണ് 'ഏവൻഗേലിയോൻ' എന്ന പദംകൊണ്ട് അർത്ഥമാക്കിയിരുന്നത്. റോമൻ ചക്രവർത്തിമാരുടെ കാലത്ത് ഈ വാക്കു ചക്രവർത്തിമാരുടെ ജീവിതത്തിലെ സുപ്രധാന സംഭവങ്ങളായ സിംഹാസനാരോഹണം, സിംഹാസനാവകാശിയുടെ ജനനം, യുദ്ധത്തിലെ വിജയം എന്നിവയെ സൂചിപ്പിക്കുന്ന ഒന്നായിരുന്നു. പഴയനിയമത്തിൽ ഏശയ്യായുടെ പുസ്തകത്തിലാണു സദ്വാർത്ത അറിയിക്കുക എന്ന പ്രയോഗത്തിനു ദൈവത്തിൻെറ രക്ഷാകരപ്രവർത്തനങ്ങളെ സൂചിപ്പിക്കുക എന്ന അർത്ഥം ആദ്യമായി നല്കപ്പെടുന്നത്. സീയോൻെറ വിമോചനം സദ്വാർത്തയായി അതിൽ അവതരിപ്പിച്ചിരിക്കുന്നു (ഏശ. 40:9, 41:27, 52:7).

ദൈവപുത്രൻെറ തിരുവവതാരത്തെക്കുറിച്ചുള്ള സദ്വാർത്തയായിട്ടാണു വി. മർക്കോസ് സുവിശേഷത്തെകാണുന്നത് സഭയിൽ പ്രഘോഷിക്കപ്പെട്ട രക്ഷയുടെ സന്ദേശമായിട്ടാണ് ആദിമക്രൈസ്തവർ സുവിശേഷത്തെ കരുതിയത്. ദൈവപുത്രനായ യേശുക്രിസ്തുവിൻെറ ശുശ്രൂഷ, പീഡാസഹനം, മരണം, ഉത്ഥാനം എന്നിവയിലൂടെ പൂർത്തീകരിക്കപ്പെട്ട രക്ഷയുടെ സന്ദേശമെന്ന നിലയിലാണു സുവിശേഷകന്മാർ 'സുവിശേഷം' എന്ന പദത്തെ കാണുന്നത്.

ആദിമസഭയിൽ 'സുവിശേഷങ്ങൾ' എന്ന ബഹുവചനപ്രയോഗം പ്രചാരത്തിലുണ്ടായിരുന്നില്ല. 'സുവിശേഷം' എന്നത് എഴുതപ്പെട്ട ഒരു പുസ്തകത്തെ സൂചിപ്പിക്കുന്ന പദമായി മനസ്സിലാക്കിത്തുടങ്ങിയതു രണ്ടാംനൂററാണ്ടിൻെറ ആരംഭത്തിലാണ്. അപ്പസ്തോലന്മാരുടെ ഓർമ്മക്കുറിപ്പുകളെ സുവിശേഷങ്ങൾ എന്നു ബഹുവചനരൂപത്തിൽ വിളിക്കാൻ തുടങ്ങിയതിൻെറ തെളിവ് ആദ്യമായി കാണുന്നത് എ. ഡി. 150 നോടടുത്ത് എഴുതപ്പെട്ട വി. ജസ്ററിൻെറ കൃതിയിലാണ്. ഇന്നു രക്ഷയുടെ സന്ദേശമെന്നനിലയിൽ സുവിശേഷം എന്ന വാക്കുപയോഗിക്കുന്നു. അതോടൊപ്പം സുവിശേഷം, സുവിശേഷങ്ങൾ എന്നീ പദങ്ങൾക്കു യേശുവിൽ പൂർത്തിയായ രക്ഷയുടെ സന്ദേശത്തിൻെറ എഴുതപ്പെട്ട രൂപങ്ങൾ അഥവാ പുസ്തകങ്ങൾ എന്ന അർത്ഥവുമുണ്ട്.

## സുവിശേഷരൂപീകരണത്തിലെ വിവിധ ഘട്ടങ്ങൾ

### 1. നസ്രായനായ യേശുവിൻെറ ഘട്ടം.

(ബി. സി. 6–ഏ. ഡി. 30)

നസ്രത്തിലെ യേശുവാണു സുവിശേഷത്തിൻെറ കേന്ദ്രം. അവിടുത്തെ ശുശ്രൂഷ, വാക്കുകൾ, പ്രവൃത്തികൾ, പീഡാസഹനം, മരണം, ഉത്ഥാനം എന്നിവയാണു സുവിശേഷങ്ങളിൽ വിവരിക്കുന്നത്. യേശുവിൻെറ പരസ്യശുശ്രൂഷയുടെ കാലത്ത് അവിടുത്തെ ശ്രവിക്കുകയും അവിടുന്നു പ്രവർത്തിച്ച കാര്യങ്ങൾ അനുഭവിച്ചറിയുകയും ചെയ്തവരാണു ശിഷ്യന്മാർ. തത്ഫലമായി യേശുവിനെക്കുറിച്ചുള്ള അനുഭവസാക്ഷ്യത്തിൻെറ ഉടമകളായിരുന്നു അവർ. വി. യോഹന്നാൻെറ വാക്കുകൾ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്:

"ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങ‍ാം കേട്ടതും സ്വന്തം കണ്ണുകാംകൊണ്ടു കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും, കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പററി ഞങ്ങ‍ാം അറിയിക്കുന്നു"

(1 യോഹ. 1:1).

എന്നാൽ യേശുവിന്റെ ഉത്ഥാനംവരെ അവരുടെ അനുഭവസാക്ഷ്യം അപൂർണ്ണമായിരുന്നു. യേശുവിന്റെ ശുശ്രൂഷയിൽ അവിടുത്തോട് ഏററവും അടുത്തു ബന്ധപ്പെട്ടിരുന്ന അപ്പസ്തോലന്മാർക്കുപോലും യേശുവിന്റെ മിശിഹാത്വത്തിന്റെ യഥാർത്ഥസ്വഭാവം ഗ്രഹിക്കാൻ കഴിഞ്ഞിരുന്നില്ല. അവർ അതു മനസ്സിലാക്കാതിരുന്നതുകൊണ്ട് യേശു അവരെ കുററപ്പെടുത്തുന്നുണ്ട് (മർക്കോ. 8:17–21).

## 2. സഭയുടെ ഘട്ടം (ഏ. ഡി. 30–65)

പെന്തക്കുസ്താമുതൽ ആദ്യസുവിശേഷം രൂപമെടുക്കുന്നതുവരെയുള്ള കാലയളവാണ് സുവിശേഷരൂപീകരണത്തിലെ സഭയുടെ ഘട്ടം. യേശുവിന്റെ ഉത്ഥാനത്തോടെ ശിഷ്യന്മാരുടെ വിശ്വാസം ദൃഢതരമാകുന്നു. അവർ ക്രിസ്തുവിനെ അനുഭവിച്ചറിഞ്ഞു. ഉത്ഥാനസംഭവത്തിന്റെ പശ്ചാത്തലത്തിൽ, വിശ്വാസത്തിന്റെ വെളിച്ചത്തിൽ, അവർ യേശുവിന്റെ ജീവിതത്തിലേക്കും ശുശ്രൂഷയിലേക്കും തിരിഞ്ഞുനോക്കി. പഴയസംഭവങ്ങ‍ാംക്കെല്ലാം പുതിയൊരു അർത്ഥം കൈവരുന്നതായി അവർക്കനുഭവപ്പെട്ടു. യേശു പഠിപ്പിച്ചതും പ്രവർത്തിച്ചതുമായ കാര്യങ്ങളെ അവർ വ്യാഖ്യാനിച്ചു പ്രസംഗിക്കാൻ തുടങ്ങി.

### *എ. ആദ്യകാലപ്രഘോഷണം*

ക്രിസ്തുവിന്റെ പീഡാനുഭവം, മരണം, ഉത്ഥാനം, മഹത്വീകരണം എന്നിവയായിരുന്നു ആദിമസഭയുടെ പ്രഘോഷണത്തിന്റെ മുഖ്യപ്രമേയങ്ങ‍ാം(അപ്പ. 2:14–39; 3:13–26; 4:10–12). ക്രിസ്തീയസന്ദേശത്തിന്റെ ഈ പ്രാരംഭപ്രഘോഷണം ആദിമ 'കെരിഗ്മ' (kerygma) എന്നറിയപ്പെടുന്നു. ക്രമേണ ഈ അപ്പസ്തോലിക പ്രഘോഷണങ്ങ‍ാംക്ക് ആഖ്യാനരൂപം കൈവന്നു. യേശുവിന്റെ ശുശ്രൂഷയും പ്രഘോഷണവിഷയമായി. ഈ പ്രഘോഷണങ്ങളുടെ ഫലമായി യേശുവിന്റെ പ്രബോധനങ്ങളെക്കുറിച്ചും പ്രവൃത്തികളെക്കുറിച്ചും വിവിധ പാരമ്പര്യങ്ങ‍ാം

സഭയിൽ രൂപംകൊണ്ടു. വാചികപാരമ്പര്യം അഥവാ വാമൊഴി പാരമ്പര്യം ആയിട്ടാണ് ഇവ നിലനിന്നിരുന്നത്.



നല്ല നിലത്തുവീണ വിത്തു നൂറുമേനിയും അറുപതുമേനിയും മുപ്പതുമേനിയും ഫലം പുറപ്പെടുവിക്കുന്നു (മത്താ. 13:23).

വിവിധ സഭാസമൂഹങ്ങളുടെ ജീതിതസാഹചര്യങ്ങൾക്കനുസൃതമായി ഈ പാരമ്പര്യങ്ങൾക്കു രൂപഭേദം വന്നുകൊണ്ടിരുന്നു. പ്രഘോഷണത്തിൻെറ പ്രത്യേക സാഹചര്യവും അതു ശ്രവിക്കുന്നവരുടെ ചുററുപാടുകളുമെല്ലാം ചേർന്നു പ്രത്യേക പാരമ്പര്യങ്ങൾ രൂപംകൊണ്ടു. പ്രഘോഷണത്തിനു പുറമെ, മതബോധനം, ആരാധനക്രമം, വിശ്വാസസംരക്ഷണം എന്നീ ഘടകങ്ങൾ വാചികപാരമ്പര്യങ്ങളുടെ രൂപീകരണത്തിനു ഹേതുവായി.

*ബി. മതബോധനം*

1 വിശ്വാസം സ്വീകരിച്ചവർക്കു ക്രിസ്തുസംഭവത്തെക്കുറിച്ച് ആഴമേറിയ അറിവു പകർന്നുകൊടുക്കുക എന്നതായിരുന്നു മതബോധനത്തിൻെറ ലക്ഷ്യം. അവരെ പഠിപ്പിക്കുന്നതിനു യേശുവിൻെറ വാക്കുകളും പ്രവൃത്തികളും അവിടുത്തെ ജീവിതത്തോടു ബന്ധപ്പെട്ട സംഭവങ്ങളും ശിഷ്യന്മാർ ഉപയോഗപ്പെടുത്തി. എന്നാൽ യേശുവിൻെറ വാക്കുകളും പ്രവൃത്തികളും

അതേപടി നേരത്തെ രേഖപ്പെടുത്തിയിട്ടില്ലാതിരുന്നതിനാൽ വാചികപാരമ്പര്യത്തിലൂടെ കൈമാററം ചെയ്യപ്പെട്ട കാര്യങ്ങൾ സ്വീകരിക്കാനേ കഴിയുമായിരുന്നുള്ളു. വാക്കുകളുടെ കൃത്യതയ്ക്കോ, സൂക്ഷ്മതയ്ക്കോ, സ്ഥലകാലങ്ങളുടെ വിശദാംശങ്ങൾക്കോ അല്ല, യേശു എന്ന വ്യക്തിക്കും അവിടുന്ന് അരുളിച്ചെയ്ത വചനങ്ങളുടെ പൊരുളിനും, ചെയ്ത പ്രവൃത്തികളുടെ ആന്തരാർത്ഥത്തിനുമാണ് ആദിമസഭ ഊന്നൽ കൊടുത്തിരുന്നത്.

*സി. ആരാധനക്രമം*

സഭാസമൂഹങ്ങളുടെ ആരാധനക്രമസമ്മേളനങ്ങളിൽ ക്രിസ്തുസംഭവത്തെ സംബന്ധിക്കുന്ന പാരമ്പര്യങ്ങൾക്കു വലിയ പ്രാധാന്യം ഉണ്ടായിരുന്നു. കാരണം സുവിശേഷങ്ങളിൽ എഴുതപ്പെടുന്നതിനു മുൻപുതന്നെ, ആരാധനക്രമസമ്മേളനങ്ങളിൽ സ്ഥിരമായി ഉപയോഗിക്കപ്പെട്ടിരുന്നതുമൂലം, പീഡാനുഭവ വിവരണത്തിന് ഒരു നിയതരൂപം കൈവന്നിരുന്നു. ഇതിനുപുറമേ യേശുവിൻെറ ശുശ്രൂഷയോടു ബന്ധപ്പെട്ട പാരമ്പര്യങ്ങൾക്കും ആരാധനക്രമത്തിൽ പ്രാധാന്യമുണ്ടായിരുന്നു. സുവിശേഷങ്ങളിൽ കാണുന്ന ജ്ഞാനസ്നാനവിധികൾ (മത്താ. 28:18–19), രോഗശാന്തി വിവരണങ്ങൾ (മർക്കോ. 7:24–37; 8: 22–26) തുടങ്ങിയവയുമെല്ലാം ഇങ്ങനെ ആരാധനക്രമസമ്മേളനങ്ങളിൽ ഉരുത്തിരിഞ്ഞ പാരമ്പര്യങ്ങളാണ്.

*ഡി. വിശ്വാസസംരക്ഷണം*

ആദിമസഭയ്ക്ക് അതിൻെറ ജീവിതശൈലിയുടെയും ആചാരങ്ങളുടെയും പേരിൽ യഹൂദരിൽനിന്ന് എതിർപ്പുകൾ നേരിടേണ്ടിവന്നു. ക്രൈസ്തവവിശ്വാസം സ്വീകരിച്ച ചില യഹൂദർക്കെങ്കിലും ഇത് ഇടർച്ചയ്ക്കും വിശ്വാസപ്രതിസന്ധിക്കും കാരണമായി. അത്തരമൊരു സാഹചര്യത്തിൽ യഹൂദരുടെ ആരോപണങ്ങളിൽനിന്ന് ക്രൈസ്തവ ജീവിതശൈലിയെയും, ആചാരങ്ങളെയും സംരക്ഷിക്കേണ്ടിവന്നു. ഈ പ്രതിസന്ധിഘട്ടത്തിൽ ശിഷ്യന്മാർ യേശുവിൻെറ ജീവിതത്തിലേക്കു തിരിഞ്ഞുനോക്കി. യഹൂദമതത്തിൻെറ വക്താക്കളെ യേശു പരാജയപ്പെടുത്തിയ ചില സംഭവങ്ങൾ പ്രഘോഷണവിഷയമാക്കുവാൻ അങ്ങനെ ആദിമസഭ നിർബന്ധിതയായി. വ്യത്യസ്തരൂപത്തിലുള്ള ചില പാരമ്പര്യങ്ങളുടെ ഉദ്ഭവത്തിന് ഇത് വഴിയൊരുക്കി. ഉപവാസം, സാബത്താചരണം, പാപികളോടും

ചുങ്കക്കാരോടുമുള്ള സഹവാസം തുടങ്ങിയവ പ്രതിപാദിക്കുന്ന വിവാദവിവരണങ്ങൾ സുവിശേഷങ്ങളിൽ കാണുന്നതിൻെറ അടിസ്ഥാനം ഈ പാരമ്പര്യങ്ങളാണ്. (മർക്കോ. 2:10,17; 10:14; 12:14).

പ്രഘോഷണം, മതബോധനം, ആരാധനക്രമം, വിശ്വാസസംരക്ഷണതാത്പര്യം എന്നീ ഘടകങ്ങൾ വ്യത്യസ്തങ്ങളായ പാരമ്പര്യങ്ങൾക്കു രൂപം നല്കി. വാചികരൂപത്തിലായിരുന്ന പാരമ്പര്യങ്ങളിൽ ചിലതു കാലക്രമേണ ലിഖിതരൂപത്തിലായി. വാചികരൂപത്തിലും ലിഖിതരൂപത്തിലുമായിരുന്ന ഇത്തരം പാരമ്പര്യങ്ങളാണു സുവിശേഷരചനയ്ക്കു ഉറവിടങ്ങളായിത്തീർന്നത്.

### 3) സുവിശേഷകന്മാരുടെ ഘട്ടം (ഏ. ഡി. 65–100)

സഭയിൽ പ്രചരിച്ചിരുന്ന ക്രിസ്തുസംഭവ പാരമ്പര്യങ്ങൾ തിരഞ്ഞെടുത്ത് ഏകോപിപ്പിച്ച് ലിഖിതരൂപത്തിലുള്ള സുവിശേഷങ്ങൾക്കു രൂപം കൊടുക്കുന്ന ഘട്ടമാണിത്. കുറെ പാരമ്പര്യങ്ങളുടെ കേവലം സമാഹാരമല്ല സുവിശേഷങ്ങൾ. ദൈവപുത്രനായ യേശുക്രിസ്തുവിൽ വിശ്വസിച്ചിരുന്ന സുവിശേഷകന്മാർ യേശുസംഭവത്തെ വിശ്വാസദൃഷ്ട്യാ വ്യാഖ്യാനിച്ചുകൊണ്ടാണു പാരമ്പര്യങ്ങളെ ഏകോപിപ്പിച്ചിരിക്കുന്നത്.



പാരമ്പര്യങ്ങളിലൂടെ ലഭിച്ചവസ്തുതകളെ യുക്തിഭദ്രമായി സംയോജിപ്പിച്ച് സുഗ്രഹമാംവിധം അവർ അവതരിപ്പിക്കുകയാണ്. സുവിശേഷകന്മാർ വിവേകപൂർവ്വം പാരമ്പര്യങ്ങളിൽ നിന്നു തിരഞ്ഞെടുക്കുകയും, പരിഷ്ക്കരിക്കുകയും, വ്യാഖ്യാനങ്ങളും സംക്ഷിപ്തവിവരണങ്ങളും കൂട്ടിച്ചേർത്ത് കാലക്രമത്തോടും ഭൂമിശാസ്ത്രപരമായ ചേർച്ചയോടുംകൂടിയ ഒരു ചട്ടക്കൂട്ടിൽ അവതരിപ്പിക്കുകയും ചെയ്തു. ഇപ്രകാരമാണ് ഇന്നു നമുക്കു ലഭിച്ചിരിക്കുന്ന സുവിശേഷങ്ങൾ അന്തിമരൂപം പ്രാപിച്ചത്.

സുവിശേഷങ്ങൾ യേശുവിൻെറ ജീവചരിത്രക്കുറിപ്പുകളാണെന്നായിരുന്നു പരമ്പരാഗതമായ വിശ്വാസം. എന്നാൽ ആധുനികബൈബിൾ പഠനങ്ങൾ ആ സങ്കല്പം തിരുത്തി. തങ്ങളുടേതായ ദൈവശാസ്ത്രവീക്ഷണത്തോടെ, തങ്ങൾ വിശ്വസിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്ന ക്രിസ്തുവിനെ അവതരിപ്പിക്കുന്ന രീതിയിലാണു സുവിശേഷകന്മാർ സുവിശേഷരചന നടത്തിയത്. സ്ഥലകാലക്രമത്തിനു വലിയ പ്രാധാന്യം അവർ കല്പിക്കുന്നില്ല. തന്മൂലം സുവിശേഷകന്മാർക്കിടയിൽ യേശുസംഭവത്തെ വിവരിക്കുമ്പോൾ സ്ഥലകാലസൂചനയിൽ വ്യത്യാസങ്ങൾ കാണാം. ഓരോ സുവിശേഷകനും ഏതൊരു ജനപദത്തിനുവേണ്ടി സുവിശേഷം രചിച്ചോ അവരുടെ ആവശ്യങ്ങൾക്കും ജീവിതസാഹചര്യങ്ങൾക്കും അനുസരിച്ചാണു യേശുവിനെ സംബന്ധിച്ച പാരമ്പര്യങ്ങൾ ശേഖരിക്കുകയും വിവേചനബുദ്ധിയോടെ – ത്യജിക്കേണ്ടവ ത്യജിക്കുകയും സ്വീകരിക്കേണ്ടവ സ്വീകരിക്കുകയും ചെയ്ത് – അവയെ അവതരിപ്പിക്കുകയും ചെയ്തത്. ഈ വസ്തുതകളുടെ പശ്ചാത്തലത്തിൽ ചിന്തിച്ചാൽ യേശുവിനെക്കുറിച്ചു സഭയിൽ രൂപംകൊണ്ട വിവിധപാരമ്പര്യങ്ങളെ ആസ്പദമാക്കി രചയിതാക്കൾ സഭയ്ക്കുവേണ്ടി തയ്യാറാക്കിയ വിശ്വാസസാക്ഷ്യത്തിൻെറ രേഖയാണു സുവിശേഷം എന്നു മനസ്സിലാക്കാം.

## സമവീക്ഷണപ്രശ്നം

ഉള്ളടക്കം, ക്രമീകരണം, ഭാഷാശൈലി എന്നിവയിലെല്ലാം മത്തായിയുടെയും മർക്കോസിൻെറയും ലൂക്കായുടെയും സുവിശേഷങ്ങൾക്കു തമ്മിൽ വളരെ സാമ്യമുണ്ട്. അതിനാൽ ഇവയെ സമവീക്ഷണസുവിശേഷങ്ങൾ (synoptic gospels) എന്നാണു

വിളിക്കുക. ഈ മൂന്നു സുവിശേഷങ്ങളും തമ്മിൽ വളരെ സാമ്യമുണ്ടെങ്കിലും ഗണ്യമായ വ്യത്യാസങ്ങളുമുണ്ട്. സാമ്യവും വ്യത്യാസങ്ങളും മനസ്സിലാക്കാൻ യേശു പത്രോസിൻെറ അമ്മായിയമ്മയെ സുഖപ്പെടുത്തുന്നതിനെ സംബന്ധിച്ച വിവരണം മൂന്നു സുവിശേഷങ്ങളിലുമുള്ളത് വായിച്ചു നോക്കിയാൽ മതി. (മർക്കോ. 1:29–36, മത്താ. 8:14–15, ലൂക്കാ. 4:38–39) എന്തുകൊണ്ടാണു വലിയതോതിലുള്ള സാമ്യവ്യതാസങ്ങരം കാണപ്പെടുന്നത്?

ഈ പ്രശ്നത്തിന് ഉത്തരം നല്കുന്ന പല സിദ്ധാന്തങ്ങളുമുണ്ട്. അവയിൽ സ്വീകാര്യമായ സിദ്ധാന്തങ്ങരം ദ്വിസ്രോതസ്സ് സിദ്ധാന്തവും (Two source theory), ചതുർസ്രോതസ്സ് സിദ്ധാന്തവും (Four source theory), ബഹുസ്രോതസ്സ് സിദ്ധാന്തവും (Multiple source theory)ആണ്. ദ്വി സ്രോതസ്സ് സിദ്ധാന്തപ്രകാരം സമവീക്ഷണ സുവിശേഷങ്ങളുടെ അടിസ്ഥാന സ്രോതസ്സുകളിലൊന്നു മർക്കോസിൻെറ സുവിശേഷം തന്നെയാണ്. യേശു സംഭവത്തെയും അവിടുത്തെ പ്രവൃത്തികളെയും സംബന്ധിച്ച വിവരണങ്ങളാണു മർക്കോസിൻെറ സുവിശേഷത്തിൽ പ്രധാനമായിട്ടുള്ളത്. മർക്കോസിൻെറ വിവരണങ്ങളെയാണ് മത്തായിയും, ലൂക്കായും, അവലംബമായി സ്വീകരിക്കുന്നത്. മർക്കോസിൻെറ സുവിശേഷത്തിനു പുറമെ മററൊരു സ്രോതസ്സിനെക്കുറിച്ചും ഈ സിദ്ധാന്തം പറയുന്നുണ്ട്. മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങളിൽ കാണുന്ന യേശുവിൻെറ പ്രബോധനങ്ങളുടെ സ്രോതസ്സാണിത്. ഈ സ്രോതസ്സിനെ Q എന്നു നാമകരണം ചെയ്തിരിക്കുന്നു. സ്രോതസ്സ് എന്നർത്ഥം വരുന്ന Quelle എന്ന ജർമ്മൻ പദത്തിൻെറ ആദ്യാക്ഷരമാണ് Q. യേശുവിൻെറ മൊഴികളുടെ ഒരു സമാഹാരം ആദിമസഭയിൽ പ്രചരിച്ചിരുന്നതാണ് ഈ ഉറവിടം എന്നു സങ്കല്പിക്കാം. ഈ ഉറവിടം ഇന്നു ലഭ്യമല്ല. മർക്കോസിൻെറ സുവിശേഷം, Q ഉറവിടം എന്നിവയെ അവലംബിച്ചു സുവിശേഷരചന നടത്തിയതിനാലാണു സമവീക്ഷണസുവിശേഷങ്ങരം തമ്മിൽ സാമ്യം കാണുന്നതെന്ന് ഈ സിദ്ധാന്തം പറയുന്നു.

എന്നാൽ മേല്പറഞ്ഞ രണ്ട് ഉറവിടങ്ങളിൽനിന്നു സ്വീകരിച്ചതെന്നു കരുതാൻ വകയില്ലാത്ത ഭാഗങ്ങളും സമവീക്ഷണസുവിശേഷങ്ങളിലുണ്ട്. മർക്കോസ്, Quelle എന്നീ ഉറവിടങ്ങരംക്കു പുറമെ മത്തായിയുടെ സുവിശേഷത്തിൽ മത്തായിയുടേതായ ഒരു പ്രത്യേക സ്രോതസ്സും ലൂക്കായുടെ സുവിശേഷത്തിൽ

ലൂക്കായുടേതായ ഒരു പ്രത്യേക സ്രോതസ്സുംകൂടി ഉണ്ടെന്ന് കാണാൻ കഴിയുമെന്ന് പറയുന്ന സിദ്ധാന്തമാണ് ചതുർസ്രോതസ്സ്സിദ്ധാന്തം. സുവിശേഷരചനയിൽ പല സ്രോതസ്സുകളുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നുവെന്നു പ്രഖ്യാപിക്കുന്ന മറ്റൊരു സിദ്ധാന്തമാണു ബഹുസ്രോതസ്സ് സിദ്ധാന്തം.

മുകളിൽ പറഞ്ഞ സിദ്ധാന്തങ്ങളെല്ലാം സമവീക്ഷണപ്രശ്നത്തിനു കുറെയൊക്കെ പരിഹാരം നിർദ്ദേശിക്കുന്നുണ്ട്. ഇവയെല്ലാം ഊന്നിപ്പറയുന്ന ഒരു വസ്തുതയാണ് ഒന്നിലേറെ സ്രോതസ്സുകൾ സുവിശേഷകൻെറ മുന്നിലുണ്ടായിരുന്നുവെന്നത്. ഈ സ്രോതസ്സുകൾ സ്വീകരിക്കുമ്പോഴും സുവിശേഷകൻ ഒരു ഗ്രന്ഥകാരനും ദൈവശാസ്ത്രജ്ഞനുമെന്ന നിലയിലുള്ള തിരഞ്ഞെടുപ്പും ക്രോഡീകരണവുമാണ് നടത്തുന്നത്. സമവീക്ഷണ സുവിശേഷങ്ങളിലെ വ്യത്യാസത്തിൻെറ അടിസ്ഥാനം ഈ യാഥാർത്ഥ്യം ആണ്.

ഏറെക്കുറെ സമാനമായ സ്രോതസ്സുകളെ ആധാരമാക്കി സുവിശേഷരചന നടത്തിയെങ്കിലും മത്തായിയും, മർക്കോസും, ലൂക്കായും വരച്ചുകാണിക്കുന്ന ക്രിസ്തുചിത്രം വ്യത്യസ്തവും അതേസമയം സുന്ദരവുമാണ്.

## യോഹന്നാൻെറ സുവിശേഷം

സുവിശേഷരൂപീകരണത്തിലെ പുതിയൊരു വളർച്ചയുടെ ഘട്ടം കുറിക്കുന്നതാണു യോഹന്നാൻെറ സുവിശേഷം. യേശു സംഭവത്തെക്കുറിച്ച് ആഴമേറിയ ദൈവശാസ്ത്രവിചിന്തനങ്ങൾ യോഹന്നാൻെറ സുവിശേഷത്തിൽ കാണാം. യേശുവിൻെറ ഈലോകജീവിതത്തിനു മുൻപുള്ള അവസ്ഥയെക്കുറിച്ച്– പിതാവിനോടൊത്തുള്ള വചനത്തിൻെറ അസ്തിത്വത്തെക്കുറിച്ച്– യോഹന്നാൻ പ്രതിപാദിക്കുന്നുണ്ട്. യേശു സംഭവത്തിൻെറ പ്രതീകാത്മകതയ്ക്കു യോഹന്നാൻ ഊന്നൽ കൊടുക്കുന്നു. സമവീക്ഷണസുവിശേഷങ്ങൾ അവലംബമായി സ്വീകരിച്ചതിൽനിന്നു വ്യത്യസ്തമായ സ്രോതസ്സുകളെയാണു യോഹന്നാൻ സ്വീകരിച്ചത്.

വളരെ ദീർഘമായ ഒരു പ്രക്രിയയുടെ ചരിത്രപരമായ വികാസപരിണാമഫലമാണ് ഇന്നുള്ള സുവിശേഷങ്ങൾ. സുവിശേഷങ്ങളെ നാം സമീപിക്കേണ്ടതു യേശുവിൻെറ ജീവിതചരിത്രമെന്ന നിലയിലല്ലെന്നു സുവിശേഷരൂപീകരണ ചരിത്രം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. ആദിമസഭ അനുഭവിച്ചറിഞ്ഞ ഉത്ഥി

തനായ ക്രിസ്തുവിനെയാണ് സുവിശേഷങ്ങൾ നമുക്കു കാണിച്ചുതരുന്നത്. സുവിശേഷകന്മാർ വിശ്വസിക്കുകയും പ്രഘോഷിക്കുകയും ചെയ്ത കർത്താവിനെ കണ്ടുമുട്ടി അനുഭവിച്ചറിയുക എന്നതിലാണു സുവിശേഷങ്ങളോടുള്ള നമ്മുടെ ബന്ധം സ്ഥിതിചെയ്യുന്നത്.

## അപ്പസ്തോലപ്രവർത്തനങ്ങൾ

ആദിമസഭയുടെ പ്രവർത്തനചരിത്രമാണു പുതിയനിയമത്തിലെ അപ്പസ്തോലപ്രവർത്തനങ്ങൾ. രക്ഷയുടെ സുവിശേഷം ജറുസലെമിലും യൂദയാ മുഴുവനിലും എന്നുവേണ്ട ഭൂമിയുടെ അതിർത്തികൾവരെയും പ്രഘോഷിക്കപ്പെടുന്നതും ആ സദ്വാർത്ത ജനപദങ്ങൾ സ്വീകരിച്ചു രക്ഷപ്രാപിക്കുന്നതുമായ സംഭവങ്ങളാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ദൈവാരൂപിയുടെ സജീവസാന്നിദ്ധ്യം സഭയുടെ വളർച്ചയിൽ ഉടനീളം കാണപ്പെടുന്നുണ്ട്. സുവിശേഷം ഉൾക്കൊണ്ട ആദ്യത്തെ ജനസമൂഹത്തിന്റെ ജീവിതരീതിയുടെ ഒരു വാങ്മയചിത്രം അപ്പസ്തോലനടപടികളിൽ കാണാം.

"വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവുമായിരുന്നു. ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതുസ്വത്തായിരുന്നു... അവരെല്ലാവരുടെയുംമേൽ കൃപാവരം സമൃദ്ധമായി ഉണ്ടായിരുന്നു. അവരുടെയിടയിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല; കാരണം, പറമ്പും വീടും സ്വന്തമായി ഉണ്ടായിരുന്നവരെല്ലാം അവയത്രയും വിററുകിട്ടിയ തുക അപ്പസ്തോലന്മാരുടെ കാൽക്കൽ അർപ്പിച്ചു. അത് ആവശ്യമനുസരിച്ച് ഓരോരുത്തർക്കും വിതരണംചെയ്യപ്പെട്ടു"
(അപ്പ. 4:32-35).

ആദിമക്രൈസ്തവ സമൂഹത്തിന്റെ ഈ ജീവിതരീതി എത്ര മനോഹരം! അവരുടെ സ്നേഹവും ഐക്യവും നമ്മിൽ എന്നും കുടികൊള്ളണം.

## ലേഖനങ്ങൾ

ജനതകളെ ക്രിസ്തീയവിശ്വാസത്തിൽ ഉറപ്പിച്ചുനിർത്തുന്നതിനും അവരുടെ തെററുകുററങ്ങൾ ചൂണ്ടിക്കാണിച്ചു തിരുത്തുന്നതിനുംവേണ്ടി അപ്പസ്തോലന്മാർ തങ്ങളുടെ അജപാ

ലനാധികാരം ഉപയോഗിച്ച് എഴുതിയവയാണു ലേഖനങ്ങൾ എന്നപേരിൽ അറിയപ്പെടുന്ന പുതിയ നിയമഗ്രന്ഥങ്ങൾ. ലേഖനങ്ങളെ പൊതുവെ മൂന്നായി വിഭജിക്കാം.

1) വ്യത്യസ്ത സഭാവിഭാഗങ്ങൾക്കുവേണ്ടി എഴുതപ്പെട്ടത്.

2) വ്യക്തികൾക്കായി എഴുതപ്പെട്ടത്.

3) സാർവ്വത്രികസഭയ്ക്കുവേണ്ടി എഴുതപ്പെട്ടത്.

കൊറിന്ത്യർക്കും, എഫേസോസുകാർക്കും മററും വി. പൗലോസ് എഴുതിയിട്ടുള്ള ലേഖനങ്ങൾ വ്യത്യസ്തസഭകൾക്കുവേണ്ടിയുള്ള ലേഖനവിഭാഗത്തിൽപ്പെടുന്നു. തീത്തൂസ്, തിമോത്തി മുതലായവർക്കു വി. പൗലോസ് എഴുതിയ ലേഖനങ്ങൾ വ്യക്തികൾക്ക് എഴുതിയ ലേഖനങ്ങൾക്ക് ഉദാഹരണങ്ങളാണ്. സാർവ്വത്രികസഭയെ ഉദ്ദേശിച്ചുള്ളവയാണു വി. പത്രോസ്, യാക്കോബ്, യോഹന്നാൻ, യൂദാസ് എന്നിവരുടെ ലേഖനങ്ങൾ.

## പൗലോസിൻെറ ലേഖനങ്ങൾ

പൗലോസിൻെറപേരിൽ അറിയപ്പെടുന്നവയായി പതിന്നാലു ലേഖനങ്ങളുണ്ട്. അദ്ദേഹം ഒരു പ്രേഷിതനായിരുന്നല്ലോ. താൻ സ്ഥാപിച്ച വിവിധക്രൈസ്തവസമൂഹങ്ങളുടെ ആവശ്യങ്ങൾ മുന്നില് കണ്ടുകൊണ്ടാണ് അദ്ദേഹം ലേഖനരചനനടത്തുന്നത്.

തെററായ ധാരണകൾ തിരുത്തുന്നതിനും സംശയങ്ങൾ ദൂരീകരിക്കുന്നതിനും പ്രശ്നങ്ങൾക്ക് ഉത്തരം കൊടുക്കുന്നതിനും ആരോപണങ്ങൾക്കു മറുപടി പറയുന്നതിനും വേണ്ടിയാണു പൗലോസ് ലേഖനങ്ങൾ എഴുതിയിട്ടുള്ളത്. സർവ്വോപരി, ദൈവശാസ്ത്രതത്വങ്ങൾ ധാർമ്മികസിദ്ധാന്തങ്ങൾ എന്നിവയിൽ വിശ്വാസികൾക്കു അറിവുനല്കുക എന്നുള്ളതും അദ്ദേഹത്തിൻെറ ലേഖനങ്ങളുടെ ലക്ഷ്യമായിരുന്നു. ഉദാഹരണമായി, മരിച്ചവരുടെ ഉയിർപ്പിനെസംബന്ധിച്ചുള്ള ചോദ്യത്തിന് ഒരു മറുപടി എന്ന നിലയിൽ പൗലോസ് എഴുതുന്നു:

> "മരിച്ചവർ എങ്ങനെയാണ് ഉയിർപ്പിക്കപ്പെടുക?...... നശ്വരതയിൽ വിതയ്ക്കപ്പെടുന്നു. അനശ്വരതയിൽ ഉയിർപ്പിക്കപ്പെടുന്നു... വിതയ്ക്കപ്പെടുന്നതു ഭൗതികശരീരം. പുനർജ്ജീവിക്കുന്നത് ആത്മീയശരീരം. ഭൗതികശരീരമുണ്ടെങ്കിൽ ആത്മീയശരീരവുമുണ്ട്... ന

ന്മാം ഭൗമികൻെറ സാദൃശ്യം ധരിച്ചതുപോലെതന്നെ സ്വർഗ്ഗീയൻെറ സാദൃശ്യവും ധരിക്കും''

(1 കൊറി 15:35–49).

## സാർവ്വത്രികലേഖനങ്ങൾ

ഒരു പ്രത്യേക സ്ഥലത്തുള്ള ക്രൈസ്തവസമൂഹത്തെ ഉദ്ദേശിച്ച് എഴുതിയവയല്ല സാർവ്വത്രികലേഖനങ്ങൾ. ക്രൈസ്തവ ജീവിതത്തിനു നിയാമകമാകേണ്ട ധാർമ്മികതത്ത്വങ്ങളാണു പൊതുവേ ഈ ലേഖനങ്ങളിൽ പ്രതിപാദിക്കുന്നത്. സാർവ്വത്രിക ലേഖനങ്ങൾ ഏഴെണ്ണമുണ്ട്.

സാർവ്വത്രിക ലേഖനത്തിൽനിന്നു ഹൃദിസ്ഥമാക്കേണ്ട ഒരു ഗദ്യകവിതാശകലമാണു താഴെ കൊടുക്കുന്നത്:

''യേശുവാണു ക്രിസ്തുവെന്നു വിശ്വസിക്കുന്ന ഏവനും ദൈവത്തിൻെറ പുത്രനാണ്. പിതാവിനെ സ്നേഹിക്കുന്നവൻ അവൻെറ പുത്രനെയും സ്നേഹിക്കുന്നു. നമ്മൾ ദൈവത്തെ സ്നേഹിക്കുകയും അവിടുത്തെ കല്പനകൾ അനുസരിക്കുകയും ചെയ്യുമ്പോൾ ദൈവത്തിൻെറ മക്കളെ സ്നേഹിക്കുന്നു. ദൈവത്തെ സ്നേഹിക്കുകയെന്നാൽ അവിടുത്തെ കല്പനകൾ അനുസരിക്കുകയെന്നർത്ഥം. അവിടുത്തെ കല്പനകൾ ഭാരമുള്ളവയല്ല. ദൈവത്തിൽനിന്നു ജനിച്ച ഏവനും ലോകത്തെ കീഴടക്കുന്നു. ലോകത്തിന്മേലുള്ള വിജയം ഇതാണ്; നമ്മുടെ വിശ്വാസം. യേശു ദൈവപുത്രനാണെന്നു വിശ്വസിക്കുന്നവനല്ലാതെ മററാരാണ് ലോകത്തെ ജയിക്കുന്നത്? (1യോ 5:1–5)

## വെളിപാട്

പുതിയനിയമത്തിലെ അവസാനഗ്രന്ഥമാണു വെളിപാട്. ഏ. ഡി. 81 മുതൽ 96വരെ ഡൊമീഷ്യൻ ചക്രവർത്തിയായിരുന്നു റോമാസാമ്രാജ്യത്തിൻെറ അധിപൻ. അദ്ദേഹത്തിൻെറകാലത്ത് അതികഠിനമായ മതമർദ്ദനമുണ്ടായി. ചക്രവർത്തിയെ കർത്താവും ദൈവവുമായി ആരാധിക്കണമെന്ന കല്പന ക്രൈസ്തവസമൂഹം എതിർത്തു എന്നതായിരുന്നു മതമർദ്ദനത്തിൻെറ കാരണം. ചക്രവർത്തിയുടെ പീഡനങ്ങൾക്ക് ഇരയായതു റോ

മിലെ ഏഴു സഭകളായിരുന്നു. അവർക്ക് ആത്മധൈര്യം പകരുന്നതിനുവേണ്ടി രചിക്കപ്പെട്ടതാണു വെളിപാടുഗ്രന്ഥം. പ്രതീകങ്ങൾ ഉപയോഗിച്ച് നിഗൂഢസത്യങ്ങൾ അവതരിപ്പിക്കുന്ന സാഹിത്യശൈലിയാണു വെളിപാടിന്റേത്.

ഏഷ്യാ മൈനറിൽ എഫേസോസിനു സമീപമുള്ള പാത്മോസ് ദ്വീപിൽവച്ചാണ് ഈ ഗ്രന്ഥം രചിക്കപ്പെട്ടത്. വി. യോഹന്നാനാണു ഗ്രന്ഥകാരൻ.

ക്രിസ്തുവിനും അനുയായികൾക്കുമെതിരേ ലോകാവസാനംവരെ തിന്മയുടെ പോരാട്ടമുണ്ടാകുമെന്നു വെളിപാട്ഗ്രന്ഥം മുന്നറിയിപ്പു നല്കുന്നു. തിന്മയുടെ ശക്തികൾക്കെതിരേ വിശ്വാസപൂർവ്വം പിടിച്ചുനിൽക്കുന്നവർക്ക് ഒരു പുതിയ ആകാശവും പുതിയ ഭൂമിയും വാഗ്ദാനംചെയ്തുകൊണ്ട് വെളിപാടുപുസ്തകം സമാപിക്കുന്നു.

## 1. ഉത്തരങ്ങൾ പഠിക്കുക

1. ആദിമസഭയുടെ മതബോധനത്തിന്റെ ഉള്ളടക്കം എന്തായിരുന്നു?
2. ക്രിസ്തുവിന്റെ ജീവിതചരിത്രം മാത്രമാണോ സുവിശേഷം എന്നു പരിശോധിക്കുക.
3. ആദിമ ക്രൈസ്തവസമൂഹത്തിന്റെ ജീവിതരീതി അപ്പസ്തോലപ്രവർത്തനങ്ങളെ അടിസ്ഥാനപ്പെടുത്തി വിവരിക്കുക?
4. വി. പൗലോസിന്റെ ലേഖനങ്ങളുടെ പൊതുസ്വഭാവം എന്ത്?

## 2. പ്രാവർത്തികമാക്കുക

1. സാർവ്വത്രികലേഖനങ്ങളിൽനിന്ന് നിങ്ങൾക്ക് ഏററം ഇഷ്ടപ്പെട്ട ഒരു ലേഖനഭാഗം കുറിക്കുക.
2. പുതിയനിയമത്തിലെ പുസ്തകങ്ങളുടെ പേരുകൾ ക്രമമായി എഴുതുക.

## 3. ചർച്ചചെയ്യുക

ആദിമസഭയുടെ പ്രഘോഷണത്തിലെ മുഖ്യവിഷയങ്ങളെപ്പററി ചർച്ചചെയ്യുക.

# 5

# വചനം, വചനസാരം

ആദിമക്രൈസ്തവസമൂഹം ഭൂമുഖത്ത് ഉടലെടുത്തകാലം. പത്രോസും യോഹന്നാനും ഇതരശിഷ്യന്മാരും ആവേശപൂർവ്വം ക്രിസ്തുവിൻെറ സദ്വാർത്ത ജറുസലെത്തെങ്ങും പ്രഘോഷിച്ചു നടക്കുന്ന നാളുകൾ. കർത്താവിൻെറ ഒരു ദൂതൻ പീലിപ്പോസിനോടു പറഞ്ഞു:

'എഴുന്നേററ് തെക്കോട്ടുനടന്ന് ജറുസലെത്തുനിന്ന് ഗാസായിലേക്കുള്ള പാതയിലെത്തുക'.

പീലിപ്പോസ് എഴുന്നേററുനടന്ന് ആ വിജനപാതയിലെത്തി. അപ്പോൾ എത്യോപ്യാരാജ്ഞിയായ കാൻദാക്കെയുടെ ഭണ്ഡാരവിചാരിപ്പുകാരൻ ഒരു രഥത്തിൽ ആ വഴിക്കുവന്നു. ജറുസലെമിൽ ദൈവാരാധനയ്ക്കു പോയിട്ട് തിരിച്ചുവരുകയായിരുന്നു അയാൾ. അയാൾ രഥത്തിലിരുന്ന് ഏശയ്യായുടെ പ്രവചനം വായിക്കുകയാണ്. പീലിപ്പോസ് ആ രഥത്തോടു ചേർന്നുനടന്നു. അദ്ദേഹം ആ കാര്യസ്ഥനോട് ചോദിച്ചു:

'വായിക്കുന്നത് മനസ്സിലാകുന്നുണ്ടോ?'

അയാൾ മറുപടി പറഞ്ഞു:

'ആരെങ്കിലും വ്യാഖ്യാനിച്ചുതരാതെ എങ്ങനെയാണ് ഞാൻ മനസ്സിലാക്കുന്നത്?' തന്നോടൊപ്പം രഥത്തിൽ കയറിയിരിക്കാൻ അയാൾ പീലിപ്പോസിനോട് അപേക്ഷിച്ചു. അദ്ദേഹം അതനുസരിച്ചു.

അപ്പസ്തോലപ്രവർത്തനങ്ങൾ എട്ടാം അദ്ധ്യായത്തിൽ വിവരിക്കുന്ന ഒരു സംഭവമാണിത്. എത്ര പ്രഗൽഭനായ വ്യക്തിക്കും ദൈവനിവേശിത ഗ്രന്ഥമായ ബൈബിൾ സ്വയം വായിച്ചുഗ്രഹിക്കാൻ കഴിയുകയില്ലെന്നാണല്ലോ ഈ സംഭവം ചൂണ്ടിക്കാട്ടുന്നത്. ഭാഷാപരമായ ദുർഗ്രഹതകൊണ്ടാണ് ബൈബിൾ മനസ്സിലാക്കാൻ കഴിയാതെ വരുന്നതെന്ന് വിചാരിക്കരുത്. വിജ്ഞാനിയായ ഒരു വ്യാഖ്യാതാവിനെ കൂടാതെ വിശുദ്ധഗ്രന്ഥങ്ങൾ ഗ്രഹിക്കാൻ സാധിക്കാതെ വരുന്നു. കാരണം,

അതിൽ പ്രതിപാദിക്കുന്നത് അലൗകികസന്ദേശങ്ങളും അലൗകികസത്യങ്ങളുമാണ്. വാച്യാർത്ഥത്തിൽ മനസ്സിലാക്കേണ്ടതും വ്യംഗ്യാർത്ഥത്തിൽ മനസ്സിലാക്കേണ്ടതുമായ പ്രതിപാദ്യങ്ങൾ അതിലുണ്ട്.

എത്യോപ്യാക്കാരൻ രഥത്തിലിരുന്ന് വായിച്ച വിശുദ്ധ ഗ്രന്ഥഭാഗം ഇവിടെ ഉദ്ധരിക്കുന്നു:

"അവൻ മർദ്ദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. എങ്കിലും അവൻ ഉരിയാടിയില്ല; കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പിൽ നില്ക്കുന്ന ചെമ്മരിയാടിനെപ്പോലെയും അവൻ മൗനം പാലിച്ചു. മർദ്ദനത്തിനും ശിക്ഷാവിധിക്കും വിധേയനായി അവൻ എടുക്കപ്പെട്ടു. എന്റെ ജനത്തിന്റെ പാപം നിമിത്തമാണ് അവൻ പീഡനമേററു ജീവിക്കുന്നവരുടെ ഇടയിൽനിന്ന് വിച്ഛേദിക്കപ്പെട്ടതെന്ന് അവന്റെ തലമുറയിൽ ആരു കരുതി?" (ഏശ. 53:7–9).

ഇത്രയും ഭാഗം വായിച്ചിട്ട് അയാൾ പീലിപ്പോസിനോടു ചോദിച്ചു:

'ആരെക്കുറിച്ചാണ് പ്രവാചകൻ ഇത് പറഞ്ഞിരിക്കുന്നത്? തന്നെക്കുറിച്ചോ? അതോ മററൊരാളെക്കുറിച്ചോ?'

ആ എത്യോപ്യാക്കാരനുണ്ടായ സംശയം ഏതു സാധാരണ വായനക്കാരനും തോന്നാവുന്നതാണ്. ഇതുപോലുള്ള സംശയങ്ങൾ വ്യാഖ്യാനംവഴി പരിഹരിച്ചു തരുവാൻ ഒരു വിശുദ്ധ ഗ്രന്ഥപണ്ഡിതനേ സാധിക്കൂ. ബൈബിളിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങളുടെ ശരിയായ അർത്ഥം മനസ്സിലാക്കുന്നതിന്, ദൈവവചനസാരം ഗ്രഹിക്കുന്നതിന്, ദൈവശാസ്ത്രപരമായ വ്യാഖ്യാനം ആവശ്യമായി വരുന്നു.

ബൈബിൾ ഓരോരുത്തനും യഥേഷ്ടം വ്യാഖ്യാനിച്ചു തുടങ്ങിയാൽ അബദ്ധസിദ്ധാന്തങ്ങളുടെ ഒരു കൂമ്പാരമായിരിക്കും ഉണ്ടാവുക. വ്യക്തിപരമായ വ്യാഖ്യാനങ്ങളുടെ ഫലമായിട്ടാണ് സഭയിൽ ഭിന്നിപ്പുണ്ടാകുന്നത്. ഐക്യത്തിന്റെ അടിസ്ഥാനശിലയായിരിക്കേണ്ട വേദഗ്രന്ഥത്തെ അനൈക്യത്തിന്റെ ഉറവിടമാക്കരുതല്ലോ. തന്മൂലം ബൈബിൾ വ്യാഖ്യാനിക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ, വ്യാഖ്യാനത്തിന്റെ അടിസ്ഥാനതത്ത്വങ്ങളായിക്കരുതണം:

### 1. ദൈവനിവേശിതത്വം

ബൈബിൾ ദൈവനിവേശിതഗ്രന്ഥമാണ്. വിശുദ്ധലിഖിതമെല്ലാം ദൈവനിവേശിതമാണ് (2 തിമോ. 3:16). അത് പരിശുദ്ധാത്മാവിൻെറ പ്രചോദനത്താൽ എഴുതപ്പെട്ടതാണ്. ദൈവം ബൈബിളിലൂടെ നമ്മോട് എന്തു പറയുന്നു എന്നറിയാൻ പരിശുദ്ധാത്മാവിൻെറ സഹായമാവശ്യമാണ്. ആ സഹായം എല്ലാവർക്കും വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ടെന്നതു ശരിതന്നെ. പക്ഷേ, പാപപങ്കിലമായ പ്രകൃതിയും പരിമിതമായ അറിവുമാണ് ഓരോ വ്യക്തിക്കുമുള്ളത്. അതുകൊണ്ട് ചിലപ്പോൾ സ്വന്തം താത്പര്യങ്ങളും നിഗമനങ്ങളും പരിശുദ്ധാത്മാവിൻെറ പ്രചോദനമായി തെററിദ്ധരിക്കാനിടയുണ്ട്. ബൈബിൾ ആരും സ്വന്തമായി വ്യാഖ്യാനിക്കരുതെന്ന് ബൈബിളിൽത്തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്:

> "ആദ്യം നിങ്ങൾ ഇതു മനസ്സിലാക്കുവിൻ: വിശുദ്ധലിഖിതത്തിലെ പ്രവചനങ്ങൾ ഒന്നും ആരുടെയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല" (2 പത്രോ. 1:20).

എന്തുകൊണ്ട് സ്വന്തമായി വ്യാഖ്യാനിച്ചുകൂടാ? ഈ ചോദ്യത്തിൻെറ ഉത്തരവും ബൈബിളിൽത്തന്നെയുണ്ട്:

> "എന്തുകൊണ്ടെന്നാൽ, പ്രവചനങ്ങൾ ഒരിക്കലും മാനുഷികപ്രചോദനയാൽ രൂപം കൊണ്ടതല്ല. പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ദൈവത്തിൻെറ മനുഷ്യർ സംസാരിച്ചവയാണ്'" (2 പത്രോ. 1:21).

ബൈബിൾ ദൈവത്തിൻെറ വചനമാണ്. അത് അർഹിക്കുന്ന ആദരവോടെ വേണം വായിക്കാനും വ്യാഖ്യാനിക്കാനും. ദൈവവും ദൈവപ്രേരിതനായ ഗ്രന്ഥകാരനും എന്തു സന്ദേശമാണു നല്കാനുദ്ദേശിക്കുന്നതെന്നു ഗ്രഹിക്കുവാൻ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടുവേണം അതുവായിക്കാനും വ്യാഖ്യാനിക്കുവാനും. തന്നിഷ്ടംപോലെ വ്യാഖ്യാനിക്കാനുള്ളതല്ല ദൈവവചനം. പലരും ബൈബിൾവാക്യങ്ങളെ വളച്ചൊടിക്കുന്നുവെന്ന് വി. പത്രോസ്, ഒരു മുന്നറിയിപ്പായിട്ട് രേഖപ്പെടുത്തിയിട്ടുണ്ടല്ലോ (2 പത്രോ. 3:16–17).

### 2. അപ്രമാദിത്വം

സത്യം തന്നെയായ ദൈവമാണ് ബൈബിളിൻെറ യഥാർത്ഥ കർത്താവ്. അതിനാൽ ബൈബിളിൽ സത്യവിരുദ്ധമായ

പഠനങ്ങൾ ഉണ്ടായിരിക്കുകയില്ല. ആധുനികശാസ്ത്രത്തിൻെറയും ചരിത്രപഠനങ്ങളുടെയും കാഴ്ചപ്പാടിൽനിന്നു നോക്കുമ്പോൾ ബൈബിളിലെ ചില പ്രസ്താവനകൾ ശരിയല്ലെന്നു തോന്നാം. ശാസ്ത്രമോ ചരിത്രമോ പഠിപ്പിക്കുക ബൈബിളിൻെറ ലക്ഷ്യമല്ല. അത് രക്ഷയുടെ ചരിത്രമാണ്. ഈ അവബോധത്തോടെ അതിൻെറ സന്ദേശം കണ്ടെത്താൻ ശ്രമിക്കുമ്പോൾ അത് പ്രമാദരഹിതമാണെന്നു മനസ്സിലാകും.

വിശ്വാസികൾക്കുവേണ്ടി, വിശ്വാസികൾ ദൈവപ്രേരിതരായി എഴുതിയതാണല്ലോ വിശുദ്ധഗ്രന്ഥം. വിശ്വാസത്തിൻെറ വെളിച്ചത്തിലാണ് അതു വായിക്കേണ്ടത്. വിശ്വാസം ബുദ്ധിക്കും യുക്തിക്കും വിരുദ്ധമല്ല, അതീതമാണ് എന്ന കാര്യം മറക്കാൻ പാടില്ല.

## വ്യാഖ്യാനത്തിൻെറ മാനദണ്ഡങ്ങൾ

വി. ഗ്രന്ഥം വായിച്ചു മനസിലാക്കുകയോ വ്യാഖ്യാനിക്കുകയോ ആരുടെയെങ്കിലും വ്യാഖ്യാനം പഠിക്കുകയോ ചെയ്യുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ വ്യാഖ്യാനത്തിൻെറ മാനദണ്ഡങ്ങളെന്ന നിലയിൽ, പ്രത്യേകം ഓർമ്മിച്ചിരിക്കേണ്ടതാണ്:



വചനം വ്യാഖ്യാനിക്കുന്ന യേശു

### 1. ചരിത്രപശ്ചാത്തലം

അനേകം നൂററാണ്ടുകളിലായി അനേകം വ്യക്തികൾ എഴുതിയ ഗ്രന്ഥമാണു ബൈബിൾ. അതുകൊണ്ട് ബൈബിൾ വ്യാഖ്യാനത്തിൽ ശ്രദ്ധിക്കേണ്ട ഒരു പ്രധാന കാര്യം അത് എഴുതപ്പെട്ട ചരിത്രപശ്ചാത്തലമാണ്. എഴുതപ്പെട്ടകാലം, ആ കാലഘട്ടത്തിലെ സാംസ്കാരികനില, എഴുതുന്നവരുടെയും വായിക്കാനുള്ളവരുടെയും ജീവിതപശ്ചാത്തലം മുതലായ കാ

ര്യങ്ങ൦ ശ്രദ്ധാപൂർവ്വം പരിഗണിക്കണം. ബൈബിറം എഴുതപ്പെട്ട കാലഘട്ടത്തിലേക്ക് ഇറങ്ങിച്ചെല്ലാതെ ബൈബിറം വ്യാഖ്യാനിച്ചാൽ തെററുപററുമെന്ന് തീർച്ചയാണ്.

### 2. *സാഹിത്യരൂപവും ഭാഷയും*

വേദഗ്രന്ഥത്തിൽ കഥകളും ചരിത്രസംഭവവിവരണങ്ങളും കാവ്യങ്ങളും, ഉപദേശങ്ങളും കല്പനകളും എല്ലാമുണ്ട്. സാഹിത്യരൂപത്തിൻെറ വ്യത്യാസമനുസരിച്ച് സന്ദേശം ഗ്രഹിക്കുവാൻ നാം ശ്രമിക്കണം. ബൈബിളിലെ ഏതെങ്കിലും ഒരു ഗ്രന്ഥം അഥവാ ഗ്രന്ഥഭാഗം ഒരു കഥയോ കവിതയോ ആണെങ്കിൽ അതിൻെറ സാരാംശമാണ്, വാച്യാർത്ഥമല്ല, ഗ്രഹിക്കേണ്ടത്. വിശുദ്ധ ഗ്രന്ഥത്തിലെ സാഹിത്യരൂപങ്ങ൦, വ്യാഖ്യാനത്തെ സംബന്ധിച്ചിടത്തോളം പ്രത്യേകം പരിഗണിക്കണമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നു:

> "വിശുദ്ധ ലിഖിതങ്ങളിൽ ദൈവം മനുഷ്യർവഴി മാനുഷികമായ രീതിയിലാണ് സംസാരിച്ചത്. വിശുദ്ധ ഗ്രന്ഥകാരന്മാരുടെ ഉദ്ദേശ്യം ആരായുന്നവർ ഇതിനുവേണ്ടി മററുപലതിൻെറയും കൂട്ടത്തിൽ പരിശോധിക്കേണ്ടത് അവരുടെ സാഹിത്യരൂപത്തെയാണ്. കാരണം, വിവിധ രീതികളിലാണ് വിശുദ്ധ ലിഖിതങ്ങളിൽ സത്യം ആവിഷ്കരിച്ച് പ്രകാശിപ്പിച്ചിട്ടുള്ളത്. ഒരു സ്ഥലത്ത് ചരിത്രാനുസാരേണയെങ്കിൽ മറെറാരിടത്ത് പ്രവചനപരമായിരിക്കും; വേറൊരിടത്ത് കവിതയിലൂടെയോ മററേതെങ്കിലും സാഹിത്യരൂപത്തിലൂടെയോ ആകാം" (ദൈവാവിഷ്കരണം 12).

### 3. *സന്ദേശത്തിൻെറ സമഗ്രത*

വിശുദ്ധ ലിഖിതങ്ങ൦ ഓരോന്നും അതിൽത്തന്നെ സമ്പൂർണ്ണമല്ല. പട്ടുനൂലിൽ കോർത്തിണക്കിയിരിക്കുന്ന ഒരു പൂമാല്യംപോലെ എഴുപത്തിമൂന്നു പുസ്തകങ്ങളെയും രക്ഷാകര സന്ദേശമെന്ന പട്ടുനൂലിൽ കോർത്തിണക്കിയിരിക്കുകയാണ്. തന്മൂലം അവയെ ഒന്നായിക്കണ്ടുകൊണ്ടുവേണം വ്യാഖ്യാനിക്കാൻ. പരസ്പര ബന്ധമില്ലാത്തവയാണെന്ന് വിചാരിച്ച് വ്യാഖ്യാനിക്കാൻ പാടില്ല. അതുപോലെതന്നെ വേദപുസ്തകത്തിലെ ഒരു വാചകത്തെയോ ഒരാശയത്തെയോ വേദപുസ്തകത്തിൻെറ ആകെക്കൂടിയുള്ള സന്ദേശത്തോടു ബന്ധിപ്പിക്കാതെ

വ്യാഖ്യാനിക്കാൻ പാടില്ല. ഒരാശയം മറെറാന്നിൻെറ പൂരകമായിരിക്കാം. വിശ്വാസത്തെയും പ്രവൃത്തിയെയും കുറിച്ചുള്ള ഉപദേശങ്ങ‍ാം (റോമ. 3:22; 4:5; യാക്കോ.2:17) ഇതിനൊരു ഉദാഹരണമാണ്.

### *4. സഭയുടെ പ്രബോധനാധികാരം*

സത്കർമ്മങ്ങളിലൂടെയുള്ള ജീവിതസാക്ഷ്യത്തിനും വിശുദ്ധിയിലുള്ള പൂർണ്ണതയ്ക്കും ഉപകരിക്കുന്ന ദൈവവചനങ്ങളാണല്ലോ വേദഗ്രന്ഥത്തിലുള്ളത്. ഒരേമാനദണ്ഡമാണ് ജീവിതവിശുദ്ധിക്കായി വേദഗ്രന്ഥം നല്കുന്നത്. അതനുസരിച്ചാണ് ക്രൈസ്തവർ ജീവിക്കേണ്ടതും. വേദഗ്രന്ഥവ്യാഖ്യാനത്തിൽ അടിസ്ഥാനപരമായ ഈ ഐക്യം പുലർത്തിയാലേ ജീവിതവിശുദ്ധിയിലും ഐക്യം നിലനിറുത്താനാവൂ. സ്വർഗ്ഗസ്ഥനായ ഒരേ പിതാവിൻെറ പൂർണ്ണതയെ ലക്ഷ്യം വച്ചാണല്ലോ എല്ലാവരും നീങ്ങേണ്ടത് (മത്താ.5:48; ലൂക്കാ 6:36). വിശുദ്ധ ഗ്രന്ഥം ഓരോരുത്തരും സ്വന്തമായി വ്യാഖ്യാനിച്ചാൽ ഈ വിശുദ്ധിയുടെ മാനദണ്ഡം നഷ്ടപ്പെടാനിടയുണ്ട്. ഓരോരുത്തരും ദൈവാത്മാവിൽ നയിക്കപ്പെട്ടാൽതന്നെയും ദൈവപ്രേരണകളെ വിവേചിച്ചറിയാനും ഏകോപിപ്പിക്കാനും വ്യക്തികൾക്ക് സാധിച്ചെന്നുവരുകയില്ല. തന്മൂലം വ്യാഖ്യാനത്തിനുള്ള അധികാരം സഭയ്ക്കാണ് നല്കപ്പെട്ടിരിക്കുന്നത്. വിശ്വാസത്തെയും സന്മാർഗ്ഗത്തെയും പററിയുള്ള ദൈവവചനവ്യാഖ്യാനം സഭയുടെ അധികാരത്തിൽപ്പെട്ടതാണ്. വേദഗ്രന്ഥരചനയ്ക്ക് പ്രേരണ നല്കിയ പരിശുദ്ധാത്മാവ് സഭയെ നയിക്കുന്നതുകൊണ്ട് സഭയുടെ വ്യാഖ്യാനത്തിൽ തെററുവരുകയില്ല. സഭയുടെ പ്രബോധനാധികാരം വേദഗ്രന്ഥത്തിന് ഔദ്യോഗികവും അന്തിമവുമായ വ്യാഖ്യാനം നല്കുന്നു.



ആധികാരിക പ്രബോധനം

സഭയിലാണ് ബൈബിൾ രൂപംകൊണ്ടത്; സഭയാണ് അത് കാത്തുസൂക്ഷിച്ചതും. സഭയുടെ ഔദ്യോഗികവ്യാഖ്യാനത്തി

നുചേർന്ന വിധത്തിലായിരിക്കണം നമ്മൾ ബൈബിൾ മനസ്സിലാക്കുന്നത്. സഭയുടെ വ്യാഖ്യാനത്തോട് ഒത്തുപോകാത്ത ഒരു വ്യാഖ്യാനം ശരിയായിരിക്കുകയില്ല.

*5. പാരമ്പര്യം*

ബൈബിൾ വ്യാഖ്യാനത്തിൽ പാരമ്പര്യത്തെ പരിഗണിക്കേണ്ടതുണ്ട്. ബൈബിളും പാരമ്പര്യവും പരസ്പരപൂരകങ്ങളാണ്. സഭയുടെ പരമ്പരാഗതങ്ങളായ, ആദിമ നൂററാണ്ടുമുതലുള്ള, പഠനങ്ങളും വ്യാഖ്യാനങ്ങളും നാം പരിത്യജിക്കാൻ പാടില്ല. ബൈബിൾ യഥാർത്ഥവേദഗ്രന്ഥമാണെന്ന് തെളിയിക്കുന്നതിൽ ഒരു പ്രധാനപങ്കു വഹിക്കുന്നത് പാരമ്പര്യമാണല്ലോ. ബൈബിളിൽ നിഗൂഢവും വ്യംഗ്യവുമായി സ്ഥിതിചെയ്യുന്ന സത്യങ്ങൾ പാരമ്പര്യത്തിലൂടെ പൂർണ്ണമായി വെളിപ്പെടുന്നു. വി. ലിഖിതങ്ങളിൽ സ്പഷ്ടമാകാത്ത ചില വിശ്വാസസത്യങ്ങൾ പില്ക്കാലത്ത് സഭ പ്രഖ്യാപിച്ചുവെന്നുവരാം. സഭാപാരമ്പര്യവും വിശുദ്ധഗ്രന്ഥവും വിശ്വാസസത്യമെന്ന സ്വർണ്ണനാണ്യത്തിൻെറ ഇരുവശങ്ങളായി നാം കാണണം.

*6. ബൈബിളിലെ ചരിത്രം*

വിശുദ്ധ ഗ്രന്ഥം മനുഷ്യരക്ഷയുടെ ചരിത്രമാണ്. വസ്തുതകളും സംഭവങ്ങളും അനിഷേധ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ വിവരിക്കുന്ന ഒരു ലോകചരിത്രമോ ഇസ്രായേൽ ചരിത്രമോ അല്ല ബൈബിൾ.

ബൈബിളിലെ ചരിത്രപരമായ വിവരണങ്ങളിൽ അടിസ്ഥാനപരമായ ചരിത്രപരത (Substantial historicity) ഉണ്ടെന്നത് സത്യംതന്നെ. പക്ഷേ അവയുടെ വിശദാംശങ്ങളിൽ ചിലയിടത്ത് ചരിത്രപരമായ കൃത്യതയുണ്ടായിരിക്കുകയില്ല. കാരണം അതു പ്രധാനമായും ദൈവ – മനുഷ്യബന്ധത്തിൻെറ ചരിത്രമാണ്. ആധുനിക കാഴ്ചപ്പാടിലുള്ള ഒരു ചരിത്രമെന്നതിനേക്കാൾ ചരിത്രത്തിൻെറ ദൈവശാസ്ത്രപരമായ കാഴ്ചപ്പാട് അവതരിപ്പിക്കുന്ന ഗ്രന്ഥമായി ബൈബിളിനെ കാണണം. ബൈബിളിൽ ചരിത്രമുണ്ട്; പക്ഷേ കേവലം ചരിത്രം പഠിപ്പിക്കലല്ല ബൈബിളിൻെറ ലക്ഷ്യം. ബൈബിൾ വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുമ്പോൾ ഇക്കാര്യവും ഓർമ്മിച്ചിരിക്കേണ്ടതാണ്.

ബൈബിൾ ഒരു ശാസ്ത്രഗ്രന്ഥമല്ല. ശാസ്ത്രീയ വസ്തുതകൾ അപഗ്രഥിക്കുകയോ അവതരിപ്പിക്കുകയോ അല്ല ബൈബിളിന്റെ ലക്ഷ്യം. ദൈവം നല്കുന്ന സ്നേഹത്തിന്റെയും കരുണയുടെയും രക്ഷയുടെയും ചരിത്രമാണത്. വിശ്വാസത്തിന്റെ വെളിച്ചത്തിലേ അത് ശരിയായി ഗ്രഹിക്കാനാവൂ. ജ്യോതിശ്ശാസ്ത്രമോ ഊർജ്ജതന്ത്രമോ ജന്തുശാസ്ത്രമോ പഠിപ്പിക്കുകയല്ല, ജ്യോതിർഗോളങ്ങളുടെയും ഊർജ്ജത്തിന്റെയും ജീവന്റെയും ഉറവിടമായ ഈശ്വരനിലേക്കുള്ള വഴി കാണിക്കുകയാണ് അതിന്റെ ലക്ഷ്യമെന്നു പറയാം.

ഒരേസംഗതിയെപ്പററി ബൈബിളിലും ശാസ്ത്രഗ്രന്ഥത്തിലും വ്യത്യസ്ത വിവരണമായിരിക്കും കാണുന്നത്. ഉദാഹരണമായി താഴെക്കൊടുക്കുന്ന രണ്ടു പ്രതിപാദ്യങ്ങൾ ശ്രദ്ധിക്കുക:

## എ. മനുഷ്യോത്പത്തി – ശാസ്ത്രകാരന്റെ ദൃഷ്ടിയിൽ

അതിപുരാതനകാലത്ത് – രണ്ടുലക്ഷം കോടി വർഷങ്ങൾക്കുമുൻപ് – ഉദ്ഭവിച്ച ലളിതഘടനയോടുകൂടിയ ജീവികളിൽ നിന്ന് ഇന്നു നാം കാണുന്ന അതിസൂക്ഷ്മങ്ങളായ അണുജീവികൾ മുതൽ ബുദ്ധിയെന്ന പ്രത്യേക ഗുണവിശേഷത്തോടുകൂടിയ മനുഷ്യൻവരെയുള്ള ജീവജാലങ്ങൾ വളരെ സാവകാശത്തിൽ നടന്ന പരിവർത്തനഫലമായി ഉദ്ഭവിച്ചു.

(ജീവശാസ്ത്രം പരിണാമം ജന്തുക്കളിൽ, കേരള സംസ്ഥാന വിദ്യാഭ്യാസ ഇൻസ്ററിട്യൂട്ട് തയ്യാറാക്കിയത്).

## ബി. മനുഷ്യോത്പത്തി – വി. ഗ്രന്ഥകാരന്റെ ദൃഷ്ടിയിൽ

ദൈവം അരുൾചെയ്തു: നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം...

...ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ടു മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിക്കുകയും ചെയ്തു...

അങ്ങനെ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു:

സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു.
ദൈവം അവരെ അനുഗ്രഹിച്ചു: സന്താനപുഷ്ടിയു
ള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതി
നെ കീഴടക്കുവിൻ.

താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നുവെന്നു
ദൈവം കണ്ടു.

സന്ധ്യയായി, ഉഷസ്സായി – ആറാം ദിവസം

(ഉൽപ. 1:26–31).

ഈ രണ്ടു പ്രസ്താവങ്ങളും വായിക്കുന്ന ഒരു വിദ്യാർത്ഥി ഏതിനെയാണ് ശരിയെന്നു കരുതുക? ബൈബിശം തെററന്നു പറയാൻ അയാശക്കു വൈഷമ്യമുണ്ടെങ്കിലും ശാസ്ത്രം പറയുന്നതുതന്നെ ശരിയെന്ന് അയാശ വിശ്വസിക്കും. ബൈബിശ വചനങ്ങശ വാച്യാർത്ഥത്തിൽ മനസ്സിലാക്കാൻ ശ്രമിച്ചതിൻെറ ഫലമാണിത്. ശാസ്ത്രത്തിൻെറ ലക്ഷ്യവും ബൈബിളിൻെറ ലക്ഷ്യവും ഒന്നുതന്നെയെന്നുള്ള വിചാരവും യുവവിദ്യാർത്ഥികളെ കുഴയ്ക്കുന്നു. നിരീക്ഷണപരീക്ഷണങ്ങളിലൂടെ പ്രപഞ്ചവസ്തുക്കളെ വിശകലനം ചെയ്യുകയും വിശദീകരിക്കുകയും ചെയ്യുകമാത്രമാണ് ശാസ്ത്രത്തിൻെറ ലക്ഷ്യം.

മനുഷ്യൻ എവിടെനിന്നു വന്നു? മനുഷ്യജീവിതത്തിൻെറ അർത്ഥമെന്ത്? ലക്ഷ്യമെന്ത്? ആ ലക്ഷ്യം നേടാനുള്ള മാർഗ്ഗമെന്ത്? എന്നീ അടിസ്ഥാനപ്രശ്നങ്ങശക്ക് ഉത്തരം നല്കുകയാണ് ബൈബിളിൻെറ ലക്ഷ്യം. ശാസ്ത്രത്തെയും ബൈബിളിനെയും അവയുടെ ഭിന്ന ലക്ഷ്യങ്ങശ മുൻനിറുത്തി മനസ്സിലാക്കാത്തതുകൊണ്ടാണ് ഒരു വസ്തുതയെ മുൻനിർത്തിയുള്ള ശാസ്ത്രവിശകലനവും അതേകാര്യത്തെക്കുറിച്ചുള്ള ബൈബിശ വിവരണവും തമ്മിൽ വൈരുദ്ധ്യം തോന്നുന്നത്.

മനുഷ്യോത്പത്തിയെക്കുറിച്ചുള്ള ഉത്പത്തി പുസ്തകത്തിലെ വിവരണം നിങ്ങശ കണ്ടുകഴിഞ്ഞല്ലോ. സൃഷ്ടിയുടെ പുസ്തകം എഴുതപ്പെട്ട കാലഘട്ടത്തിലെ മനുഷ്യരുടെ ജീവിതത്തിൻെറ പശ്ചാത്തലത്തിലാണ് അതിൻെറ രചന.

കുശവൻ, കളിമണ്ണുകൊണ്ട് കൗതുകവസ്തുക്കളും പാത്രങ്ങളും നിർമ്മിക്കുന്നത് അക്കാലത്തെ ജനങ്ങശക്കു സുപരിചിതമായ ഒരു കാര്യമായിരുന്നു. വെറും കളിമണ്ണ് കുശവൻെറ കരവിരുതുകൊണ്ട് മണിക്കൂറുകശക്കകം അതിമനോഹരമായ

പാത്രമായിത്തീരുന്നു, രാജധാനിയിൽ മഹാരാജാവ് കരതലങ്ങളിലേന്തുന്ന പാനപാത്രമായി അതു മാറുന്നു. കുറച്ചു മുൻപ് ആ പാത്രത്തിനു അസ്തിത്വമേ ഇല്ലായിരുന്നു. ഇപ്പോൾ അതിന് അസ്തിത്വമുണ്ട്; അതും അത്യാകർഷകമായ അസ്തിത്വം!

മനുഷ്യോത്പത്തിയെക്കുറിച്ചുള്ള സൃഷ്ടിയുടെ പുസ്തകത്തിലെ ഭാവാത്മകഗീതം എത്ര അർത്ഥഗർഭമാണെന്നു നോക്കൂ.

ദൈവം പൂഴികൊണ്ട് മനുഷ്യരൂപം മെനഞ്ഞെടുക്കുന്നതായിട്ടാണല്ലോ ആ ഭാവഗീതത്തിന്റെ തുടക്കം.

കളിമണ്ണുകൊണ്ടു ഒരു ശില്പി പ്രതിമ നിർമ്മിക്കുന്നു. ആ പ്രതിമയുടെ സർവ്വഅവയവങ്ങളും കുററമററതായിരിക്കണമെന്ന് ശില്പിക്ക് നിർബന്ധമുണ്ട്. അതിനാൽ പെരുവിരൽ മുതൽ നെറുകന്തലവരെയുള്ള എല്ലാ അവയവങ്ങളുടെയും ഭംഗിയിൽ അയാൾ ശ്രദ്ധിക്കുന്നു. മനുഷ്യസൃഷ്ടിയിലും പ്രപഞ്ചശില്പി ഇതേ കരുതലും കരവിരുതും പ്രകടിപ്പിച്ചു. ഈ ശരീരം നിന്ദ്യമല്ല, ശാരീരികാവശ്യങ്ങളും നിഷിദ്ധമല്ല. ദൈവം മനുഷ്യന്റെ കാര്യത്തിൽ തികഞ്ഞ ശ്രദ്ധാലുവാണ്. അത് അരക്കിട്ടുറപ്പിക്കുന്നതാണല്ലോ "ജീവനെക്കുറിച്ചോ ശരീരത്തെക്കുറിച്ചോ നിങ്ങൾ ഉത്കണ്ഠാകുലരാകേണ്ട" എന്നുള്ള യേശുനാഥന്റെ ഉദ്ബോധനം.

ഇല്ലായ്മയിൽനിന്ന് മനുഷ്യനെ സൃഷ്ടിച്ച ദൈവത്തിന്റെ പരിപാലനയിൽ നമുക്കു പൂർണ്ണമായി ആശ്രയിക്കാം (മത്താ. 6:25–34).

വിശപ്പ്, ദാഹം, രോഗം, നഗ്നത, കാരാഗൃഹജീവിതം, പാർപ്പിടമില്ലായ്മ എന്നീ ശാരീരികപ്രശ്നങ്ങൾക്കു വലിയ പ്രാധാന്യമാണ് ദൈവമായ കർത്താവ് നല്കിയിട്ടുള്ളത്. മേല്പ്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിവില്ലാത്ത അശരണരെ സഹായിക്കുന്നവർക്കാണല്ലോ ക്രിസ്തുനാഥൻ സ്വർഗ്ഗസമ്മാനം വാഗ്ദാനം ചെയ്തിട്ടുള്ളത്.

ഇപ്രകാരം ചിന്തിക്കുമ്പോൾ, ദൈവം പൂഴികൊണ്ടു മനുഷ്യനെ സൃഷ്ടിച്ചുവെന്ന പഴയനിയമ പ്രസ്താവത്തിന്റെ ആഴവും വ്യാപ്തിയും നമുക്ക് മനസ്സിലാകും.

ദൈവം, പൂഴികൊണ്ടു മനുഷ്യനെ മെനഞ്ഞെടുത്തുവെന്നു കേൾക്കുമ്പോൾ അത് അർത്ഥശൂന്യമെന്നു പ്രഥമചിന്ത

യിൽ തോന്നാം. എന്നാൽ ഒരു പ്രത്യേകസന്ദേശത്തിൻെറ അവതരണരീതി മാത്രമാണ് അത് എന്നു മനസ്സിലാക്കുമ്പോഠം നമ്മുടെ തെററിദ്ധാരണ നീങ്ങും.

## പഴയനിയമവും പുതിയനിയമവും

പഴയനിയമ ലിഖിതങ്ങഠം പലതും പുതിയ നിയമത്തിലെ പ്രബോധനങ്ങഠംക്ക് വിരുദ്ധമാണെന്നുവരെ നമുക്കു തോന്നാം. ഈദൃശസന്ദർഭങ്ങളിലാണ് ശരിയായ വ്യാഖ്യാനം നമുക്ക് വേണ്ടിവരുന്നത്. ഒരുദാഹരണം: ജറമിയായുടെ പുസ്തകത്തിൽനിന്ന്:

"കർത്താവേ,എൻെറ പ്രാർത്ഥന കേഠംക്കണമേ... അവരുടെ (ശത്രുക്കളുടെ) മക്കളെ പട്ടിണിക്ക് ഇരയാക്കണമേ. വാളിൻെറ വായ്ത്തലയ്ക്കു അവരെ ഏല്പിച്ചു കൊടുക്കണമേ. അവരുടെ ഭാര്യമാർ മക്കളില്ലാത്തവരും വിധവകളുമായിത്തീരട്ടെ. പുരുഷന്മാർ മഹാമാരി ബാധിച്ചു മരിക്കട്ടെ. യുവജനങ്ങഠം യുദ്ധത്തിൽ വാളിന് ഇരയാകട്ടെ... അവരുടെ വീടുകളിൽനിന്ന് ആർത്തനാദം ഉയരട്ടെ. എന്തെന്നാൽ, എന്നെ പിടിക്കാൻ അവർ കുഴികുഴിച്ചു. എൻെറ കാലുകഠംക്ക് അവർ കെണിവച്ചു" (ജറ. 18:18–23).

ജറമിയാ പ്രവാചകൻെറ പ്രാർത്ഥനയാണിത്! പ്രതികാരദാഹമാണല്ലോ ഈ പ്രാർത്ഥനയിൽ മുററിനില്ക്കുന്നത്. ഈ പ്രതികാരപ്രാർത്ഥന വായിക്കുന്ന വേളയിൽ നിങ്ങളുടെ അന്തരംഗത്തിൽ ഉയരുകയില്ലേ, താഴെക്കുറിക്കുന്ന യേശുവിൻെറ തിരുവചനങ്ങഠം.

"ശത്രുക്കളെ സ്നേഹിക്കുവിൻ: നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. അങ്ങനെ നിങ്ങഠം നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിൻെറ മക്കളായിത്തീരും" (മത്താ. 5:45...).

ഈ പറഞ്ഞത് യേശുവിൻെറ ദിവ്യോപദേശം. തന്നെ കുരിശിൽതറച്ച ശത്രുക്കഠംക്കുവേണ്ടി മരണത്തിൻെറ അനർഘനിമിഷത്തിൽ അവിടുന്ന് പ്രാർത്ഥിക്കുന്നു:

"പിതാവേ, അവരോടു ക്ഷമിക്കണമേ. അവർ ചെയ്യുന്ന ത് എന്തെന്ന് അവർ അറിയുന്നില്ല" (ലൂക്കാ. 23:34).

പുതിയനിയമത്തിലെ ഈ വചനങ്ങൾ അറിയുന്നവർ ജറ മിയായുടെ പ്രാർത്ഥനയെക്കുറിച്ച് എന്തുവിചാരിക്കും? ജറ മിയാപ്രവാചകൻ യഥാർത്ഥ പ്രവാചകനല്ലെന്നായിരിക്കും ആ ദ്യം വിചാരിക്കുന്നതുതന്നെ. പഴയനിയമലിഖിതങ്ങൾ വെറും നിരർത്ഥകമെന്നു കരുതും. മാത്രമല്ല, അത് ഇന്നത്തെ സ ഭാതനയർക്കുവേണ്ടിയുള്ളതല്ലെന്നും ചിന്തിക്കും. ഇത്തരുണ ത്തിൽ ജറമിയാ പ്രവാചകൻെറ പ്രാർത്ഥനയുടെ പശ്ചാത്ത ലത്തിലേക്കു നാം ഒന്നു കടന്നുചെല്ലുക.

പുരോഹിതന്മാരും വ്യാജപ്രവാചകന്മാരും ജറമിയായ് ക്കെതിരെ ഗൂഢാലോചന നടത്തുന്ന കാലസന്ധി. അവർ ജറ മിയായ്ക്കു വിരോധമായി ദുഷ്പ്രചരണം നടത്തുകയും അദ്ദേ ഹത്തോട് കുതർക്കങ്ങൾ പറയുകയും അദ്ദേഹത്തിൻെറ ജീവനു വേണ്ടി കുഴികുഴിക്കുകയും ചെയ്യുന്നു! പ്രവാചകൻ ദൈവസ ന്നിധിയിൽ ജനതകൾക്കു മാധ്യസ്ഥ്യം വഹിക്കുന്നവനാണ്. നന്മചെയ്യുന്ന പ്രവാചകനെപ്പററി, ജനത ഒരു നല്ലവാക്കുപോ ലും പറയുന്നില്ല. അവർ ചെയ്യുന്നതാകട്ടെ തിന്മ മാത്രവും. ഗത്യന്തരമില്ലാതെയാണ് പ്രവാചകൻ കർത്താവിനോട് തൻെറ ശത്രുക്കൾക്കു നാശംവരുത്തിക്കൊണ്ട് ദൈവനീതി നടപ്പാക്കാൻ അപേക്ഷിക്കുന്നത്. തൻെറ ശത്രുക്കൾക്കെതിരെ തിരിയുവാൻ ജറമിയാ പ്രാർത്ഥിക്കുമ്പോഴും അദ്ദേഹത്തിൻെറ ഹൃദയം കരു ണാർദ്രമാണ്:

"അവരെപ്പററി നല്ലതുപറയാനും അങ്ങ യുടെ കോപം അവരിൽനിന്ന് അകററാനും ഞാൻ അ ങ്ങയുടെ മുമ്പിൽനിന്നത് ഓർക്കണമേ" (ജറ. 18:20).

ഈ പ്രാർത്ഥന ശത്രുക്കളോടുള്ള ജറമിയായുടെ സ്നേ ഹാർദ്രത വെളിവാക്കുന്നുണ്ടല്ലോ. എങ്കിലും ശത്രുനാശത്തിനു വേണ്ടിയുള്ള ഈ പ്രാർത്ഥന നമുക്ക് അരോചകമാണ്. ജറ മിയായുടെ പുസ്തകത്തിൻെറ പ്രധാന സന്ദേശം എന്തെന്ന് മനസ്സിലാക്കിയെങ്കിലേ ഈ പ്രാർത്ഥനയുടെ ഔചിത്യം നമു ക്കു ഗ്രഹിക്കാൻ കഴിയൂ.

വിഗ്രഹാരാധനയും സാമൂഹ്യാനീതികളുംവഴി ജനം കർ ത്താവിനെ സദാ പ്രകോപിപ്പിക്കുന്നു. ഈ ജനതയ്ക്കു വരാൻ

പോകുന്ന ശിക്ഷ ഭയാനകമാണെന്ന് ജറമിയായ്ക്ക് അറിയാം. "ദൈവം ജനത്തെ പരിത്യജിച്ചിരിക്കുന്നു" എന്നുള്ളതാണ് ജറമിയാ ഇസ്രായേൽ ജനതയ്ക്കു നല്കുന്ന സന്ദേശം. ഈ ജനതയെ ഉടച്ചുവാർത്ത് പുതിയരൂപം കൊടുക്കാൻ കർത്താവ് തീരുമാനിച്ചിരിക്കുന്നു എന്ന ജറമിയായുടെ വിചാരത്തിൻെറ അടിസ്ഥാനത്തിലാണ് അദ്ദേഹത്തിൻെറ പ്രതികാരലാഞ്ഛനയുള്ള പ്രാർത്ഥനയെ വിലയിരുത്തേണ്ടത്.

ജറമിയായോടു ദൈവം അരുൾചെയ്ത കാര്യങ്ങൾ ശ്രദ്ധിക്കുക:

"ഒരു ജനതയെയോ ഒരു രാജ്യത്തെയോ പടുത്തുയർത്തുമെന്നും നട്ടുവളർത്തുമെന്നും എപ്പോഴെങ്കിലും ഞാൻ പ്രഖ്യാപിച്ചിരിക്കെ, ആ ജനത എൻെറ വാക്കു ചെവിക്കൊള്ളാതെ എൻെറ മുൻപിൽ തിന്മപ്രവർത്തിക്കുകയാണെങ്കിൽ അതിനോടു പ്രകടിപ്പിക്കാൻ ഉദ്ദേശിച്ചിരുന്ന നന്മയെക്കുറിച്ച് ഞാൻ അനുതപിക്കും" (ജറ. 18:9–10).

വാസ്തവത്തിൽ, ദൈവശിക്ഷ അധർമ്മികളും ദൈവനിഷേധികളുമായവരുടെമേൽ നിപതിക്കണമെന്നാണ് ജറമിയായുടെ പ്രാർത്ഥന. ഇങ്ങനെ പ്രാർത്ഥിക്കാൻ കാരണം, ഈ ജനത ഉടച്ചുവാർക്കപ്പെട്ട് പുതിയരൂപം കൈവരിക്കണമെങ്കിൽ ദൈവശിക്ഷ ഉണ്ടായേ കഴിയൂ. ദൈവശിക്ഷയുടെ മൂശയിൽനിന്നല്ലാതെ ഇവർക്കു പുതിയരൂപം ഉണ്ടാവുകയില്ലെന്ന വിചാരത്താലാണ് ജറമിയാ വ്യസനസമേതം ഈ ജനതയെ നശിപ്പിക്കാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നത്.

പഴയനിയമത്തിലെ പല പ്രസ്താവങ്ങളും ഇന്ന് നമുക്ക് അപ്രസക്തമായി തോന്നാം. ലേവ്യരുടെ പുസ്തകത്തിലെ ബലിയർപ്പണത്തെക്കുറിച്ചുള്ള നിയമങ്ങളും ശത്രുക്കൾക്കെതിരായുള്ള സങ്കീർത്തനത്തിലെ പ്രാർത്ഥനകളും ഇതിനുദാഹരണങ്ങളാണ്. ഈ പ്രതിപാദനങ്ങൾ വാച്യാർത്ഥത്തിൽ നാം സ്വീകരിക്കണമെന്ന് സഭ പറയുന്നില്ല. ഇവയുടെ ചൈതന്യവും സന്ദേശവുമാണ് നാം ഉൾക്കൊള്ളേണ്ടത്.

പഴയ നിയമലിഖിതങ്ങളെ പുതിയനിയമത്തിൻെറ വെളിച്ചത്തിൽ വേണം നാം അപഗ്രഥിക്കുകയും അംഗീകരിക്കുകയും

ചെയ്യാൻ. വിശുദ്ധഗ്രന്ഥത്തിൽ അനാവരണം ചെയ്യുന്ന രക്ഷാകരസന്ദേശം പൂർത്തീകരിക്കപ്പെടുന്നത് ക്രിസ്തുവിലാണല്ലോ. തൻനിമിത്തം വിശ്വാസം, ധാർമ്മികത തുടങ്ങിയവയെ പരാമർശിക്കുന്ന പഴയനിയമഭാഗങ്ങൾ, നാം വ്യാഖ്യാനിക്കുന്നത് യേശു വെളിപ്പെടുത്തിത്തന്നതും അപ്പസ്തോലൻമാർ ഗ്രഹിച്ചതുമായ പുതിയ ലിഖിതങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം.

## വെളിപാടുപുസ്തകം

പുതിയ നിയമഗ്രന്ഥങ്ങളിൽ മനസ്സിലാക്കാൻ പ്രയാസമുള്ള ഒരു ഗ്രന്ഥമാണ് വെളിപാട്. അത് അപ്പോകലിപ്തിക്ക് എന്നറിയപ്പെടുന്ന സാഹിത്യരൂപത്തിൽ എഴുതപ്പെട്ടിട്ടുള്ളതാണ്. ഗ്രീക്കുഭാഷയിൽ, അപ്പോകാലിപ്സിസ് എന്ന വാക്കിന് വെളിപാട് എന്നും ആ വാക്കിൽനിന്നുണ്ടായ അപ്പോകലിപ്തിക്ക് എന്ന വിശേഷണപദത്തിനു വെളിപാടുസംബന്ധമായ എന്നുമാണർത്ഥം. ബി. സി. രണ്ടാം നൂററാണ്ടിനും എ. ഡി. രണ്ടാം നൂററാണ്ടിനും ഇടയ്ക്ക് രൂപം പ്രാപിച്ചു വളർന്നുവികസിച്ച ഒരു സാഹിത്യരൂപമാണിത്. പ്രതീകങ്ങളും പ്രതിരൂപങ്ങളും സംഖ്യകളുംകൊണ്ട് സന്ദേശം നല്കുന്നു എന്നതാണ് അതിൻെറ പ്രത്യേകത. പഴയനിയമത്തിലുള്ള ദാനിയേലിൻെറ പുസ്തകവും ഈ ശാഖയിൽപ്പെട്ടതാണ്. ബൈബിളിലെ മററു ചില ഗ്രന്ഥങ്ങളിൽ ഈ സാഹിത്യരൂപം ഇടയ്ക്ക് പ്രയോഗിച്ചിട്ടുണ്ട് (ഉദാ: മത്താ. 24:1–36).

ദൈവത്തിൻെറ കുഞ്ഞാടായ ക്രിസ്തുവിനും അവിടുത്തെ അനുയായികൾക്കുമെതിരേ തിൻമ രാക്ഷസാകാരം പൂണ്ട് ലോകാവസാനംവരെ പോരാടും. അന്തിമവിജയം ക്രിസ്തുവിൻേറതായിരിക്കും. അതോടെ ക്രിസ്തുവിൻെറ അനുയായികൾക്കായി ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സമാഗതമാകും. അവിടെ കർത്താവിനോട് ഒത്തുചേർന്ന ദൈവജനം അനശ്വരജീവിതം ആരംഭിക്കും. വെളിപാടിൻെറ മുഖ്യപ്രമേയമിതാണ്. ഇനി വെളിപാടിലെ ചില വിവരണങ്ങൾ നമുക്കു ചിന്താവിഷയമാക്കാം.

വെളിപാടുപുസ്തകം പന്ത്രണ്ടാമദ്ധ്യായത്തിൽ നിന്ന് ഒന്നുമുതൽ ആറുവരെയുള്ള വാക്യങ്ങൾ താഴെ കാണുന്നു:

"സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ. അവളുടെ പാദങ്ങൾക്കടിയിൽ ചന്ദ്രൻ. ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രങ്ങൾകൊണ്ടുള്ള കിരീടം. അവൾ ഗർഭിണിയായിരുന്നു. പ്രസവവേദനയാൽ അവൾ നിലവിളിച്ചു. പ്രസവക്ലേശത്താൽ അവൾ ഞെരുങ്ങി. സ്വർഗ്ഗത്തിൽ മറെറാരടയാളം കാണപ്പെട്ടു: ഇതാ, അഗ്നിമയനായ ഒരുഗ്രസർപ്പം. അതിന് ഏഴുതലയും പത്തു കൊമ്പും; തലകളിൽ ഏഴു കിരീടങ്ങൾ. അതിൻെറ വാൽ ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ വാരിക്കൂട്ടി ഭൂമിയിലേക്ക് എറിഞ്ഞു. ആ സ്ത്രീ പ്രസവിക്കുന്ന കുഞ്ഞിനെ വിഴുങ്ങാൻ സർപ്പം അവളുടെ മുമ്പിൽ കാത്തുനിന്നു. അവൾ ഒരാൺകുട്ടിയെ പ്രസവിച്ചു: സകല ജനപദങ്ങളെയും ഇരുമ്പുദണ്ഡുകൊണ്ട് ഭരിക്കാനുള്ളവനാണ് അവൻ. അവളുടെ ശിശു ദൈവത്തിൻെറയും അവിടുത്തെ സിംഹാസനത്തിൻെറയും അടുത്തേക്ക് സംവഹിക്കപ്പെട്ടു" (വെളി. 12:1–5).

സൂര്യനും സൂര്യപ്രകാശവും ദൈവത്തെ സൂചിപ്പിക്കുന്നു. സ്വയം പ്രകാശമുള്ള സൂര്യനെ വസ്ത്രം പോലെ ധരിച്ചിരിക്കുന്ന സ്ത്രീ കന്യകാമേരിയാണ്. ദൈവത്തിൻെറ കൃപയും ശക്തിയും പ്രകാശവും ധരിച്ച വനിതയാണല്ലോ അവൾ. അവളുടെ നൈർമ്മല്യത്തിൻെറയും ശക്തിയുടെയും അടിസ്ഥാനം മാനുഷികമല്ല. ഈ സ്ത്രീ ചന്ദ്രനെ തൻെറ ചവിട്ടടിയിലാക്കിയിരിക്കുന്നു. ചന്ദ്രൻ വൃദ്ധിക്ഷയങ്ങളുടെയും ചാപല്യത്തിൻെറയും അസ്ഥിരതയുടെയും പ്രതീകമാണ്. അതിനു സ്വയം പ്രകാശിക്കാൻ കഴിവില്ല. അതിൽ ഇരുളും വെളിച്ചവും കൂടിയും കുറഞ്ഞും വരുന്നു. മാനുഷികചാപല്യങ്ങളുടെ പ്രതീകമായ ഈ ചന്ദ്രനെയാണ് അവൾ പാദപീഠമാക്കിയിരിക്കുന്നത്. നക്ഷത്രങ്ങൾ ഔന്നത്യത്തിൻെറ പ്രതീകമാണ്. നക്ഷത്രങ്ങൾകൊണ്ടുള്ള കിരീടം, രാജ്ഞിയുടെ പദവിയെ സൂചിപ്പിക്കുന്നു. 12 നക്ഷത്രങ്ങൾ 12 ഗോത്രങ്ങളാണ്. ഇവിടെ പറയുന്ന ശിശു മനുഷ്യവർഗ്ഗത്തിൻെറ ഭരണകർത്താവായ ക്രിസ്തുവാണ്.



സൂര്യനെ ഉടയാടയാക്കിയ സ്ത്രീ

മുകളിൽ പറഞ്ഞതിൽനിന്ന് വ്യത്യസ്തമായനിലയിൽ ഈ പ്രതിപാദ്യത്തെ കാണുന്നവരുമുണ്ട്. അതിൽ പ്രതിപാദിക്കപ്പെടുന്ന സ്ത്രീ ഇസ്രായേലിനെ സൂചിപ്പിക്കുന്നുവെന്ന് അവർ വിചാരിക്കുന്നു. ഹോസിയാ – ഏശയ്യാ എന്നീ പുസ്തകങ്ങളിൽ ഇസ്രായേലിനെ യാഹ്വേയുടെ വധുവായി പറയുന്നു എന്നതാണ് സ്ത്രീയെ ഇസ്രായേലായി കാണുന്നവർക്കു പിൻബലം നല്കുന്നത് (ഹോസി. 2:19–20, ഏശ. 54:5). പഴയ ഇസ്രായേലിനെ മാത്രമല്ല, പുതിയ ഇസ്രായേലായ സഭയെയും വെളിപാടിലെ സ്ത്രീ സൂചിപ്പിക്കുന്നു എന്നു കരുതാം. സഭയെ കുഞ്ഞാടിന്റെ മണവാട്ടിയായി വി. പൗലോസിന്റെ ലേഖനങ്ങളിലും യോഹന്നാന്റെ വെളിപാടിലും പരാമർശിക്കുന്നതാണ് ഈ പ്രസ്താവത്തിനാധാരം (2 കോറി. 11:2, എഫേ. 5:22–27, വെളി. 19:7, 21:9).

ഇവിടെ പറയുന്ന ഭീകരസർപ്പം, സാത്താന്റെ പ്രതീകമാണ്. ഏഴുതലയും പത്തുകൊമ്പും സാത്താന്റെ ശക്തിയെയും അധികാരത്തെയും സൂചിപ്പിക്കുന്നു. ഏഴ് എന്ന സംഖ്യ പ്രപഞ്ചത്തിന്റെ സൂചനയാണ്. മനുഷ്യരക്ഷയ്ക്കായുള്ള സഭയുടെ പ്രവർത്തനങ്ങളെ സാത്താൻ സദാ എതിർക്കുന്നുണ്ടല്ലോ. ആ എതിർപ്പിനെക്കുറിക്കുന്നതാണ് സ്ത്രീ പ്രസവിക്കുന്ന കുഞ്ഞിനെ സർപ്പം വിഴുങ്ങാൻ ശ്രമിക്കുന്നുവെന്നുള്ള പ്രസ്താവം.

നക്ഷത്രങ്ങളെ വാരിക്കൂട്ടി ഭൂമിയിലേക്ക് എറിയുന്നത് സഭയ്ക്കു എതിരായുള്ള ഭീകരശക്തിയുടെ പ്രകടനമായി കണക്കാക്കാം. മരുഭൂമി, ദൈവപരിപാലനയുടെ സാങ്കേതിക സ്ഥലമാണ്. ഇസ്രായേൽ നാല്പതുവർഷക്കാലം ദൈവസംരക്ഷണയിൽ മരുഭൂമിയിലായിരുന്ന വസ്തുത ഇത്തരുണത്തിൽ അനുസ്മരിക്കുക. പ്രതീകസമ്പന്നമായ വെളിപാട് നാം പഠനവിഷയമാക്കേണ്ട ഗ്രന്ഥമാണ്.

ബൈബിളിൽ നിക്ഷിപ്തമായിരിക്കുന്ന ദൈവവചനത്തിന്റെ ആന്തരാർത്ഥം മനസ്സിലാക്കാൻ നമുക്കു പരിശുദ്ധാത്മാവിന്റെ സഹായം തേടാം.

## 1. ഉത്തരങ്ങൾ പഠിക്കുക

1. "ബൈബിൾ സ്വയം വായിച്ച് മനസ്സിലാക്കാൻ കഴിയുകയില്ല" എന്ന പ്രസ്താവന ശരിവയ്ക്കുന്ന ഒരു സംഭവം കുറിക്കുക.
2. രഥത്തിലിരുന്ന് എത്യോപ്യാക്കാരൻ വായിച്ച വിശുദ്ധ ഗ്രന്ഥഭാഗം ഉദ്ധരിക്കുക.
3. ബൈബിൾ വ്യാഖ്യാനത്തിൽ പരിഗണിക്കേണ്ട അടിസ്ഥാനതത്ത്വങ്ങൾ ഏവ?
4. മനുഷ്യോത്പത്തിയെക്കുറിച്ചു ശാസ്ത്രകാരനും വിശുദ്ധ ഗ്രന്ഥകാരനും പുലർത്തുന്ന അഭിപ്രായങ്ങൾ തമ്മിൽ പൊരുത്തപ്പെടാത്തത് എന്തുകൊണ്ട്?
5. ബൈബിൾ വ്യാഖ്യാനത്തിന്റെ മാനദണ്ഡങ്ങളേവ?
6. ശത്രുനാശത്തിനുവേണ്ടിയുള്ള വി. ജറമിയായുടെ പ്രാർത്ഥനയുടെ ഔചിത്യം പരിശോധിക്കുക.
7. അപ്പോകലിപ്തിക് സാഹിത്യരൂപത്തിന്റെ സ്വഭാവം വിവരിക്കുക.
8. വെളിപാടു പുസ്തകത്തിലെ "സൂര്യനെ ഉടയാടയാക്കിയ സ്ത്രീ" എന്നു തുടങ്ങുന്ന ഭാഗം ഉദ്ധരിച്ച് അതിനു വേദശാസ്ത്രപണ്ഡിതന്മാർ നല്കുന്ന വ്യാഖ്യാനം എഴുതുക.

## 2. പ്രാവർത്തികമാക്കുക

1. നിങ്ങളുടെ വീടുകളിൽ സന്ധ്യാപ്രാർത്ഥനയ്ക്ക് ഉപയോഗിക്കാൻ യുക്തമായ ബൈബിൾ ഭാഗങ്ങൾ തിരഞ്ഞെടുത്ത് നിങ്ങൾതന്നെ ഓരോ ദിവസവും ഓരോ ഭാഗം വായിക്കുകയും അതിൻെറ അടിസ്ഥാനത്തിൽ സ്വയം പ്രേരിത പ്രാർത്ഥന നടത്തുകയും ചെയ്യുക.
2. വെളിപാട് 12-ാം അദ്ധ്യായം 1 മുതൽ 6 വരെയുള്ള വാക്യങ്ങളിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്ന സ്ത്രീയുടെ ഒരു നിശ്ചലദൃശ്യം അവതരിപ്പിക്കുക.

## 3. ചർച്ചചെയ്യുക

1. യുവജനങ്ങളെ ഇന്നു കൂടുതൽ ആകർഷിക്കുന്നത് ശാസ്ത്രഗ്രന്ഥങ്ങളോ വിശുദ്ധഗ്രന്ഥമോ?
2. നമ്മുടെ വീടുകളിലേക്ക് സ്വന്തം ബൈബിൾ വ്യാഖ്യാനങ്ങളുമായി വരുന്നവർ ഉന്നയിക്കാറുള്ള ബൈബിൾ പ്രശ്നങ്ങളെപ്പററി ചർച്ചചെയ്ത് ശരിയായ ഉത്തരങ്ങൾ കണ്ടെത്തുക.

# 6

# ആരാധനാജീവിതത്തിലെ അമൂല്യനാഴിക

"വൃദ്ധജനങ്ങളുടെ ഒരു ഊന്നുവടിയാണ് ആരാധന" യുവജനങ്ങളിൽ പലരുടെയും വിചാരം ഇതാണ്. അവരുടെ അഭിപ്രായത്തിൽ സന്യാസികൾക്കും പുരോഹിതന്മാർക്കുമായി നീക്കിവച്ചിരിക്കുന്നതാണ് ദൈവാരാധന. ദൈവാരാധന എന്നത് ബുദ്ധിക്ക് അഗ്രാഹ്യമായ ഒരു പ്രഹേളികയാണെന്ന ധാരണ, അതെന്തെന്ന് ശരിയായി മനസ്സിലാക്കിയാൽ പൊളിയും. ആരാധന ആരും ആരുടെയുംമേൽ കെട്ടിയേല്പിച്ചതല്ല; അതു മനുഷ്യന്റെ ജന്മവാസനയാണ്. പ്രാചീനമനുഷ്യൻ പ്രകൃതിശക്തികളെക്കണ്ട് അദ്ഭുതംകൊണ്ടു. തന്റെ അറിവിലും ബുദ്ധിയിലും ഒതുങ്ങാത്ത അവയെ ദൈവങ്ങളായി ആരാധിച്ചു. അങ്ങനെ സൂര്യചന്ദ്രന്മാരും അഗ്നിയുമെല്ലാം അവന് ദേവന്മാരായി.

ചിന്താശീലം ഉണർന്നപ്പോൾ മനുഷ്യൻ ആലോചിച്ചു. ലോകമെങ്ങും പ്രകാശം പകരുന്ന തേജോഗോളങ്ങളെ എങ്ങനെ ഈ ചെറിയ കണ്ണുകൾക്കുള്ളിലാക്കാൻ കഴിയുന്നു? അനേകതരം പക്ഷിമൃഗാദികളുടെ ശബ്ദത്തെ എങ്ങനെ ശ്രവണപുടങ്ങൾ തിരിച്ചറിയുന്നു? കാണുന്നതും കേൾക്കുന്നതുമെല്ലാം ഞാൻ എവിടെ സൂക്ഷിക്കുന്നു? എങ്ങനെ സൂക്ഷിക്കാൻ കഴിയുന്നു? എന്റെ കരചരണങ്ങളെയും ചക്ഷുഃശ്രവണാദികളെയും പ്രവർത്തിപ്പിക്കുന്ന ജീവൻ എങ്ങനെ ഉണ്ടായി? ഒടുവിൽ, കണ്ണുകൾക്ക് വെളിച്ചമായി കാതുകൾക്ക് വചനമായി മനസ്സിന്റെ അധിനാഥനായി ജീവന്റെ ജീവനായി ഒരു ശക്തിയുണ്ടെന്ന് അവൻ കണ്ടു, ആ ശക്തിയെ അവൻ സർവാത്മനാ ആരാധിച്ചു. അങ്ങനെ ഈശ്വരാരാധന ഉടലെടുത്തു.

## ഈശ്വരാരാധന

മനുഷ്യർ തങ്ങളുടെ കാലദേശസംസ്കാരാദികൾക്ക് അനുസൃതമായി ഈശ്വരന് ആരാധന അർപ്പിച്ചിരുന്നു. എല്ലാമതങ്ങളിലും ബലിയർപ്പണമായിരുന്നു ആരാധനയുടെ പ്രധാനഘട

കം. ആരാധനയിലൂടെ – ബലിയർപ്പണത്തിലൂടെ – മനുഷ്യൻ ഈശ്വരാനുഭവം നുകർന്നു. എല്ലാമതങ്ങളിലും ആരാധനയുടെ ഉദ്ദേശ്യം പ്രധാനമായും ദൈവപ്രീതിയും തന്മൂലമുള്ള പാപമോചനവുമാണ്. ഈശ്വരന് കൃതജ്ഞത അർപ്പിക്കുവാനും അവിടുത്തെ അനുഗ്രഹങ്ങൾക്ക് പാത്രീഭൂതനാകുവാനുംകൂടി ദൈവാരാധനയും ദൈവാരാധനയുടെ സർവ്വോത്കൃഷ്ടരൂപമായ ബലിയർപ്പണവും ഉദ്ദേശിക്കപ്പെട്ടിരുന്നു.

ഭൂമിയിൽ ആദ്യമായി ഈശ്വരാനുഭവം നുകർന്നവർ ആദവും ഹവ്വായുമാണ്. ആദ്യആരാധകർ അവരായിരുന്നല്ലൊ. ആദ്യമനുഷ്യരുടെ ആവാസഗേഹമാണല്ലോ ഏദേൻ. ഏദേൻകുടുംബം ഭൂമിയിലെ പ്രഥമദേവാലയമായിരുന്നു. ആരാധനയിലൂടെ ദൈവാനുഭവം നുകർന്ന ആദ്യസമൂഹമാണ് ഇസ്രായേൽ. ഇന്ന് ആ ഭാഗ്യം പുതിയ ഇസ്രായേലായ ക്രിസ്തുസഭയ്ക്കും ലഭിച്ചിരിക്കുന്നു.



കത്തോലിക്കരായ നമ്മെ സംബന്ധിച്ചിടത്തോളം സർവ്വോത്കൃഷ്ടമായ ദൈവാരാധനയാണല്ലോ പരിശുദ്ധ കുർബ്ബാന. അത് മനുഷ്യവിശുദ്ധീകരണത്തിനും ദൈവികജീവനിലുള്ള പങ്കുപററലിനും വേണ്ടിയുള്ളതാകയാൽ തദനുസൃതമായ മനോഭാവത്തോടെവേണം അതിൽ പങ്കെടുക്കുവാൻ. തിരുക്കർമ്മത്തിലുള്ള ഭാഗഭാഗിത്വം സജീവവും ബോധപൂർവ്വകവും ബുദ്ധിപൂർവ്വകവുമായിരിക്കണമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ഉദ്ബോധിപ്പിക്കുന്നുണ്ട്. സഭാതനയർ പരിശുദ്ധകുർബ്ബാനയിൽ സജീവമായി പങ്കെടുക്കണം; ശ്രദ്ധിക്കണം; ശ്രവിക്കണം; ദർശിക്കണം; ഉച്ചത്തിൽ പ്രാർത്ഥന ചൊല്ലണം; ഗാനം ആല

പിക്കണം. മനോഭാവവും ബാഹ്യപ്രകടനവുംവഴി അവർ കർമ്മനിരതരാകണം.

ദിവ്യകർമ്മത്തിൽ തങ്ങൾ ചെയ്യുന്നതെന്തെന്നറിഞ്ഞ് ബോധപൂർവ്വം സഹകരിക്കണം. എന്തുചെയ്യുന്നുവെന്നും എന്തിനു ചെയ്യുന്നുവെന്നും നല്ലവണ്ണം ഗ്രഹിക്കണം. യാന്ത്രികമായും ദിനചര്യയുടെ ഒരു ഭാഗമെന്നനിലയിലും ദേവാലയത്തിൽ സന്നിഹിതരായാൽപ്പോരാ (ലിററർജി 11,14). വി. ആഗസ്തീനോസ് പറയുന്നു: "പരിപൂർണ്ണമായി മനസ്സിലാക്കുന്നവയ്ക്ക് ജനങ്ങൾ ആമ്മേൻ എന്ന് ഉച്ചരിക്കട്ടെ."

പരിശുദ്ധകുർബ്ബാനയിൽ പങ്കുകൊള്ളാൻ നമ്മിൽ പലരും പോകുന്നതുകണ്ടാൽ ഒരു ഗൗരവവും നാം അതിനു കല്പിക്കുന്നില്ലെന്നു തോന്നും. ഒരു സമ്മേളനസ്ഥലത്തേക്കോ സിനിമാശാലയിലേക്കോ പോകുന്നത്ര ലാഘവബുദ്ധിയോടെയല്ല ദേവാലയത്തിലേക്കു പോകേണ്ടത്. പൂർവ്വപിതാവായ യാക്കോബ് ബേൽഷെബായിൽനിന്ന് ഹാറാനിലേക്കു പുറപ്പെടുകയും രാത്രിയിൽ വഴിമദ്ധ്യേ ബേഥേൽ എന്ന സ്ഥലത്തുകിടന്ന് ഉറങ്ങുകയും ചെയ്ത ഒരു സംഭവം ഉത്പത്തിപുസ്തകത്തിൽ വിവരിച്ചിട്ടുണ്ടല്ലോ (ഉൽപ. 28:10–22).

യാക്കോബിന് നിദ്രയിൽ ഒരു ദർശനമുണ്ടായി. നിലത്തുനിന്ന് ആകാശംമുട്ടി നിന്നിരുന്ന ഒരു ഗോവണിയിലൂടെ മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നു. ഗോവണിയുടെ മുകളിൽ കർത്താവു നില്ക്കുന്നു. കർത്താവ് അരുൾചെയ്തു:

> "നിന്റെ പിതാവായ അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും ദൈവമായ കർത്താവാണു ഞാൻ... ഞാൻ നിന്നോടു കൂടെയുണ്ട്".

യാക്കോബ് ഉണർന്നു. അദ്ദേഹം വിളിച്ചുപറഞ്ഞു:

> "തീർച്ചയായും കർത്താവ് ഈ സ്ഥലത്തുണ്ട്... ഈ സ്ഥലം എത്രയോ ഭയാവഹമാണ്! ഇതു ദൈവഭവനമല്ലാതെ മററൊന്നല്ല".

ബലിയർപ്പിക്കപ്പെടുന്ന ദേവാലയം ദൈവഭവനമല്ലാതെ മററൊന്നുമല്ലെന്നു യാക്കോബിനെപ്പോലെ നമുക്കും പറയാൻ കഴിയണം.

"...രണ്ടോ മൂന്നോ പേർ എൻെറ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും"
(മത്താ. 18:20)

എന്ന് ഈശോ തന്നെ വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ.

## ലിററർജി അഥവാ ആരാധനക്രമം

സഭയുടെ ഔദ്യോഗികമായ പ്രാർത്ഥനയെയാണ് ആരാധനക്രമം എന്നു വിളിക്കുന്നത്. ആരാധനക്രമത്തിന് ഇംഗ്ലീഷിൽ പറയുന്നത് ലിററർജി (Liturgy) എന്നാണ്. ഇതിൻെറ ഉത്പത്തി ഗ്രീക്കുഭാഷയിലെ ലൈത്തൂർജിയ (Laiturgia) എന്ന വാക്കിൽനിന്നാണ്. പൊതുവായപ്രവൃത്തിയെന്നാണ് ലൈത്തൂർജിയയുടെ അർത്ഥം. സഭയുടെ പൊതുവായ പ്രവൃത്തി എന്ന നിലയിൽ ആരാധനയെ സൂചിപ്പിക്കാൻ ലിററർജി എന്ന വാക്ക് ഉപയോഗിക്കുന്നു.

ദൈവത്തിൻെറ ജനം പരിശുദ്ധാത്മാവിൻെറ ഐക്യത്തിൽ രക്ഷകനും നിത്യപുരോഹിതനുമായ ക്രിസ്തുവിൻെറ മൗതികശരീരമെന്ന നിലയിൽ പിതാവായ ദൈവത്തിന് സമർപ്പിക്കുന്ന പരസ്യമായ ആരാധനയാണ് **ലിററർജി** എന്ന് രണ്ടാം വത്തിക്കാൻകൗൺസിൽ പഠിപ്പിക്കുന്നു. ക്രിസ്തുവിലൂടെ പൂർത്തിയാക്കപ്പെട്ട മനുഷ്യരക്ഷ എല്ലാ യുഗങ്ങളിലും ദേശങ്ങളിലും മനുഷ്യനു സന്നിഹിതമാകേണ്ടിയിരിക്കുന്നു. ഇതിനുള്ള ദൈവദത്തമായ മാർഗ്ഗമാണ് വിശുദ്ധ കുർബാന. ക്രിസ്തുവിൻെറ കല്പനപ്രകാരം രക്ഷാകരരഹസ്യങ്ങൾ സഭ കൗദാശികമായി പുനരാവിഷ്കരിക്കുന്നതാണ് ലിററർജി. അതുകൊണ്ടാണ്, സഭയുടെ പ്രവർത്തനങ്ങളിൽ ഏററവും വിശിഷ്ടവും ഫലദായകവുമാണ് ആരാധനക്രമമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത് (ആരാധനക്രമം 7).

ആരാധനക്രമത്തിലെ പ്രാർത്ഥനകളും പ്രതീകങ്ങളും അനുഷ്ഠാനങ്ങളും എല്ലാംകൂടി രക്ഷാകരരഹസ്യങ്ങളെ കൗദാശികമായി യാഥാർത്ഥ്യവത്കരിക്കുന്നു. ആരാധനക്രമത്തിൻെറ ഈ ആന്തരികവശം അതിൻെറ അതിപ്രധാനമായ ഭാഗമാണ്. അതുകൊണ്ടാണ് രണ്ടാംവത്തിക്കാൻ കൗൺസിൽ ഇപ്രകാരം പ്രസ്താവിക്കുന്നത്:

"സഭയുടെ പ്രവർത്തനം തന്നെ ആരാധനക്രമമാകുന്ന അത്യുച്ചസ്ഥാനത്തേക്കാണ് തിരിഞ്ഞിരിക്കുന്നത്. അവളുടെ ശക്തി മുഴുവൻ നിർഗ്ഗളിക്കുന്നതും അവിടെനിന്നുതന്നെ. കാരണം, പ്രേഷിതവേലയുടെ ലക്ഷ്യം, വിശ്വാസവും മാമ്മോദീസായും വഴി ദൈവമക്കളാക്കപ്പെട്ടവരെല്ലാം ഒന്നു ചേർന്ന് ദിവ്യബലിയിൽ സംബന്ധിച്ചും പരിശുദ്ധകുർബാന സ്വീകരിച്ചും സഭയിൽ ദൈവത്തെ പുകഴ്ത്തുക എന്നതാണ്'' (ആരാധനക്രമം 10).

ഇതിൽനിന്നു മനസ്സിലാക്കേണ്ടത് സഭയുടെ എല്ലാ പ്രവർത്തനങ്ങളും ആരാധനക്രമത്തിൽ വിശിഷ്യ, ആരാധനക്രമത്തിന്റെ കേന്ദ്രബിന്ദുവായ വിശുദ്ധകുർബ്ബാനയിൽ കേന്ദ്രീകൃതമായിരിക്കുമെന്നാണ്. അതുകൊണ്ടാണ് ക്രൈസ്തവജീവിതത്തിന്റെ കേന്ദ്രമാണ് വിശുദ്ധ കുർബ്ബാന എന്നുപറയുന്നത്.



ആരാധനക്രമമാകുന്ന അത്യുച്ചസ്ഥാനത്തുനിന്നു
നിർഗ്ഗളിക്കുന്ന ശക്തിതേടി

## ആരാധനക്രമത്തിലെ ഘടകങ്ങൾ

കൂദാശകളും അതിൻെറ കേന്ദ്രമായ വിശുദ്ധകുർബ്ബാന യും സഭയുടെ ഔദ്യോഗികപ്രാർത്ഥനകളായ യാമപ്രാർത്ഥന കളുമാണ് ആരാധനക്രമത്തിൽപ്പെടുന്നത്. ഓരോ വൈയക്തി ക സഭയുടെയും ആരാധനാചൈതന്യത്തിനനുസരിച്ച് രൂപം കൊള്ളുന്ന കൂദാശാനുകരണങ്ങളും ചിലപ്പോൾ ആരാധനക്രമ ത്തിൽ ഉൾപ്പെടുത്തിക്കാണുന്നുണ്ട്. മിശിഹായുടെ നാമത്തിൽ സഭ അനുഷ്ഠിക്കുന്ന ഔദോഗികമായ അനുഷ്ഠാനങ്ങളും പ്രാർ ത്ഥനകളുമായതുകൊണ്ടാണ് ഇവയെ സഭയുടെ പരസ്യാരാധന എന്നു പറയുന്നത്. വ്യക്തിപരമായ ഭക്ത്യനുഷ്ഠാനങ്ങൾ ആരാധനക്രമത്തിൽ ഉൾപ്പെടുന്നില്ല. ആരാധനക്രമപരമായ പ്രാർ ത്ഥനകളെല്ലാം സഭയുടെ പൊതുവായ പ്രാർത്ഥനകളായിരി ക്കണം. അവ ക്രിസ്തുവിൻെറ നാമത്തിൽ അർപ്പിക്കപ്പെടുന്ന തും ക്രിസ്തുരഹസ്യങ്ങളിൽ അധിഷ്ഠിതവുമായിരിക്കണം.

ആരാധനക്രമം ക്രിസ്തുവിലൂടെ പൂർത്തീകരിക്കപ്പെട്ട ദൈവത്തിൻെറ രക്ഷാകരപദ്ധതിയുമായി അഭേദ്യം ബന്ധപ്പെ ട്ടിരിക്കുന്നു. സൃഷ്ടിമുതൽ സ്വർഗ്ഗപ്രാപ്തിവരെയുള്ള രക്ഷാകരകർമ്മത്തെ മുഴുവൻ അനുസ്മരിച്ച് ദൈവത്തെ പുക ഴ്ത്തുകയാണ് ആരാധനക്രമത്തിൽ സഭ ചെയ്യുന്നത്. അതി ൻെറ കേന്ദ്രം ക്രിസ്തുരഹസ്യമാണ്.

## സ്വർഗ്ഗീയ ജീവിതത്തിൻെറ മുന്നാസ്വാദനം

സഭയെ സംബന്ധിച്ചിടത്തോളം ആരാധനക്രമം അവളു ടെ ഭാവിജീവിതത്തിൻെറ മുന്നാസ്വാദനംകൂടിയാണ്. ദൈവരാ ജ്യത്തിൻെറ ആത്യന്തിക പരിപൂർത്തിയിൽ എല്ലാവരും സ്വർഗ്ഗ ത്തിൽ ഒത്തുചേരുകയും ദൈവത്തെ അനവരതം പുകഴ്ത്തുക യും ചെയ്യും എന്ന പ്രത്യാശയാണ് നമ്മുടെ വിശ്വാസത്തിൻെറ കാതൽ. ഈ ലക്ഷ്യത്തിൻെറ നിറവേറലിനെ സ്വർഗ്ഗീയാരാ ധന എന്നു നാം വിളിക്കുന്നു. അതിൻെറ കൗദാശികമായ മു ന്നാസ്വാദനംകൂടിയാണ് ലിററർജി. യുഗാന്ത്യോന്മുഖലക് ഷ്യത്തോടെ സഭ ഈ ഭൂമിയിൽ ഒരു തീർത്ഥാടകസമൂഹമായി മുന്നേറുകയാണ്. സമയത്തിൻെറ പൂർണ്ണതയിൽ പൂർത്തീ കരിക്കപ്പെടാനിരിക്കുന്ന വിശ്വാസത്തെ പ്രഘോഷിച്ചുകൊണ്ട് കർത്താവിൻെറ മഹത്വപൂർണ്ണമായ പ്രത്യാഗമനത്തെ സഭ പ്രതീ

ക്ഷയോടെ കാത്തിരിക്കുന്നു. ഇതെല്ലാം ആരാധനക്രമത്തിൽ നമ്മാം അനുസ്മരിക്കുന്നു. ക്രൈസ്തവവിശ്വാസത്തെ പ്രകടിപ്പിക്കുകയും ആഴപ്പെടുത്തുകയും അനുഭവിക്കുകയും ചെയ്യുന്നത് ആരാധനക്രമത്തിലാണ്.

## വിവിധ ആരാധനക്രമങ്ങൾ

ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമ്മോദീസായും ഏററുപറഞ്ഞ ആദിമക്രൈസ്തവർ തങ്ങളുടെ വൈയക്തിക (വ്യക്തിഗത) സഭകളുടെ വൈവിധ്യം അംഗീകരിച്ചിരുന്നു. അപ്പസ്തോലൻമാരുടെ ക്രിസ്തവാനുഭവം അടിസ്ഥാനപരമായി ഒന്നായിരുന്നെങ്കിലും പ്രകാശനരീതികൾ വ്യത്യസ്തങ്ങളായിരുന്നു. പ്രാദേശിക സംസ്കാരങ്ങളും അവയോട് ഇഴുകിച്ചേർന്നു. അങ്ങനെ വ്യത്യസ്തങ്ങളായ ആരാധനക്രമങ്ങൾ രൂപമെടുത്തു. ഈ വൈവിദ്ധ്യത്തിൻെറ ഉദാഹരണം വി. ഗ്രന്ഥത്തിൽത്തന്നെ നമുക്ക് കാണാം. നാലു സുവിശേഷങ്ങളും വിവിധ സഭകളിലെ **പാരമ്പര്യത്തിൽനിന്നു** വിവിധ സമയങ്ങളിൽ രൂപപ്പെട്ടതുകൊണ്ടാണ് വ്യത്യസ്തമായിരിക്കുന്നത്. അടിസ്ഥാനപരമായി ഒരേ വിശ്വാസസത്യങ്ങൾതന്നെ വ്യത്യസ്തമായ കാഴ്ചപ്പാടുകളിലൂടെയാണ് പുതിയനിയമത്തിൽ അവതരിക്കപ്പെടുന്നത്.

വിശ്വാസത്തിൻെറ പ്രകടനമാണല്ലോ ക്രൈസ്തവാരാധന. വിശ്വാസസത്യങ്ങളെ സംബന്ധിച്ച സഭാപിതാക്കൻമാരുടെ വ്യത്യസ്തങ്ങളായ വിചിന്തനങ്ങളും പഠനങ്ങളും, അതോടൊപ്പം വ്യത്യസ്തങ്ങളായ സാംസ്കാരിക പാരമ്പര്യങ്ങളും ഓരോ വൈയക്തിക സഭയിലും വൈവിധ്യം നിറഞ്ഞതും സമ്പന്നവുമായ ആരാധനക്രമങ്ങൾ രൂപമെടുക്കാൻ സഹായകമായി. അങ്ങനെ, സഭയിൽ വിവിധങ്ങളായ ആരാധനക്രമരൂപങ്ങൾ വളർന്നുവന്നു. സഭയുടെ സമ്പന്നതയും മനോഹാരിതയും നിലനില്ക്കുന്നത് ഈ ആരാധനക്രമങ്ങളുടെ വൈവിധ്യത്തിലാണ്. ഈ ആരാധനക്രമങ്ങളും സഭാപാരമ്പര്യങ്ങളുമാണ് ദൈവവിജ്ഞാനീയത്തിൻെറ മേഖലയിലെ വിവിധ ചിന്താധാരകളുടെ അടിസ്ഥാനമായി നിലകൊള്ളുന്നത്. മനുഷ്യൻെറ വാക്കുകൾക്ക് ഉൾക്കൊള്ളാൻ കഴിയാത്ത ക്രിസ്തുരഹസ്യമെന്ന അപരിമേയയാഥാർത്ഥ്യവും അതിലധിഷ്ഠിതമായ വിശ്വാസവും വിവിധങ്ങളായ രീതികളിൽ ആരാധനക്രമത്തിലൂടെ പ്രകാശിതമാകുന്നു.

## ആരാധനക്രമവും വിശ്വാസവും

ആരാധനക്രമവും വിശ്വാസവും അഭേദ്യമാംവണ്ണം ബന്ധപ്പെട്ടാണിരിക്കുന്നത്. കാരണം, ഒരുവൻ എന്തുവിശ്വസിക്കുന്നുവോ അതനുസരിച്ചായിരിക്കും അവൻ പ്രാർത്ഥിക്കുന്നത് (The law of prayer is the law of faith). ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം അവൻെറ പ്രാർത്ഥനാജീവിതം ആരാധനക്രമത്തിലധിഷ്ഠിതമായിരിക്കണമെന്നാണ് സഭയുടെ നിലപാട്. അതിൻെറ കാരണം, ആരാധനക്രമം സഭയുടെ വിശ്വാസത്തെ സമ്യക്കായി പ്രകാശിപ്പിക്കുന്നുവെന്നതാണ്. വിശ്വാസത്തിൻെറ ആഘോഷമാണ് ആരാധനക്രമം. "നമ്മുടെ രക്ഷാകരകർമ്മം നിർവ്വഹിക്കപ്പെടുന്ന ക്രിസ്തുവിൻെറ രഹസ്യവും സത്യസഭയുടെ യഥാർത്ഥ സ്വഭാവവും വിശ്വാസികൾ സ്വജീവിതത്തിൽ പകർത്തണം. അത് മററുള്ളവർക്ക് കാണിച്ചുകൊടുക്കുകയും വേണം. ഇതിന് ഏററവും കൂടുതലായി സഹായിക്കുന്നത് ആരാധനക്രമമാണ്" (ആരാധനക്രമം 12) എന്നിങ്ങനെ രണ്ടാം വത്തിക്കാൻകൗൺസിൽ പ്രസ്താവിക്കുവാൻ കാരണമതാണ്.

സഭയുടെ വിശ്വാസത്തിൻെറ പ്രകാശനമാണ് ആരാധനക്രമമെന്ന് പറയുമ്പോൾ ബാഹ്യവും ആന്തരികവുമായ ഘടകങ്ങൾ ഉൾക്കൊള്ളുന്ന ഒരൊററ യാഥാർത്ഥ്യമായി വേണം ആരാധനക്രമത്തെ മനസ്സിലാക്കുവാൻ. ആരാധനക്രമത്തിൻെറ ആന്തരികചൈതന്യം നിലനിറുത്തിക്കൊണ്ടുവേണം അതിൻെറ ബാഹ്യാനുഷ്ഠാനങ്ങൾ നിർവ്വഹിക്കാൻ.

നമ്മുടെ വിശ്വാസത്തിൻെറ പ്രകാശനമെന്നനിലയിൽ ആരാധനക്രമവും വിശ്വാസവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ആരാധനക്രമംകൊണ്ട് സഭയുടെ ബാഹ്യാനുഷ്ഠാനങ്ങൾ എന്നുമാത്രമല്ല അർത്ഥമാക്കേണ്ടത്. ഔദ്യോഗികമായി അംഗീകരിച്ച പ്രാർത്ഥനകളും പ്രതീകങ്ങളും അനുഷ്ഠാനങ്ങളും എല്ലാം എന്തർത്ഥമാക്കുന്നുവോ അതാണ് ആരാധനക്രമത്തിൻെറ അന്തസ്സത്ത. 'അർത്ഥമാക്കുക' എന്നു പറയുമ്പോൾ കൗദാശികമായി യാഥാർത്ഥ്യവത്കരിക്കുകയെന്നാണർത്ഥം. അത് വെറും മാനുഷികപ്രവൃത്തിയല്ല. പരിശുദ്ധാത്മാവിൻെറ പ്രവർത്തനമാണ്. അങ്ങനെ സംഭവിക്കുകയും ഏററുപറയുകയും ചെയ്യുന്ന, കർത്താവിൻെറ രക്ഷാകരപ്രവൃത്തികൾ ഇന്ന് ആരാധനക്രമത്തിൽ പ്രതീകങ്ങളിലൂടെ തുടരുന്നു. ഈ

വിശ്വാസമാണ് ആരാധനക്രമപരമായ അനുഷ്ഠാനങ്ങൾക്ക് അർത്ഥം നല്കുന്നത്.

## മിശിഹായിൽ കേന്ദ്രീകൃതം

മിശിഹായാണ് സഭാജീവിതത്തിൻെറ കേന്ദ്രവും ആധാരവും. വിശ്വാസം മിശിഹായ്ക്കുള്ള നമ്മുടെ സമ്പൂർണ്ണസമർപ്പണമാണെന്ന് നാം കണ്ടു. ആരാധനക്രമമാകട്ടെ, വിശ്വാസത്തിൻെറ പ്രകാശനവും. എങ്കിൽ നമ്മുടെ വിശ്വാസത്തെയും ആരാധനക്രമത്തെയും യേശുവിൽ കേന്ദ്രീകരിച്ചു നാം മനസ്സിലാക്കണം.

മിശിഹായുടെ രക്ഷാകരകർമ്മത്തിൽ അവിടുന്ന് മൂന്നു ദൗത്യങ്ങളാണ് ഏറ്റെടുത്തത്: പ്രവാചകദൗത്യം അഥവാ പഠിപ്പിക്കുവാനുള്ള കടമ, പുരോഹിതദൗത്യം അഥവാ വിശുദ്ധീകരിക്കാനുള്ള കടമ, രാജകീയദൗത്യം അഥവാ നയിക്കുവാനുള്ള കടമ.

വിശ്വാസവും മാമ്മോദീസായുംവഴി നമ്മൾ മിശിഹായെ സ്വീകരിക്കുമ്പോൾ നാമും ഈ ത്രിവിധദൗത്യങ്ങളിൽ പങ്കാളികളാകുന്നു. പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, നയിക്കുക എന്നീ ത്രിവിധദൗത്യങ്ങൾ യേശുവിൽ പൂർത്തീകരിക്കപ്പെട്ടതുകൊണ്ടാണ്

"വഴിയും സത്യവും ജീവനും ഞാനാണ്"

(യോഹ. 14:6)

എന്ന് അവിടുന്ന് പ്രഖ്യാപിച്ചത്.

'സത്യം' വചനത്തെയാണ് സൂചിപ്പിക്കുക. ദൈവത്തിൻെറ വചനം തന്നെയാണല്ലോ സത്യം (യോഹ. 17:17). നമ്മുടെ വിശ്വാസത്തിൻെറ ആധാരമായി നിലകൊള്ളുന്നത് ദൈവത്തിൻെറ വചനമാണ്. പ്രവാചകദൗത്യം വചനപ്രഘോഷണത്തിലൂടെ സത്യം അറിയിക്കുക എന്നതാണ്. ഇതാണ് യേശുവിൽ പൂർത്തീകരിക്കപ്പെട്ടത്.

"യേശു വന്നത് നമുക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനുമാണ്" (യോഹ. 10:10).

ജീവൻ നല്കുന്നതിലൂടെയാണ് അവിടുന്നു തൻെറ വിശുദ്ധീകരണദൗത്യം അഥവാ പുരോഹിതദൗത്യം നിർവഹിക്കുന്നത്. അവിടുന്നു സ്ഥാപിച്ച കൂദാശകളുടെ സ്വീകരണത്തി

ലൂടെ, പ്രത്യേകിച്ച് അവിടുന്ന് അർപ്പിച്ച ദിവ്യബലിയിലു ള്ള ഭാഗഭാഗിത്വത്തിലൂടെ, ഈ ജീവനിൽ നമ്മൾ പങ്കാളികളായി ത്തീരുന്നു. ഈ ഭാഗഭാഗിത്വം ആരാധനക്രമത്തിലൂടെയാണ് നാം നിർവഹിക്കുന്നത്. നിത്യപുരോഹിതനായ യേശു തന്നെ ത്തന്നെ ബലിയർപ്പിച്ചുകൊണ്ട് തൻെറ പൗരോഹിത്യധർമ്മം നിർവഹിച്ചു. കർത്താവിൻെറ ഈ പുരോഹിതധർമ്മം അഥവാ വി ശുദ്ധീകരണധർമ്മം ഇന്നും ആരാധനക്രമത്തിലൂടെ തുടരുന്നു.

യേശു നമുക്കു പിതാവിൻെറ പക്കലേക്കുള്ള വഴിയാണ്. അവിടുന്നു നമ്മെ സുരക്ഷിതരായി നയിക്കുന്നു. അവിടു ന്നു പഠിപ്പിച്ച വഴി നാം കണ്ടെത്തുന്നത് അവിടുന്നു നല്കി യിട്ടുള്ള നിയമങ്ങളിലൂടെ, സർവ്വോപരി, സ്നേഹത്തിൻെറ നിയമത്തിലൂടെ ആണ്. അവയാണ് ക്രൈസ്തവജീവിതത്തി നു മാർഗ്ഗനിർദ്ദേശം നല്കുന്നത്. നമ്മെ സുരക്ഷിതരാ യി പിതാവിങ്കലേക്കു നയിക്കുന്നതിലൂടെ യേശുവിൻെറ രാജ കീയദൗത്യം പൂർത്തിയാക്കപ്പെടുന്നു.

അങ്ങനെ, പ്രവാചക – പൗരോഹിത്യ – രാജകീയദൗത്യങ്ങൾ മിശിഹായിൽ പൂർത്തീകരിക്കപ്പെട്ടു. അപ്രകാരം, വിശ്വാസ വും ആരാധനക്രമവും ക്രൈസ്തവജീവിതവും മിശിഹായിൽ ഏകോപിപ്പിക്കപ്പെടുകയാണ്.

## മൂന്നു തലങ്ങൾ

ഈ ആശയം മറെറാരുവിധത്തിലും വിശദീകരിക്കാനാകും. ക്രൈസ്തവജീവിതത്തിന് മൂന്നു തലങ്ങളുണ്ട്. ഏററവും അ ടിസ്ഥാനപരമായുള്ളത് വിശ്വാസത്തിൻെറ മേഖലയാണ്. അ ത് വചനാനുഭവമാണ്. ദൈവവചനം സ്വീകരിക്കുമ്പോഴാണ് ഒരുവൻ വിശ്വാസത്തിലേക്ക് വരുന്നത്. വിശ്വാസം എപ്പോ ഴും അതിൻെറ ആഘോഷത്തിലേക്ക് നയിക്കും. അതാണ് ദൈ വികജീവൻ നല്കുന്ന ആരാധനക്രമം. ഇതാണ് രണ്ടാമത്തെ തലം. വിശ്വാസവും ആരാധനയും അർത്ഥപൂർണ്ണമാകുന്നത് അത് ജീവിതത്തിലേക്ക് പകർത്തുമ്പോഴാണ്. അതാണ് മൂന്നാ മത്തെ തലമായ ക്രൈസ്തവജീവിതത്തിൻെറ മേഖല. ഇവ മൂ ന്നും ഒഴിവാക്കാനാവാത്തവിധം പരസ്പരം ബന്ധിക്കപ്പെട്ടിരി ക്കുന്നു. ഈ മൂന്നു തലങ്ങളിലൂടെയാണ് സഭ യേശുവിൻെറ

ത്രിവിധ ദൗത്യം തുടരുന്നത്. ആ തലങ്ങളുടെ ചിത്രം താഴെക്കൊടുക്കുന്നു:




| പുരോഹിതദൗത്യം | രാജകീയദൗത്യം | പ്രവാചകദൗത്യം |
|---|---|---|
| നിത്യജീവന്റെ ഉറവിടത്തിലേക്ക് കൊണ്ടുവരിക (വിശുദ്ധീകരിക്കുക). | ശരിയായ മാർഗ്ഗം കാണിച്ചുകൊടുക്കുക (നയിക്കുക) | വചനമറിയിച്ച് വിശ്വാസത്തിലേക്ക് കൊണ്ടുവരിക (പഠിപ്പിക്കുക). |

വചനമാണ് എല്ലാററിനും അടിസ്ഥാനമായി നില്ക്കുന്നത്. അത് വിശ്വാസത്തിലേക്കുള്ള ക്ഷണമാണ്. വിശ്വാസമെന്ന ദാനം സ്വീകരിച്ചാൽ പിന്നെ അതു പ്രകാശിപ്പിക്കാതിരിക്കാൻ സാദ്ധ്യമല്ല. സമൂഹം എന്ന നിലയിൽ ആരാധനയിലൂടെയാണ്

ഇത് സാധിക്കുന്നത്. അതുകൊണ്ടാണ് വചനം സ്വീകരിച്ച് വിശ്വാസാനുഭവത്തിലേക്കു വന്ന ആദിമക്രൈസ്തവസമൂഹം ഏകമനസ്സോടെ താത്പര്യപൂർവ്വം അനുദിനം ദേവാലയത്തിൽ ഒരുമിച്ചു കൂടുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തത്. അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം അവർ പങ്കുചേർന്നു (അപ്പ. 2:42). വിശ്വാസവും ആരാധന ക്രമവും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. അത് വിശ്വാസജീവിതത്തിലേക്ക് നയിക്കണം.

> "വിശ്വസിച്ചവർ എല്ലാവരും ഒററസമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായിക്കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിററ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു'' (അപ്പ. 2:44-45).

വിശ്വസിക്കുകയും ദൈവാരാധനയിൽ ഒരുമിച്ചു പങ്കെടുക്കുകയും ചെയ്ത ആദിമക്രൈസ്തവർ തങ്ങളുടെ ആരാധനാനുഭവം ജീവിതത്തിലേക്കു പകർത്തി. ക്രൈസ്തവ ജീവിതത്തിൻെറ അവിഭാജ്യമായ മൂന്നുതലങ്ങളെ സുന്ദരമായി ഇവിടെ പ്രകാശിപ്പിക്കുകയാണ്. ആദിമക്രൈസ്തവസമൂഹത്തിൻെറ ആരാധനാജീവിതം എത്ര മനോഹരം!

## വൈയക്തികസഭകൾ

ഓരോ വൈയക്തികസഭയും അതിൻെറ വിശ്വാസം ആരാധനക്രമത്തിൽ വ്യത്യസ്തമായ രീതികളിൽ ആവിഷ്കരിക്കുന്നു. കത്തോലിക്കാസഭയിലെ വിവിധ സഭകൾ, ഒരേ വിശ്വാസത്തിൻെറ വ്യത്യസ്തമായ ദർശനങ്ങളെ പ്രകാശിപ്പിക്കുന്നതിൻെറ മകുടോദാഹരണങ്ങളാണ് വിവിധ ആരാധനക്രമങ്ങൾ. സഭയുടെ ആരാധനക്രമങ്ങൾ വിശുദ്ധരായ സഭാപിതാക്കന്മാരിൽനിന്നാണ് ഉരുത്തിരിഞ്ഞതെന്ന വസ്തുതയും, സഭയുടെ വിശ്വാസവും ആരാധനക്രമവും തമ്മിലുള്ള ബന്ധത്തെയാണ് കാണിക്കുന്നത്. സഭയുടെ അപ്പസ്തോലിക വിശ്വാസപാരമ്പര്യത്തിൻെറ സജീവസാക്ഷികളാണ് ആരാധനക്രമങ്ങൾ (പൗരസ്ത്യസഭകൾ 1).

## 1. ഉത്തരങ്ങൾ പഠിക്കുക

1. മനുഷ്യൻ ജന്മനാ ഈശ്വരാരാധനയിൽ തത്പരനാണ്— വ്യക്തമാക്കുക..
2. സർവ്വോത്കൃഷ്ടമായ ദൈവാരാധന ഏത്? അതിനെ സർവ്വോത്കൃഷ്ടം എന്നു വിശേഷിപ്പിക്കുന്നത് എന്തുകൊണ്ട്?
3. വിശ്വാസവും ആരാധനക്രമവും തമ്മിൽ എത്രത്തോളം ബന്ധപ്പെട്ടിരിക്കുന്നുവെന്നു വിവരിക്കുക.
4. ആരാധനക്രമം എന്താണെന്നു ചോദിക്കുന്ന ഒരു സഹപാഠിക്കു നിങ്ങൾ നല്കുന്ന മറുപടി എന്തായിരിക്കും? വിശദീകരിക്കുക?

## 2. പ്രാവർത്തികമാക്കുക

1. പരിശുദ്ധകുർബാനയിലെ പങ്കാളിത്തം സജീവമാക്കുന്നതിന് ആവശ്യമായ ഒരു കർമ്മപദ്ധതി തയ്യാറാക്കുക.
2. ഒരു ഇടദിവസം നിങ്ങളുടെ ക്ലാസ്സിലെ കുട്ടികൾ എല്ലാവരും ദിവ്യബലിയിൽ സജീവമായി സംബന്ധിക്കുന്നതിന്റെ ഒരു പദ്ധതി തയ്യാറാക്കുക.
3. ഗ്രൂപ്പുകൾ തിരിച്ച് വി. ഗ്രന്ഥവായന പരിശീലിച്ച് ഏററവും നന്നായി വായിക്കുന്നവരെ കണ്ടെത്തുക.

## 3 ചർച്ചചെയ്യുക

1. "പരിശുദ്ധകുർബ്ബാനയിൽ പങ്കെടുക്കണമെന്നില്ല, നന്നായി ജീവിച്ചാൽമതി" എന്നു യുവജനങ്ങളിൽ ചിലർക്കു അഭിപ്രായമുണ്ട്. ഈ അഭിപ്രായഗതിയോടു നിങ്ങൾ എത്രത്തോളം യോജിക്കുന്നു – ചർച്ചചെയ്യുക.
2. നിങ്ങളുടെ ഇടവകദേവാലയത്തിലെ ആരാധനാസമൂഹത്തിന്റെ ഭാഗഭാഗിത്വത്തിൽ കാണുന്ന പോരായ്മകളും അവ പരിഹരിക്കാനുള്ള മാർഗ്ഗങ്ങളും ചർച്ചചെയ്യുക.

# 7

# എന്നിൽ ക്രിസ്തു ജീവിക്കുന്നു

ചില ആളുകളിൽ നമ്മൾ ആകൃഷ്ടരായിത്തീരാറില്ലേ? അവരുടെ വണ്ണം, പൊക്കം, അഴക്, നിറം, നടപ്പ്, ആരോഗ്യം, സംഭാഷണശൈലി, സ്വരം, ചിരി ഇവയൊക്കെയായിരിക്കും നമ്മെ ആകർഷിക്കുന്നത്. ഇവയെല്ലാം ശാരീരികവ്യക്തിത്വത്തിന്റെ മേഖലയിൽപ്പെട്ടതാണ്. ഈ ദൃശ്യ വ്യക്തിത്വമുള്ളവരുമായി അടുത്തിടപെട്ടുകഴിയുമ്പോൾ അവരെപ്പോലെ ആയിത്തീരാനായിരിക്കും മോഹം. യുവതീയുവാക്കളുടെ എല്ലാബന്ധങ്ങളും വിലയിരുത്തലുകളും മിക്കവാറും ശാരീരികവ്യക്തിത്വത്തിന്റെ അടിസ്ഥാനത്തിലാണ്. ബാഹ്യാകാരത്തിൽ തെളിയുന്ന വ്യക്തിത്വമാണ് പ്രായേണ അവർക്ക് പ്രധാനം. ജീവിതബന്ധത്തിന് അനുപേക്ഷണീയമായ ഇതര വ്യക്തിത്വമേഖലകളെ അങ്ങനെ അവഗണിക്കുവാൻ ഇടയാകുന്നു.

ആകാരഭംഗിയുണ്ടായാൽ നല്ല വ്യക്തിത്വമായി എന്നു കരുതുന്നവരാണ് ഭൂരിപക്ഷം യുവതീയുവാക്കളും. ഗാന്ധിജിയുടെ വ്യക്തിത്വം അദ്ദേഹത്തിന്റെ ശാരീരികാകൃതിയിൽ ഒതുങ്ങുന്നതാണോ? ഒരു സിനിമാനടന്റെ ശരീരസൗന്ദര്യമോ ഒരു കായികാഭ്യാസിയുടെ ശരീരപുഷ്ടിയോ അദ്ദേഹത്തിനില്ല. എന്നാൽ, വിശ്വോത്തരവ്യക്തിത്വത്തിനുടമയായാണ് ഗാന്ധിജിയെ ലോകമെണ്ണുന്നത്. മദർ തെരേസായുടെ വ്യക്തിത്വത്തെ ലോകം പ്രശംസിക്കുന്നത് അവരുടെ ശാരീരിക സ്ഥിതിയുടെ അടിസ്ഥാനത്തിലല്ലല്ലോ.

മനുഷ്യവ്യക്തിത്വം പൂർണ്ണത കൈവരിക്കുന്നത് ഒരാൾ ധാർമ്മികമായ പക്വതയിലെത്തുമ്പോഴാണ്. സ്വതന്ത്രമായ സമ്മതത്തോടും പൂർണ്ണമായ അറിവോടുംകൂടി ചെയ്യുന്ന പ്രവൃത്തികൾക്കു മാത്രമേ മനുഷ്യന് ഉത്തരവാദിത്വമുള്ളു. അങ്ങനെയുള്ള പ്രവൃത്തികൾക്കേ ധാർമ്മികത ബാധകമാകുന്നുള്ളു. അതുകൊണ്ടാണ് പക്വമായ വ്യക്തിത്വമുള്ള ഒരാൾക്കു കല്പിക്കുന്നത്ര ധാർമ്മികമായ ഉത്തരവാദിത്വം ശിശുക്കൾക്കോ ബാലികാബാലന്മാർക്കോ കല്പിക്കാത്തത്.

## ക്രിസ്തുവിന്റെ വ്യക്തിത്വം

മനുഷ്യബന്ധങ്ങളിലും മനുഷ്യപ്രവർത്തനങ്ങളിലും പ്രകടിതമാകുന്ന സത്യം, നീതി, സ്നേഹം, സേവനം, സൗഹൃദം സമാധാനം തുടങ്ങിയ മാനുഷികമൂല്യങ്ങളാണ് ധാർമ്മികതയു



ടെ അടിസ്ഥാനം. ഈ മൂല്യങ്ങൾ മുഴുവനും അവയുടെ പൂർണ്ണമായ അർത്ഥത്തിലും അളവിലും കാണാനാവുന്നത് ക്രിസ്തു എന്ന വ്യക്തിയിലാണ്. രണ്ടായിരമാണ്ടുകൾക്കുമുൻപ് ആ അലൗകികവ്യക്തിത്വം പലസ്തീനായിൽ മനുഷ്യാകാരം പൂണ്ടു പ്രത്യക്ഷപ്പെട്ടു:

വിശക്കുന്നവർക്ക് ആഹാരമായി, രോഗികൾക്കു സി
ദ്ധൗഷധമായി, അശരണർക്കു ആശാകേന്ദ്രമായി, ബ
ന്ധിതർക്കു മോചനദ്രവ്യമായി, ദാഹാർത്തർക്കു ജീവ
ജലമായി, ഭാരാർദ്ദിതർക്കു അത്താണിയായി, മരിച്ച
വർക്കു മൃതസഞ്ജീവനിയായി

ആ വ്യക്തിത്വം ലോകം ദർശിക്കുകയും ചെയ്തു. ക്രിസ്തുവിൻെറകൂടെ സന്തതസഹകാരികളായി വർത്തിച്ച അപ്പസ്തോലന്മാർ അവിടുത്തെ വ്യക്തിത്വം സ്വാംശീകരിച്ചു. അതിൻെറ ഫലമോ? അവരുടെ ദിവ്യഗുരു ചെയ്തതുപോലെ അഗതികൾക്കും പാപികൾക്കും ശരണാഗതർക്കും വേണ്ടി അനുഗ്രഹങ്ങൾ വർഷിക്കാൻ അവർക്കും കഴിഞ്ഞു.

യേശുവിൻെറ വ്യക്തിത്വത്തിൻെറ ഛായയും സാദൃശ്യവും നമുക്കുണ്ട്. ത്രിത്വൈകദൈവം മനുഷ്യനെ സൃഷ്ടിച്ചതുതന്നെ അവിടുത്തെ ഛായാസാദൃശ്യങ്ങൾ നല്കിക്കൊണ്ടാണല്ലോ. ആ ഛായാസാദൃശ്യങ്ങൾ ഉൾച്ചേർന്ന നമ്മുടെ വ്യക്തിത്വം ദൈവദത്തമാണ്. വ്യക്തിത്വദാതാവായ ദൈവത്തിൻെറ പുത്രനായ ക്രിസ്തുവിൽ നിന്നല്ലാതെ അന്യൂനമായ വ്യക്തിത്വം നമുക്കു മറെറങ്ങുനിന്നും ലഭിക്കുവാനില്ല.

''ഞാൻ അല്ല, എന്നിൽ ക്രിസ്തുവാണ് ജീവിക്കുന്നത് '' (ഗലാ.3:20) എന്നു വി. പൗലോസ് ഉദ്ഘോഷിക്കുന്നുണ്ടല്ലോ. പൗലോസിൻെറ വ്യക്തിത്വം ക്രിസ്തുവിൻെറ വ്യക്തിത്വമാണെന്നും ഇതിൽനിന്ന് സ്പഷ്ടമാകുന്നുണ്ട്.

ക്രിസ്തുവിൻെറ വ്യക്തിത്വം നാം ആർജ്ജിച്ചുകഴിഞ്ഞാൽ നമ്മുടെ സകലപ്രവൃത്തികളും ഫലസമൃദ്ധമായി ത്തീരും.

യേശു നമ്മോടു വാഗ്ദാനം ചെയ്യുന്നു:

> ''ഞാൻ ആരിലും ആര് എന്നിലും വസിക്കുന്നുവോ
> അവൻ ധാരാളം ഫലം പുറപ്പെടുവിക്കും''
>
> (യോഹ. 15:5).

വി. പൗലോസ് നമ്മോട് ആവശ്യപ്പെടുന്നു:

> ''കർത്താവായ യേശുക്രിസ്തുവിനെ ധരിക്കുവിൻ''
>
> (റോമ 13:14).

ക്രിസ്തുവിന്റെ വ്യക്തിത്വത്തെ സ്വീകരിക്കണമെങ്കിൽ നമ്മുടെ വ്യക്തിത്വത്തിൽ അടിഞ്ഞുകൂടിയിട്ടുള്ള സുഖലോലുപതയും മദ്യപാനാസക്തിയും കലഹവാസനയും ഉപേക്ഷിച്ച് പകലിനു യോജിച്ചവിധം പെരുമാറണമെന്ന് വി. പൗലോസ് നിർദ്ദേശിക്കുന്നു (റോമ 13:2-14).

ക്രിസ്തുവിന്റെ വ്യക്തിത്വം ഉൾക്കൊള്ളാനുള്ള മാർഗ്ഗങ്ങളിൽ സുപ്രധാനമായിട്ടുള്ളത് അവിടുത്തെ രക്ഷാകരരഹസ്യങ്ങളുടെ പുനരാവർത്തനമായ ദിവ്യബലിയിൽ പങ്കെടുക്കുകയും അവിടുത്തെ ശരീരരക്തങ്ങൾ സ്വീകരിക്കുകയുമാണ്.

## വ്യക്തിത്വം – മന:ശാസ്ത്ര ദൃഷ്ടിയിൽ

മന:ശാസ്ത്രത്തെക്കുറിച്ചു നാം ഇന്ന് ഏറെ പറഞ്ഞുകേൾക്കുന്നുണ്ട്. മന:ശാസ്ത്രപംക്തിയില്ലാത്ത വാരികകളോ മാസികകളോ ഇന്നില്ല. മന:ശാസ്ത്രം അതിന്റേതായ നൂതനരൂപഭാവങ്ങളിൽ വളരാൻ തുടങ്ങിയത് 19-ാം നൂററാണ്ടിലാണ്. അതിനു തുടക്കം കുറിച്ചത് ആസ്ട്രിയക്കാരനായ സിഗ്മണ്ട് ഫ്രോയിഡാണ്.

മനുഷ്യവ്യവഹാരങ്ങളുടെയും അനുഭവങ്ങളുടെയും പഠനമാണ് മന:ശാസ്ത്രം. അടികൊള്ളുമ്പോൾ കുട്ടി കരയുന്നു. കരച്ചിൽ വ്യവഹാരമാണ്; അടികൊണ്ടപ്പോഴുണ്ടായ വേദന അനുഭവവുമാകുന്നു. മന:ശാസ്ത്രത്തിന്റെ ദൃഷ്ടിയിൽ യഥാർത്ഥവ്യക്തിത്വം എന്താണെന്നും ക്രിസ്തുവിന്റെ അനുയായി എന്ന നിലയിൽ ഒരാൾക്ക് തന്റെ വ്യക്തിത്വത്തെ എങ്ങനെ വളർത്തിയെടുക്കാമെന്നും നോക്കാം.

വ്യക്തിത്വത്തിന് മന:ശാസ്ത്രജ്ഞന്മാർ പലവിധത്തിലുള്ള നിർവചനങ്ങൾ കൊടുക്കുന്നുണ്ട്. പൊതുവെ സ്വീകാര്യമായ ഒരു നിർവചനം പ്രസിദ്ധ മന:ശാസ്ത്രജ്ഞനായ ഗോർഡൻ ആൾപോർട്ടിന്റേതാണ്. അദ്ദേഹം നിർവചിക്കുന്നു: "ഒരു വ്യക്തിയുടെ സവിശേഷപെരുമാററത്തെയും ചിന്തകളെയും നിർണ്ണയിക്കുന്ന ശാരീരികവും മാനസികവുമായ ഘടകങ്ങളുടെ ചലനാത്മകമായ ക്രമവത്കരണമാണ് വ്യക്തിത്വം". ഈ നിർവചനത്തിൽ ശ്രദ്ധേയമായ പല സംഗതികളും അന്തർഭവിച്ചിട്ടുണ്ട്. ഒരാളുടെ ബാഹ്യമായ പെരുമാററത്തെയും ആന്തരികമായ ചിന്തയേയും നിയന്ത്രിക്കുന്നത് അയാളുടെ വ്യക്തി

ത്വമാണ്. ഈ വ്യക്തിത്വം അയാളുടെ ശാരീരികവും മാനസികവുമായ സവിശേഷതകളുടെ ആകെത്തുകയാണ്. വ്യക്തിത്വത്തിൽ മനുഷ്യൻെറ ബാഹ്യമായ ശാരീരികഘടകങ്ങളും ആന്തരികമായ മാനസികഗുണങ്ങളും കഴിവുകളും അഭിലാഷങ്ങളും മൂല്യങ്ങളും ആരോഗ്യകരമായ രീതിയിൽ സംയോജിപ്പിക്കപ്പെട്ടിരിക്കുന്നു. വ്യക്തി വളരുന്നതനുസരിച്ച് ഈ സവിശേഷതകളിൽ മാററംവരാം. ഈ സവിശേഷതകളെല്ലാം പല വ്യക്തികളിലും കാണാൻ സാധിക്കുമെങ്കിലും ഓരോ ഘടകത്തിൻെറയും അളവിലും സംയോജനത്തിലും വ്യത്യാസങ്ങൾ ഉണ്ടായിരിക്കും. വിവിധങ്ങളായ വ്യക്തിത്വങ്ങളുടെ പിന്നിൽ പ്രവർത്തിക്കുന്നത് ഈ വ്യത്യാസങ്ങളാണ്.

## ആരോഗ്യമുള്ള വ്യക്തിത്വത്തിൻെറ ലക്ഷണങ്ങൾ

ജയിംസ് കോൾമൻ എന്ന മന:ശാസ്ത്രജ്ഞൻ ആരോഗ്യമുള്ള വ്യക്തിത്വത്തിൻെറ ലക്ഷണങ്ങളായി പത്തുകാര്യങ്ങൾ പറയുന്നുണ്ട്;

1) ശരിയായ സുരക്ഷിതത്വബോധം. ഉത്കണ്ഠയും ഭയവും നിറഞ്ഞ ഒരാളുടെ വ്യക്തിത്വം ആരോഗ്യം ഉള്ളതല്ല.

2) വസ്തുനിഷ്ഠമായ സ്വയംവിലയിരുത്തൽ. മാനസികാരോഗ്യം ഉള്ള ഒരു വ്യക്തിക്ക് തൻെറ കഴിവുകളെയും പോരായ്മകളെയുംകുറിച്ച് യഥാർത്ഥമായ അറിവുണ്ടായിരിക്കും.

3) യഥാർത്ഥമായ ലക്ഷ്യബോധം. പക്വതവന്ന ഒരു വ്യതിക്ക് തൻെറ ഭാവിയെക്കുറിച്ച് ചില ലക്ഷ്യങ്ങളും പദ്ധതിയും ഉണ്ടായിരിക്കും.

4) യാഥാർത്ഥ്യബോധം. മാനസികാരോഗ്യമുള്ള വ്യക്തിക്ക് യാഥാർത്ഥ്യബോധമുണ്ടായിരിക്കും. ഒരു മാനസികരോഗിക്ക് യാഥാർത്ഥ്യം എന്താണെന്ന് അറിഞ്ഞുകൂടല്ലോ.

5) പെരുമാററത്തിലെ ഐക്യവും ദൃഢതയും. ആശയങ്ങളും പെരുമാററരീതികളും വികാരങ്ങളും എപ്പോഴും മാറിക്കൊണ്ടിരിക്കുന്ന വ്യക്തിത്വം ആരോഗ്യം ഉള്ളതല്ല.

6) പഴയകാലാനുഭവങ്ങളിൽനിന്നു പഠിക്കാനുള്ള കഴിവ്.

7) സാഹചര്യങ്ങളനുസരിച്ച് സ്വയം അനുരൂപണം ചെയ്യാനുള്ള കഴിവ്. എല്ലായ്പ്പോഴും ഒരേവിധത്തിൽ പെരുമാറുന്ന വ്യക്തി മാനസികമായി പക്വത ആർജ്ജിച്ചിട്ടില്ല.

8) വികാരങ്ങ൦ ശരിയായി കൈകാര്യം ചെയ്യാനുള്ള കഴിവ്. വികാരങ്ങ൦ അവയിൽത്തന്നെ നല്ലതോ മോശമോ അല്ല. അവ പ്രകടിപ്പിക്കുന്ന രീതിയിലാണു നന്മയും തിന്മയും ഉണ്ടാവുക.

9) സമൂഹത്തിൻെറ ആവശ്യങ്ങ൦ നിറവേററിക്കൊടുക്കുവാനുള്ള കഴിവ്. ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം മേല്പ്പറഞ്ഞ എല്ലാ ലക്ഷണങ്ങളും ഉണ്ടായിരുന്നാലും അയാ൦ക്ക് സമൂഹത്തിൻെറ നിയമങ്ങളും ആവശ്യങ്ങളുമായി ഒത്തുപോകുവാൻ സാധിക്കുന്നില്ലെങ്കിൽ അയാ൦ മാനസികമായി വളർച്ച പ്രാപിച്ച വ്യക്തിയല്ല. കള്ളന്മാരും കൊലപാതകികളും സാമൂഹികവിരുദ്ധരും ഈ ഗണത്തിൽപെട്ടവരാണ്.

10) ന്യായമായ ശാരീരികാവശ്യങ്ങളും അവയെ ശരിയായ വിധത്തിൽ തൃപ്തിപ്പെടുത്തുവാനുള്ള കഴിവും. വിശപ്പും ദാഹവും സെക്സും എല്ലാം ശാരീരികാവശ്യങ്ങളാണ്. ഇങ്ങനെയുള്ള ആവശ്യങ്ങ൦ തോന്നാതിരിക്കുക ആരോഗ്യമില്ലായ്മയുടെ ലക്ഷണമാണ്.

ശരീരത്തിനു രോഗം ബാധിക്കുന്നതുപോലെ വ്യക്തിത്വത്തിനും രോഗം ബാധിക്കാം. വ്യക്തിത്വത്തെ ബാധിക്കുന്ന രോഗങ്ങ൦ക്ക് സാധാരണഭാഷയിൽ മാനസികരോഗങ്ങ൦ എന്നു പറയും.

## വ്യക്തിത്വവളർച്ചയിലെ ഘടകങ്ങൾ

*1. ആശ്രിതത്വത്തിൽനിന്നു സ്വയം നയിക്കാനുള്ള പ്രാപ്തിയിലേക്ക്:*

ശിശു മററുള്ളവരെ ആശ്രയിക്കുന്നു. എന്നാൽ വളർച്ച വന്ന വ്യക്തി സ്വയം തീരുമാനങ്ങ൦ എടുക്കുന്നു. സ്വതന്ത്രമായ കഴിവുകളും മൂല്യങ്ങളും ഇതിന് ആവശ്യമാണ്.

*2. സന്തോഷം മാത്രം എന്ന മനോഭാവത്തിൽനിന്നു യാഥാർത്ഥ്യ ബോധത്തിലേക്ക്:*

ഫ്രോയിഡിയൻ മന:ശാസ്ത്രത്തിലെ ഒരു പ്രധാന സിദ്ധാന്തമാണ് സുഖതത്ത്വം (Pleasure principle). വളർച്ചവന്ന വ്യക്തി ഉപരിനന്മയ്ക്കായി താത്കാലികമായ സന്തോഷങ്ങ൦ മാററിവയ്ക്കുവാൻ കഴിവുള്ളവനാണ്.

### *3. അജ്ഞതയിൽനിന്ന് അറിവിലേക്ക്:*

ജനനസമയത്ത് ശിശുവിന് യാതൊന്നിനെക്കുറിച്ചും അറിവുണ്ടായിരിക്കുകയില്ല. എന്നാൽ സാവധാനത്തിൽ ശിശു തന്നെക്കുറിച്ചും ലോകത്തെക്കുറിച്ചും ധാരാളം അറിവു സമ്പാദിക്കുന്നു. വ്യക്തിത്വവളർച്ചയാർജ്ജിച്ച മനുഷ്യന് പല കാര്യങ്ങളെക്കുറിച്ചും അറിവും വ്യക്തമായ ധാരണകളും ഉണ്ടായിരിക്കും.

### *4. കഴിവില്ലായ്മയിൽനിന്നു സാമർത്ഥ്യത്തിലേക്ക്:*

യൗവനം വരെയുള്ള കാലഘട്ടം ബുദ്ധിപരവും സാമൂഹികവും വൈകാരികവുമായ പക്വത കൈവരുത്തുന്നതിനാണ് മനുഷ്യൻ ചെലവഴിക്കുന്നത്. വളർച്ചവന്ന വ്യക്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തീരുമാനങ്ങളെടുക്കുന്നതിനുമുള്ള പരിചയം ആർജ്ജിക്കുന്നു. ഭാവിയിൽ ഏതു ജോലിയിൽ പ്രവേശിക്കണം, എങ്ങനെയുള്ള വ്യക്തികളുമായി ബന്ധപ്പെടണം എന്നിങ്ങനെയുള്ള തീരുമാനങ്ങളും ഇതിൽ ഉൾപ്പെടും.

### *5. ലൈംഗികതയെക്കുറിച്ചുള്ള അവ്യക്തധാരണയിൽനിന്ന് ശരിയായ ധാരണയിലേക്ക്:*

ശിശുക്കൾക്ക് ലൈംഗികതയെക്കുറിച്ച് വ്യക്തമായ ധാരണയൊന്നും ഉണ്ടായിരിക്കുകയില്ല. കൗമാരത്തിൽ ലൈംഗിക വ്യത്യാസങ്ങളെക്കുറിച്ചും ലൈംഗികതയുടെ സ്വഭാവത്തെക്കുറിച്ചും കൂടുതൽ വ്യക്തമായ അറിവുകൾ അവർക്കു ലഭിച്ചുതുടങ്ങും. സ്വന്തം ലൈംഗികത അംഗീകരിക്കുന്നതോടൊപ്പം ഇതരവർഗ്ഗത്തിൽപ്പെട്ട വ്യക്തികളുമായി ആരോഗ്യകരമായ ബന്ധം സ്ഥാപിക്കുവാൻ അവർ ശ്രമിക്കുകയും ചെയ്യും. ലൈംഗിക പക്വതയിൽ മാനസികവും ശാരീരികവുമായ ഘടകങ്ങൾക്ക് സ്ഥാനമുണ്ട്.

### *6. ധാർമ്മികബോധത്തിൻെറ അഭാവത്തിൽനിന്ന് ധാർമ്മികബോധത്തിലേക്ക്:*

ശിശുക്കൾക്ക് തെററും ശരിയും തമ്മിൽ തിരിച്ചറിയുവാൻ സാധിക്കുകയില്ല. ക്രമേണ ചില കാര്യങ്ങൾ ശരിയെന്നും മററു ചിലതു തെറെറന്നും അവർ പഠിക്കുന്നു. പക്വതയാർജ്ജിക്കുമ്പോൾ വ്യക്തിക്ക് തൻെറ ജീവിതത്തെ നയിക്കുന്ന ധാർമ്മിക

മൂല്യങ്ങൾ ഉണ്ടായിരിക്കും. ആദ്യം അന്ധമായി സ്വീകരിക്കപ്പെട്ട ഈ മൂല്യങ്ങൾ പിന്നീടു യുക്തിയുടെയും അറിവിൻെറയും വെളിച്ചത്തിൽ സ്വാംശീകരിക്കപ്പെടുന്നു.

*7. സ്വാർത്ഥതയിൽനിന്നു നിസ്വാർത്ഥതയിലേക്ക്:*

ശിശുക്കൾ സ്വന്തം കാര്യത്തിൽമാത്രം താത്പര്യം കാണിക്കുന്നവരാണ്. വളരുംതോറും അവർ മററുള്ളവരുടെ ആവശ്യങ്ങളെക്കുറിച്ചു ബോധവാന്മാരാകുന്നു. വ്യക്തിത്വവളർച്ച നേടിയ ആൾ മററുള്ളവരെ സ്നേഹിക്കുവാനും കുടുംബത്തിൻെറയും സമുദായത്തിൻെറയും നന്മയ്ക്കായി പ്രവർത്തിക്കുവാനും പഠിക്കുന്നു.

## ക്രൈസ്തവർ ആർജ്ജിക്കേണ്ട വ്യക്തിത്വം

ദൈവത്തെ പിതാവായും യേശുവിനെ രക്ഷകനായും അംഗീകരിച്ചുകൊണ്ട് യേശുവിൻെറ പ്രബോധനങ്ങൾ ജീവിതത്തിൽ പ്രായോഗികമാക്കുന്ന വ്യക്തിയാണ് ക്രിസ്ത്യാനി. പക്വതവന്ന വ്യക്തിത്വത്തിൻെറ അടയാളങ്ങളായി എറിക് ഫ്രോം എന്ന മന:ശാസ്ത്രജ്ഞൻ മൂന്നു കാര്യങ്ങൾ ചൂണ്ടിക്കാട്ടുന്നു:

1) സ്വന്തം വ്യക്തിത്വത്തെക്കുറിച്ചുള്ള അവബോധം.
2) തന്നെത്തന്നെ അംഗീകരിക്കൽ.
3) തന്നെത്തന്നെ നയിക്കൽ.

എറിക് ഫ്രോമിൻെറ ഈ ആശയപ്രകാരം ഒരു ക്രിസ്തുശിഷ്യൻ ആദ്യമായി തൻെറ ക്രിസ്തീയവിളിയെക്കുറിച്ച് തികച്ചും ബോധവാനായിരിക്കണം. ദൈവത്തോടും സമസൃഷ്ടികളോടുമുള്ള കടപ്പാടുകളെക്കുറിച്ച് അയാൾക്ക് ബോധ്യം ഉണ്ടായിരിക്കണം. യേശുവിൻെറ വ്യക്തിത്വത്തിന് സ്വന്തം ജീവിതത്തിലൂടെ സാക്ഷ്യംവഹിക്കുകയാണ് തൻെറ ദൗത്യമെന്ന് അയാൾ അറിഞ്ഞിരിക്കണം. ഇങ്ങനെയുള്ള ബോധ്യങ്ങളോടൊപ്പം തനിക്കുള്ള കടപ്പാടും ദൗത്യവും ഏററെടുക്കുവാൻ അയാൾ സന്നദ്ധനുമായിരിക്കണം. ഇങ്ങനെയുള്ള അറിവിൻെറയും അംഗീകാരത്തിൻെറയും വെളിച്ചത്തിൽ സ്വന്തം ജീവിതത്തെ ദൈവത്തിലേക്കു നയിക്കുന്ന വ്യക്തിത്വമാണ് ക്രിസ്തുശിഷ്യൻേറത്. ലോകത്തിൽ ജീവിക്കുന്ന ഓരോ വ്യക്തിയുടേയും കാര്യത്തിൽ ദൈവത്തിന് വ്യക്തമായ ചില പദ്ധതികളുണ്ട്.

തന്റെ ജീവിതത്തിൽ ദൈവത്തിന്റെ ഇഷ്ടം എന്തെന്നു മനസ്സിലാക്കുവാൻ ശ്രമിക്കുകയും അതു മനസ്സിലാക്കിയശേഷം ദൈവേഷ്ടം അംഗീകരിക്കുകയും അതിന്റെ വെളിച്ചത്തിൽ സ്വന്തം ജീവിതത്തെ ദൈവത്തിങ്കലേക്കു നയിക്കുകയും ചെയ്യുന്ന വ്യക്തിയാണ് ക്രിസ്തുവിന്റെ യഥാർത്ഥ അനുയായി. പക്വതവന്ന ക്രിസ്തീയ വ്യക്തിത്വത്തിന് താഴെപ്പറയുന്ന സവിശേഷതകൾ ഉണ്ടായിരിക്കും.



പക്വതയാർന്ന ക്രൈസ്തവവ്യക്തിത്വത്തിന് ഒരു ആധുനിക ഭാഷ്യം

### *1. തന്നെക്കുറിച്ചു തന്നെയുള്ള മതിപ്പ്*

ഒരു വ്യക്തിക്കു തന്നെക്കുറിച്ചുതന്നെയുള്ള നല്ല അഭിപ്രായം മാനസികാരോഗ്യത്തിന് വളരെ പ്രധാനപ്പെട്ടതാണ്. മാലസ് എന്ന മനഃശാസ്ത്രജ്ഞന്റെ ഗവേഷണം തെളിയിക്കുന്നത് ദൈവവിശ്വാസികൾക്ക് തങ്ങളെക്കുറിച്ചുതന്നെ ആരോഗ്യകരമായ മതിപ്പുണ്ടെന്നാണ്. തങ്ങൾ ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടവരാണെന്നും ദൈവപുത്രരാണെന്നുമുള്ള അവബോധമാണ് ഇതിനു കാരണം. വിഷാദമനഃസ്ഥിതിയും ആത്മഹത്യയും മതവിശ്വാസികളിൽ താരതമ്യേന കുറഞ്ഞുകാണുന്നതിന്റെ കാരണവും ഇതുതന്നെയാണ്. തങ്ങൾ ദൈവപുത്രരാണെന്നും അതുകൊണ്ടുതന്നെ തങ്ങളുടെ വ്യക്തിത്വത്തിന് വലിയ ഒരു മഹത്വം ഉണ്ടെന്നും ക്രിസ്തുശിഷ്യൻ അറിഞ്ഞിരിക്കണം. ഈ ചിന്ത ആരോഗ്യകരമായ ആത്മസ്നേഹത്തിലേക്കും ബഹുമാനത്തിലേക്കും നമ്മെ നയിക്കുന്നു.

## 2. തന്നെത്തന്നെ അംഗീകരിക്കൽ

ഓരോ വ്യക്തിക്കും അവനവൻേറതായ കഴിവുകളും കുറവുകളും പോരായ്മകളും ഉണ്ടായിരിക്കുക സ്വാഭാവികമാണ്. കഴിവുകൾ ധാരാളമായി ഉള്ള വ്യക്തി അതു ദൈവത്തിൻെറ പ്രത്യേക ദാനങ്ങളാണെന്നും അവ സമൂഹത്തിൻെറ പൊതുവായ നന്മയ്ക്കുവേണ്ടി ഉപയോഗിക്കേണ്ടതാണെന്നും മനസ്സിലാക്കണം. കഴിവില്ലാത്തതുകൊണ്ട് അപകർഷതാബോധം ഉണ്ടാകേണ്ട കാര്യമില്ല. മനുഷ്യനായിത്തീർന്നതുവഴി യേശു മനുഷ്യസ്വഭാവത്തിനുതന്നെ ഒരു പ്രത്യേക അർത്ഥവും മഹത്വവും നല്കിയിരിക്കുകയാണ്. ദൈവപിതാവിൻെറ മക്കളും യേശുവിൻെറ സഹോദരരും പരിശുദ്ധാത്മാവിൻെറ ആലയങ്ങളുമാണ് വ്യക്തികൾ. ലോകത്തെയും ശരീരത്തെയും ശത്രുക്കളായി പരിഗണിക്കുകയും അവയെ വെറുക്കുവാൻ പഠിപ്പിക്കുകയും ചെയ്തിരുന്ന പഴയ ആദ്ധ്യാത്മികതയ്ക്ക് ഇന്ന് ക്രിസ്തീയജീവിതത്തിൽ പ്രസക്തിയില്ല.

## 3. വൈകാരികപക്വത

വികാരങ്ങൾ ആരോഗ്യകരമായ വിധത്തിൽ കൈകാര്യം ചെയ്യുക വളർച്ചവന്ന വ്യക്തിത്വത്തിൻെറ അടയാളമാണ്. മനുഷ്യന് ദൈവം നല്കിയിട്ടുള്ള ദാനമാണ് വികാരങ്ങൾ. മനുഷ്യനെ മനുഷ്യനാക്കുന്നത് അവൻെറ ബുദ്ധിശക്തിയും വികാരങ്ങളുമാണ്. ശരിയായി കൈകാര്യം ചെയ്യപ്പെടാത്ത വികാരങ്ങൾ വ്യക്തിത്വത്തിൽ പല പ്രശ്നങ്ങളും സൃഷ്ടിക്കും. ഫ്രോയിഡിൻെറ അഭിപ്രായത്തിൽ അടിച്ചമർത്തപ്പെട്ട വികാരങ്ങളാണ് പല മാനസികരോഗങ്ങൾക്കും ഹേതുക്കൾ. സ്നേഹം, വിദ്വേഷം, സന്തോഷം, ദു:ഖം, വിശ്വാസം, ഭയം എന്നിവയാണ് നമ്മുടെ ജീവിതത്തിൽ ഏററവും കൂടുതൽ സ്വാധീനം ചെലുത്തുന്ന വികാരങ്ങൾ. നമ്മുടെ വികാരങ്ങളെ നല്ലതെന്നും മോശമെന്നും വേർതിരിച്ചുകാണിക്കുന്ന ഒരു ചിന്താരീതി ഒരുകാലത്ത് ഉണ്ടായിരുന്നു. എന്നാൽ, ആധുനികമന:ശാസ്ത്രത്തിൻെറ അഭിപ്രായത്തിൽ വികാരങ്ങൾ അതിനാൽതന്നെ നല്ലതോ ചീത്തയോ അല്ല. അവ പ്രകടിപ്പിക്കപ്പെടുന്ന വിധമനുസരിച്ചാണ് നല്ലതോ ചീത്തയോ ആകുന്നത്.

സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യുക – മനുഷ്യൻെറ ഏററവും ശക്തമായ മാനസികാവശ്യങ്ങളിൽ ഒന്നാ

ണ്. തന്നെ സ്നേഹിക്കുന്ന വ്യക്തികൾ ഉണ്ടെന്ന ബോധ്യം വ്യക്തിത്വവളർച്ചയ്ക്ക് ആവശ്യമാണ്. ക്രിസ്തീയ വീക്ഷണത്തിൽ ദൈവം സ്നേഹമാണ്. എല്ലാവരെയും സ്നേഹിക്കുന്ന പിതാവാണ് ദൈവം. സ്നേഹിക്കുക മാത്രമല്ല; സൃഷ്ടികളുടെ എല്ലാ ആവശ്യങ്ങളും നടത്തിക്കൊടുക്കുകകൂടി ചെയ്യുന്ന പരിപാലകനുമാണ്.

> "അമ്മ സ്വന്തം കുഞ്ഞിനെ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല. നിന്നെ ഞാൻ എൻെറ ഉള്ളം കൈയിൽ രേഖപ്പെടുത്തിയിരിക്കുന്നു" (ഏശ. 49:15–16)

എന്നിവ ക്രൈസ്തവൻെറ വ്യക്തിത്വവികസനത്തിൽ ധൈര്യം പകരുന്ന ദൈവവചനങ്ങളാണ്. അതുപോലെ തന്നെ മററുള്ളവരോട് സ്നേഹത്തോടും സഹിഷ്ണുതയോടും കൂടി പെരുമാറുകയും അവരുടെ വ്യക്തിത്വത്തെ ബഹുമാനിക്കുകയും ചെയ്യുക പക്വത വന്ന ക്രിസ്തീയ വ്യക്തിത്വത്തിൻെറ ഒരു പ്രധാന ഘടകമാണ്. ദൈവം പിതാവാണെങ്കിൽ നാമെല്ലാവരും സഹോദരരാണ്. പരസ്നേഹത്തിലും ബഹുമാനത്തിലും ഒരുമിച്ചു കഴിയേണ്ടവരാണ്. "നിന്നെപ്പോലെതന്നെ നിൻെറ അയൽക്കാരനെയും സ്നേഹിക്കുക" എന്ന യേശുവിൻെറ പ്രബോധനത്തിന് ക്രിസ്തുശിഷ്യൻെറ വ്യക്തിത്വത്തിൽ ഒരു വലിയ സ്ഥാനമുണ്ട്. വർഗ്ഗീയതയും സങ്കുചിത ചിന്താഗതികളും വർദ്ധിച്ചുവരുന്ന ഇന്നത്തെ സമൂഹത്തിൽ ക്രിസ്തുശിഷ്യരുടെ വ്യക്തിത്വവളർച്ചയുടെ ഭാഗമായിത്തീരണം, മററുള്ളവരുടെ ചിന്താരീതികളും ആശയങ്ങളും വിശ്വാസങ്ങളും മനസ്സിലാക്കുവാനും ആദരിക്കുവാനുമുള്ള സന്നദ്ധത. ഇതരമതസ്ഥരും മററുചിന്താഗതിക്കാരും ദൈവപിതാവിൻെറ പുത്രരാണെന്നുള്ള കാര്യം ക്രിസ്തുശിഷ്യൻ ജീവിതത്തിൽ വ്യക്തമായി കാണിച്ചുകൊടുക്കണം.

ദു:ഖങ്ങളും സന്തോഷങ്ങളും വിജയങ്ങളും പരാജയങ്ങളും നമ്മുടെ ജീവിതത്തിൻെറ അവശ്യഘടകങ്ങളാണ്. പക്വതവന്ന വ്യക്തി വിജയത്തിൽ അമിതമായി ആഹ്ലാദിക്കുകയോ പരാജയങ്ങളിൽ എല്ലാം നഷ്ടപ്പെട്ടവനെപ്പോലെ നിരാശനായിത്തീരുകയോ ചെയ്യുന്നില്ല. ജീവിതത്തിലുണ്ടാകുന്ന പരാജയങ്ങളും വിഷമതകളും സമചിത്തതയോടെ നേരിടുക വ്യക്തിത്വവികസനത്തിൻെറ ഒരു പ്രധാനഭാഗമാണ്. എന്തുകൊണ്ട് വേദനയും മരണവും തിന്മയും അനീതിയും ഒക്കെ ലോകത്തിൽ കാണു

ന്നു? എന്തുകൊണ്ട് ദൈവം ഇതൊക്കെ അനുവദിക്കുന്നു? തൃപ്തികരമായ ഉത്തരം കണ്ടെത്താൻ പ്രയാസമുള്ള ചോദ്യങ്ങളാണിവ. എന്നാൽ ഒരു കാര്യം തീർച്ചയാണ്. തിന്മയോടുള്ള പക്വമായ സമീപനംവഴി വ്യക്തിത്വവികസനം നേടിയെടുക്കുവാൻ കഴിയും. യേശുവിന്റെ ജീവിതം ലോകദൃഷ്ടിയിൽ പരാജയമായിരുന്നു. പീഡാസഹനവും കുരിശുമരണവും അവിടുത്തേക്ക് അനുഭവിക്കേണ്ടിവന്നു. എന്നാൽ അവയെല്ലാം വിജയങ്ങളായി അവിടുന്നു മാററിയെടുത്തു. തന്റെ ഉത്ഥാനം വഴി പീഡിതർക്കും വേദന അനുഭവിക്കുന്നവർക്കും യേശു പ്രത്യാശ നല്കിയിരിക്കുന്നു. സഹനത്തോടും പരാജയങ്ങളോടുമുള്ള യേശുവിന്റെ ഈ സമീപനം ക്രിസ്തുവിന്റെ ശിഷ്യൻമാരും സ്വീകരിക്കണം.

### 4. ജീവിതത്തിനു ഒരർത്ഥമുണ്ടെന്ന ചിന്ത

പ്രസിദ്ധ മന:ശാസ്ത്രജ്ഞനായ വിക്ടർ ഫ്രാങ്കിളിന്റെ അഭിപ്രായത്തിൽ മനുഷ്യന്റെ ഏററവും ശക്തമായ ആവശ്യം തന്റെ ജീവിതത്തിന് ഒരർത്ഥം ഉണ്ടായിരിക്കുകയെന്നതാണ്. സമ്പത്തിലും ജീവിതസുഖങ്ങളിലും അർത്ഥം കാണാത്ത ലക്ഷക്കണക്കിനു യുവജനങ്ങൾ പശ്ചാത്യരാജ്യങ്ങളിൽ മദ്യത്തിനും മയക്കുമരുന്നിനും അടികളായിത്തീർന്നുകൊണ്ടിരിക്കുന്നു. ആത്മഹത്യകളുടെ പിന്നിലെ പ്രധാന കാരണവും ജീവിതത്തിന് അർത്ഥമില്ലെന്ന തെററിധാരണ തന്നെയാണ്. ജീവിതത്തിന് അർത്ഥമുണ്ടാകണമെങ്കിൽ ലക്ഷ്യബോധം ആവശ്യമാണ്. ക്രൈസ്തവവീക്ഷണത്തിൽ ജീവിതത്തിന്റെ ലക്ഷ്യം എല്ലാ സന്തോഷങ്ങളുടെയും ഉറവിടമായ ദൈവത്തെ പ്രാപിക്കുക എന്നതാണ്. നാസി കോൺസൻട്രേഷൻ ക്യാമ്പിൽ ആറുവർഷം കഴിയേണ്ടിവന്ന വിക്ടർ ഫ്രാങ്കിളിന് അവിടത്തെ പീഡനങ്ങളും ക്രൂരതയുമൊക്കെ സഹിക്കാൻ കഴിഞ്ഞത് തന്റെ ജീവിതത്തിന് ഒരർത്ഥം ഉണ്ടെന്നുള്ള അദ്ദേഹത്തിന്റെ ബോദ്ധ്യം കൊണ്ടാണ്. പക്വതവന്ന വ്യക്തിത്വത്തിന് ലക്ഷ്യബോധവും അർത്ഥവും ഉണ്ടായിരിക്കണം. ജീവിതത്തിന്റെ പരമമായ ലക്ഷ്യം ദൈവസന്നിധിയിൽ എത്തിച്ചേരുകയാണെന്ന വിശ്വാസമുള്ള ഒരു വ്യക്തിക്ക് ജീവിതപ്രശ്നങ്ങൾ തരണം ചെയ്യുന്നതിന് വിഷമമുണ്ടാകുകയില്ല. ജീവിതസുഖങ്ങളുടെ ക്ഷണികതയെയും അർത്ഥമില്ലായ്മയെയും കുറിച്ച് യേശു പലപ്പോഴും സംസാരിച്ചിട്ടുണ്ട്. നാം നമ്മുടെ വ്യ

ക്തിത്വത്തിൻെറ അർത്ഥവും ലക്ഷ്യവുമായി യേശുവിനെ സ്വീകരിക്കണം. നമ്മുടെ വ്യക്തിത്വത്തിൻെറ "ആൽഫയും ഒമേഗയും" അഥവാ ആദിയും അന്തവും യേശുവാണ്.

## വ്യക്തിത്വവികസനത്തിനുള്ള തടസ്സങ്ങൾ

വ്യക്തിത്വ വളർച്ചയ്ക്ക് വിഘാതമായി നില്ക്കുന്നത് പ്രധാനമായും നാല് കാര്യങ്ങളാണ്— അപകർഷതാബോധം, കോപം, ഭയം, കുററബോധം എന്നിവ.

### 1. അപകർഷതാബോധം

താൻ നിസ്സാരനാണെന്നും തനിക്കു കഴിവുകളൊന്നുമില്ലെന്നും മററുള്ളവരുമായി താരതമ്യം ചെയ്യുമ്പോൾ താൻ വിലയില്ലാത്തവനാണെന്നുമുള്ള വിശ്വാസമാണ് അപകർഷതാബോധം. പല വിഷാദരോഗങ്ങളുടെയും നിദാനം ഇതാണ്. അപകർഷതാബോധത്തിൻെറ കാരണം, പലപ്പോഴും, ശൈശവത്തിലുണ്ടായ കൈയ്പേറിയ അനുഭവങ്ങളായിരിക്കും. അപകർഷതാബോധമുള്ള വ്യക്തി അതു മറയ്ക്കുവാനായി അനാരോഗ്യകരമായ പ്രതിരോധതന്ത്രങ്ങൾ (defence mechanisms) ഉപയോഗിക്കും. തനിക്ക് അല്പംപോലും സൗന്ദര്യമില്ല എന്നു വിശ്വസിക്കുന്ന യുവതി ആ പോരായ്മ നികത്താൻ ഏററവും വിലകൂടിയ വസ്ത്രങ്ങളും ആഭരണങ്ങളും വാങ്ങിക്കുവാൻ പണം മുഴുവൻ ചെലവാക്കുന്നത് ഇതിന് ഒരുദാഹരണമാണ്. എപ്പോഴും സ്വന്തം കഴിവുകളെക്കുറിച്ചുമാത്രം സംസാരിക്കുന്ന വ്യക്തിയും അപകർഷതാബോധം ഉള്ള ആളാണ്. അപകർഷതാബോധത്തിൻെറ കാരണങ്ങൾ കണ്ടുപിടിക്കുന്നതോടൊപ്പം ദൈവം തന്നെ സ്നേഹിക്കുന്നുവെന്നും പലകഴിവുകളും തനിക്ക് നല്കിയിട്ടുണ്ടെന്നും ഉറച്ചുവിശ്വസിക്കുന്നത് പ്രയോജനപ്രദമാണ്.

### 2. കോപം

അടിച്ചമർത്തിവച്ചിരിക്കുന്ന കോപവും വിദ്വേഷവും വ്യക്തിത്വവളർച്ചയിൽ വളരെയധികം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇങ്ങനെയുള്ള കോപം മാനസികവും ശാരീരികവുമായ രോഗങ്ങളിലേക്ക് നയിക്കുന്നു. പല ഉദരരോഗങ്ങളുടെയും രക്തസമ്മർദ്ദത്തിൻെറയും പിന്നിലുള്ള കാരണം ചിലപ്പോൾ അടി

ച്ചമർത്തിയ കോപമായിരിക്കും. ഇഷ്ടമില്ലാത്ത കാര്യങ്ങൾ ചെയ്യേണ്ടിവരുമ്പോഴും ആഗ്രഹിച്ച കാര്യങ്ങൾ നടക്കാതെവരുമ്പോഴും കോപാക്രാന്തരായി ബഹളം വയ്ക്കുകയും സാധനങ്ങൾ നശിപ്പിക്കുകയും ചെയ്യുന്നവരുണ്ട്. കോപം മൂലം ഹൃദയത്തിനുണ്ടാകുന്ന കുഴപ്പങ്ങൾ മന:ശാസ്ത്രജ്ഞനായ ഡോ. വില്യംസ് ചൂണ്ടിക്കാട്ടുന്നു. കോപിഷ്ഠർക്ക് ഹൃദ്രോഗംമൂലം മരിക്കാനുള്ള സാധ്യത ഏഴിരട്ടികൂടുതലാണെന്ന് അദ്ദേഹം പറയുന്നു. അസ്വസ്ഥതയും കോപവുംമൂലം രക്തസമ്മർദ്ദം കുതിച്ചുയരും. തന്മൂലം ''എസ്പിനെഫ്രിൻ'' എന്നൊരു ഹോർമോൺ ഉത്പാദിപ്പിക്കപ്പെടുന്നു അതോടെ രക്തക്കുഴലുകളുടെയും ഹൃദയത്തിൻെറയും പ്രവർത്തനം തകരാറിലാകുന്നു. കോപം ഉള്ളിലൊതുക്കിയാൽ ആമാശയത്തിൽ അംസർ ഉണ്ടാകുമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.

ആത്മാവിൻെറയെന്നപോലെ ശരീരത്തിൻെറയും അധിനാഥനും സംരക്ഷകനുമായ ക്രിസ്തു ശാരീരികാരോഗ്യംകൂടി കണ്ടുകൊണ്ടായിരിക്കുമല്ലോ ക്ഷമിക്കുവാൻ മനുഷ്യവർഗ്ഗത്തെ ഉദ്ബോധിപ്പിക്കുന്നത്. ഗുരോ, ഞാൻ എത്രപ്രാവശ്യം ക്ഷമിക്കണം? ഏഴുതവണയോ? എന്നുള്ള വി. പത്രോസിൻെറ ചോദ്യത്തിന് അവിടുന്നു പറഞ്ഞ മറുപടി ഏഴ് എഴുപത് പ്രാവശ്യം എന്നായിരുന്നല്ലോ. നിങ്ങളുടെ കോപം സൂര്യൻ അസ്തമിക്കുന്നതിനപ്പുറം നിലനില്ക്കരുതെന്നുള്ള കല്പനയും ഈ സന്ദർഭത്തിൽ നാം അനുസ്മരിക്കുക. ആത്മാവിനും ശരീരത്തിനും ഒരുപോലെ ആരോഗ്യദായകമാണ് ക്ഷമ. അപക്വവ്യക്തികൾക്ക് കോപവികാരങ്ങൾ നിയന്ത്രിക്കുവാൻ സാധിക്കുകയില്ല. ചെറുപ്പംമുതലേ ക്ഷമയെക്കുറിച്ചു പഠിക്കുകയും ക്ഷമ പരിശീലിക്കുകയും വേണം. പക്വതവന്ന വ്യക്തി, തൻെറ വികാരങ്ങളെ നിയന്ത്രിക്കുകയും അതു ശാന്തമായി പ്രകടിപ്പിക്കുകയും ചെയ്യും. അനീതിയും ക്രൂരതയും അവഹേളനവും മററും അനുഭവിക്കുമ്പോൾ വികാരഭരിതരാകാതെ സമചിത്തതയോടെ പെരുമാറുക പക്വതവന്ന ക്രൈസ്തവവ്യക്തിത്വത്തിൻെറ ലക്ഷണമാണ്.

**3. ഭയം**

ഭയം വ്യക്തിത്വവികസനത്തെ സാരമായി ബാധിക്കുന്നുണ്ട്; അതുപോലെതന്നെ ഉത്കണ്ഠയും. ഉത്കണ്ഠയില്ലാ

ത്ത മനുഷ്യരില്ല. മാതാപിതാക്കൾക്ക് മക്കളേക്കുറിച്ചായിരിക്കും ഉത്കണ്ഠ. യുവാക്കൾക്ക് ജീവിതപങ്കാളിയെക്കുറിച്ചും ഉപജീവനമാർഗ്ഗത്തെക്കുറിച്ചുമൊക്കെയായിരിക്കും. ഹൃദ്രോഗിക്കു മരണമായിരിക്കും ഉത്കണ്ഠാവിഷയം. യുദ്ധമേഖലകളിലുള്ളവർക്ക് ബോംബുവർഷംമൂലം എപ്പോൾ ജീവിതഹാനി സംഭവിക്കുമെന്ന ചിന്തയായിരിക്കും ഉത്കണ്ഠയ്ക്കു ഹേതു. ദരിദ്രലക്ഷങ്ങൾക്കു ആഹാരവും വസ്ത്രവും പാർപ്പിടവും ഇല്ലാത്തതാണു ഉത്കണ്ഠയ്ക്കു കാരണം. ഇപ്രകാരം ഉത്കണ്ഠമൂലം തീ തിന്നുന്നവരോട് യേശു പറയുന്നു:

"ഞാൻ നിങ്ങളോട് പറയുന്നു: എന്തുഭക്ഷിക്കും എന്തുപാനം ചെയ്യും എന്നു ജീവനെക്കുറിച്ചോ എന്തുധരിക്കും എന്നു ശരീരത്തെക്കുറിച്ചോ നിങ്ങൾ ഉത്കണ്ഠാകുലരാകേണ്ട. ഭക്ഷണത്തെക്കാൾ ജീവനും വസ്ത്രത്തെക്കാൾ ശരീരവും ശ്രേഷ്ഠമല്ലേ? ആകാശത്തിലെ പക്ഷികളെ നോക്കുവിൻ: അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ ശേഖരിക്കുന്നില്ല, എങ്കിലും, നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് അവയെ തീററിപ്പോററുന്നു. അവയെക്കാൾ എത്രയോ വിലപ്പെട്ടവരാണ് നിങ്ങൾ! ഉത്കണ്ഠമൂലം ആയുസ്സിൻെറ ദൈർഘ്യം ഒരു മുഴമെങ്കിലും കൂട്ടാൻ നിങ്ങളിലാർക്കെങ്കിലും സാധിക്കുമോ? വസ്ത്രത്തെപ്പററിയും നിങ്ങൾ എന്തിന് ആകുലരാകുന്നു? വയലിലെ ലില്ലികൾ എങ്ങിനെ വളരുന്നു എന്നു നോക്കുക; അവ അദ്ധ്വാനിക്കുന്നില്ല, നൂൽനൂല്ക്കുന്നുമില്ല. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: സോളമൻ പോലും തൻെറ സർവ്വമഹത്വത്തിലും ഇവയിൽ ഒന്നിനെപ്പോലെ അലംകൃതനായിരുന്നില്ല. ഇന്നുള്ളതും നാളെ അടുപ്പിൽ എറിയപ്പെടുന്നതുമായ പുല്ലിനെ ദൈവം ഇപ്രകാരം അലങ്കരിക്കുന്നെങ്കിൽ, അല്പവിശ്വാസികളേ നിങ്ങളെ അവിടുന്ന് എത്രയധികം അലങ്കരിക്കുകയില്ല! അതിനാൽ എന്തുഭക്ഷിക്കും, എന്തുപാനം ചെയ്യും എന്തുധരിക്കും എന്നുവിചാരിച്ച് നിങ്ങൾ ആകുലരാകേണ്ട. വിജാതീയരാണ് ഇവയെല്ലാം അന്വേഷിക്കുന്നത്'" (മത്താ. 6:25–32).

ഈശോയുടെ ഈ തിരുവചനങ്ങൾ മനഃപാഠമാക്കുകയും മനസ്സ് അസ്വസ്ഥമാകുമ്പോൾ അനുസ്മരിക്കുകയും ചെയ്യുന്ന യുവതീയുവാക്കൾ ഉത്കണ്ഠയ്ക്ക് അടിമപ്പെടുകയില്ല.

### 4. കുററബോധം

പല മാനസിക പ്രശ്നങ്ങളുടെയും പിന്നിൽ കുററബോധത്തിന് വളരെ പ്രധാനപ്പെട്ട സ്ഥാനമുണ്ട്. ചില വ്യക്തികളിൽ കണ്ടുവരുന്ന ജീവിതത്തോടുള്ള താത്പര്യക്കുറവ്, പ്രതീക്ഷയില്ലായ്മ, ആർക്കും തന്നോട് ഇഷ്ടമില്ല എന്ന വിചാരം, ശക്തമായ അപകർഷതാബോധം എന്നിവ അതിന് ഉദാഹരണങ്ങളാണ്. തൻെറ ജീവിതത്തിൽ വളരെയധികം തെററുകൾ ഉണ്ടായിട്ടുണ്ടെന്നുള്ള വിചാരമാണ് ഇതിനു പിന്നിൽ പ്രവർത്തിക്കുന്നത്. ഇങ്ങനെയുള്ള ചിന്തകളോടൊപ്പം ധാരാളം ശാരീരികാസുഖങ്ങളും ഉണ്ടാകാം. ചില വ്യക്തികളിൽ കുററബോധം ആത്മശിക്ഷാപ്രവണതകളിലേക്ക് നയിക്കുന്നുണ്ട്. ഹിസ്ററീരിയ തുടങ്ങിയ മാനസികരോഗങ്ങളിൽ അത് പലപ്പോഴും ദൃശ്യമാണ്. കുററംചെയ്ത ആൾ ശിക്ഷിക്കപ്പെടണമെന്നത് എല്ലാവരും അംഗീകരിക്കുന്ന വസ്തുതയാണ്. എന്നാൽ കുററം ചെയ്തു എന്നത് ഒരു വ്യക്തിയുടെ അബോധമനസ്സിൻെറ വിശ്വാസമോ ഭാവനയോ ആണെങ്കിലോ? കുററബോധമുള്ള വ്യക്തി തനിക്കു കിട്ടുവാൻപോകുന്ന ശിക്ഷയെക്കുറിച്ചുള്ള ഭയം മൂലം തന്നെത്തന്നെ ന്യായീകരിക്കുവാൻ ശ്രമിക്കും. ആന്തരികമായി അയാൾക്ക് മനസ്സമാധാനം ഉണ്ടായിരിക്കുകയില്ല. അംഗീകരിക്കാത്ത കുററബോധം കൂടുതൽ ഉപദ്രവം സൃഷ്ടിക്കും. ദൈവത്തിൻെറ മുൻപിൽ കുററവാളിക്ക് ഒന്നും മറച്ചുവയ്ക്കേണ്ട ആവശ്യമില്ല. ദൈവത്തെ ഒരു വിധികർത്താവ് എന്ന നിലയിൽ കാണാതെ ക്ഷമിക്കുന്ന, സ്നേഹസമ്പന്നനായ പിതാവായി കാണാൻ ക്രിസ്തുശിഷ്യൻ ശ്രമിക്കണം.

> "ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക.
> ഇനിമേൽ പാപംചെയ്യരുത്" (യോഹ. 8:11)

എന്ന യേശുവിൻെറ സ്വരം ശ്രവിച്ചാൽ അനാവശ്യമായ കുററബോധം വ്യക്തിത്വത്തിൽ കടന്നുചെല്ലാതിരിക്കും.

സുപ്രസിദ്ധ മനഃശ്ശാസ്ത്രജ്ഞനായ റോളോമേയ് ഒരിക്കൽ പറയുകയുണ്ടായി: "മാനസികരോഗികളുടെ പ്രധാന ലക്ഷ്യ

ണം അവർക്കു സ്നേഹിക്കുവാൻ കഴിവില്ല എന്നതാണ്". മാന സികമായ പക്വത വന്നവർക്കു മാത്രമേ ശരിയായി സ്നേഹി ക്കുവാൻ സാധിക്കൂ. ദൈവം സ്നേഹമാണെന്ന വിശ്വാസം യ ഥാർത്ഥമായി അനുഭവപ്പെടുകയും ആ സ്നേഹം മററുള്ളവ രുമായി പങ്കുവയ്ക്കുകയും ചെയ്യുമ്പോഠം നമുക്ക് വ്യക്തിത്വ വളർച്ച കൈവരും.

## 1. ഉത്തരങ്ങൾ പഠിക്കുക

1. ആരോഗ്യമുള്ള വ്യക്തിത്വത്തിൻെറ ലക്ഷണങ്ങഠം ഏവ?
2. പക്വതവന്ന വ്യക്തിത്വത്തെക്കുറിച്ചു എറിക്ഫ്രോം എ ന്ന മന:ശാസ്ത്രജ്ഞൻെറ അഭിപ്രായങ്ങളേവ?
3. വൈകാരികവ്യക്തിത്വത്തിൻെറ സുപ്രധാന ഘടകം സ്നേ ഹമാണെന്നു സമർത്ഥിക്കുക.
4. യേശുവിൻെറ ഏതേതു വ്യക്തിത്വഘടകങ്ങളാണ് നിങ്ങളെ സ്വാധീനിച്ചിട്ടുള്ളത്? അതിൻെറ കാരണം വ്യക്തമാക്കുക.
5. യേശുവിൻെറ വ്യക്തിത്വം ഏതെല്ലാം രൂപങ്ങളിൽ ലോകം പ്രതിഫലിച്ചു കണ്ടു എന്ന് വിശദമാക്കുക.
6. യേശുവിൻെറ ദിവ്യോപദേശങ്ങഠം മനസ്സിനെന്നപോലെ ശ രീരത്തിനും ആരോഗ്യദായകമായ ദിവ്യൗഷധമാണെന്നു വ്യ ക്തമാക്കാൻ നിങ്ങഠംക്കു പറയാനുള്ള വസ്തുതകഠം ഏവ?

## 2. പ്രാവർത്തികമാക്കുക

1. വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലെ ആറാം അ ദ്ധ്യായത്തിൽ 25 മുതൽ 34 വരെയുള്ള വാക്യങ്ങഠം മന: പാഠമാക്കുക.
2. നിരാശാജനകമായ സാഹചര്യത്തിൽപ്പെട്ടവർക്ക് ദൈവ സ്നേഹം പങ്കുവയ്ക്കണം. അതിന് ഒരു പദ്ധതി തയ്യാ റാക്കി പ്രാവർത്തികമാക്കുക.

## 3. ചർച്ചചെയ്യുക

യുവജനങ്ങളുടെ വ്യക്തിത്വം പൂർണ്ണത കൈവരിക്കുന്ന ത് ധാർമ്മികമായ പക്വതയിൽ എത്തുമ്പോഴാണെന്ന അഭിപ്രാ യത്തോടു നിങ്ങഠം എത്രത്തോളം യോജിക്കുന്നു?

# 8

# മതം കൈവിലങ്ങല്ല ശാസ്ത്രം കനകവളയുമല്ല

ബഹിരാകാശത്തിലെത്തിയ ആദ്യമനുഷ്യനാണ് റഷ്യാക്കാരനായ യൂറിഗഗാറിൻ. വിജയകരമായി ബഹിരാകാശയാത്ര പൂർത്തിയാക്കിയശേഷം അദ്ദേഹം ലോകത്തോടു് പ്രഖ്യാപിച്ചു: 'ഞാൻ ബഹിരാകാശം മുഴുവനും തിരഞ്ഞു, അവിടെയെങ്ങും ദൈവത്തെ കണ്ടില്ല'. ഭൂഗോളത്തിന്റെ പരിധിവിട്ട് പുറത്തേക്കു കുതിച്ചുയരാൻ മനുഷ്യൻ പ്രാപ്തനായ ആ നാളിൽ ദൈവവിശ്വാസം അർത്ഥശൂന്യമാണെന്നു യൂറിഗഗാറിൻ പ്രഖ്യാപിച്ചപ്പോൾ ശാസ്ത്രത്തിന്റെ അദ്ഭുതകരമായ വളർച്ചയോടെ മതവിശ്വാസം മാഞ്ഞുമറഞ്ഞുപോകുമെന്ന് ചിലരെങ്കിലും ഭയപ്പെട്ടു. എന്നാൽ, ആ ഭയം അടിസ്ഥാനമില്ലാത്തതായിരുന്നെന്ന് കാലം തെളിയിച്ചു. ബഹിരാകാശശാസ്ത്രരംഗത്തും മററു ശാസ്ത്രരംഗങ്ങളിലും വിസ്മയകരങ്ങളായ നേട്ടങ്ങൾ മനുഷ്യൻ കൈവരിച്ചെങ്കിലും മതവിശ്വാസത്തെ എതിർക്കാൻ അത് അല്പവും പര്യാപ്തമായില്ല.



1971-ൽ അപ്പോളോ പതിനഞ്ചിൽ സഞ്ചരിച്ച് ചന്ദ്ര

നിലെത്തിയ കേണൽ ജെയിംസ് ബി. ഇർവിൻ 1985-ൽ സുവിശേഷം പ്രഘോഷിക്കാനായി കേരളത്തിലെ മാരാമണ്ണിൽ എത്തി. അദ്ദേഹത്തിൻെറ കൈയിൽ ചന്ദ്രനിൽനിന്നു കൊണ്ടുവന്ന ഏതാനും പാറക്കഷ്ണങ്ങളുണ്ടായിരുന്നു. അദ്ദേഹം പ്രഖ്യാപിച്ചു:

> "വരണ്ട ചന്ദ്രനിൽ ശാസ്ത്രം വിജയക്കൊടി ഉയർത്തിയെന്നത് ശരി. എന്നാൽ ദൈവം ഭൂമിയിൽ നടക്കുന്നു എന്നത് മനുഷ്യൻ ചന്ദ്രനിൽ നടക്കുന്നു എന്നതിനേക്കാഠം എത്രയോ പ്രാധാന്യമുള്ള കാര്യമാണ്".

ശാസ്ത്രരംഗത്ത് മനുഷ്യൻ കൈവരിച്ച മഹോന്നതനേട്ടമായ ചന്ദ്രയാത്ര ഇർവിൻെറ വിശ്വാസം കുറയ്ക്കുകയല്ല പലമടങ്ങു വർദ്ധിപ്പിക്കുകയാണു ചെയ്തത്.

ഭൗതികശാസ്ത്രത്തിൻെറ വളർച്ച മതവിശ്വാസത്തെ ഉന്മൂലനം ചെയ്യുമെന്നു പ്രവചിക്കുന്നവരുണ്ട്. ഭയം, അജ്ഞത എന്നീ കാരണങ്ങളാണ് മതത്തിനു ജന്മം നല്കിയതെന്നും തന്മൂലം ശാസ്ത്രവളർച്ചയുടെ ഫലമായി ഭയവും അജ്ഞതയും നീങ്ങുമ്പോഠം മതവും താനേ അപ്രത്യക്ഷമാകുമെന്നും ശാസ്ത്രവാദികഠം ഉദ്ഘോഷിക്കുന്നു. സുപ്രസിദ്ധ ജീവശാസ്ത്രജ്ഞനായ ജൂലിയൻ ഹക്സ്ലി പറഞ്ഞു: "ശാസ്ത്രം വളരുന്നതിനനുസരിച്ച് ഭൗതികാതീതശക്തികഠം (ദൈവം) പ്രപഞ്ചത്തിൽനിന്നു തുടച്ചുമാററപ്പെട്ടുകൊണ്ടിരിക്കും."

## ശാസ്ത്രവും മതവും

ശാസ്ത്രത്തിൻെറ പേരിൽ ദൈവത്തെ തള്ളിപ്പറയുന്നവർ യാഥാർത്ഥ്യത്തിൻെറ ഒരു വശം മാത്രം കാണുന്നവരാണ്. വസ്തുതകളെ ശരിയായി അപഗ്രഥിച്ചു മനസ്സിലാക്കാൻ അവർ കൂട്ടാക്കുന്നില്ല. യഥാർത്ഥശാസ്ത്രവും യഥാർത്ഥമതവുമെന്തെന്നു വ്യക്തമായി മനസ്സിലാക്കുന്നവർക്ക് അവയ്ക്കിടയിൽ വൈരുദ്ധ്യമില്ലെന്നു ബോദ്ധ്യമാകും. പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ഭൗതികയാഥാർത്ഥ്യങ്ങളെക്കുറിച്ച് അറിവു നേടുന്നതിനെയാണ് ഭൗതികശാസ്ത്രം എന്നതുകൊണ്ട് പൊതുവേ അർത്ഥമാക്കുന്നത്. ആദ്ധ്യാത്മികയാഥാർത്ഥ്യങ്ങളെക്കുറിച്ചു ദൈവികമായ വെളിപാടിലൂടെ ലഭിക്കുന്ന അറിവാണു മതവിശ്വാസത്തിൻെറ അടിസ്ഥാനം. പ്രപഞ്ചത്തിൻെറ ഭൗതികാവസ്ഥയെക്കുറിച്ചാണ് ശാസ്ത്രം പഠിപ്പിക്കുന്നത്. അ

തിൻെറ പിന്നിലുള്ള ആദ്ധ്യാത്മിക യാഥാർത്ഥ്യങ്ങളെക്കുറിച്ചാണു മതം പഠിപ്പിക്കുന്നത്. ഒരേസത്യത്തെ രണ്ടുവീക്ഷണകോണുകളിലൂടെ നോക്കിക്കാണുന്നുവെന്നുമാത്രം. തന്മൂലം ശാസ്ത്രവും മതവും ഭിന്നങ്ങളല്ല, പരസ്പരപൂരകങ്ങളാണ്. ശാസ്ത്രത്തിൻെറ വളർച്ച മതവിശ്വാസത്തെയും മതവിശ്വാസത്തിലുള്ള വളർച്ച ശാസ്ത്രവിജ്ഞാനവിനിയോഗത്തെയും വളരെ സഹായിക്കുന്നുണ്ട്. അതിനാൽ ശാസ്ത്രത്തെ തള്ളിപ്പറയാൻ മതവിശ്വാസിക്കോ മതവിശ്വാസത്തെ തള്ളിപ്പറയാൻ ശാസ്ത്രജ്ഞനോ അവകാശമില്ല. സുപ്രസിദ്ധ ശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റയിനിൻെറ വാക്കുകൾ ഇവിടെ പ്രസക്തമാണ്:

> "ശാസ്ത്രത്തെ നിഷേധിക്കുന്ന മതം അന്ധവും മതത്തെ നിഷേധിക്കുന്ന ശാസ്ത്രം മുടന്തുള്ളതും ആണ്".

## ശാസ്ത്രവളർച്ചയും വിശ്വാസവളർച്ചയും

മനുഷ്യൻെറ ശാസ്ത്രവളർച്ചയ്ക്കനുസൃതമായി അവൻെറ ദൈവവിശ്വാസത്തിനു കൂടുതൽ ദൃഢതയും മാഹാത്മ്യവും കൈവന്നിട്ടുണ്ട്. പ്രപഞ്ചസ്രഷ്ടാവായ ദൈവത്തെക്കുറിച്ച് അഞ്ചുനൂററാണ്ടുകൾക്കുമുമ്പ് ചിന്തിച്ചിരുന്നതിനേക്കാൾ കൂടുതൽ അദ്ഭുതാദരവോടെ ഇന്നു ചിന്തിക്കാൻ കഴിയും. പ്രപഞ്ചം എത്ര മനോഹരമാണെന്നു ശാസ്ത്രം കൂടുതലായി വെളിപ്പെടുത്തിയതുതന്നെയാണ് അതിൻെറ കാരണം. "ബഹിരാകാശം മുഴുവനും തിരഞ്ഞു. അവിടെയെങ്ങും ദൈവത്തെ കണ്ടില്ല" എന്നിങ്ങനെ പ്രഖ്യാപിക്കാൻ ഒരു ശാസ്ത്രജ്ഞനും ഇന്ന് ധൈര്യം കാണുകയില്ല. ബഹിരാകാശം മുഴുവനും തിരഞ്ഞാലും അവിടെ ദൈവത്തെ കണ്ടുമുട്ടണമെന്നില്ല. സ്പെയ്സും സമയവുമില്ലാത്ത ആദ്ധ്യാത്മിക യാഥാർത്ഥ്യമായ ദൈവത്തെ സ്പെയ്സിൽ തിരയുന്നത് മൗഢ്യമാണ്.

ബഹിരാകാശത്തിലെവിടെയെങ്കിലുമാണു ദൈവമെന്നു സങ്കല്പിച്ചാൽത്തന്നെ ആ ദൈവത്തിൻെറ അടുത്തെത്തുവാൻ ആധുനികശാസ്ത്രത്തിനു കഴിവില്ല. ഏററവുമടുത്ത നക്ഷത്രമായ പ്രോക്സിമാസെൻറാവൂരിലേക്കുതന്നെ 4.3 പ്രകാശവർഷങ്ങൾ അകലമുണ്ട്. പ്രകാശവേഗത്തിൽ (സെക്കൻഡിൽ 3 ലക്ഷം കി. മീ.) ഒരു ബഹിരാകാശവാഹനത്തിൽ സഞ്ചരിച്ചാൽപ്പോലും

നാലരവർഷത്തോളം വേണ്ടിവരും മനുഷ്യന് അയൽനക്ഷത്രമണ്ഡലത്തിലെത്താൻ. നമ്മുടെ ഗാലക്സിയായ മിൽക്കിവേയുടെ ഏററവും ദൈർഘ്യമേറിയ ഭാഗം തരണംചെയ്യാൻ പ്രകാശരശ്മിക്ക് ഒരുലക്ഷം വർഷങ്ങൾ വേണം. തൊട്ടടുത്ത ഗാലക്സിയായ ആൻഡ്രോമീഡയിലേക്കുള്ള ദൂരം അറിയേണ്ടേ? – ഇരുപതുലക്ഷം പ്രകാശവർഷങ്ങൾ. ഇരുപത്തൊന്നു ലക്ഷം വർഷക്കാലം പ്രകാശവേഗത്തിൽ യാത്രചെയ്താലേ നമുക്ക് ആൻഡ്രോമീഡ ഗാലക്ക്സിയിലെത്താനാകൂ. മിൽക്കിവേയെയും ആൻഡ്രോമീഡായെയും പോലുള്ള നൂറുകോടിയിലധികം ഗാലക്സികൾ പ്രപഞ്ചത്തിലുണ്ട്. പ്രപഞ്ചം എത്ര വിശാലമാണെന്നു നോക്കൂ.

ഭൗതികയാഥാർത്ഥ്യങ്ങളെക്കുറിച്ച് സൂക്ഷ്മതലത്തിൽ പഠിച്ചാലും അവ മഹാവിസ്മയങ്ങളുടെ കലവറകൾ തന്നെയാണെന്നു കാണാം. ആററത്തിൻെറ ഉപകണങ്ങളായ പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ എന്നിവയും അത്യന്തം സൂക്ഷ്മങ്ങളായ ഉപകണങ്ങളാൽ നിർമ്മിതമാണെന്ന് ശാസ്ത്രം കണ്ടെത്തിയിട്ടുണ്ടല്ലോ. ഓരോ പുതിയ കണ്ടുപിടിത്തവും സ്രഷ്ടാവായ ദൈവത്തിൻെറ കരവിരുതാണു വെളിപ്പെടുത്തുന്നത്. ചന്ദ്രോപരിതലത്തിൽ ആദ്യമായി കാലുകുത്തിയ ആംഡ്രിൽ, നീൽ ആംസ്ട്രോംഗ് എന്നീ അമേരിക്കൻ ബഹിരാകാശചാരികൾ തങ്ങൾ കാലുകുത്തിയ ചന്ദ്രമണ്ഡലത്തിൽ ഒരു ശിലാഫലകം നാട്ടി. ആ ഫലകത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്:

> "അങ്ങയുടെ കൈവിരലുകൾ നിർമ്മിച്ച നീലാകാശത്തെയും അങ്ങുനിർമ്മിച്ച ചന്ദ്രനക്ഷത്രങ്ങളെയും കാണുമ്പോൾ ഈ മനുഷ്യനെ സ്നേഹിക്കുവാൻ മാത്രം അവൻ എന്താണ്?..."

പ്രപഞ്ചത്തിൽ മനുഷ്യൻ നിസ്സാരനാണെന്നും എങ്കിലും ദൈവം അവനെ സ്നേഹിക്കുന്നുണ്ടെന്നുമാണല്ലോ ഈ വാക്യം നമ്മെ ഉദ്ബോധിപ്പിക്കുന്നത്.

## പ്രപഞ്ചരഹസ്യങ്ങളിലേക്കു കടന്നാൽ

പ്രപഞ്ചത്തിലെ സുസ്ഥിരമായ നിയമങ്ങൾ ഈശ്വരൻെറ അസ്തിത്വത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. പ്രപഞ്ചം ക്രമരഹിതമായ ഒന്നല്ല, താളപ്പിഴകളുടെ സമുച്ചയവുമല്ല, വളരെ സുനിശ്ചിതമായ ഒരു ക്രമം പ്രപഞ്ചത്തിനുണ്ട്. അത്

മനസ്സിലാക്കാൻ സൗരയൂഥത്തെത്തന്നെ ഒന്നു ശ്രദ്ധിച്ചാൽമതി. ഈ അദ്ഭുതപ്രപഞ്ചത്തിലേക്ക് മനുഷ്യൻ ഉയരുന്തോറും മനുഷ്യന്റെ നിസ്സാരത തെളിഞ്ഞു തെളിഞ്ഞു വരുകയാണ്. ശിലാഫലകത്തിൽ എഴുതിച്ചേർത്ത വാക്യം, അമേരിക്കയിലെ ശൂന്യാകാശഗവേഷണ സ്ഥാപനത്തിലെ ശാസ്ത്രജ്ഞന്മാർ സ്വയം എഴുതിയതല്ല. വിശുദ്ധഗ്രന്ഥത്തിന്റെ ഭാഗമായ സങ്കീർത്തനപുസ്തകത്തിലെ എട്ടാം അദ്ധ്യായത്തിലെ മൂന്നാം വാക്യമാണത്.

സൗരയൂഥത്തിലെ ജീവകേന്ദ്രമായ ഭൂമിക്ക് ഇന്നുള്ളത് കേവലം യാദൃച്ഛികമായ ഒരവസ്ഥാവിശേഷമാണെന്നു പറയുക ശരിയല്ല. കാരണം, വളരെയേറെ ഘടകങ്ങളുടെ സൂക്ഷ്മമായ കൃത്യതയും ക്രമവുമാണു ഭൂമിയെ ഇന്ന് ഈ രൂപത്തിൽ നിലനിറുത്തുന്നത്. അതിന്റെ വലിപ്പംപോലും ക്രമപ്പെടുത്തിയിരിക്കുന്നതു ജീവജാലങ്ങളുടെ നിലനില്പിനു ചേർന്ന വിധത്തിലാണ്. ഭൂമി കുറേക്കൂടി ചെറുതായിരുന്നെങ്കിൽ വാതകങ്ങളേയും ദ്രാവകങ്ങളേയുമൊക്കെ പിടിച്ചുനിർത്താൻവേണ്ട ഗുരുത്വാകർഷണം അതിന് ഉണ്ടാകുമായിരുന്നില്ല. വലിപ്പം കൂടുതലായിരുന്നെങ്കിലോ, വലിയ ജീവികൾക്കു ചലിക്കാനാകാത്തവിധം കഠിനമായ ഗുരുത്വാകർഷണമുണ്ടാകുമായിരുന്നു. ഭ്രമണവേഗത്തിൽ ഏററക്കുറച്ചിലുണ്ടായിരുന്നെങ്കിൽ അതു ഭൂമിയിലെ ജീവജാലങ്ങളെ പ്രതികൂലമായി ബാധിക്കുമായിരുന്നു. അച്ചുതണ്ടിന്റെ ചരിവുപോലും വളരെ പ്രാധാന്യമുള്ളതാണ്. കൃത്യമായ അളവിൽ ചരിഞ്ഞിരിക്കുന്നതുകൊണ്ടാണ് ഋതുഭേദങ്ങൾ നിലനില്ക്കുന്നത്. സൂര്യനും ഭൂമിയും തമ്മിലുള്ള അകലം കുറവായിരുന്നെങ്കിൽ ഭൂമി ശുക്രനേപ്പോലെ ചുട്ടുപഴുത്തുപോകുമായിരുന്നു. അകലം അല്പം കൂടുതലായിരുന്നെങ്കിലോ ചൊവ്വയെപ്പോലെ കഠിനശൈത്യംമൂലം അതു തണുത്തു മരവിക്കുമായിരുന്നു. സൂര്യനെ പ്രദക്ഷിണം ചെയ്യുമ്പോഴും കോടിക്കണക്കിനു വർഷങ്ങളായിട്ടും ഭ്രമണപഥത്തിനു മാററമില്ലാതെ ഭൂമി നിലനില്ക്കുന്നു.

ഈ പ്രപഞ്ചത്തിന്റെ രഹസ്യങ്ങളെ കണ്ണുതുറന്നുകാണാൻ ശ്രമിച്ചിട്ടുള്ള ശാസ്ത്രജ്ഞന്മാർ വ്യാഖ്യാനിക്കപ്പെടാനാവാത്ത ഈ പ്രപഞ്ച രഹസ്യത്തെ അദ്ഭുതാദരങ്ങളോടെയാണ് വീക്ഷിക്കുന്നത്. മണ്ണിൽ കുഴിച്ചിടുന്ന ഒരു വിത്ത് മുളച്ചാൽ അത് ഏതു കഠിന സാഹചര്യത്തിലും വികസിക്കാൻ വെമ്പൽ കൊള്ളു

കയാണ്. എന്തുകൊണ്ടാണിങ്ങനെ എന്ന പ്രശ്നം ഉദിക്കുന്നതേയില്ല. ഇതാണ് പ്രപഞ്ചരഹസ്യം. പ്രശസ്ത ശാസ്ത്രജ്ഞനും ദാർശനികനുമായ ഐൻസ്ററീൻ പറയുന്നു:

"നമുക്ക് അനുഭവിക്കാവുന്നതിൽവച്ച് ഏററം സുന്ദരമായിട്ടുള്ളത് ഈ നിഗൂഢതതന്നെയാണ്. എല്ലാ കലകളുടെയും ശാസ്ത്രത്തിന്റെയും പ്രഭവസ്ഥാനവും അതുതന്നെ" (The most beautiful thing we can experience is the mysterious. It is the source of all the arts and Science).

വിശ്വോത്തരശാസ്ത്ര പ്രതിഭയായ സർ ഐസക്ക് ന്യൂട്ടൺ പറഞ്ഞു:

"സൂര്യനും ഗ്രഹങ്ങളും വാല്നക്ഷത്രങ്ങളുമുള്ള ഈ മനോഹരയൂഥം ബുദ്ധിയും ശക്തിയുമുള്ള പരമസത്തയുടെ അധീശത്വത്തിൽനിന്നും ചിന്തയിൽനിന്നും മാത്രമേ ഉദ്ഭവിച്ചിരിക്കുകയുള്ളൂ".

ലോകത്തിലെ ഏററവും സമർത്ഥരായ റോക്കററ് വിദഗ്ധരിലൊരാളാണ് ഡോ. വെർണർ വോൺ ബ്രൗൺ. മനുഷ്യനെ ചന്ദ്രനിലെത്തിച്ച കൂററൻ റോക്കററിന്റെ രൂപകല്പനയ്ക്കു പിന്നിലെ മുഖ്യ ശില്പിയായിരുന്ന അദ്ദേഹം പ്രഖ്യാപിച്ചു:

"പ്രപഞ്ചത്തിന്റെ മഹത്വം സ്രഷ്ടാവിന്റെ അസ്തിത്വത്തിലുള്ള എന്റെ വിശ്വാസത്തെ ദൃഢതരമാക്കുകയേ ചെയ്തിട്ടുള്ളൂ".

ആൽബർട്ട് ഐൻസ്ററയിനിന്റെ വാക്കുകളും മേല്പറഞ്ഞ സത്യം പ്രകാശിപ്പിക്കുന്നതാണ്.

"ചപലവും ദുർബലവുമായ നമ്മുടെ മനസ്സുകൾക്കു ഗ്രഹിക്കാൻ കഴിയുന്ന നിസ്സാരവും പ്രാധാന്യമില്ലാത്തതുമായ വസ്തുതകളിലൂടെ അപരിമിതമായ ശ്രേഷ്ഠചൈതന്യം തന്നെത്തന്നെ വെളിപ്പെടുത്തുന്നു. ഈ ശ്രേഷ്ഠചൈതന്യത്തെ വിനയപൂർവ്വം അംഗീകരിക്കുന്നതാണ് എന്റെ മതം"

ദൈവത്തിന്റെ മുൻപിൽ വിനീതനാകുന്നതിൽ അഭിമാനംകൊണ്ട ഒരു ശാസ്ത്രജ്ഞനായിരുന്നു ലൂയിപാസ്ററർ. ഒരി

ക്കൽ അദ്ദേഹം തീവണ്ടിയിൽ യാത്രചെയ്യുമ്പോൾ ജപമാല ചൊല്ലിക്കൊണ്ടിരുന്നു. അതുകണ്ട ചില വിദ്യാർത്ഥികൾക്കു രസിച്ചില്ല. ശാസ്ത്രയുഗത്തിലും പ്രാർത്ഥിക്കുന്ന ആ വൃദ്ധനെ അവർ പരിഹസിച്ചു. ശാസ്ത്രത്തിന്റെ പേരുപറഞ്ഞു ദൈവവിശ്വാസത്തെ പുച്ഛരിക്കുന്നതു കേട്ടപ്പോൾ ആ ശാസ്ത്രജ്ഞൻ ചോദിച്ചു: "എന്താണ് ശാസ്ത്രം?" ഈശ്വരനെ നിഷേധിക്കുന്ന ശാസ്ത്രം ശാസ്ത്രമല്ലെന്ന് അദ്ദേഹത്തിന്റെ വാക്കുകൾ പരോക്ഷമായി വെളിപ്പെടുത്തുകയായിരുന്നു.

## ദൈവത്തിന്റെ കരചാതുര്യം:പരിണാമത്തിലും

പരിണാമത്തിലൂടെയുള്ള വിവിധ ജീവജാലങ്ങളുടെ വളർച്ച നിരീക്ഷിച്ചാലും ദൈവത്തിന്റെ കരചാതുരി കാണുവാൻ കഴിയും. ദശലക്ഷക്കണക്കിനു വർഷങ്ങളിലൂടെ ഓരോ ജീവിവംശത്തിനും ദൈവം സസൂക്ഷ്മം രൂപം കൊടുക്കുകയായിരുന്നു. ഒറിജിൻ ഓഫ് സ്പീഷിസിന്റെ ഉപസംഹാരത്തിൽ, സ്രഷ്ടാവിന്റെ ഇടപെടലിനോടുകൂടിയ പരിണാമത്തെക്കുറിച്ച്, ചാൾസ് ഡാർവിൻ എഴുതിയ വാക്കുകൾതന്നെ ഈ വസ്തുത വെളിപ്പെടുത്തുന്നതാണ്:

> "ഗുരുത്വാകർഷണത്തിന്റെ നിശ്ചിതമായ നിയമത്തിനനുസൃതം ഈ ഗ്രഹം ഭ്രമണം ചെയ്യവേ അതിലളിതമായ ഒരു തുടക്കത്തിൽനിന്ന് എണ്ണമററതോതിൽ ഏററവും സുന്ദരവും വിസ്മയകരവുമായ ജീവരൂപങ്ങൾ പരിണമിച്ചുകൊണ്ടിരിക്കുകയായിരുന്നു; പരിണമിക്കുകയും ചെയ്യുന്നു. വൈവിധ്യസുന്ദരങ്ങളായ സിദ്ധികളോടെ ഒരു രൂപത്തിലേക്കോ കുറേ രൂപങ്ങളിലേക്കോ സ്രഷ്ടാവു ജീവശ്വാസം നിശ്വസിച്ചപ്പോൾ ഉയിരെടുത്ത ജീവികളെക്കുറിച്ചുള്ള ഈ സങ്കല്പം അതിശ്രേഷ്ഠമാണ്".

ആധുനികശാസ്ത്രത്തിന്റെ, പ്രത്യേകിച്ചും ഊർജ്ജതന്ത്രത്തിന്റെ പല നിരീക്ഷണങ്ങളും ഈശ്വരവിശ്വാസത്തിന്റെ സാധ്യത ശരിവയ്ക്കുന്നതാണ്. പ്രപഞ്ചോത്പത്തിയുടെ ആരംഭമായി ചിലർ കരുതുന്ന മഹാവിസ്ഫോടനത്തിനു മുമ്പുള്ള പ്രപഞ്ചത്തിന്റെ സ്പെയ്സും കാലവും (Space and Time) ഇല്ലാത്ത അവസ്ഥ ശാസ്ത്രത്തിന്റെ പരിധിക്കപ്പുറമുള്ളതാണെന്നു പ്രസിദ്ധരായ പല ശാസ്ത്രജ്ഞന്മാരും സമ്മതി



ക്കുന്നുണ്ട്. പ്രകൃതിയുടെ അദ്ഭുത സ്വഭാവത്തെ പരമമായി മാററി മറിക്കാൻ ശാസ്ത്രത്തിനു സാധിക്കുകയില്ല എന്ന് മാക്സ് പ്ലാങ്ക് (Max Plank) സർ ആർതർ എഡിങ്ടൺ (Arthure Eddington) തുടങ്ങിയ എത്രയോ ശാസ്ത്രജ്ഞന്മാർ പറഞ്ഞിരിക്കുന്നു. മനുഷ്യമനസ്സുകളിൽ നടക്കുന്ന ബോധപൂർവ്വകമായ പ്രവർത്തനങ്ങൾക്കോ ധാർമ്മികമൂല്യങ്ങൾക്കോ, വ്യക്തിത്വത്തിനോ പൂർണ്ണത കാംക്കോ ശരിയായ വ്യാഖ്യാനം നല്കുവാൻ ശാസ്ത്രത്തിനു കഴിയുകയില്ലെന്നും അതു ശാസ്ത്രത്തിൻെറ പരിമിതിയെ അഥവാ അപൂർണ്ണതയെ വ്യക്തമാക്കുന്നുവെന്നും സി. ഇ. എം. ജോഡ് എന്ന ചിന്തകൻ പറയുന്നു.

ശാസ്ത്രം നല്കുന്ന അറിവു താത്കാലികവും പരിവർത്തനവിധേയവും പരിണാമവിധേയവുമാണ്. അത് പരമസത്യത്തെ ആവിഷ്കരിക്കുന്നില്ല. ചില സത്യങ്ങൾ വെളിപ്പെടുത്തുക മാത്രമേ ചെയ്യുന്നുള്ളു. ശാസ്ത്രസത്യം സാങ്കേതികസത്യം (Technical truth) മാത്രമായിട്ടാണു നിലനില്ക്കുന്നത്. ഭാവിയിൽ അത് അങ്ങനെ തന്നെ നിലകൊള്ളണമെന്നില്ല. അതിനുദാഹരണമാണ്, പൂർവ്വകാലത്തെ ദ്വന്ദ്വാത്മക സങ്കല്പത്തെ ഇരുപതാംനൂററാണ്ടിലെ ശാസ്ത്രജ്ഞന്മാരായ ഐൻസ്ററീൻ, ഹെയ്സ്ബർഗ്ഗ്, ബോൺ, എഡിങ്ടൺ തുടങ്ങിയവർ നിരസിക്കാൻ തയ്യാറായത്.

പ്രപഞ്ചവിഭവങ്ങളെ പരമാവധി ചൂഷണം ചെയ്യാനും ജീവിതത്തിനുവേണ്ടി പ്രയോജനപ്പെടുത്താനും മനുഷ്യൻ ശാസ്ത്രസഹായത്തോടെ ഇന്നു പഠിച്ചുകഴിഞ്ഞു. പക്ഷേ, സാഹസികമായ മനുഷ്യയത്നങ്ങളൊന്നും അവനു ശാശ്വതമായ ശാന്തിയോ സംതൃപ്തിയോ പ്രദാനം ചെയ്യുന്നില്ല. ധാർമ്മികമായ അപചയങ്ങൾ, മാനസികമായ സംഭ്രാന്തി, ധൈഷണികമായ നൈരാശ്യം, സുഖഭോഗവസ്തുക്കൾകൊണ്ടു നേടാനാകാത്ത മനഃശാന്തിക്കുവേണ്ടിയുള്ള പ്രയാണം ഇവയെല്ലാം സമൂഹതലത്തിൽ നാം കാണുന്നു. മനുഷ്യൻ ആകെ പ്രശ്നങ്ങളുടെ ചുറ്റൊഴുക്കിൽപ്പെട്ടു മുങ്ങിത്താഴുകയാണ്. മനുഷ്യന് എവിടെയാണ് സമാധാനം? എവിടെയാണ് സുഖം? ഇതിന് ഡോ. രാധാകൃഷ്ണൻ പറയുന്ന സമാധാനം ഇതാണ്:

"വിശ്വാസം വീണ്ടെടുക്കുകയെന്നതാണ് ആധുനികലോകത്തിന്റെ മൗലികാവശ്യമെന്നു സൂക്ഷ്മബോധമുള്ള വിവേകശാലികൾ വിശ്വസിക്കുന്നു. അത് ആത്മീയമായ ഒരു പുനരുജ്ജീവനം തന്നെയായിരിക്കണം."

## സഭയും ശാസ്ത്രവും

ക്രൈസ്തവർ ശാസ്ത്രത്തോടു സാധാരണമായി പുലർത്തുന്ന മനോഭാവമേതെന്നും സഭ നമ്മിൽനിന്നു പ്രതീക്ഷിക്കുന്ന മനോഭാവമെന്തെന്നും ഇത്തരുണത്തിൽ ആലോചിക്കേണ്ടതുണ്ട്.

ക്രൈസ്തവരിൽ ചിലർ ശാസ്ത്രവിരോധികളായിത്തീർന്നു. ശാസ്ത്രത്തിന്റെ വളർച്ച ദൈവവിശ്വാസം നശിപ്പിക്കുമെന്നാണ് അവരുടെ ഭയം. വേറെ ചിലരാകട്ടെ, ശാസ്ത്രത്തെക്കുറിച്ചു നിസ്സംഗത പാലിക്കുന്നു. ശാസ്ത്രവും മതവും തമ്മിൽ ബന്ധമില്ലാത്തതിനാൽ ശാസ്ത്രകാര്യങ്ങളിൽ ഇടപെടേണ്ടതില്ലെന്നാണ് അവരുടെ വിചാരം. മററുചിലർ ദൈവത്തിൽ വിശ്വസിക്കുകയും അതേസമയം ശാസ്ത്രപുരോഗതിയെ വിലമതിക്കുകയും ചെയ്യുന്നു. ശാസ്ത്രഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമാണെന്ന് ഇവർ കരുതുന്നു. കോപ്പർനിക്കസ്, ഗ്രിഗർ മെൻഡൽ, തെയ്യാർ ദ് ഷർദാൻ തുടങ്ങിയ വൈദികർ ഇവരിലുൾപ്പെടുന്നു. വാസ്തവത്തിൽ സഭ പ്രതീക്ഷിക്കുന്ന മനോഭാവം ഇവരുടെ ചിന്താഗതിയോടടുത്തതാണ്. ശാസ്ത്രത്തോട് വിരുദ്ധഭാവം പാലിക്കണമെന്നോ നിസ്സംഗതപാലിക്കണമെന്നോ അല്ല സഭ പഠിപ്പിക്കുന്നത്. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഏററവും അഭി

ലക്ഷണീയം ശാസ്ത്രത്തെ പ്രോത്സാഹിപ്പിക്കുന്ന മനോഭാവമാണ്.

ശാസ്ത്രവളർച്ചക്കായി സഭ വളരെ യത്നിച്ചിട്ടുണ്ടെന്നു സഭാചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഒരുകാലത്ത് സഭ ശാസ്ത്രനിരീക്ഷണങ്ങളെ അംഗീകരിക്കാൻ കൂട്ടാക്കാതെ ശാസ്ത്രജ്ഞന്മാരുടെ പഠനങ്ങളെ നിരോധിച്ചിരുന്നില്ലേ എന്നു ചോദിച്ചേക്കാം. ബൈബിളിലെ ചില വിവരണങ്ങൾ കോപ്പർനിക്കസ്, ഗലീലിയോ, ഡാർവിൻ എന്നിവരുടെയൊക്കെ സിദ്ധാന്തങ്ങളോട് എങ്ങനെ ചേർന്നുപോകുമെന്നു മനസ്സിലാക്കാതിരുന്ന കാലയളവിൽ സഭ ശാസ്തത്രത്തെ അംഗീകരിക്കാൻ വൈമനസ്യം പ്രദർശിപ്പിച്ചുവെന്നത് ശരി. വാസ്തവത്തിൽ, ഗലീലിയോയുടെ സിദ്ധാന്തത്തോടുള്ള എതിർപ്പ് ആദ്യം തുടങ്ങിയതു സഭയുടെ ഭാഗത്തുനിന്നായിരുന്നില്ല. അരിസ്റ്റോട്ടേലിയൻ ശാസ്ത്രത്തിൻെറ വക്താക്കളായിരുന്ന ശാസ്ത്രജ്ഞന്മാർ തന്നെയാണു ഗലീലിയോയ്ക്കെതിരായി സംഘടിച്ചതെന്നു വിശ്വപ്രസിദ്ധ ശാസ്ത്രജ്ഞനായ സ്റ്റീഫൻ ഹോക്കിംഗ്, എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം എന്ന പുസ്തകത്തിൽ, വ്യക്തമാക്കുന്നുണ്ട്. സഭ ആദ്യം എതിർത്തെങ്കിലും ബൈബിൾ പഠനരംഗത്തു വളർച്ചയുണ്ടായതോടെ സഭയുടെ മനോഭാവം തിരുത്തിക്കുറിക്കപ്പെട്ടുവെന്ന് പത്താംസ്റ്റാൻഡേർഡിലെ 'ബൈബിളും ശാസ്ത്രവും' എന്ന പാഠത്തിൽ നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ.

## സഭ – ശാസ്ത്രരംഗത്ത്

ഗലീലിയോയുടെ പഠനങ്ങളെ സഭ എതിർത്ത കാലത്തിനു മുമ്പുതന്നെ സഭ ശാസ്ത്രഗവേഷണാർത്ഥം ഒരു അക്കാദമി സ്ഥാപിച്ചിരുന്നു. 1603-ൽ സ്ഥാപിച്ച ഈ അക്കാദമി (Accademia dei Lincei) ആരംഭകാലത്ത് ഊർജ്ജതന്ത്രത്തിലും ഗണിതശാസ്ത്രത്തിലുമാണു ശ്രദ്ധവച്ചിരുന്നത്. ലോകപ്രശസ്ത സയൻസ്അക്കാദമികളായ പാരീസ്അക്കാദമിയുടെയും റോയൽ സൊസൈററി (ലണ്ടൻ) യുടെയും മുന്നോടിയും മാതൃകയും വത്തിക്കാനിലെ സയൻസ് അക്കാദമിയായിരുന്നു. 1847-ൽ ഒമ്പതാം പീയൂസ് മാർപ്പാപ്പാ അക്കാദമിയുടെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കി. ഭൗതികശാസ്ത്രഗവേഷണം അക്കാദമിയുടെ ലക്ഷ്യമായി അംഗീകരിക്കപ്പെട്ടു. 1936-ൽ പ

തിനൊന്നാം പീയൂസ് മാർപ്പാപ്പാ അക്കാദമിയുടെ അഭിവൃദ്ധി ക്കുവേണ്ടി വളരെ യത്നിച്ചു.

പൊന്തിഫിക്കൽ സയൻസ് അക്കാദമി എന്ന പേരിലാണ് ഇന്ന് ഇത് അറിയപ്പെടുന്നത്. വിവിധ രാജ്യക്കാരും വിവിധ മതവിശ്വാസികളുമായ പ്രസിദ്ധ ശാസ്ത്രജ്ഞന്മാരാണ് അ ക്കാദമിയിലെ അംഗങ്ങൾ. അക്കാദമിയിൽ അംഗങ്ങളായിരുന്ന വളരെപ്പേർക്ക് നോബൽ സമ്മാനം കിട്ടിയിട്ടുണ്ട്. ശാസ്ത്ര പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുക, ശാസ്ത്ര വിഷയങ്ങളിൽ ചർച്ചകൾ നടത്തുക, ശാസ്ത്ര ഗവേഷണം നടത്തുക ഇവയാണ് അക്കാദമിയുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ. ബഹിരാകാശ ഗവേഷണാർത്ഥം സ്ഥാപിക്കപ്പെട്ടിട്ടുള്ള വത്തിക്കാൻ വാന നിരീക്ഷണശാല സഭയുടെ ശാസ്ത്ര താത്പര്യത്തിന്റെ ഒരു സ്മാരകമാണ്.

ശാസ്ത്ര മാഹാത്മ്യത്തെ സഭയുടെ പ്രബോധനങ്ങൾ അം ഗീകരിക്കുന്നുണ്ട്. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ ശാസ്ത്ര ജ്ഞന്മാരോടു പറഞ്ഞു:

> "നിങ്ങളുടെ ദൗത്യം മഹത്തരമാണ്. ഒരുവിധത്തിൽ പറഞ്ഞാൽ നിങ്ങൾ ദൈവത്തിന്റെ മനസ്സെന്തെന്നു കണ്ടുപിടിക്കുന്നു; പ്രകൃതിയാകുന്ന പുസ്തകം വ്യാ ഖ്യാനിച്ച് അതിന്റെ ഉള്ളടക്കം വിശദമാക്കി മനുഷ്യ രാശിയുടെ നന്മയ്ക്കായി നിങ്ങൾ പഠിച്ചവ പ്രയോ ഗത്തിൽ വരുത്തുന്നു. നന്മ ചെയ്യാനുള്ള ശക്ത മായ ഒരുപകരണമാണു നിങ്ങളുടെ കൈയിലുള്ളത്".

ആധുനികശാസ്ത്രനേട്ടങ്ങളെ എങ്ങനെ സ്വീകരിക്കണമെ ന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട്.

> "നൂതന ശാസ്ത്രങ്ങളുടെയും സിദ്ധാന്തങ്ങളുടെയും ഏററവും ആധുനികമായ കണ്ടുപിടിത്തങ്ങളുടെയും സംഭാവനകൾ ക്രൈസ്തവ സന്മാർഗ്ഗത്തോടും ക്രി സ്തീയ പഠനങ്ങളോടും സംയോജിപ്പിക്കണം. അങ്ങ നെ (വിശ്വാസികളുടെ) മതാഭ്യസനവും ആത്മസം സ്കൃതിയും ശാസ്ത്രജ്ഞാനത്തോടും നിരന്തരമായി പുരോഗമിക്കുന്ന സാങ്കേതിക വിദ്യയോടും ഒപ്പം മു ന്നേറട്ടെ" (സഭ ആധുനിക ലോകത്തിൽ 62).

ശാസ്ത്രത്തിന്റെ വളർച്ച ഈശ്വരവിശ്വാസത്തിനു ഭീഷണിയല്ല. അത് യഥാർത്ഥത്തിൽ വിശ്വാസത്തെ ദൃഢപ്പെടുത്തുന്നുണ്ട്. അതിന് ഒരുദാഹരണമാണ് ചന്ദ്രനിൽ സ്ഥാപിച്ച ശിലാഫലകത്തിലെ വാക്യം. സങ്കീർത്തനത്തെ ലോകാരാധ്യമാക്കിത്തീർക്കാൻ ആ ഗവേഷണം ഉപകരിച്ചല്ലോ.

'ടെക്നോ ക്രോണിക്ക്' യുഗമെന്നോ 'ബാഹ്യാകാശ'യുഗമെന്നോ ഒക്കെ വിശേഷിപ്പിക്കപ്പെടാവുന്ന ഈ ആധുനികകാലത്തും, മനുഷ്യജീവിതത്തിൽ സ്വസ്ഥതയും സമാധാനവും സംതൃപ്തിയുമേകാൻ പര്യാപ്തമായ ഏക ഉപാധി ആദ്ധ്യാത്മികതയാണ്. ഭൗതികമനുഷ്യനിൽ, ശാസ്ത്രീയമനുഷ്യനിൽ, ആത്മീയമനുഷ്യൻ ജീവിച്ചിരിക്കുന്ന കാലത്തോളമേ ലോകജീവിതം സ്വസ്ഥമാകൂ. ശാസ്ത്രവിജ്ഞാനം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഒന്നും രണ്ടും ആഗോളയുദ്ധങ്ങളെപ്പററിയും (1914–1918, 1939–'45) ഇറാൻ – ഇറാക്കുയുദ്ധത്തെപ്പററിയും ഇറാക്കും സഖ്യരാഷ്ട്രങ്ങളും തമ്മിൽ നടന്ന യുദ്ധത്തെപ്പററിയും ഒന്നു ചിന്തിച്ചു നോക്കൂ. അത്യന്താധുനിക ശാസ്ത്രജ്ഞാനമുപയോഗിച്ചാണ് ഈ യുദ്ധങ്ങൾ നടന്നത്. മനുഷ്യനും മനുഷ്യൻ ഇന്നോളം ശാസ്ത്രജ്ഞാനമുപയോഗിച്ചു നേടിയ സമസ്ത നേട്ടങ്ങൾക്കും അവ നാശംവിതയ്ക്കുകയുണ്ടായി. ശാസ്ത്രം ശാസ്ത്രത്തിനെതിരാകുന്ന അദ്ഭുതപ്രതിഭാസം! ഉച്ചിവച്ച കൈകൊണ്ട് ഉദകക്രിയ ചെയ്യുന്ന രംഗം. അതാണ് യുദ്ധരംഗം. ശാസ്ത്രീയ മനുഷ്യനിൽ ആത്മീയ മനുഷ്യൻ ഇല്ലാത്തതിന്റെ ദുരന്തഫലമാണത്.

മതത്തെക്കുറിച്ചുള്ള ഒരു ശാസ്ത്രീയ വീക്ഷണമാണ് ഇന്ന് ആവശ്യം. യുക്തിസമന്വിതമായ ഒരു മതബോധം വളർത്തിയെടുക്കുക; നമ്മിൽ നിക്ഷേപിച്ചിട്ടുള്ള ദൈവച്ഛായയും സാദൃശ്യവും ഉള്ള മനുഷ്യജീവനെ സംരക്ഷിക്കാനായിരിക്കട്ടെ നമ്മുടെ ശാസ്ത്രജ്ഞാനവിനിയോഗം.

## I. ഉത്തരങ്ങൾ പഠിക്കുക

1. ഈശ്വരവിശ്വാസത്തെ മുൻനിർത്തി പ്രസിദ്ധ ശാസ്ത്രജ്ഞന്മാർ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ ഉദ്ധരിക്കുക.
2. "പരിണാമത്തിലൂടെയുള്ള ജീവജാലങ്ങളുടെ വളർച്ച നിരീക്ഷിച്ചാൽ ദൈവത്തിന്റെ കരചാതുരി വെളിപ്പെടും" എന്ന ആശയം ഉദാഹരണസഹിതം വ്യക്തമാക്കുക.

3. ശാസ്ത്രം അതിൽത്തന്നെ സമ്പൂർണ്ണമാണോ എന്ന് പരിശോധിക്കുക.

4. ശാസ്ത്രത്തോടു ക്രിസ്തുസഭ പുലർത്തുന്ന മനോഭാവം വ്യക്തമാക്കുക.

5. ആധുനികശാസ്ത്രനേട്ടങ്ങളെ രണ്ടാം വത്തിക്കാൻ കൗൺസിൽ എങ്ങനെ വിലയിരുത്തുന്നു?

6. മതവിജ്ഞാനവും ശാസ്ത്രജ്ഞാനവും പരസ്പരപൂരകങ്ങളാണെന്നു സമർത്ഥിക്കുക.

## 2. പ്രാവർത്തികമാക്കുക

1. ഉറച്ച ഈശ്വരവിശ്വാസികളായ ഏതാനും ശാസ്ത്രജ്ഞന്മാരുടെ ജീവിതചരിത്രങ്ങൾ വായിച്ച് കുറിപ്പുകളെഴുതുക. അവയിലെ പ്രധാന വിഷയം അവരുടെ വിശ്വാസം വെളിപ്പെടുത്തുന്ന വാക്കുകളും സംഭവങ്ങളുമായിരിക്കണം.

## 3. ചർച്ചചെയ്യുക

ഇന്നോളമുള്ള നിങ്ങളുടെ ജീവിതത്തിൽ ശാസ്ത്രമാണോ മതമാണോ കൂടുതൽ സ്വാധീനം ചെലുത്തിയിട്ടുള്ളത് എന്നു ചർച്ചചെയ്യുക.

# 9

# ഈശ്വരാനുഭവവും നിരീശ്വരസങ്കല്പവും

അമേരിക്കൻജനത ഒരിക്കലും മറക്കാത്ത ഒരു പേരാണ്, വിറേറക്കർ ചേംബേഴ്സ്. കറതീർന്ന ഒരു കമ്മ്യൂണിസ്ററായിരുന്നു അദ്ദേഹം. റഷ്യയ്ക്കുവേണ്ടി അമേരിക്കയിൽ ചാരവൃത്തി നടത്തുകയായിരുന്നു ആ അമേരിക്കൻപൗരൻെറ ജോലി. മററു കമ്മ്യൂണിസ്ററുകളെപ്പോലെ അദ്ദേഹവും തികഞ്ഞ നിരീശ്വരനായിരുന്നു.

ഒരു ദിവസം രാവിലെ അദ്ദേഹം കാപ്പികുടിച്ചുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹത്തിൻെറ കൊച്ചുമകളും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. കുഞ്ഞിക്കൈകൊണ്ട് അവൾ ഒരു സ്പൂണിൽ കാപ്പികോരിക്കുടിക്കുന്നത് അദ്ദേഹം ശ്രദ്ധിച്ചു. അദ്ദേഹം കൗതുകത്തോടെ അവളെ നോക്കിയിരുന്നു. പനിനീർപ്പൂപോലെയുള്ള കവിൾത്തടം, മൃദുലമോഹനങ്ങളായ ചുണ്ടുകൾ, മനോഹരമായ നാസിക. മാന്തളിരുപോലെയുള്ള കാതുകൾ! തൂനിലാവിൻെറ ചാരുതയുള്ള മന്ദഹാസം! അദ്ദേഹം അഭിമാനവും ആനന്ദവുംകൊണ്ടു കോരിത്തരിച്ചുപോയി. അദ്ദേഹം തെല്ലുനേരം ചിന്തിച്ചിരുന്നു. ഓമനത്തം നിറഞ്ഞ തൻെറ മകൾ ഒരു പിടി പരമാണുക്കൾ ചേർന്നുണ്ടായതാണെന്ന് ശാസ്ത്രം പറയുന്നു! പക്ഷേ, അതിലപ്പുറം ഈശ്വരൻെറ കരവിരുതുകൂടി അവളിൽ ഇല്ലേ? ഓരോ മനുഷ്യനും ഓരോ രഹസ്യം തന്നെ. ചിന്ത ഇത്രത്തോളമായപ്പോൾ അദ്ദേഹം മനഃപൂർവ്വം വിഷയം മറന്നുകളയാൻ ശ്രമിച്ചു. കാരണം, ഈ ചിന്ത ഈശ്വരൻ ഉണ്ടെന്ന വിശ്വാസത്തിലേക്ക് ആയിരിക്കും കൊണ്ടെത്തിക്കുക. തന്നെയുമല്ല, കമ്മ്യൂണിസം ഉപേക്ഷിക്കേണ്ടിവരുകയും ചെയ്യും. ജോലിയും പോകും. തത്കാലം മകളെ വിട്ടിട്ട് അദ്ദേഹം പുറത്തേക്കിറങ്ങി. ദൈവത്തെപ്പററി അദ്ദേഹത്തെ ആദ്യമായി ചിന്തിപ്പിച്ച ഈ സംഭവം അദ്ദേഹം തൻെറ ആത്മകഥയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ആകസ്മികമായി വന്നുചേർന്ന ദൈവചിന്ത മനഃപൂർവ്വം തള്ളിക്കളഞ്ഞ് അദ്ദേഹം ജോലിയിൽ വ്യാപൃതനായി നാളുകൾ

പിന്നിട്ടു. പക്ഷേ തൻെറ മകളിലും അതുപോലെ സകല മനുഷ്യസന്താനങ്ങളിലും, സർവ്വസൃഷ്ടവസ്തുക്കളിലും മഹത്തായ ഒരു ചൈതന്യജ്യോതിസ്സിൻെറ സ്ഫുരണം ഉണ്ടെന്ന വിചാരം അദ്ദേഹത്തെ വിട്ടുമാറിയില്ല. ഒടുവിൽ അദ്ദേഹം ദൈവവിശ്വാസിയാവുകയും കമ്മ്യൂണിസം ഉപേക്ഷിക്കുകയും ചെയ്തു. 1961 – ൽ വിറേറക്കർ ചേംബേഴ്സ് മരിച്ചു. അദ്ദേഹത്തിൻെറ ചരമവാർത്ത അമേരിക്കൻ പത്രങ്ങൾ വളരെ പ്രാധാന്യം കൊടുത്തു പ്രസിദ്ധീകരിച്ചിരുന്നു. പ്രസിദ്ധ കമ്മ്യൂണിസ്ററു വിരോധിയെന്ന നിലയിലാണ് പത്രങ്ങൾ അദ്ദേഹത്തിൻെറ മരണവാർത്തയ്ക്കു വലിയ പ്രാധാന്യം കൊടുത്തത്.

വിവിധകാലങ്ങളിൽ വിവിധരൂപഭാവങ്ങൾ സ്വീകരിച്ച് നിരീശ്വര പ്രത്യയശാസ്ത്രങ്ങളും പ്രസ്ഥാനങ്ങളും ചരിത്രത്തിലേക്ക് കടന്നുവന്നിട്ടുണ്ട്. അവയിൽ പലതും ഇതിനകം യവനികയ്ക്കുള്ളിൽ മറഞ്ഞുകഴിഞ്ഞു. നിരീശ്വരവാദത്തിൽത്തന്നെ പരസ്പരഭിന്നങ്ങളായ ചിന്താഗതികളാണുള്ളത്. രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ ''സഭ ആധുനികലോകത്തിൽ'' എന്ന പ്രമാണരേഖയിൽ ഈ വിഭിന്ന ചിന്താഗതികളെക്കുറിച്ചു പറയുന്നുണ്ട്:

> ''ചിലർ ദൈവത്തെ പ്രകടമായി നിഷേധിക്കുമ്പോൾ മററു ചിലർ അവിടുത്തെക്കുറിച്ചു യാതൊന്നും സുനിശ്ചിതമായി പ്രസ്താവിക്കുക സാദ്ധ്യമല്ലെന്നു വിശ്വസിക്കുന്നു. വേറെ ചിലർ ദൈവത്തെ സംബന്ധിക്കുന്ന പ്രശ്നം അർത്ഥശൂന്യമാണെന്നു തോന്നത്തക്ക വിധത്തിലുള്ള സൂക്ഷ്മനിരീക്ഷണത്തിന് അതിനെ വിധേയമാക്കുന്നു. പ്രത്യയശാസ്ത്രങ്ങളുടെ പരിധികൾ അനർഹമായി മറികടന്ന്, എല്ലാം ശാസ്ത്രീയവിചിന്തനം മൂലം മാത്രം വിശദീകരിക്കാവുന്നതാണെന്ന് കരുതി ഒട്ടധികം ആളുകൾ സംതൃപ്തിയടയുന്നുണ്ട്. മാററമില്ലാത്ത ഒരു സത്യമുണ്ട് എന്നതിനോട് അപ്പാടെ വിയോജിക്കുന്നവരും വിരളമല്ല. ദൈവത്തെ നിഷേധിക്കുന്നതിനേക്കാൾ മനുഷ്യനാണ് സർവ്വവുമെന്ന് ഉയർത്തിക്കാട്ടാൻ ജാഗരൂകരായി പലരും കാണപ്പെടുന്നുമുണ്ട്... ദൈവത്തെപ്പററി അബദ്ധധാരണകൾ വച്ചുപുലർത്തുന്നവരേയും കാണാം'' (സഭ ആധുനികലോകത്തിൽ 19).

നിരീശ്വരവാദത്തിലേക്കു നയിക്കുന്ന ചില ചിന്താഗതികളെയും നിരീശ്വരത്വത്തെയും നമുക്കിവിടെ പരിചയപ്പെടാം.

## 1. അജ്ഞേയവാദം

ഈശ്വരനുണ്ടെങ്കിൽത്തന്നെ അവിടുന്നു മനുഷ്യബുദ്ധിക്കതീതനാണ്. അവിടുത്തെ കണ്ടെത്താൻ മനുഷ്യൻ ശക്തനല്ല. എങ്കിൽപ്പിന്നെ അത്തരമൊരു ഈശ്വരനെക്കുറിച്ച് അവൻ വ്യഗ്രത കാട്ടേണ്ടതില്ലല്ലോ. ഇതാണ് അജ്ഞേയവാദികളുടെ നിലപാട്.

## 2. യുക്തിവാദം

യുക്തികൊണ്ടു തെളിയിക്കാൻ കഴിയാത്തതൊന്നും യാഥാർത്ഥ്യമല്ലെന്നും ഈശ്വരസങ്കല്പം യുക്തികൊണ്ടു തെളിയിക്കാനാവുകയില്ലെന്നും തന്മൂലം അതു യാഥാർത്ഥ്യമല്ലെന്നും യുക്തിവാദികൾ പറയുന്നു. മനുഷ്യന്റെ അജ്ഞതയും ദൗർബ്ബല്യവുമാണത്രേ ഈശ്വരവിശ്വാസത്തിന്റെ ഉറവിടം. പ്രപഞ്ചപ്രതിഭാസങ്ങളുടെ യഥാർത്ഥകാരണം കണ്ടെത്താൻ കഴിയാത്ത മനുഷ്യൻ അവയെ വിശദീകരിക്കാനായി കെട്ടിച്ചമച്ച കാരണമാണുപോലും ഈശ്വരനെന്ന സങ്കല്പം. ജീവിതത്തിലെ അപരിഹാര്യങ്ങളായ ദുഃഖദുരിതങ്ങളും, അതിൽനിന്നുളവാകുന്ന ആശങ്കയും ഈ സങ്കല്പത്തിന്റെ വളർച്ചയെയും നിലനില്പിനെയും സഹായിക്കുന്നുവെന്നാണ് യുക്തിവാദികൾ പറയുന്നത്.

ഈശ്വരൻ "ഇല്ല" എന്ന് ഉറക്കെ വിളിച്ചു പറയുവാൻ വെമ്പുന്നവരാണ് യുക്തിവാദികൾ. അതിന് അവർ നിരത്തുന്ന ന്യായങ്ങളോ യുക്തിഹീനങ്ങളും. ശാസ്ത്രം നേടിത്തരുന്ന ഭൗതികനേട്ടങ്ങളാണു യുക്തിവാദികൾക്ക് ഉയർത്തിക്കാട്ടാനുള്ളത്. മനുഷ്യൻ ശൂന്യാകാശത്തിൽ നീന്തിക്കളിക്കുന്നുവെന്നും കാലത്തെ മറികടക്കാൻതക്ക യന്ത്രങ്ങൾ സ്വന്തമാക്കിയെന്നുമൊക്കെയുള്ളതാണ് അവരുടെ അവകാശവാദങ്ങൾ. എന്നാൽ ശാസ്ത്രസംബന്ധിയായ ജ്ഞാനം നേടിയിട്ടുള്ള ശാസ്ത്രജ്ഞന്മാർ ഇത് അംഗീകരിക്കുന്നുമില്ല. 'കണ്ടുപിടിച്ചതിലേറെ കണ്ടുപിടിക്കാനിരിക്കുന്നതേയുള്ളുവെന്നും അറിയാനിരിക്കുന്നത് അറിഞ്ഞതിന്റെ എത്രയോ ഇരട്ടിയാണെന്നും ഈ പ്രപഞ്ചം മുഴുവൻ ഏതോ അജ്ഞാതശക്തിയുടെ പ്രവർത്തനമേഖലയാണെന്നും' മാത്രമേ ശാസ്ത്രവിശാരദന്മാർ പറയുന്നുള്ളു.

കണ്ണിൽ കാണുന്നതും തൊട്ടറിയുന്നതും മാത്രം സത്യം എന്നാണല്ലൊ യുക്തിവാദികളുടെ മററൊരു വാദഗതി. എങ്കിൽ കാന്തികശക്തി അയഥാർത്ഥമാവണമല്ലോ! ആകാശത്തിൻെറ നിറം ഭൂമിയിൽനിന്നു നോക്കുമ്പോഠം നീലയല്ലേ? എന്നാൽ ധവള പ്രകാശത്തിൻെറ പ്രകീർണ്ണനം മൂലമുണ്ടാകുന്ന ഒരു തോന്നൽ മാത്രമാണല്ലൊ അത്. ഭൂമിയിൽനിന്നു നോക്കുമ്പോഠം അമ്പിളി സുന്ദരനായ ഒരമ്മാവനല്ലേ? ചെന്നുകണ്ടപ്പോഠഴാ? കുണ്ടും കുഴിയും പാറയും നിറഞ്ഞ ഒരു ഗോളം!

ഈശ്വരസങ്കല്പത്തിനു മനുഷ്യരാശിയോളം തന്നെ പഴക്കമുണ്ട്. എന്നാൽ ഈശ്വരൻ ഈ സങ്കല്പത്തിനും എത്രയോ അപ്പുറമാണ്! മനുഷ്യരാശിയുടെ പ്രായം മുപ്പത്തിയഞ്ചു ലക്ഷം വർഷങ്ങളാണെന്നു ശാസ്ത്രജ്ഞന്മാർ പറയുന്നു. അതിനു മുൻപും ഗോളങ്ങഠം ഉണ്ടായിരുന്നു. അപ്പോഠം തുടക്കമെവിടെ? സൂര്യചന്ദ്രന്മാർ 450 കോടി വർഷങ്ങഠംക്കു മുൻപ് ജന്മമെടുത്തിരിക്കണമെന്ന് ശാസ്ത്രം അനുമാനിക്കുന്നു. എങ്കിൽ അതിനു മുൻപുള്ള സ്ഥിതി എന്ത്? ഈ കാര്യങ്ങഠംക്കൊക്കെ കാരണമെന്ത്? ഓരോ തന്മാത്രയിലും അടങ്ങിയിരിക്കുന്ന ശക്തി തന്നെ അപാരമെങ്കിൽ സകല തന്മാത്രകളിലും കുടികൊള്ളുന്നശക്തി എത്ര അപാരമാണ്. ഏതാണ് ആ ശക്തി? ഈശ്വര ശക്തി എന്നാണ് അതിൻെറ ഉത്തരം.

## 3. ഹ്യൂമനിസം

മനുഷ്യമഹത്വത്തിൻെറ പേരിൽ ദൈവത്തെ നിഷേധിക്കുന്നവരാണ് ഹ്യൂമനിസ്ററുകഠം. മനുഷ്യനു ദൈവത്തെക്കൊണ്ട് ആവശ്യമില്ല എന്ന് അവർ പറയുന്നു. മനുഷ്യൻ തൻെറതന്നെ ആത്മവത്തയെ ആദർശവത്കരിച്ച് രൂപംകൊടുക്കുന്ന സങ്കല്പസൃഷ്ടിയാണ് ദൈവമെന്ന് ചില ഹ്യൂമനിസ്ററുകഠം വാദിക്കുന്നു. മനുഷ്യൻെറ സത്തതന്നെയാണ് ദൈവമെന്നാണ് അതിൻെറ അർത്ഥം. മനുഷ്യസങ്കല്പത്തിൽ കാണുന്ന ദൈവത്തിൻെറ പൂർണ്ണതയിലേക്കു വളരാൻ മനുഷ്യനുതന്നെ സാധിക്കുമെന്നു വിചാരിക്കുന്ന ഹ്യൂമനിസ്ററുകളുമുണ്ട്.

## 4. സയൻറിസം

ശാസ്ത്രീയമായി തെളിയിക്കാവുന്നവയെമാത്രം അംഗീകരിക്കുന്നവരാണ് സയൻറിസക്കാർ. ദൈവത്തെ ഭൗതികശാസ്ത്രത്തിൻെറ പരീക്ഷണ നിരീക്ഷണങ്ങഠംക്കു വിധേയനാക്കുക സാ

ധ്യമല്ലല്ലോ. അതിനാൽ ദൈവത്തിൽ വിശ്വസിക്കുവാൻ സയൻറി സക്കാർ തയ്യാറല്ല. മനുഷ്യൻെറ ഭയവും അജ്ഞതയുമാണ് ഈശ്വരസങ്കല്പത്തിൻെറ അടിസ്ഥാനമെന്നും ശാസ്ത്രത്തിൻെറ വളർച്ചയോടുകൂടി ഈശ്വരവിശ്വാസം താനേ ഇല്ലാതാകുമെന്നും സയൻറിസക്കാർ വാദിക്കുന്നു.

## 5. വ്യവസ്ഥാപിത നിരീശ്വരത്വം

ആധുനിക നിരീശ്വരത്വം പലപ്പോഴും വ്യവസ്ഥാപിത രൂപം സ്വീകരിക്കാറുണ്ട്. ഇത് ദൈവത്തോടുള്ള മനുഷ്യൻെറ വിധേയത്വത്തിനെതിരായി വെല്ലുവിളികൾ ഉയർത്തുന്നു. മനുഷ്യൻെറ അന്ത്യം അവൻതന്നെ ആയിരിക്കുക, ചരിത്രത്തിൻെറ വിധികർത്തൃത്വവും സൃഷ്ടികർത്തൃത്വവും മനുഷ്യനിൽതന്നെ കുടികൊള്ളുക എന്നതിലൊക്കെയാണ് യഥാർത്ഥസ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നതെന്നാണ് ഇതിൻെറ വക്താക്കളുടെ ധാരണ. സൃഷ്ടവസ്തുക്കളുടെ കാരണവും ലക്ഷ്യവുമായ ഒരു നാഥനെ അംഗീകരിച്ചാദരിക്കുന്നവരോടു യോജിക്കാൻ ഈ സ്വാതന്ത്ര്യത്തിന് പററുകയില്ലെന്നും അഥവാ സാദ്ധ്യമാണെങ്കിൽതന്നെ ആ അംഗീകാരം തികച്ചും ഒരധികപ്പററായിരിക്കുമെന്നും അവർ പറയുന്നു. വ്യവസ്ഥാപിത നിരീശ്വരത്വത്തിനു പല രൂപങ്ങളുണ്ട്:

### *എ. മാർക്സിസ്ററ് ഭൗതികവാദം*

ആധുനിക നിരീശ്വരത്വത്തിൻെറ വിവിധ രൂപങ്ങളിൽ എടുത്തു പറയേണ്ട ഒന്നാണ് മാർക്സിസ്ററ് ഭൗതികവാദം. സമൂഹത്തിൽ മനുഷ്യൻ അരക്ഷിതനാണ്. സാമൂഹികവും സാമ്പത്തികവുമായ ക്രമക്കേടുകൾ അവനെ അരക്ഷിതനാക്കുന്നു. ഈ അരക്ഷിതാവസ്ഥ അവനിൽ ഒരു അന്യതാബോധം സൃഷ്ടിക്കുന്നു. ഇപ്രകാരം അന്യവത്കരിക്കപ്പെടുന്ന മനുഷ്യൻ രക്ഷപെടാൻ കണ്ടുപിടിക്കുന്ന മാർഗ്ഗമാണ് മാർക്സിസ്ററ് വീക്ഷണത്തിൽ, ദൈവവിശ്വാസം. മതം മർദ്ദിതരുടെ വിലാപമാണെന്നും, മനുഷ്യനെ മയക്കുന്ന കറുപ്പാണെന്നും മാർക്സ് പറഞ്ഞു.

### *ബി. നിരീശ്വരപരമായ അസ്തിത്വവാദം*

ഫ്രെഡറിക് നീത്ഷെയിൽനിന്നു തുടങ്ങി ഷാൻ പോൾ സാർത്രിൽവരെ വന്നു നില്ക്കുന്ന ചിന്താധാരയാണ് നിരീശ്വര



ചങ്ങലയിട്ട തൂലിക

പ്രത്യാശയററ പ്രത്യയശാസ്ത്രച്ചങ്ങലകൾ
വിധിച്ചുതന്ന ഇരുട്ടിൻെറ കരങ്ങളെ
തിരിച്ചറിയുക

പരമായ അസ്തിത്വവാദം (atheistic existentialism). മനുഷ്യസ്വാതന്ത്ര്യത്തിൻെറ പേരിലാണ് അസ്തിത്വവാദികൾ ഈശ്വരനെ നിഷേധിക്കുന്നത്. ദൈവവിശ്വാസം മനുഷ്യസ്വാതന്ത്ര്യത്തിനു വിഘാതമാണെന്ന് അവർ കരുതുന്നു. മനുഷ്യൻ തൻെറ തിരഞ്ഞെടുപ്പുകളിലൂടെ സ്വയം ദൈവമായിത്തീരുകയാണെന്ന് സാർത്ര് പ്രസ്താവിച്ചു. സ്വാതന്ത്ര്യത്തിന് അദ്ദേഹം പരമമായ ലക്ഷ്യമൊന്നും കാണുന്നില്ല. മനുഷ്യൻ വ്യർത്ഥമായ ഒരു വികാരാവേശമാണെന്നും സ്വാതന്ത്ര്യം ഒരു ശാപമാണെന്നും അദ്ദേഹം കരുതി.

## തിന്മയുടെ പേരിലുള്ള നിരീശ്വരത്വം

ലോകത്തിലെ തിന്മകളുടെ പേരിൽ ദൈവത്തെ നിഷേധിക്കുന്നവരുണ്ട്. അവർ ചോദിക്കും: സർവ്വനന്മസ്വരൂപനായ ഒരു ദൈവമുണ്ടെങ്കിൽ എന്തുകൊണ്ടു ലോകത്തിൽ തിന്മ കൊടികുത്തി വാഴുന്നു? യുദ്ധം, കലാപം, അനീതി, വഞ്ചന, രോഗം, വേദന, ദാരിദ്ര്യം എന്നിവയെല്ലാം ലോകത്തിൽ നടമാ

ടുന്നു. പിഞ്ചുകുട്ടികളും നിരപരാധികളും വേദനിക്കുന്നു; പീഡിപ്പിക്കപ്പെടുന്നു. ഇങ്ങനെ, മനുഷ്യനെ ക്രൂരമായൊരവസ്ഥയിൽ തള്ളിയിരിക്കുന്ന ദൈവത്തെ മനുഷ്യനാവശ്യമില്ല എന്നാണ് അവരുടെ വാദം.

## യുക്തിസഹമായ വിശ്വാസം

ദൈവം മനുഷ്യബുദ്ധിക്കതീതനാണെന്നും അവിടുത്തെ കണ്ടെത്താൻ മനുഷ്യൻ ശക്തനല്ലെന്നുമുള്ള അജ്ഞേയവാദികളുടെ നിലപാട് സത്യവിരുദ്ധമാണ്. പ്രപഞ്ചവസ്തുക്കളിലെല്ലാം ഈശ്വരസാന്നിദ്ധ്യം പ്രതിഫലിക്കുന്നുണ്ട്. പ്രപഞ്ചവസ്തുക്കളിൽ ദൈവിക തേജസ്സ് നിറഞ്ഞുനില്ക്കുന്നതായി സങ്കീർത്തകൻ പ്രഘോഷിക്കുന്നു. മനുഷ്യൻെറ ബൗദ്ധികവും മാനസികവുമായ കഴിവുകൾ ദൈവിക ശക്തിയുടെ സൃഷ്ടഭാവങ്ങളാണ്. അതിനാൽത്തന്നെ ഈ കഴിവുകൾ അവനെ ദൈവത്തിലേക്കു നയിക്കുവാൻ പോരുന്നവയുമാണ്.

> "ആകാശം ദൈവമഹത്വത്തെ പ്രകീർത്തിക്കുന്നു; വാനവിതാനം അവിടുത്തെ കരവേലയെ പ്രഘോഷിക്കുന്നു" (സങ്കീ. 19; ജ്ഞാനം 13:5).
>
> "ലോകസൃഷ്ടിമുതൽ ദൈവത്തിൻെറ അദൃശ്യപ്രകൃതി, അതായത് അവിടുത്തെ അനന്തശക്തിയും ദൈവത്വവും സൃഷ്ടവസ്തുക്കളിലൂടെ സ്പഷ്ടമായി ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്" (റോമ. 1:20).

ദൈവാസ്തിത്വത്തെ മനസ്സിലാക്കാൻ മനുഷ്യബുദ്ധിക്കു കഴിയുമെന്നാണ് ഒന്നാം വത്തിക്കാൻ കൗൺസിലിൻെറ പ്രബോധനം:

> "മനുഷ്യൻെറ സ്വാഭാവിക ബുദ്ധിക്ക്, സൃഷ്ടവസ്തുക്കളുടെ സഹായത്തോടെ, നമ്മുടെ സ്രഷ്ടാവും കർത്താവുമായ ഏകസത്യദൈവത്തെ നിസ്സംശയമാം വണ്ണം അറിയുവാൻ സാധിക്കും".

ദൈവാസ്തിത്വത്തെക്കുറിച്ചുള്ള ബോധ്യത്തിലെത്താൻ മനുഷ്യബുദ്ധിക്കു കഴിയും. ഓരോ മനുഷ്യനും ലഭിക്കുന്ന ഈ ബോദ്ധ്യമാണ് അവൻെറ ദൈവവിശ്വാസത്തിൻെറ മാനുഷികമായ അടിസ്ഥാനം. മുകളിൽ ഒരു ദൈവമില്ലെന്നു പറയുന്നവൻ മൂഢനാണെന്ന് സങ്കീർത്തകൻ പറയുന്നു (സങ്കീ. 14:53.)

## പഞ്ചമാർഗ്ഗങ്ങൾ

ഈശ്വരാസ്തിത്വത്തെക്കുറിച്ചുള്ള ബോധ്യത്തിലെത്താൻ നമ്മെ സഹായിക്കുന്ന അഞ്ചു വാദമുഖങ്ങൾ വി. തോമസ് അക്വീനാസ് ഉന്നയിക്കുന്നുണ്ട്:

1. നാം കാണുന്ന പ്രപഞ്ചം ചലിക്കുന്ന ഒന്നാണ്. ചലിക്കുന്ന ഈ പ്രപഞ്ചത്തിന് അചഞ്ചലനായ ഒരു ചലനകർത്താവുണ്ടാകണം. ആ ചലനകർത്താവാണു ദൈവം.

2. ഒരുവസ്തുവും അതിൻെറ തന്നെ ഉദ്ഭവത്തിനു കാരണമല്ല. തന്നിൽനിന്നു വ്യത്യസ്തമായ ഒരു കാരണം ഓരോ വസ്തുവിനുമുണ്ടായിരിക്കണം. ബൃഹത്തായ ഈ പ്രപഞ്ചത്തിൻെറ ഉദ്ഭവത്തിനുകാരണം വേണമല്ലോ. ആ ആദികാരണമാണു ദൈവം.

3. എല്ലാവസ്തുക്കളും നശ്വരമാണെന്നും ആരംഭവും അവസാനവും ഉള്ളവയാണെന്നും അനുഭവം നമ്മെ പഠിപ്പിക്കുന്നു. നശ്വരങ്ങളായ വസ്തുക്കളുടെ ആരംഭത്തിന് അനശ്വരമായ ഒരാദികാരണം വേണമല്ലോ. ആദിയും അന്തവുമില്ലാത്ത ഈ അനശ്വരസത്തയാണു ദൈവം.

4. സത്യം, നന്മ, സൗന്ദര്യം തുടങ്ങിയ ഗുണങ്ങൾ വ്യത്യസ്തതോതിലും അളവിലുമാണ് ജീവാജീവവസ്തുക്കളിൽ കാണുന്നത്. വിവിധ തോതിലുള്ള ഈ ഗുണങ്ങളുടെ ഉദ്ഭവം അവയിൽത്തന്നെ ആരോപിക്കുന്നത് യുക്തിസഹമല്ല. ഈ വസ്തുക്കൾക്കെല്ലാം വ്യത്യസ്തതോതിൽ ഗുണപങ്കാളിത്തം നല്കിയ ഒരു പരമഗുണമുണ്ടായിരിക്കണം. ആ സമ്പൂർണ്ണഗുണത്തെയാണ് ദൈവമെന്നു നാം പറയുന്നത്.

5. ലക്ഷ്യത്തിലേക്കു കുതിക്കുന്ന അസ്ത്രംപോലെ പ്രപഞ്ചവും അതിലെ എല്ലാചരാചരങ്ങളും ലക്ഷ്യോന്മുഖമായി നീങ്ങുന്നതു നാം കാണുന്നു. ചലിക്കുന്ന അസ്ത്രത്തിനു പിന്നിൽ ലക്ഷ്യജ്ഞാനമുള്ള എയ്ത്തുകാരനെന്നപോലെ ഈ പ്രപഞ്ചത്തിൻെറ നിയതമായ നീക്കത്തിനു പിന്നിൽ ഒരു നിയന്താവുണ്ട്. ആ നിയന്താവാണു ദൈവം.

## ധാർമ്മിക ബോധത്തിൽനിന്ന്

മനുഷ്യരിൽ സാർവ്വത്രികമായിക്കാണുന്ന ധാർമ്മികബോധവും ദൈവാസ്തിത്വത്തിലേക്കു വിരൽ ചൂണ്ടുന്നുണ്ട്. നന്മ

ചെയ്യണം, തിന്മ ചെയ്യരുത് എന്ന പൊതുതത്വം മനസ്സാക്ഷിയെ ബന്ധിക്കുന്ന ഒരു കടമയായിട്ടാണ് എല്ലാവർക്കും അനുഭവപ്പെടുക. ഈ ധാർമ്മികബോധം മനുഷ്യവ്യക്തിത്വത്തിൻെറ ഭാഗമാണ്. എങ്കിലും അതിൻെറ ഉദ്ഭവം മനുഷ്യനിൽ നിന്നല്ല. മനുഷ്യവ്യക്തിക്ക് ഉപരിയായ ഒരു യാഥാർത്ഥ്യത്തിൽനിന്നായിരിക്കണം അത് ഉദ്ഭവിക്കുന്നത്. ആ യാഥാർത്ഥ്യം പരമോന്നതനന്മ തന്നെയായ ദൈവമാകാതെ തരമില്ല.

ദൈവവിശ്വാസം യുക്തിക്കു നിരക്കുന്ന സത്യമാണെന്നു മേല്പറഞ്ഞ വാദമുഖങ്ങൾ വ്യക്തമാക്കുന്നു. ദൈവാസ്തിത്വത്തെ യുക്തികൊണ്ട് അസന്ദിഗ്ദ്ധമായി തെളിയിക്കാൻ കഴിയുകയില്ലെന്നു പറഞ്ഞ് ദൈവത്തെ നിഷേധിക്കുന്ന യുക്തിവാദികൾ ദൈവത്തെ മനുഷ്യബുദ്ധിയുടെ സ്വാഭാവികകഴിവുകൾക്കും ശാസ്ത്രത്തിൻെറ ഗവേഷണരീതികൾക്കും വിധേയനാക്കാൻ ശ്രമിക്കുകയാണ്. എന്നാൽ ദൈവത്തെ മനുഷ്യബുദ്ധിയുടെ കഴിവുകളിലൊതുക്കാനും ശാസ്ത്രീയ പഠനത്തിനു വിഷയമാക്കാനും സാധിക്കുകയില്ല. തത്വശാസ്ത്രത്തിൻെറ ഒരു വിഭാഗമായ അതീതശാസ്ത്രത്തിനു (metaphysics) മാത്രമേ ദൈവത്തെക്കുറിച്ച് എന്തെങ്കിലും പറയാൻ കഴിയൂ. തോമസ് അക്വീനാസിൻെറ തെളിവുകൾ അതീതശാസ്ത്രപരമാണ്. ദൈവവിശ്വാസത്തിലേക്കു നമ്മെ നയിക്കുന്ന പാതകളായി അവയെ കണക്കാക്കാം.

## വിശ്വാസവേദി

ഭൗതികശാസ്ത്രപരവും തത്വശാസ്ത്രപരവുമായ മേഖലകൾക്കുപരി മനുഷ്യനിൽ വിശ്വാസത്തിൻേറതായ ഒരു വേദികൂടിയുണ്ട്. സാധാരണജീവിതത്തിൽപോലും വിശ്വാസത്തിൻെറ അടിസ്ഥാനത്തിലാണ് നാം പ്രവർത്തിക്കുന്നത്. മോട്ടോർ വാഹനത്തിൽ യാത്ര ചെയ്യുന്ന നമ്മൾ അതിൻെറ ഡ്രൈവർ നമ്മെ സുരക്ഷിതമായി ലക്ഷ്യസ്ഥാനത്തെത്തിക്കുമെന്ന വിശ്വാസത്തോടെയാണല്ലോ അങ്ങനെ ചെയ്യുന്നത്. ഇതുപോലെ പരസ്പരവിശ്വാസത്തിൻെറ അടിസ്ഥാനത്തിൽ മനുഷ്യർ എന്തെന്തു കാര്യങ്ങൾ ചെയ്യുന്നു. ഇത്തരം വിശ്വാസങ്ങളെ യുക്തിക്കു വിധേയമാക്കാൻ മനുഷ്യർ മിനക്കെടാറില്ല.

വൈദ്യുതിയുടെയും കാന്തികശക്തിയുടെയും അസ്തിത്വം അവയുടെ ഫലത്തിൽനിന്നും അനുഭവത്തിൽനിന്നും നാം

മനസ്സിലാക്കുന്നു. അതുപോലെ ദൈവത്തിൻെറ പ്രവർത്തനങ്ങളിൽനിന്നും അവിടുത്തെക്കുറിച്ചുള്ള അനുഭവത്തിൽനിന്നുമാണ് നാം ദൈവവിശ്വാസത്തിലെത്തിച്ചേരുക. യുക്തിപോലെതന്നെ വിശ്വാസവും ജീവിതത്തിൻെറ ഘടകമാണ്. ജി. കെ. ചെസ്റ്റർട്ടൺ പറയുന്നു:

> "യുക്തിതന്നെ വിശ്വാസത്തിൽ അടിസ്ഥാനപ്പെട്ടു നില്ക്കുന്നു. നമ്മുടെ ചിന്തകൾക്കു യാഥാർത്ഥ്യവുമായി ബന്ധമുണ്ടെന്നതുതന്നെ ഒരു വിശ്വാസപ്രകരണമാണല്ലോ" (ഓർത്തഡോക്സി. അധ്യായം 3).

തുറന്നമനസ്സോടെ ദൈവത്തെ അന്വേഷിക്കുന്നവർക്ക് അവിടുന്നു തന്നെത്തന്നെ വെളിപ്പെടുത്തുന്നു. ബൈബിളിലുടനീളം ഇപ്രകാരമുള്ള വെളിപാടുകൾ നമുക്കു കാണാം. വിശ്വാസികളുടെ പിതാവായ അബ്രാഹത്തിൻെറ ജീവിതംതന്നെ അതിനൊരുദാഹരണമാണ്. സ്വന്തമായ അന്വേഷണത്തിലൂടെ ഈശ്വരജ്ഞാനം നേടിയവരാണ് ഭാരതത്തിലെ ഋഷിവര്യന്മാർ.

## ഭൗതികതയ്ക്കുപരി

മാർക്സിസ്റ്റു ചിന്ത മനുഷ്യജീവിതത്തെ ഭൗതികതയ്ക്കുള്ളിൽ തളച്ചിടുന്നു. സ്വന്തം പരിമിതികളെക്കുറിച്ച് മനുഷ്യൻ ബോധവാനാണെന്നതു ശരിതന്നെ. അതേസമയം അപരിമിതമായ എന്തോ ഒന്നിനുവേണ്ടിയുള്ള അദമ്യമായ ദാഹവും അവനിലുണ്ട്. ഭൗതികയാഥാർത്ഥ്യങ്ങൾ ഈ ദാഹത്തെ ശമിപ്പിക്കാൻ പോരുന്നവയല്ല. അതിനാൽ, മനുഷ്യൻ ബുദ്ധിപൂർവ്വം എല്ലാ യാഥാർത്ഥ്യങ്ങളുടേയും അടിസ്ഥാനവും ലക്ഷ്യവുമായി ദൈവത്തെ കണ്ടെത്തുന്നു. ഈ പ്രപഞ്ചത്തിനുള്ളിൽ ജീവിതത്തിൻെറ ആത്യന്തികലക്ഷ്യം പ്രാപിക്കുക സാധ്യമല്ലെന്നാണ് അനുഭവം മനുഷ്യനെ പഠിപ്പിക്കുന്നത്. അതിനാൽ, ദൈവത്തിൽ വിശ്വസിച്ചുകൊണ്ടു പരമാന്ത്യം പ്രാപിക്കാൻ അവൻ പരിശ്രമിക്കുന്നു. ദൈവമില്ലെങ്കിൽ ജീവിതംതന്നെ നിരർത്ഥകമായിത്തീരും. അർത്ഥപൂർവ്വം പ്രവർത്തിക്കുന്ന മനുഷ്യൻ ജീവിതത്തിൻെറതന്നെ അർത്ഥമായിട്ടാണു ദൈവത്തെ കാണുന്നത്.

## സ്വാതന്ത്ര്യത്തിൻെറ പൂർണ്ണത

അസ്തിത്വവാദപരമായ നിരീശ്വരത്വം മനുഷ്യസ്വാതന്ത്ര്യത്തെ ലക്ഷ്യരഹിതവും നിരർത്ഥകവുമായിട്ടാണു കരുതുന്ന

ത്. സ്വാതന്ത്ര്യത്തെ കയറൂരിവിട്ട് വ്യക്തിത്വം സാക്ഷാത്ക രിക്കണമെന്ന് സാർത്ര് വാദിച്ചു. എന്നാൽ, ഈ അതിമോഹം സംതൃപ്തമാക്കാൻ മനുഷ്യനു സാധിക്കുകയില്ല. സ്വന്തം സ്വാ തന്ത്ര്യം സാക്ഷാത്കരിക്കാനുള്ള നിയന്ത്രണമില്ലാത്ത ശ്രമത്തിൽ ഒരുവൻ മററൊരുവനു ഭീഷണിയായിത്തീരും. വാസ്തവത്തിൽ ഈശ്വരവിശ്വാസം അംഗീകരിച്ചാലേ അസ്തിത്വവാദം പൂർണ്ണ മാകൂ. സൊരെൻ കീർക്കഗോറിനെപ്പോലെയുള്ള സ്വേശ്വരാസ് തിത്വവാദികൾ മനുഷ്യാസ്തിത്വത്തിനും സ്വാതന്ത്ര്യത്തിനും നിദാനമായി ദൈവത്തെ കണ്ടെത്തുന്നുണ്ട്.

ദൈവത്തെ അംഗീകരിച്ചുകൊണ്ടുതന്നെ മനുഷ്യസ്വാതന്ത്ര്യ ത്തെ സംരക്ഷിക്കാൻ സാധിക്കുമെന്നാണ് ക്രൈസ്തവചിന്ത യുടെ ഉറച്ച ബോദ്ധ്യം. മനുഷ്യവ്യക്തിത്വം അലംഘനീയ മാണ്. തൻെറ ജീവിതത്തിൻെറ ശില്പി മനുഷ്യൻതന്നെയാ ണ്. ദൈവികസ്വാതന്ത്ര്യത്തിലുള്ള പരിമിതമായ ഭാഗഭാഗിത്വ മാണു മനുഷ്യസ്വാതന്ത്ര്യം. സ്വന്തമായ തിരഞ്ഞെടുക്കലുകൾ നടത്താൻ കഴിവുള്ളവനാണു മനുഷ്യൻ. അതാണു സ്വാതന്ത്ര്യ ത്തിൻെറ അന്തസ്സത്ത. നന്മയ്ക്കായുള്ള തിരഞ്ഞെടുക്കലുകൾ മനുഷ്യനെ പൂർണ്ണതയിലേക്കു നയിക്കുന്നു; തിന്മയ്ക്കായു ള്ളവ വ്യക്തിത്വത്തിൻെറ ശിഥിലീകരണത്തിലേക്കും. ഈ അർ ത്ഥത്തിൽ മനുഷ്യൻെറ ഭാവി അവൻെറ കരങ്ങളിൽത്തന്നെ സ് ഥിതിചെയ്യുന്നുവെന്നു വ്യക്തമാണ്. ദൈവത്തിനു യോജിച്ച തിരഞ്ഞെടുക്കലുകളിലൂടെ മനുഷ്യൻ സ്വന്തം വ്യക്തിത്വത്തെ ദൈവികമായ പൂർണ്ണതയിലേക്കു നയിക്കണം.

## തിന്മയുടെ പൊരുൾ

ലോകത്തിലെ എല്ലാ തിന്മകൾക്കും പൂർണ്ണമായ ഉത്തരം കണ്ടെത്താൻ മനുഷ്യനു കഴിയുകയില്ല. അപകടമരണങ്ങൾ, പകർച്ചവ്യാധികൾ മുതലായവ ഉദാഹരണങ്ങളാണ്. ദൈവം അ നുവദിക്കുന്ന ക്ലേശങ്ങൾ മനുഷ്യൻെറ നന്മയ്ക്കു വേണ്ടിയാ ണെന്നു കരുതേണ്ടിയിരിക്കുന്നു:

"ഉരുക്കിടുന്നൂ മിഴിനീരിലിട്ടു
മുക്കുന്നു മുററും ഭുവനൈക ശില്പി
മനുഷ്യഹൃത്താം കനകത്തെയേതോ
പണിത്തരത്തിന്നുപയുക്തമാക്കാൻ"

(കണ്ണുനീർത്തുള്ളി)

മനുഷ്യൻെറതന്നെ അകൃത്യങ്ങളുടെ ഫലമാണ് മിക്ക തിന്മകളും. അമിതവേഗത്തിൽ വാഹനമോടിച്ച് അപകടമരണം വരുത്തിവയ്ക്കുന്ന ഒരു ഡ്രൈവർ ആ മരണംമൂലം വരുന്ന തിന്മകൾക്ക് ഉത്തരവാദിയാണല്ലോ.

ദൈവവിശ്വാസികൾക്കു ദുഃഖദുരിതങ്ങളെ സമചിത്തതയോടെ നേരിടാൻ കഴിയും. മരണാനന്തരജീവിതത്തിൽ ലഭിക്കാനിരിക്കുന്ന പ്രതിഫലവും അവർക്കു പ്രത്യാശ പകരും. ദുഃഖങ്ങളെ ദൂരീകരിക്കാൻ ശ്രമിച്ചുകൊണ്ടും പുതിയവ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിച്ചുകൊണ്ടും പുരോഗതിക്കുവേണ്ടി അദ്ധ്വാനിക്കുകയെന്നതാണു ക്രൈസ്തവൻെറ കർത്തവ്യം.

## ദൈവം സ്നേഹമാകുന്നു

ക്രിസ്തുമതം ദൈവത്തെ കാണുന്നതു സ്നേഹത്തിൻെറ രൂപത്തിലും ഭാവത്തിലുമാണ്. മനുഷ്യബന്ധങ്ങളിൽ സ്നേഹത്തിനുള്ള സ്ഥാനം എത്ര വലുതാണ്. മനുഷ്യൻ അപരിമേയമായ സ്നേഹസാധ്യതകളുടെ ഉടമയാണ്. അതിനാൽ സ്നേഹപൂർവ്വകമായ പരസ്പരദാനങ്ങൾ മനുഷ്യജീവിതത്തിന് അർത്ഥം നല്കുന്നു. എൻെറ വ്യക്തിത്വത്തിൻെറ ഇടുങ്ങിയ ജയിലറയിൽനിന്നു പുറത്തുവന്ന് മററുവ്യക്തികളുടെ അസ്തിത്വത്തിൽ ഞാൻ പങ്കുചേരണം. അപ്പോൾ ഞാൻ പൂർണ്ണതയുടെ പടികൾ ചവിട്ടിക്കയറുന്നു.



പ്രാർത്ഥനയിലൂടെ
വിശ്വാസസാഫല്യത്തിലേക്ക്

എന്നാൽ, എൻെറ സ്നേഹസാധ്യത മുഴുവൻ മററൊരു മനുഷ്യ വ്യക്തിയിലൂടെ പൂർത്തീകരിക്കാൻ എനിക്കു സാധിക്കുകയി ല്ല. കാരണം എല്ലാ മനുഷ്യരും പരിമിതരാണ്. അങ്ങനെയെ ങ്കിൽ അപരിമിതമായ എൻെറ സ്നേഹസാധ്യതയെ സാക്ഷാ ത്കരിക്കാൻ ആർക്കുകഴിയും എന്ന പ്രശ്നമുദിക്കുന്നു. അ തിനുള്ള തൃപ്തികരമായ ഉത്തരമാണ് ഈശ്വരവിശ്വാസം. അ ളവററവിധം സ്നേഹിക്കാനും സ്നേഹിക്കപ്പെടുവാനുമുള്ള എൻെറ ദാഹം ശമിപ്പിക്കുവാൻ കഴിവുള്ള ദൈവം ഉണ്ടായിരി ക്കണം. ഇല്ലെങ്കിൽ എൻെറ പ്രതീക്ഷകളും ജീവിതവും വ്യർ ത്ഥമാണെന്നു പറയേണ്ടിവരും.

നിരീശ്വരന്മാരെ കുററപ്പെടുത്തുകയും വിമർശിക്കുകയും ചെയ്യുന്നതുകൊണ്ടു ഫലമില്ല. സൗഹാർദ്ദപൂർണ്ണമായ സമീപ നമാണ് അവരോട് നാം സ്വീകരിക്കേണ്ടത്. അതേസമയം ഈ ശ്വരവിശ്വാസത്തിൽനിന്ന് നമുക്കു ലഭിക്കുന്ന ദൈവാനുഭവവും ആത്മസമാധാനവും അവരുമായി പങ്കുവയ്ക്കാനും നാം ത യ്യാറാകണം.

## I. ഉത്തരങ്ങൾ പഠിക്കുക

1. ഈശ്വരവിശ്വാസത്തെ ചോദ്യം ചെയ്യുന്നവർ ഉന്നയിക്കുന്ന വാദഗതികൾ ഏതെല്ലാം? ഓരോ വാദഗതിയുടെയും ലഘു വിവരണം തയ്യാറാക്കുക.
2. ഈശ്വരവിശ്വാസത്തെ നിഷേധിക്കാനായി യുക്തിവാദികൾ നിരത്തുന്ന വാദഗതികളുടെ യുക്തിരഹിത്യം ഉദാഹരണ സഹിതം സ്ഥാപിക്കുക.
3. ഈശ്വരാസ്തിത്വം തെളിയിക്കാനായി വി. തോമസ് അക്വി നാസ് അവതരിപ്പിക്കുന്ന വാദമുഖങ്ങൾ ഏവ?
4. "ഈശ്വരവിശ്വാസം ശാസ്ത്രവിഷയമല്ല". എന്തുകൊണ്ട്?
5. ഈശ്വരവിശ്വാസി തൻെറ സ്വാതന്ത്ര്യത്തിൻെറ പൂർണ്ണത കണ്ടെത്തുന്നത് എങ്ങനെ?
6. ദൈവം തിന്മ അനുവദിക്കുന്നത് എന്തുകൊണ്ട്?
7. ദൈവം സ്നേഹമാകുന്നുവെന്ന പ്രസ്താവനയുടെ അർത്ഥമെന്ത്?

## 2. പ്രാവർത്തികമാക്കുക

1. ഈശ്വരാനുഭവം മററുള്ളവരുമായി പങ്കുവയ്ക്കാൻ നിങ്ങാം ഒരു കർമ്മപരിപാടി ആസൂത്രണം ചെയ്യുക.
2. ദൈവാനുഭവം ആഴപ്പെടുത്താൻ ഉപകരിക്കത്തക്കവിധം കുടുംബപ്രാർത്ഥനകാം സജീവമാക്കുവാൻ ഒരു പദ്ധതി തയ്യാറാക്കുക.

## 3. ചർച്ചചെയ്യുക

1. ദൈവവിശ്വാസം ഇല്ലാത്ത ഒരാളെ ദൈവവിശ്വാസത്തിലേക്കു കൊണ്ടുവരുവാനുള്ള ഒരു കർമ്മപദ്ധതിയെപ്പററി ചർച്ചചെയ്യുക.
2. യുക്തിവാദികാം സാധാരണമായി ഉന്നയിക്കുന്ന വാദമുഖങ്ങളെക്കുറിച്ചും അവർക്കുള്ള മറുപടികളെക്കുറിച്ചും ചർച്ച ചെയ്യുക.

# 10

# കമ്മ്യൂണിസം: ക്രൈസ്തവ വീക്ഷണത്തിൽ

ലോകചരിത്രത്തിൽ വളരെ നിർണ്ണായകമായ മാററങ്ങൾക്കു വഴി തുറന്ന ഒരു തത്ത്വശാസ്ത്രമാണു കമ്മ്യൂണിസം. പീഡിതരും മർദ്ദിതരുമായ തൊഴിലാളികളുടെ വിമോചനത്തിന് ഊന്നൽ കൊടുത്തുകൊണ്ട് ഫ്രെഡറിക് ഏംഗൽസും കാറൽമാർക്സും വിഭാവനം ചെയ്ത ഒരു നൂതനസാമൂഹിക വ്യവസ്ഥിതിയുടെ അടിസ്ഥാനപ്രമാണങ്ങളുൾക്കൊള്ളുന്ന തത്ത്വശാസ്ത്രമാണു കമ്മ്യൂണിസത്തിലുള്ളത്. ഒരു കാലത്ത് തൊണ്ണൂറോളം രാജ്യങ്ങളിൽ കമ്മ്യൂണിസം നിർണ്ണായകമായ സ്വാധീനം ചെലുത്തുകയുണ്ടായി.

കമ്മ്യൂണിസം ഒരു കൊടുങ്കാററുപോലെയാണ് കേരളത്തിലേക്കു കടന്നുവന്നത്. റഷ്യയിൽ രൂപംകൊണ്ട ആ ചുഴലിക്കാററ് കേരളത്തിലെത്താൻ അധികകാലം വേണ്ടിവന്നില്ല. മതത്തെയും ഈശ്വരവിശ്വാസത്തെയും കടപുഴക്കിയെറിഞ്ഞേ ഈ കാററ് അടങ്ങുകയുള്ളുവെന്ന കമ്മ്യൂണിസ്ററ്കാരുടെ ആക്രോശം കേട്ടപ്പോൾ ഇവിടെ ഈശ്വരവിശ്വാസികൾ അന്ധാളിച്ചു. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്നും ഈശ്വരൻ മനുഷ്യൻ സൃഷ്ടിച്ച മിഥ്യയാണെന്നുമായിരുന്നു കമ്മ്യൂണിസ്ററു സിദ്ധാന്തം. കേരളത്തിലെ യുവജനങ്ങളിൽ ഒരു വിഭാഗം പൊതുവേ കമ്മ്യൂണിസത്തോട് അടുപ്പം കാണിച്ചു. അവരെ ആകർഷിച്ചത്, സാമ്പത്തികസമത്വം പ്രദാനം ചെയ്യുന്നതും ചൂഷണവിധേയമല്ലാത്തതും അദ്ധ്വാനിക്കുന്നവന് അധികാരം നല്കുന്നതുമായ ഒരു ഭാസുരവ്യവസ്ഥിതിയേക്കുറിച്ചുള്ള കമ്മ്യൂണിസ്ററ് സിദ്ധാന്തമാണ്. കേരളത്തിൽ, മുഷ്ടിചുരുട്ടിവിളിക്കുന്ന മുദ്രാവാക്യങ്ങളുടെ രൂപത്തിൽ, തൊഴിൽക്കുഴപ്പങ്ങളുടെ രൂപത്തിൽ, പണിമുടക്കുകളുടെ രൂപത്തിൽ, ജന്മിമാരുടെ തലകൊയ്യുന്ന രൂപത്തിൽ, കൊയ്യുന്ന പാടങ്ങളെല്ലാം കൊയ്ത്തുകാരുടേതാണെന്നുള്ള അവകാശവാദത്തിൻെറ രൂപത്തിൽ കമ്മ്യൂണിസം പ്രത്യക്ഷപ്പെട്ടു.

മാർക്സും ഏംഗൽസും കൂടി അഴിച്ചുവിട്ട കമ്മ്യൂണിസക്കൊടുംകാററ് നാടുനീളെ ഒന്നു ചുററിയടിച്ച്, നാട്ടുകാരെ

ഭയപ്പെടുത്തി, മതവിശ്വാസത്തെ ഒന്നുപിടിച്ച് ഉലച്ചിട്ട് കടന്നുപോയ മട്ടാണിന്ന്. കേരളത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് കമ്മ്യൂണിസത്തോട്, ആദർശത്തിന്റെ പേരിലുള്ള ആവേശം നിലച്ചു കഴിഞ്ഞു.

മതത്തെയും ഈശ്വരവിശ്വാസത്തെയും കുഴിച്ചുമൂടുമെന്ന് പ്രതിജ്ഞയെടുത്തുകൊണ്ട്, അവതരിച്ച കമ്മ്യൂണിസത്തിന്റെ ഉദ്ഭവത്തിന്റെയും വളർച്ചയുടെയും ചരിത്രം നാം മനസ്സിലാക്കേണ്ടതുതന്നെ.

പാശ്ചാത്യ യൂറോപ്യൻ രാജ്യങ്ങളിൽ ഏറെ നാളുകൾക്കു മുമ്പുതന്നെ "യൂറോകമ്മ്യൂണിസം" (Euro – communism) എന്നൊരു രൂപഭേദം കമ്മ്യൂണിസത്തിനുണ്ടായി. വ്യാവസായിക വിപ്ളവാനന്തര ഇംഗ്ലണ്ടിന്റെ പശ്ചാത്തലത്തിൽ രൂപംകൊണ്ട കമ്മ്യൂണിസത്തിലെ പല ആശയങ്ങളും ആധുനികലോകത്തിലെ സാമൂഹികയാഥാർത്ഥ്യങ്ങളോട് ഇണങ്ങിപ്പോകുന്നില്ലെന്നു കണ്ട് അതിനെ പുതുക്കുന്നതിനുള്ള ശ്രമത്തിൽനിന്ന് ഉടലെടുത്തതാണ് യൂറോകമ്മ്യൂണിസം. കമ്മ്യൂണിസ്ററു തത്ത്വസംഹിതയുടെ ആദ്യത്തെ പ്രയോഗശാലയായ റഷ്യയിൽ സാമൂഹികസ്തംഭനം ഒളിച്ചുവയ്ക്കാനാവാത്ത വിധം വ്യക്തമായപ്പോൾ "തുറന്നസമീപന" (Glasnost) ത്തിനും "പൊളിച്ചെഴുത്തിനു" (പെരിസ്ട്രോയിക്കാ) മുള്ള ശ്രമങ്ങൾ മിഖായേൽ ഗോർബച്ചോവിന്റെ നേതൃത്വത്തിൽ തുടങ്ങി. അതിനിയും പൂർത്തിയായിട്ടില്ല. ഇതിന്റെയൊക്കെ ഫലമായി റഷ്യയുടെ ഉപഗ്രഹരാഷ്ട്രങ്ങളെന്ന് അറിയപ്പെട്ടിരുന്ന പൂർവ്വയൂറോപ്യൻ രാജ്യങ്ങളിൽ ഉണ്ടായ മാററങ്ങൾ അവയുടെ വേഗംകൊണ്ടും ആഴംകൊണ്ടും അപ്രതീക്ഷിതവും അമ്പരപ്പിക്കുന്നതുമായിരുന്നു. ചിലയിടങ്ങളിൽ കമ്മ്യൂണിസം തള്ളിപ്പറയപ്പെട്ടു. മററു ചിലയിടങ്ങളിൽ പാർട്ടിയുടെ പേരുമാററി സോഷ്യലിസ്ററു പാർട്ടി എന്നാക്കി. ഇനിയും ചിലയിടങ്ങളിൽ "മാറിയ" കമ്മ്യൂണിസമായി നിലനില്ക്കാൻ അതു ശ്രമിക്കുന്നു! കമ്മ്യൂണിസമെന്ന ആശയത്തിന്റെ ഭാവിയെക്കുറിച്ച് സന്ദേഹമുളവാക്കുന്ന സംഭവങ്ങളാണിവയെല്ലാം. ഈശ്വരനിഷേധം, സ്വകാര്യസ്വത്തിന്റെ നിരോധനം തുടങ്ങിയ അടിസ്ഥാനകാര്യങ്ങളിൽ തന്നെ കമ്മ്യൂണിസം വിട്ടുവീഴ്ചയ്ക്കു തയ്യാറാകുന്നതു കാണുമ്പോൾ കമ്മ്യൂണിസത്തിൽ ഇനി ബാക്കിയെന്തുണ്ട്? എന്ന ചോദ്യമുദിക്കുന്നു. എങ്കിലും ഒരു കാലത്ത് അനേകം പാവപ്പെട്ടവരുടെ ആവേശമായിരുന്നതും ഇത്രയൊക്കെയായിട്ടും ഇന്നും

ഏറെപ്പേരെ സ്വാധീനിക്കുന്നതുമായ ദർശനമാണ് കമ്മ്യൂണിസം. കമ്മ്യൂണിസം ഉൾക്കൊള്ളുന്ന തത്ത്വശാസ്ത്രം ക്രൈസ്തവർക്ക് എത്രമാത്രം സ്വീകാര്യമാണെന്നാണ് നാം ചിന്തിക്കേണ്ടത്.



ഗോർബച്ചോവ് വത്തിക്കാനിൽ

കമ്മ്യൂണിസം ജനിച്ചത് ഒരു ധാർമ്മികബോധത്തിൽനിന്നാണ്. കുറെപേരുടെ സാമ്പത്തികസ്വാർത്ഥത മററനേകംപേരെ ചൂഷണം ചെയ്യുന്ന കാലം. ഈ അനീതിക്കെതിരേ സംഘടിതമായി ശബ്ദമുയർത്താനും ക്രിയാത്മകമായി പ്രവർത്തിക്കാനും മതവ്യവസ്ഥിതികൾക്കുപോലും സാധിക്കാത്ത ദുരവസ്ഥ. ഈ സാമൂഹിക പരിതോവസ്ഥയ്ക്കെതിരേ ധാർമ്മികരോഷംകൊണ്ട് കാറൽ മാർക്സും കൂട്ടരും പുതിയൊരു സാമ്പത്തിക രാഷ്ട്രീയവ്യവസ്ഥിതിക്കു രൂപം കൊടുക്കാൻ ശ്രമിച്ചു. സാമ്പത്തികസമത്വം പ്രദാനം ചെയ്യുന്നതും ആരും ആരേയും ചൂഷണം ചെയ്യാത്തതും അദ്ധ്വാനിക്കുന്നവന് അധികാരം നല്കുന്നതുമായ ഒരു സോഷ്യലിസ്ററു വ്യവസ്ഥിതിയാണ് അവർ വിഭാവനം ചെയ്തത്. 'എല്ലാവർക്കും അവരവരുടെ ആവശ്യം പോലെ, എല്ലാവരിൽനിന്നും അവരവരുടെ കഴിവുപോലെ' എന്ന തത്ത്വത്തിലധിഷ്ഠിതമായ ഒരു സമൂഹത്തെ

യാണ് മാർക്സും ഏംഗൽസും സ്വപ്നം കണ്ടത്. ഈ പുതിയ ലോകത്തിന്റെ സൃഷ്ടിക്കുവേണ്ടിയാണ് തൊഴിലാളികളോട് സംഘടിക്കാൻ മാർക്സും ഏംഗൽസുംകൂടി എഴുതിയ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ ആഹ്വാനം ചെയ്തതും.

അനീതിക്കും ചൂഷണത്തിനുമെതിരേ ധാർമ്മികരോഷം കൊള്ളുന്ന കമ്മ്യൂണിസത്തോട് ക്രൈസ്തവൻ എന്തു മനോഭാവമാണ് പുലർത്തേണ്ടത്? ക്രൈസ്തവൻ അനീതിയേയും ചൂഷണത്തെയും എതിർക്കേണ്ടവനല്ലേ? പ്രസിദ്ധചിന്തകനായ ആർണോൾഡ് ടോയിൻബിയും ഷാക് മാരിറെറയിനും കമ്മ്യൂണിസത്തെ "ക്രൈസ്തവ പാഷണ്ഡത" (Christian Heresy) എന്നാണ് വിളിച്ചത്. കമ്മ്യൂണിസത്തിൽ ക്രൈസ്തവമായ ചില അംശങ്ങളുണ്ടെന്ന് അവർ സമ്മതിക്കുന്നു. അതേ സമയം അതു ക്രൈസ്തവർക്ക് പാഷണ്ഡതയാണെന്നും അവർ പറയുന്നു.

കമ്മ്യൂണിസം രാഷ്ട്രീയ സാമ്പത്തിക രംഗങ്ങളെ മാത്രം സ്പർശിക്കുന്ന ഒരു സിദ്ധാന്തമല്ല. ജീവിതത്തെ ആകമാനം ഒരു പ്രത്യേക വീക്ഷണത്തോടെ വ്യാഖ്യാനിക്കുന്ന ഒരു തത്ത്വശാസ്ത്രമാണത്. ലോകത്തെയും ജീവിതത്തെയും കുറിച്ചുള്ള കമ്മ്യൂണിസത്തിന്റെ വീക്ഷണം അതിന്റെ രാഷ്ട്രീയ സാമ്പത്തിക വീക്ഷണവുമായി (സിദ്ധാന്തവുമായി) അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. സൈദ്ധാന്തികമായി കമ്മ്യൂണിസം വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദമാണ് (Dialectical Materialism). കമ്മ്യൂണിസത്തിന്റെ വൈരുദ്ധ്യാധിഷ്ഠിത സ്വഭാവവും അതിന്റെ ഭൗതികവാദപരമായ ജീവിതവീക്ഷണവും, ക്രൈസ്തവ വിശ്വാസവുമായി പൊരുത്തപ്പെട്ടു പോകുന്നതല്ല.

## 1. ഭൗതികവാദം

ഇന്നിന്റെ സുഖഭോഗങ്ങളിൽ മതിമറന്ന് നാളെയെ മറക്കുന്ന ഒരു ഭൗതികവാദമല്ല കമ്മ്യൂണിസത്തിന്റേത്. വർത്തമാനത്തിന്റെ മോഹങ്ങൾ വെടിഞ്ഞ് ഭാവിയുടെ വാഗ്ദാനങ്ങൾക്കുവേണ്ടി വാദിക്കുന്ന കമ്മ്യൂണിസത്തിൽ ഭാവ്യുന്മുഖത അതിപ്രധാനമാണ്. എന്നാൽ ഭാവി എന്നതിനു ലോകചരിത്രത്തിന് അതീതവും ഭൗതികാതീതവുമായ അർത്ഥമോ അടിസ്ഥാനമോ അതു കല്പിക്കുന്നില്ല. അഭൗതിക കാര്യങ്ങളെക്കുറിച്ചുള്ള ചിന്ത കമ്മ്യൂണിസത്തിന്റെ ദൃഷ്ടിയിൽ മിഥ്യാ ജല്പനങ്ങളാണ്.

ഈ പശ്ചാത്തലത്തിലാണ് കമ്മ്യൂണിസം മതത്തെയും മതാത്മകമൂല്യങ്ങളെയും എതിർക്കുന്നത്.

*എ. മതം മയക്കുമരുന്ന്?*

ഭൗതികവാദാധിഷ്ഠിതമായ കമ്മ്യൂണിസം മതത്തിൻെറയും ആത്മീയതയുടെയും നിഷേധമാണ്. "മനുഷ്യൻ മതം സൃഷ്ടിക്കുന്നു. മതം മനുഷ്യനെ സൃഷ്ടിക്കുന്നില്ല" എന്നിങ്ങനെ, ഹേഗലിൻെറ തത്ത്വചിന്തയെ വിമർശിച്ചുകൊണ്ട്, മാർക്സ് എഴുതി. ദു:ഖദുരിതങ്ങൾ അനുഭവിക്കുന്ന മനുഷ്യൻെറ വേദനാസംഹാരിയായിട്ടാണ് മാർക്സ് മതത്തെ കണ്ടത്. അദ്ദേഹം എഴുതി:

> "മർത്ത്യരുടെ നെടുവീർപ്പാണു മതം, ഹൃദയമില്ലാത്ത ലോകത്തിൻെറ വികാരം; ആത്മാവില്ലാത്ത പരിതസ്ഥിതികളുടെ ആത്മാവ്. ജനത്തിൻെറ മയക്കുമരുന്ന്".

മതം മയക്കുമരുന്നാണ് എന്നു മാർക്സു പറഞ്ഞപ്പോൾ അതു മനുഷ്യൻെറ വേദനയകററുന്ന വേദനാസംഹാരിയാണ് എന്ന് അംഗീകരിക്കുകയും അതോടൊപ്പം അത് മനുഷ്യൻെറ ദു:ഖത്തിൻെറ പ്രശ്നങ്ങൾക്കു പരിഹാരമല്ലെന്ന് എടുത്തുകാണിക്കുകയുമാണ് ചെയ്തത്. മാത്രമല്ല മതം ഉയർത്തിപ്പിടിക്കുന്നത് സത്യമല്ല മിഥ്യയാണെന്നും ഈ മിഥ്യ യഥാർത്ഥ പ്രശ്നങ്ങളിൽനിന്നു മനുഷ്യനെ അന്യവത്കരിക്കുന്നു എന്നും അദ്ദേഹം ഉദ്ഘോഷിച്ചു. ഈശ്വരനും പരലോകവുമൊക്കെ മനുഷ്യൻ സൃഷ്ടിച്ച മിഥ്യകളാണെന്ന് അദ്ദേഹം വിശ്വസിച്ചു. മനുഷ്യൻെറ പ്രശ്നങ്ങളുടെ അടിസ്ഥാനകാരണം സാമ്പത്തികമാണെന്ന് അദ്ദേഹം കരുതി. മതം ഇഹലോകസുഖം നിഷേധിക്കപ്പെട്ട മനുഷ്യന് പരലോകസുഖം എന്ന മിഥ്യ നല്കി ജീവിതപ്രശ്നങ്ങളോടു പ്രതികരിക്കാനുള്ള അവൻെറ വീര്യം കെടുത്തുന്നു എന്നതാണ് മാർക്സിസത്തിൻെറ നിലപാട്. അതുകൊണ്ട് കമ്മ്യൂണിസം സൈദ്ധാന്തികമായി മതവിരുദ്ധനയമാണു പുലർത്തുന്നത് എന്ന കാര്യം സുവ്യക്തമാണ്.

*ബി. മതവിരോധം*

"മനുഷ്യൻെറ മയക്കുമരുന്നാണ് മതം" (Opium of the people) എന്നു മാർക്സ് പ്രസ്താവിച്ചപ്പോൾ "മനുഷ്യനുവേണ്ടിയു

ള്ള മയക്കുമരുന്നാണ് മതം'' (Opium for the people) എന്ന് ലെനിൻ വാദിച്ചു. മനുഷ്യർ തങ്ങാംക്കുവേണ്ടി സ്വയം സൃഷ്ടിക്കുന്ന വേദനാസംഹാരി എന്നതിനെക്കാരം അധികാരസമ്പന്ന വർഗ്ഗങ്ങരം ബോധപൂർവ്വം മർദ്ദിതർക്കുവേണ്ടി സൃഷ്ടിച്ചുകൊടുക്കുന്ന മയക്കുമരുന്നാണ് മതമെന്നത്രേ ലെനിൻെറ വാദം. മതത്തോടു രണ്ടുതരം സമീപനമാണു കമ്മ്യൂണിസത്തിനുള്ളത്.

അവധാനപൂർവ്വകമായ ബോധവത്കരണത്തിലൂടെയും പ്രചാരണത്തിലൂടെയും മതം മിഥ്യാബോധവും അന്ധവിശ്വാസവുമാണെന്ന് പഠിപ്പിക്കുക. അങ്ങനെ, ശാസ്ത്രീയമായ വീക്ഷണം ജനങ്ങരംക്ക് ഉണ്ടാകുന്നതോടെ മതം സ്വാഭാവികമായി മരിക്കും എന്ന് കമ്മ്യൂണിസ്ററാചാര്യന്മാർ പ്രവചിച്ചു. കമ്മ്യൂണിസ്ററ് സമൂഹങ്ങളിൽ മതം നശിക്കും എന്നും ക്യാപിററലിസ്ററ് രാജ്യങ്ങളിൽ മതം ശക്തിപ്രാപിക്കും എന്നും ഇവർ കരുതി. അതുകൊണ്ട് ലെനിനും കൂട്ടരും മതത്തിനെതിരായി പീഡനങ്ങളുടെ കടന്നാക്രമണനയത്തെക്കാരം മതത്തിനെതിരായ പ്രചാരണനയമാണു സ്വീകരിച്ചത്.

ലെനിൻെറ നയമായിരുന്നില്ല സ്ററാലിൻെറത്. മതം മദ്യം പോലെ മനുഷ്യനു ഹാനികരമാണെന്നും അത് സമൂഹത്തിൽ നിന്ന് നിർമ്മാർജ്ജനം ചെയ്യാനായി മതപീഡനത്തിൻെറ നയം തന്നെ സ്വീകരിക്കണമെന്നും അദ്ദേഹം കരുതി. തത്ഫലമായി ദേവാലയങ്ങളും ആശ്രമങ്ങളും ഇല്ലായ്മ ചെയ്തു. മതവിശ്വാസത്തിൻെറ പരസ്യപ്രകടനം നിരോധിച്ചു. ക്രൂഷ്ചേവും കമ്മ്യൂണിസ്ററു രാജ്യങ്ങളിലെ മററുപല നേതാക്കളും ഈ നയമാണ് സ്വീകരിച്ചത്. ഈ രണ്ടുനയങ്ങളും കമ്മ്യൂണിസ്ററു പ്രത്യയ ശാസ്ത്രത്തിൽനിന്ന് ഉരുത്തിരിയുന്നതാണ്.

*സി. ദൈവത്തിനുള്ളതുകൂടി ചോദിച്ച സീസർ*

കമ്മ്യൂണിസം ഒരു സെക്കുലർ പ്രത്യയശാസ്ത്രമല്ല, അത് ഒരു നിരീശ്വരതത്ത്വസംഹിതയാണ്. ഈശ്വരൻ ഉണ്ടോ ഇല്ലയോ എന്ന വിധിതീർപ്പ് വ്യക്തികളുടെ സ്വാതന്ത്ര്യത്തിനു വിടുന്നില്ല കമ്മ്യൂണിസം. ഈശ്വരനും മരണാതീതമായ മനുഷ്യാത്മാവും ഇല്ലെന്നകാര്യത്തിൽ സംശയമൊന്നും ഇല്ലാത്ത കമ്മ്യൂണിസം മതസ്വാതന്ത്ര്യമെന്നതു സമൂഹത്തിന് അപകടകാരിയായ ബൂർഷ്വാസ്വാതന്ത്ര്യമായി പരിഗണിച്ചു. അതുകൊണ്ടാണ് കമ്മ്യൂണിസ്ററു റഷ്യയിൽ ജീവിച്ച നോബൽ സമ്മാനാർഹനായ

അലക്സാണ്ടർ സോറംസെനിററ്സിൻ കമ്മ്യൂണിസം "ആത്മാവിൻെറ കീഴടങ്ങൽ ആവശ്യപ്പെട്ടു" എന്നു വിലപിച്ചത്. ദൈവത്തിനുള്ളതും കൂടി പിടിച്ചുപററിയ സീസറായിമാറി കമ്മ്യൂണിസം. ദൈവത്തിന് ഉള്ളത് ദൈവത്തിനു നല്കാൻ ഇവിടെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടു. "മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല ജീവിക്കുന്നത്" എന്നു വിശ്വസിച്ചവർ കമ്മ്യൂണിസ്ററ് രാജ്യങ്ങളിൽ നോട്ടപ്പുള്ളികളും രണ്ടാംകിട പൗരന്മാരുമായി. കമ്മ്യൂണിസത്തിൻെറ ഈ നയം മുന്നിൽക്കണ്ടുകൊണ്ട് രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രഖ്യാപിച്ചു:

> "മനുഷ്യൻെറ മൗലികാവകാശങ്ങളെ ഹനിച്ചുകൊണ്ട് വിശ്വാസികളും അവിശ്വാസികളുമെന്ന് ചില രാഷ്ട്രീയാധികാരികരം ഉന്നയിക്കുന്ന അന്യായമായ വിവേചനത്തിനെതിരേ സഭ പ്രതിഷേധിക്കുന്നു. ഇഹത്തിലും ദൈവത്തിന് ആലയങ്ങരം നിർമ്മിക്കാനുള്ള വിശ്വാസികളുടെ ഫലദായകമായ സ്വാതന്ത്ര്യത്തിനുവേണ്ടി സഭ സ്വരമുയർത്തുന്നു" (സഭ ആധുനികലോകത്തിൽ 21).

ആദ്ധ്യാത്മികത അന്ധവിശ്വാസമാണെന്ന നിലപാട് അബദ്ധമായിപ്പോയി എന്ന അവബോധം ഇന്ന് കമ്മ്യൂണിസ്ററ് പാളയങ്ങളിലുണ്ട്. കമ്മ്യൂണിസത്തിൻെറ ശാസ്ത്രീയ ചിന്തയുടെ വളർച്ചയിൽ മതം മരിക്കും എന്ന പ്രവചനവും പാളിപ്പോയി എന്ന് അവർക്കറിയാം. പീഡനങ്ങരം മതവിശ്വാസത്തെ തളർത്തുകയല്ല വളർത്തുകയാണ് ചെയ്തത്. ഈ അനുഭവം മതത്തോടുള്ള കമ്മ്യൂണിസത്തിൻെറ നയത്തിൽ വ്യതിയാനങ്ങരം വരുത്തിത്തീർത്തു. 1989 ഡിസംബർ 1-ാം തീയതി കമ്മ്യൂണിസ്ററ് റഷ്യയുടെ പ്രസിഡൻറ് മിഖായേൽ ഗോർബച്ചേവ് വത്തിക്കാനിൽവച്ച് ജോൺ പോരം രണ്ടാമൻ മാർപാപ്പായെ സന്ദർശിച്ചപ്പോരം "നമുക്ക് ആത്മീയമൂല്യങ്ങരം വേണ"മെന്നു പറഞ്ഞത് ഇത്തരുണത്തിൽ സ്മരണാർഹമാണ്. മതവിശ്വാസി പാരത്രികജീവിതത്തിൽ വിശ്വാസമുള്ളവനാണ്. എന്നാൽ വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം സ്വീകരിച്ചിട്ടുള്ള കമ്മ്യൂണിസത്തിന് പാരത്രികജീവിതം അംഗീകരിക്കാനാവില്ല. ഈ ചിന്താഗതിയിൽവരുന്ന വ്യതിയാനങ്ങരം വാസ്തവത്തിൽ കമ്മ്യൂണിസത്തിൻെറ തത്ത്വശാസ്ത്രത്തിൽത്തന്നെ വരുന്ന മാററങ്ങളായിട്ടുവേണം കാണാൻ.

## 2. വൈരുദ്ധ്യാധിഷ്ഠിതദർശനം

വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദത്തെ അടിസ്ഥാനമായി സ്വീകരിക്കുന്ന ദർശനമാണല്ലോ കമ്മ്യൂണിസം. ഏതു മാററവും പരസ്പര വൈരുദ്ധ്യമുള്ള രണ്ടു ശക്തികൾ തമ്മിൽ നടക്കുന്ന സംഘട്ടനഫലമായിട്ടുണ്ടാകുന്ന മൂന്നാമതൊരു യാഥാർത്ഥ്യമാണെന്നതത്രേ വൈരുദ്ധ്യാധിഷ്ഠിത വാദത്തിൻെറ കാതൽ. ചരിത്രത്തിലുണ്ടാകുന്ന മാററങ്ങളെല്ലാം സാമ്പത്തികമായി വൈരുദ്ധ്യമുള്ള ജനവിഭാഗങ്ങൾ തമ്മിലുള്ള സംഘട്ടനത്തിൽ നിന്നുണ്ടാകുന്നു എന്ന് മാർക്സിസം പഠിപ്പിക്കുന്നു.

തൊഴിലാളികളും മുതലാളികളും പരസ്പര വൈരുദ്ധ്യമുള്ള രണ്ടു ശക്തികളാണെന്നും അവർ തമ്മിലുള്ള സംഘട്ടനം അനിവാര്യമാണെന്നും ആ സംഘട്ടനഫലമായി മുതലാളി തൊഴിലാളി വ്യത്യാസമില്ലാത്ത മൂന്നാമതൊരു വ്യവസ്ഥിതി – സമത്വസുന്ദരമായ വ്യവസ്ഥിതി – ഉണ്ടാകുമെന്നും പഠിപ്പിക്കുന്നതുകൊണ്ട് കമ്മ്യൂണിസത്തെ വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം അഥവാ വൈരുദ്ധ്യാധിഷ്ഠിത ദർശനം എന്നു വിളിക്കുന്നു.

ഭൗതികമാത്രമായ ഒരു പറുദീസ സൃഷ്ടിക്കാനാണ് കമ്മ്യൂണിസം ശ്രമിക്കുന്നത്. സമത്വസുന്ദരമായ വ്യവസ്ഥിതി നടപ്പിൽവരുത്താൻ ഏത് അക്രമമാർഗ്ഗവും സ്വീകരിക്കാമെന്നാണല്ലോ കമ്മ്യൂണിസം പറയുന്നത്. മാർഗ്ഗമേതായാലും ലക്ഷ്യപ്രാപ്തിക്കാണ് പ്രാധാന്യം നല്കേണ്ടതെന്ന് അതു വിശ്വസിക്കുന്നു. അക്രമമാർഗ്ഗത്തെ എതിർക്കുന്ന മതത്തെ ഗളഹസ്തം ചെയ്യുവാൻ കമ്മ്യൂണിസത്തിൻെറ നേതാക്കൾ ശ്രമിച്ചുനോക്കി. എന്നാൽ മതം മരിച്ചില്ല. മനുഷ്യന് ആവശ്യമായ അപ്പം നല്കുന്ന കാര്യത്തിൽപ്പോലും കമ്മ്യൂണിസം വിജയിച്ചുമില്ല. എന്തുകൊണ്ട് അങ്ങനെ സംഭവിച്ചു? ലക്ഷ്യമല്ല മാർഗ്ഗമാണ് ഇവിടെ പിഴച്ചത്. മാർഗ്ഗത്തെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ കമ്മ്യൂണിസത്തിൻെറ വൈരുദ്ധ്യാധിഷ്ഠിത സ്വഭാവം വിമർശനവിഷയമായിത്തീരുന്നു.

### *ക്രൈസ്തവസ്നേഹത്തിൻെറ നിഷേധം*

> "ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും
> അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും" (ലൂക്കാ 4:18)

പ്രഖ്യാപിക്കുന്ന യേശുവിൻെറ സുവിശേഷം ദൈവരാജ്യത്തിൻേറതായിരുന്നു. ദൈവരാജ്യത്തിലേക്കുള്ള ഏകമാർഗ്ഗ

മായി യേശു പ്രഖ്യാപിച്ചത് സ്നേഹമാണ് — പണം, പ്രതാപം തുടങ്ങിയവയുടെ അതിർത്തികളില്ലാത്ത സ്നേഹം. നല്ല സമരിയാക്കാരൻെറ ഉപമ ഇതാണല്ലോ അർത്ഥമാക്കുന്നത്. സാമ്പത്തികമായ ഉച്ചനീചത്വങ്ങരം ഈ സ്നേഹത്തിൽ അലിഞ്ഞുപോകണം. അവശനും അശരണനുമായ ലാസർ തൻെറ സമീപവർത്തിയായികഴിയുന്നുവെന്നു മനസ്സിലാക്കാത്ത ഏകകാരണത്താലാണ് ധനവാൻ നരകശിക്ഷയ്ക്ക് വിധിക്കപ്പെടുന്നത്.

വർഗ്ഗവൈരം മാത്രമല്ല വ്യക്തിവൈരാഗ്യവും സ്നേഹംകൊണ്ട് ഉന്മൂലനം ചെയ്യപ്പെടണം:

''ഞാൻ നിങ്ങളോടുപറയുന്നു: ശത്രുക്കളെ സ്നേഹിക്കുവിൻ'' (മത്താ. 5:44).

ഒരു കരണത്തടിക്കുന്നവനു മറേറക്കരണംകൂടി കാട്ടിക്കൊടുക്കുവാൻ പഠിപ്പിച്ച യേശു സ്നേഹത്തിൻെറ ആഴവും വ്യാപ്തിയും വർദ്ധിപ്പിച്ചു:

''സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാരം വലിയ സ്നേഹമില്ല'' (യോഹ. 15:13).

ദൈവരാജ്യസ്ഥാപനത്തിന് ഒരേ ഒരു മാർഗ്ഗമേയുള്ളു:

''ലോകസ്ഥാപനംമുതൽ നിങ്ങരംക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ. എന്തെന്നാൽ, എനിക്കു വിശന്നു; നിങ്ങരം ഭക്ഷിക്കാൻ തന്നു'' (മത്താ. 25:35).

കമ്മ്യൂണിസ്ററു പറുദീസ തീർക്കാൻ മാർക്സിസ്ററ്-ലെനിനിസം സ്വീകരിച്ചത് സ്നേഹത്തിൻെറ മാർഗ്ഗമല്ല. ഇങ്ങനെയൊരു ആദർശലോകത്തിൻെറ സൃഷ്ടിക്ക് സ്നേഹം പ്രായോഗികമല്ല എന്ന നിലപാടാണ് മാർക്സു സ്വീകരിച്ചത്. അദ്ദേഹം എഴുതി:

''കഴിഞ്ഞ 1800 വർഷങ്ങളിൽ ഈ സ്നേഹം പ്രാവർത്തികമായിട്ടില്ലെന്നും സാമൂഹികവ്യവസ്ഥിതികളെ മാററാൻ അത് പര്യാപ്തമായിട്ടില്ലെന്നും അനുഭവം പഠിപ്പിക്കുമ്പോരം, വിരോധത്തെ കീഴടക്കാൻ കഴിയാത്ത ഈ സ്നേഹത്തിന് സാമൂഹികവ്യവസ്ഥകളെ പരിഷ്കരിക്കാൻവേണ്ട വീര്യമുള്ള ഊർജ്ജം നല്കാൻ കഴിയില്ല എന്നും തീർച്ചയായും തെളിയുന്നു''.

ചുരുക്കത്തിൽ മാർക്സ്, സ്നേഹത്തിൽ വിശ്വസിക്കുന്നില്ല. ക്രൈസ്തവർ സ്നേഹത്തിലേ വിശ്വസിക്കുന്നുള്ളു.

*വർഗ്ഗസമരം*

സാമൂഹികവ്യവസ്ഥിതികളെ പരിഷ്കരിക്കാനോ വർഗ്ഗവൈരത്തെ നിർമ്മാർജ്ജനം ചെയ്യാനോ സ്നേഹമാർഗ്ഗം അപ്രായോഗികമാണ് എന്നു കരുതിയ മാർക്സ് തൻെറ മാർഗ്ഗമായി അവലംബിക്കുന്നത് വർഗ്ഗസമരമാണ്. കമ്മ്യൂണിസ്ററ് മാനിഫെസ്ററോയിൽ നാം വായിക്കുന്നു:

> "നാളിതുവരെ നിലനിന്നിട്ടുള്ള എല്ലാ സമുദായങ്ങളുടെയും ചരിത്രം വർഗ്ഗസമരങ്ങളുടെ ചരിത്രമാണ്. സ്വതന്ത്രനും അടിമയും കുലീനനും മ്ലേച്ഛനും...... ചുരുക്കിപ്പറഞ്ഞാൽ മർദ്ദകനും മർദ്ദിതനും – പരസ്പരം വൈരികളായി നിലകൊള്ളുകയും ചിലപ്പോഠം ഒളിഞ്ഞും ചിലപ്പോഠം തെളിഞ്ഞും ഇടതടവില്ലാതെ പോരാട്ടം നടത്തുകയും ചെയ്തു... സമുദായമാകെത്തന്നെ രണ്ടു ഗംഭീര ശത്രുപാളയങ്ങളായി. പരസ്പരം അഭിമുഖമായി നില്ക്കുന്ന രണ്ടു വലിയ വർഗ്ഗങ്ങളായി അത് കൂടുതൽ കൂടുതൽ പിളർന്നുകൊണ്ടിരിക്കുകയാണ്. ബൂർഷ്വായും തൊഴിലാളിവർഗ്ഗവുമാണ് അവ".

ഈ വർഗ്ഗസമരത്തെ മരവിപ്പിക്കുകയോ വർഗ്ഗവൈരങ്ങളെ അനുരഞ്ജിപ്പിക്കുകയോ അല്ല കമ്മ്യൂണിസത്തിൻെറ ധർമ്മം. വർഗ്ഗസമരത്തിൽ തൊഴിലാളിവർഗ്ഗത്തിൻെറ പക്ഷം പിടിച്ച് അധികാരം പിടിച്ചടക്കാനും അങ്ങനെ തൊഴിലാളിവർഗ്ഗത്തിൻെറ സ്വേച്ഛാധിപത്യം നടപ്പിലാക്കാനുമാണ് കമ്മ്യൂണിസം ആഹ്വാനം ചെയ്യുന്നത്. ഇങ്ങനെ വർഗ്ഗസമരത്തിലൂടെ അധികാരം പിടിച്ചെടുക്കുന്നതിന് അക്രമം ഉഠംപ്പെടെ ഏതു മാർഗ്ഗവും സ്വീകരിക്കാമെന്നും നിലവിലുള്ള സാമൂഹികോപാധികളെയാകെ ബലം പ്രയോഗിച്ചു മറിച്ചിട്ടാൽ മാത്രമേ തങ്ങളുടെ ലക്ഷ്യങ്ങഠം നേടാനാവൂ എന്നും അവർ പരസ്യമായി പ്രഖ്യാപിക്കുന്നു.

കമ്മ്യൂണിസം ഉയർത്തിപ്പിടിക്കുന്ന ലക്ഷ്യത്തിൻെറ കാര്യത്തിൽ എന്നതിനേക്കാഠം ആ ലക്ഷ്യപ്രാപ്തിക്ക് അവർ

സ്വീകരിക്കുന്ന മാർഗ്ഗത്തിന്റെ കാര്യത്തിലാണ് ക്രൈസ്തവർ പൊരുത്തക്കേട് കാണുന്നത്.

## നന്മതിന്മകളുടെ ചേരികൾ

സാമ്പത്തിക അടിസ്ഥാനത്തിൽ സമൂഹത്തെ മുഴുവൻ രണ്ടു വർഗ്ഗങ്ങളായി വിഭജിക്കുകയും ഈ രണ്ടു ചേരികൾ തമ്മിലുള്ള വർഗ്ഗസമരം നന്മതിന്മകളുടെ സംഘട്ടനമായി കാണുകയും ചെയ്യുന്നു കമ്മ്യൂണിസം. ഈ വീക്ഷണപ്രകാരം നന്മതിന്മകൾ തമ്മിൽ വേർതിരിക്കുന്ന രേഖ മുതലാളി തൊഴിലാളി വർഗ്ഗങ്ങളുടെ ഇടയിലൂടെ കടന്നുപോകുന്നു എന്നതിൽ അവർക്ക് സംശയമില്ല. മുതലാളിയെ കളയായിക്കണ്ട് കളപറിച്ച് തൊഴിലാളികളുടെ പറുദീസാസൃഷ്ടിക്കാനാണ് കമ്മ്യൂണിസം ശ്രമിച്ചത്. ഈ കളപറിക്കൽ പരിപാടിയിൽ സാധാരണക്കാരായ ജനലക്ഷങ്ങൾക്കാണ് കമ്മ്യൂണിസ്ററുരാജ്യങ്ങളിൽ സ്വാതന്ത്ര്യവും ജീവനും നഷ്ടപ്പെട്ടത്.



പൊളിക്കപ്പെട്ട
ബർലിൻ മതിലിന്റെ കഷണവുമായി

നന്മതിന്മകളുടെ ഈ ചേരിതിരിക്കൽ രാജ്യങ്ങളിലും സമൂഹങ്ങളിലും മാത്രമല്ല അന്താരാഷ്ട്രതലത്തിലും സംജാതമായി. ലിബറൽ കാപ്പിററലിസം സ്വീകരിച്ചിരിക്കുന്ന പാശ്ചാത്യ രാജ്യങ്ങളും കമ്മ്യൂണിസ്ററുരാജ്യങ്ങളും തമ്മിലുള്ള പ്രത്യയശാസ്ത്രപരമായ വൈരുദ്ധ്യം സൈനികശക്തികളുടെ വൈരമായി മാറി. ഇവർ പരസ്പരം തിന്മയുടെ സാമ്രാജ്യങ്ങളായി മുദ്രകുത്തി. ലിബറൽ കാപ്പിററലിസവും മാർക്സിസ്ററ് കളക്ററിവിസവും ഒന്നുപോലെ നവീന കൊളോണിയ

ലിസങ്ങളായി മാറിയിരിക്കുന്നതിനെക്കുറിച്ച് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ "സാമൂഹികൗത്സുക്യം" എന്ന ചാക്രികലേഖനത്തിൽ എഴുതിയിട്ടുണ്ടല്ലോ (നമ്പർ 20–22).

കമ്മ്യൂണിസത്തിലെ നന്മതിന്മകളുടെ ചേരിതിരിവിനെ പരോക്ഷമായി സൂചിപ്പിച്ചുകൊണ്ട് സോൾസെനിററ്സിൻ "ഗുലാഗ് ആർക്കി പെലാഗോ"യിൽ എഴുതി:

> നന്മതിന്മകൾ തമ്മിൽ വേർതിരിക്കുന്ന രേഖ രാഷ്ട്രങ്ങളുടെ മദ്ധ്യത്തിലൂടെയോ വർഗ്ഗങ്ങളുടെ ഇടയിലൂടെയോ പാർട്ടിക്കുള്ളിലൂടെയോ അല്ല കടന്നുപോകുന്നതെന്ന് സാവധാനം എനിക്ക് വെളിപ്പെടുത്തപ്പെട്ടു. മറിച്ച് അത് ഓരോ ഹൃദയത്തിലൂടെയുമാണ് കടന്നുപോകുന്നത്. ഈ രേഖ ചലിക്കുന്നതുമാണ്. വർഷങ്ങൾ കടന്നുപോകുന്നതോടെ നമ്മിൽ അത് മാറുന്നു. തിന്മകൊണ്ടുനിറഞ്ഞ ഹൃദയത്തിൽ പോലും നന്മയുടെ ഒരു കവാടമുണ്ട്. ഏററവും നല്ല ഹൃദയത്തിൽപോലും ആഴ്ന്നിറങ്ങിയ വേരുകളുള്ള തിന്മയുടെ ഒരു കേന്ദ്രമുണ്ട്".

വ്യക്തികളെ തിന്മയുടെ വിഷവൃക്ഷങ്ങളായോ കളകളായോ കണ്ട് ഇല്ലായ്മ ചെയ്യാൻ ക്രൈസ്തവവിശ്വാസം അനുവദിക്കുന്നില്ല. വ്യക്തികൾ ദൈവമക്കളാണ്. നന്മതിന്മകൾ അവരിൽ മുളച്ചുവരാം. പാപത്തെ വെറുക്കാനും പാപിയെ സ്നേഹിക്കാനും പഠിപ്പിക്കുന്ന ക്രൈസ്തവവിശ്വാസം എല്ലാവരിലും തിന്മയുടെ പ്രേരണകളുണ്ടെന്നു കരുതുന്നു. അതുകൊണ്ട് പശ്ചാത്തപിക്കുവാൻ യേശുവിൻെറ സുവിശേഷം ആവശ്യപ്പെടുന്നു. എല്ലാ മനുഷ്യരെയും ദൈവത്തിൻെറ മക്കളായി കാണുന്ന ക്രൈസ്തവർക്ക് സമൂഹമെന്ന ചങ്ങലയിലെ മൂല്യമില്ലാത്ത കണ്ണിയായി വ്യക്തിയെ കാണാനാവില്ല.

### *ലക്ഷ്യവും മാർഗ്ഗവും*

തൊഴിലാളികളോടും മർദ്ദിതരോടുമുള്ള താത്പര്യത്തിൻെറ പേരിൽ മുതലാളികൾക്കും മർദ്ദകർക്കും എതിരേ ധാർമ്മികരോഷംകൊണ്ട് ആയുധമെടുത്ത കമ്മ്യൂണിസം സ്വീകരിച്ച ഒരു തത്ത്വമാണ്: "ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുന്നു" എന്നത്. ലക്ഷ്യം പവിത്രമാണെങ്കിൽ അതിനുവേണ്ടി സ്വീക

രിക്കുന്ന ഏതു മാർഗ്ഗവും പവിത്രമാണെന്ന് വന്നു. മർദ്ദനം അവസാനിപ്പിക്കാൻവേണ്ടി അവർ മർദ്ദനം അഴിച്ചുവിട്ടു! അടിമത്തം അവസാനിപ്പിക്കാൻ അവർ മററുള്ളവരെ അടിമപ്പെടുത്തി! പീഡനം അവസാനിപ്പിക്കാൻ അവർ പീഡിപ്പിച്ചു!

ശുദ്ധമായ മാർഗ്ഗങ്ങളേ ശുദ്ധമായ ലക്ഷ്യത്തിലേക്കു നയിക്കൂ. ലക്ഷ്യമല്ല മാർഗ്ഗത്തെ സാധൂകരിക്കുന്നത്; മാർഗ്ഗമാണ് ലക്ഷ്യത്തിൻെറ സ്വഭാവം വ്യക്തമാക്കുന്നത്.

> ''ഈ ഏററവും എളിയവരിൽ ഒരുവനു നിങ്ങൾ ഇത് ചെയ്യാതിരുന്നപ്പോൾ എനിക്കുതന്നെയാണ് ചെയ്യാതിരുന്നത്'' (മത്താ.25:45).

സ്നേഹത്തിൻെറ മാർഗ്ഗം മാത്രമേ ദൈവരാജ്യത്തിൻെറ പടിവാതില്ക്കലേക്കു നമ്മേ നയിക്കൂ. ഈ സ്നേഹം ആരെയും പീഡിപ്പിക്കുന്നില്ല. മഹാത്മാഗാന്ധി പറഞ്ഞു:

> ''സ്നേഹം മററുള്ളവരെ കത്തിക്കുന്നില്ല, അത് തന്നെ ത്തന്നെ ദഹിപ്പിക്കുന്നു'' (യംഗ് ഇൻഡ്യ ഫെ.20, 1930, പേജ് 60).

## സംവാദം

കമ്മ്യൂണിസം പഠിപ്പിക്കുന്ന സമത്വസുന്ദരമായ ഒരു പുതിയ ലോകം എന്ന ആശയം ക്രൈസ്തവർക്കും സ്വീകാര്യമാണ്. കാരണം, ക്രൈസ്തവരും വിഭാവനം ചെയ്യുന്നത് ഒരു പുതിയ ആകാശവും പുതിയ ഭൂമിയുമാണ്. സുവിശേഷപ്രബോധനങ്ങളിൽ നിന്നുരുത്തിരിയുന്ന സമൂഹത്തിൻെറ ചിത്രം ഈ ആദർശത്തോടട് ഏററവും അടുത്തു നില്ക്കുന്നു. എന്നാൽ, ഈ പുതിയ ലോകത്തെ കമ്മ്യൂണിസം നിർവചിക്കുന്ന രീതിയിൽ സഭ അംഗീകരിക്കുന്നില്ല. മതമൂല്യങ്ങളെ വിസ്മരിച്ചു കൊണ്ടുള്ള ഈ സമത്വസുന്ദരലോകം അർത്ഥശൂന്യമാണെന്ന് സഭയ്ക്ക് ഉത്തമബോധ്യമുണ്ട്. ലക്ഷ്യം എത്രതന്നെ ഉദാത്തമാണെങ്കിലും അതിനുള്ളമാർഗ്ഗം ശരിയല്ലെങ്കിൽ ആ മാർഗ്ഗത്തെ അംഗീകരിക്കാനാവില്ല. ഈ അടിസ്ഥാനതത്ത്വങ്ങളെ അംഗീകരിച്ചുകൊണ്ട് കമ്മ്യൂണിസ്ററ് ദർശനത്തിൽ വിശ്വസിക്കുന്നവരോട് സഹകരണവും സംഭാഷണവുമാകാമെന്നത്രേ സഭയുടെ നിലപാട്.

കമ്മ്യൂണിസത്തോട് സംവാദം നടത്തുന്നതിനുള്ള സഭയുടെ സന്നദ്ധത സഭയുടെ ഔദ്യോഗികരേഖകളിൽ പ്രകടമായി

ക്കാണാം. രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ 'സഭ ആധുനിക ലോകത്തിൽ' എന്ന പ്രമാണരേഖയിൽ നിരീശ്വരത്വത്തെ പരാമർശിച്ചുകൊണ്ട് പറയുന്നു:

"നിരീശ്വരത്വത്തെ പൂർണ്ണമായി നിരാകരിക്കുന്നെങ്കിലും സഭ ആത്മാർത്ഥമായി വിശ്വസിക്കുന്നത്, എല്ലാ മനുഷ്യരും, വിശ്വാസികളും അവിശ്വാസികളും ഒരുപോലെ, തങ്ങൾ ജീവിക്കുന്ന ഈ ലോകത്തിൻെറ യഥാർത്ഥ ശ്രേയസ്സിനുവേണ്ടി പ്രവർത്തിക്കണമെന്നാണ്. ആത്മാർത്ഥവും വിവേകപൂർണ്ണവുമായ സൗഹാർദ്ദസംഭാഷണം വഴിയല്ലാതെ ഈ ആദർശം യഥാർത്ഥീകരിക്കുക സാധ്യമല്ല" (സഭ ആധുനിക ലോകത്തിൽ 21).

അല്മായ പ്രേഷിതത്വം എന്ന കൗൺസിൽരേഖ പ്രഖ്യാപിക്കുന്നു.

"സത്യവും നീതിയും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കത്തോലിക്കർ നല്ല മനസ്സുള്ള എല്ലാവരുമായി സഹകരിക്കണം. അവരുമായി ചർച്ചകൾ നടത്തുകയും വിവേകവും മര്യാദയും കാട്ടുകയും സാമൂഹികപ്രവർത്തനങ്ങളിൽ ഗവേഷണം നടത്തുകയും സുവിശേഷചൈതന്യത്തിൽ സമൂഹത്തെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യണം" (അല്മായ പ്രേഷിതത്വം 14).

കമ്മ്യൂണിസ്റ്റ് ദർശനത്തിലെ അസ്വീകാര്യമായ ഘടകങ്ങളെ നിരാകരിക്കുന്നതോടൊപ്പം കമ്മ്യൂണിസ്റ്റ് ചിന്താഗതി പുലർത്തുന്നവരോടും സഹകരിച്ച് മുന്നേറണമെന്നാണ് സഭയുടെ ഉദ്ബോധനം.

## പുതിയ ആകാശവും പുതിയ ഭൂമിയും

കമ്മ്യൂണിസം വിഭാവനം ചെയ്യുന്നത് സമത്വസുന്ദരമായ പുതിയ വ്യവസ്ഥിതിയാണല്ലോ. കത്തോലിക്കർ പ്രത്യാശിക്കുന്നതും മഹിതമനോഹരമായ ഒരു നവ്യവ്യവസ്ഥിതിയേയാണ് – ഒരു പുതിയ ആകാശത്തെയും പുതിയ ഭൂമിയെയുമാണ് – ആ വ്യവസ്ഥിതിയുടെ വാങ്മയചിത്രം വെളിപാടുപുസ്തകത്തിലുണ്ട്:

"ആദ്യത്തെ ആകാശവും ആദ്യത്തെ ഭൂമിയും കടന്നു പോയി... വിശുദ്ധനഗരമായ പുതിയ ജറുസലെം ഭർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടിയെപ്പോലെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരുന്നു. ഇതാ! ദൈവത്തിൻെറ കൂടാരം മനുഷ്യരോടുകൂടെ. അവിടുന്ന് അവരുടെ മിഴികളിൽനിന്നു കണ്ണുനീർ തുടച്ചുനീക്കും... ഇനിമേൽ ദുഃഖമോ, മുറവിളിയോ, വേദനയോ ഉണ്ടാവുകയില്ല" (വെളി. 21:1–4).

ദീപത്തിൻെറ വെളിച്ചമോ സൂര്യൻെറ പ്രകാശമോ ആവശ്യമില്ലാത്ത കാലം. ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്ന കാലം. ആ നല്ലകാലം നമുക്കു പ്രത്യാശിക്കാം.

## 1. ഉത്തരങ്ങൾ പഠിക്കുക

1. കമ്മ്യൂണിസം വിഭാവനം ചെയ്യുന്ന സോഷ്യലിസ്ററ് വ്യവസ്ഥിതിയുടെ രൂപഭാവങ്ങൾ ഏതെല്ലാം?
2. "പുതിയ ആകാശവും പുതിയ ഭൂമിയും" ആസ്പദീകരിച്ചുള്ള കമ്മ്യൂണിസ്ററ് വീക്ഷണവും ക്രൈസ്തവ വീക്ഷണവും താരതമ്യം ചെയ്യുക.
3. കമ്മ്യൂണിസത്തിൻെറ കാഴ്ചപ്പാടുകളോടുള്ള സഭയുടെ സമീപനമെന്ത്?

## 2. പ്രാവർത്തികമാക്കുക

1. യേശു പഠിപ്പിച്ച പരസ്നേഹത്തിൻെറ പ്രമാണം പ്രാവർത്തികമാക്കാൻ സഭ എന്നും പരിശ്രമിച്ചിട്ടുണ്ട് എന്നതിൻെറ തെളിവുകൾ സഭാചരിത്രത്തിൽനിന്നു കണ്ടെത്തുക.
2. കമ്മ്യൂണിസത്തെയും തൊഴിലാളി മുതലാളി ബന്ധത്തേയും സംബന്ധിച്ച് ലെയോ 13-ാമൻ മാർപാപ്പാ പുറപ്പെടുവിച്ചിട്ടുള്ള റേരും നൊവാരും എന്ന ചാക്രികലേഖനത്തിൻെറ മലയാളവിവർത്തനം വായിച്ച് അതിലെ പ്രമുഖ ആശയങ്ങൾ കുറിച്ചെടുക്കുക

## 3. ചർച്ചചെയ്യുക

1. "മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്"
2. "മാർഗ്ഗമേതായാലും ലക്ഷ്യം നന്നായിരുന്നാൽ മതി".

# 11

# മരണം വിതയ്ക്കുന്ന മദ്യം

വഴിവക്കത്തു ഒരു ചെറിയ ഓലപ്പുര. അടവാക്കാൻ പലക തറച്ചിരിക്കുന്നു. പലകയിൽ വെള്ളക്കുമ്മായം പൂശിയിരിക്കു ന്നു. കുമ്മായം പൂശിയ പലകയിൽ കരിക്കട്ടകൊണ്ട് "കള്ളു ഷാപ്പ്" എന്നെഴുതിയിരിക്കുന്നു. പത്തുമുപ്പതുവർഷം മുൻപ് കാൽനടയാത്രക്കാർ കേരളത്തിൽ അങ്ങോളമിങ്ങോളം കണ്ടിരുന്ന കള്ളുഷാപ്പുകളുടെ തൂലികാചിത്രമാണിത്. മാന്യന്മാർക്കു കേറാനുള്ളതല്ല അവയെന്ന് അവയുടെ കെട്ടുംമട്ടും കണ്ടാൽ അ റിയാം. അതറിഞ്ഞുകൊണ്ടുതന്നെയാണ് ഷാപ്പുടമകൾ ആ ഓല പ്പുരകൾ പണിതിട്ടുള്ളതും. അവിടെ പോകുന്നവരോ, വല്ല കൂ ലിപ്പണിക്കാരും ഗ്രാമീണകർഷകരും. കയറുന്നതോ പാത്തും പതുങ്ങിയും. അന്തസ്സുള്ള ചെറുപ്പക്കാർ അങ്ങോട്ട് എത്തിനോ ക്കുക പോലുമില്ല.

കള്ളുഷാപ്പുകളുടെ ഇന്നത്തെ അവസ്ഥയോ? കള്ളുഷാപ്പ് എന്ന പേര് ആരും തന്നെ ഇന്ന് എഴുതിവയ്ക്കുന്നില്ല. വൈ റ്റ്ഹൗസ്, ടോഡിപാർലർ, ബാർ അറാച്ച്ഡ് ഹോട്ടൽ എന്നി ങ്ങനെ പേരുകൊടുത്ത് കള്ളുഷാപ്പുകൾക്കു മാന്യത കൈ വരുത്തിയിരിക്കുന്നു. അഭ്യസ്തവിദ്യരും സമൂഹത്തിലെ ഉന്ന തന്മാരുമൊക്കെ കയറാൻ തുടങ്ങിയതോടെ ഇവയുടെ മാന്യ തയും ഇരട്ടിച്ചിരിക്കുന്നു.

സാമാന്യം ഭേദപ്പെട്ട വീടുകളുള്ള കത്തോലിക്കർ ഒരുമുറി തിരുഹൃദയത്തിന്റെയും തിരുക്കുടുംബത്തിന്റെയുമൊക്കെ രൂ പംവച്ചു പ്രത്യേകമായി സൂക്ഷിച്ചിരുന്നു. വിശ്രമത്തിനോ, പഠനത്തിനോ ഒന്നിനുംവേണ്ടി ആ മുറിയിൽ ആരും പ്രവേശി ച്ചിരുന്നില്ല. ഇപ്പോഴാകട്ടെ,ചില സമ്പന്നഭവനങ്ങളിൽ ഒരുമുറി പ്രത്യേകമായി നീക്കിവയ്ക്കപ്പെട്ടിരിക്കുന്നു. അവിടെ സൂക്ഷി ക്കുന്നതോ പലവിധത്തിലുള്ള ലഹരിപാനീയങ്ങളും! ക്രൈ സ്തവഭവനങ്ങളിൽ ദൈവാരാധനയ്ക്കുപകരം മദ്യാരാധന!

എല്ലാവരും കുടിക്കുകയും വലിക്കുകയും ചെയ്യുന്നു എ ന്നതിനാൽ വളരെ ഉദാസീനതയോടെയാണ് നാം ലഹരിപദാർ ത്ഥങ്ങളെ കാണുന്നത്. ആധുനിക ജീവിതത്തിന്റെ അവിഭാ

ജ്യഘടകങ്ങളാണിവയെന്നുവരെ നാം കരുതാൻ തുടങ്ങിയിരിക്കുകയാണ്! ആധുനിക സമൂഹത്തിൽ ഒരു ഫാഷനായിക്കഴിഞ്ഞിരിക്കുന്നു ലഹരിവസ്തുക്കളുടെ ഉപയോഗം. യുവതലമുറയിൽ ഭ്രാന്തമായ ഒരാവേശമായും അതു വളർന്നിട്ടുണ്ട്.

വ്യക്തിയെയും കുടുംബത്തെയും സമൂഹത്തെയും ഒന്നുപോലെ അപകടപ്പെടുത്തുന്ന ലഹരിവസ്തുക്കളെ ഉദാസീനതയോടെ കാണുന്നതു യഥാർത്ഥത്തിൽ നമ്മുടെ അജ്ഞതമൂലമാണ്. മദ്യവും മയക്കുമരുന്നുകളും ഉളവാക്കുന്ന പ്രശ്നങ്ങൾക്ക് അതിരില്ല.

## ആസക്തി (Addiction)

ചിലതരം രാസവസ്തുക്കൾ പലപ്രാവശ്യം ഒരു വ്യക്തിയുടെ ശരീരത്തിൽ പ്രവേശിച്ചാൽ ആ വ്യക്തിക്ക് ആ വസ്തുക്കളോടു ശാരീരികവും മാനസികവുമായ ഒരു പ്രത്യേകതരം പ്രതിപത്തി ഉണ്ടാവുന്നു. ആ വ്യക്തിയുടെ ശാരീരികവും മാനസികവുമായ പ്രവർത്തനങ്ങൾ ഈ വസ്തുക്കളുടെ അഭാവത്തിൽ അസാദ്ധ്യമായിത്തീരുന്നു. ഈ അവസ്ഥയ്ക്കാണ് അഡിക്ഷൻ, ഒരു വസ്തുവിനോടുള്ള അടിമത്തം അഥവാ ആസക്തി എന്നു പറയുന്നത്.

ഒരു വ്യക്തിക്ക് ഈ ലഹരിവസ്തുക്കളോടു മാനസികവും ശാരീരികവുമായ വിധേയത്വം സംഭവിക്കുന്നു. മാനസികമായ വിധേയത്വംമൂലം വ്യക്തിക്ക് എപ്പോഴും ഈ വസ്തുവിനോടുള്ള അമിതമായ മോഹം അനുഭവപ്പെട്ടുകൊണ്ടിരിക്കും. അടുത്ത ''ഡോസ്'' ഇനി എപ്പോൾ എവിടെനിന്ന് എങ്ങനെ ലഭിക്കും എന്നതായിരിക്കും അയാളുടെ പ്രധാന ചിന്ത. ഈ ആസക്തിയെ ആധികാരികമായി നിർവചിച്ചത് ലോകാരോഗ്യസംഘടനയാണ്. ''ഏതെങ്കിലും മയക്കുമരുന്നിൻെറ ആവർത്തിച്ചുള്ള ഉപയോഗംകൊണ്ട് വ്യക്തിക്കും സമൂഹത്തിനും ഹാനികരമാംവിധം ഇടവിട്ടുള്ളതും വിട്ടുമാറാത്തതുമായ മത്തുപിടിച്ച അവസ്ഥയാണ് ''ആസക്തി''. ലോകാരോഗ്യസംഘടനയുടെ നിർവ്വചനമാണിത്.

ശാരീരികമായ വിധേയത്വംമൂലം ശരീരത്തിൻെറയും മനസ്സിൻെറയും സാധാരണ പ്രക്രിയകൾപോലും നടക്കുന്നതിന് ലഹരിവസ്തു ആവശ്യമായിത്തീരുന്നു. ലഹരിയുടെ നിലവാരം രക്തത്തിൽ കുറയുമ്പോൾ ദുർവഹമായ അസ്വസ്ഥത വ്യ

ക്തിക്ക് അനുഭവപ്പെട്ടു തുടങ്ങുന്നു. ലഹരിപദാർത്ഥങ്ങൾ യഥാസമയം ഉപയോഗിക്കാൻ കഴിയാതെ വരുമ്പോൾ അനുഭവപ്പെടുന്ന വൈഷമ്യത്തെ പിന്മാററാസ്വാസ്ഥ്യങ്ങൾ (Withdrawal Symptoms) എന്നാണ് പറയുന്നത്. രക്തത്തിൽ ലഹരിയുടെ അളവുകുറഞ്ഞതിനോടുള്ള ശരീരത്തിൻെറ പ്രതികരണമാണ് യഥാർത്ഥത്തിൽ ഈ പിൻമാററാസ്വാസ്ഥ്യങ്ങൾ. ലഹരിവസ്തുവിനോടുള്ള വർദ്ധിച്ച അത്യാശ, തലവേദന, വിഭ്രാന്തി, ആശങ്ക, വിറയൽ, വിളർച്ച, മനംപിരട്ടൽ, ഛർദ്ദി, ഉറക്കക്കുറവ്, ഏകാഗ്രതക്കുറവ്, രക്തസമർദ്ദം, ദ്രുതഗതിയിലുള്ള ശ്വാസോച്ഛ്വാസം, പാരവശ്യം, മാംസപേശികൾക്കു വേദന തുടങ്ങിയവയൊക്കെ ഏററക്കുറച്ചിലുകളോടെ പിന്മാററാസ്വാസ്ഥ്യങ്ങളായി അനുഭവപ്പെടാം. ശാരീരികമായും, മാനസികമായും വ്യക്തി ലഹരിക്ക് അടിമയായിക്കഴിഞ്ഞു എന്നതാണ് ഇത് വ്യക്തമാക്കുന്നത്.

ഉപയോഗിക്കുന്ന ലഹരിപദാർത്ഥത്തിൻെറ അളവ് ക്രമേണ വർദ്ധിപ്പിക്കാൻ ആസക്തൻ പ്രേരിതനായിത്തീരും. തുടർന്നുപോന്ന അളവുകൊണ്ട് വേണ്ടത്ര ലഹരിയും സംതൃപ്തി



മദ്യം ഒരു ബന്ധനം

യും കിട്ടുന്നില്ല എന്ന തോന്നലാണ് അതിൻെറ കാരണം. ഒപ്പം ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതിൻെറ ഇടവേള കുറയ്ക്കാനും തുടങ്ങും. ആദ്യമൊക്കെ ദിവസത്തിൽ ഒരു തവണമാത്രം ഉപയോഗിച്ചിരുന്നവൻ പിന്നീട് രണ്ടായും മൂന്നായുമൊക്കെ വർദ്ധിപ്പിക്കുന്നു. അങ്ങനെ, ഉപയോഗിക്കുന്ന ലഹരിയുടെ അളവുകൂട്ടിക്കൊണ്ടും അവ ഉപയോഗിക്കുന്നതിൻെറ കാലദൈർഘ്യം കുറച്ചുകൊണ്ടും അവസാനം വ്യക്തി ലഹരിയുടെ പൂർണ്ണ അടിമയായിത്തീരും.

ലഹരിവസ്തുക്കൾ ഒരേ തോതിലല്ല മനുഷ്യനിൽ ആസക്തി സൃഷ്ടിക്കുന്നത്. മയക്കുമരുന്നുകൾ മദ്യത്തേക്കാൾ വേഗത്തിൽ മനുഷ്യനെ അടിമപ്പെടുത്തും. ബ്രൗൺഷുഗർപോലെയുള്ള മയക്കുമരുന്നുകൾ രണ്ടുതവണ ഉപയോഗിച്ചുകഴിഞ്ഞാൽ വീണ്ടും അത് ഉപയോഗിക്കാനുള്ള പ്രേരണ വളരെ ശക്തമായിരിക്കും. അതുകൊണ്ടാണ് മിക്ക മയക്കുമരുന്നു വ്യാപാരികളും ഒന്നുരണ്ടുതവണ ആർക്കും ബ്രൗൺഷുഗർപോലെയുള്ള മയക്കുമരുന്നുകൾ സൗജന്യമായി കൊടുക്കാൻ തയ്യാറാവുന്നത് അതോടെ അതുപയോഗിച്ചവൻ മയക്കുമരുന്നിൻെറ സ്ഥിരം ഉപഭോക്താവായി മാറിക്കഴിയുമല്ലോ. അങ്ങനെ വ്യാപാരം വർദ്ധിക്കുകയും ചെയ്യും.

## ലഹരിവസ്തുക്കൾ

### 1. കാപ്പിയും ചായയും

പലതരത്തിലുള്ള ലഹരിവസ്തുക്കൾ ഇന്ന് ഉപയോഗത്തിലുണ്ട്. കഫെയിൻ അടങ്ങിയിരിക്കുന്ന ചായ, കാപ്പി മുതലായ വസ്തുക്കളും പാനീയങ്ങളും പൊതുവെ ശക്തികുറഞ്ഞ ലഹരിപദാർത്ഥങ്ങളാണ്. അമിതമായി ഉപയോഗിച്ചാൽ പലതരത്തിലുള്ള രോഗങ്ങൾ വരുത്താവുന്ന ഈ വസ്തുക്കളുടെ ഉപയോഗം സമൂഹം അംഗീകരിച്ചിട്ടുള്ളതും പൊതുവെ അപകടസാദ്ധ്യത കുറഞ്ഞതുമാണ്.

### 2. പുകയില

പുകവലി, മുറുക്ക്, പൊടിവലി എന്നിങ്ങനെ പല രീതികളിലായി ഉപയോഗിക്കപ്പെടുന്ന ഒരു വസ്തുവാണ് പുക

യില. ഏതു രീതിയിൽ ഉപയോഗിച്ചാലും (സിഗരററ് വലിയും ബീഡിവലിയും തമ്മിൽ ഒരു വ്യത്യാസവുമില്ല) അപകട കാരിയായ പുകയിലയിൽ അടങ്ങിയിരിക്കുന്ന നിക്കോട്ടിൻ എന്ന ശക്തമായ ഉത്തേജകവസ്തുമൂലമാണ് പുകയിലയോട് ആസക്തിയുണ്ടാകുന്നത്. നിക്കോട്ടിൻ ഏററവും വേഗം മസ്തിഷ്കത്തിലേക്കു വ്യാപിക്കുന്നത് പുക വലിക്കുമ്പോഴാണ്. പുകവലിക്കുമ്പോൾ ഉള്ളിലേക്കു പ്രവേശിക്കുന്ന ടാറ്, കാർബൺ മോണോക്സൈഡ് മുതലായ വസ്തുക്കൾ ശ്വാസകോശരോഗങ്ങൾ, ക്യാൻസർ, ഹൃദ്രോഗം മുതലായവയ്ക്കു കാരണമാകുന്നു. പുകയില ഉപേക്ഷിച്ചാൽ ഈ രോഗങ്ങൾ വരാനുള്ള സാധ്യത കുറയ്ക്കാം.

നാലായിരത്തോളം രാസസംയുക്തങ്ങൾ പുകയിലയിൽ അടങ്ങിയിട്ടുണ്ടത്രേ. പുകയിലയിലെ മുഖ്യഘടകമായ നിക്കോട്ടിൻ എന്ന വിഷവസ്തു ശരീരത്തിൽ വരുത്തിവയ്ക്കുന്ന വിനകൾ നിരവധിയാണ്. അറുപതുമില്ലിഗ്രാം നിക്കോട്ടിൻ ഒരുമിച്ചു കഴിച്ചാൽ മരണം തീർച്ചയാണ്. നിക്കോട്ടിൻെറ കടുപ്പം എത്രമാത്രമുണ്ടെന്ന് ഇതിൽനിന്നു ഊഹിക്കാമല്ലോ. നാം വലിക്കുന്ന ഓരോ സിഗരററിലും ഏകദേശം രണ്ടുമില്ലിഗ്രാം നിക്കോട്ടിൻവീതം അടങ്ങിയിട്ടുണ്ട്. ഇടവിട്ടുമാത്രം വലിക്കുന്നതുകൊണ്ടും കത്തിച്ചുപിടിച്ചു പലപ്പോഴായി അല്പാല്പം വലിക്കുന്നതുകൊണ്ടും കുറെ നിക്കോട്ടിൻ കരൾ ജാരണം (Oxidation) ചെയ്തു വൃക്കകൾവഴി മൂത്രത്തിലൂടെ പുറംതള്ളുന്നതുകൊണ്ടും മാത്രമാണ് ഇരുപത്തഞ്ചും മുപ്പതും സിഗരററു ദിനംപ്രതി വലിക്കുന്നവർ പിടഞ്ഞുവീണു മരിക്കാത്തത്. നിക്കോട്ടിൻ ഹൃദയമിടിപ്പിൻെറ താളം തെററിക്കുകയും രക്തം കട്ടപിടിക്കുന്നത് വർദ്ധിപ്പിക്കുകയും ചെയ്യും. മനംപിരട്ടൽ, ഛർദ്ദി, ശ്വാസംമുട്ടൽ, ദഹനക്കുറവ് കുടലിൽ പരുക്കൾ ഇവയുടെ ഉദ്ഭവത്തിനും നിക്കോട്ടിൻ കാരണമാകും. മലബന്ധത്തിനും അതു കാരണമാകും. നിക്കോട്ടിൻമൂലം ശരീരത്തിലെ രക്തപ്രവാഹം കുറയുകയാൽ ത്വക്കിലെ ചൂടുകുറയുകയും തത്ഫലമായി വിറയൽ ഉണ്ടാവുകയും ചെയ്യാം. ചൂടിനുവേണ്ടിയാണ് വലിക്കുന്നതെങ്കിലും ആത്യന്തികമായി അത് ചൂടുനഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്.

പുകയിലയിൽ അടങ്ങിയിരിക്കുന്ന മറെറാരു പ്രധാന വിഷഘടകമാണ് കാർബൺമോണോക്സൈഡ്. ഇത് ഹീമോഗ്ലോബിനെ നശിപ്പിച്ച് ശരീരഭാഗങ്ങളിലേക്കുള്ള പ്രാണവായു

വിൻെറ പ്രവാഹത്തിനു തടസ്സം വരുത്തും. പ്രാണവായുവിൻെറ അഭാവത്തിൽ ശരീരകോശങ്ങളും കലകളും പേശികളും നിർജ്ജീവാവസ്ഥയിലാകും. ഹൃദയഭിത്തികളിലേക്കു രക്തം വേണ്ടത്ര എത്താത്തതിനാൽ ഹൃദയത്തിൻെറ താളം തെററലിനും സാധ്യതയുണ്ട്. പുകയിലയിലെ മറെറാരു പ്രധാനഘടകമായ ടാറ് മാരകമായ രോഗങ്ങൾക്കു വഴിതുറക്കും. ശ്വാസനാളത്തിലും മററും പററിപ്പിടിച്ചിരുന്ന് അതു വായുപ്രവാഹത്തെ തടസ്സപ്പെടുത്തും. പൊടിപടലങ്ങളെ ശ്വാസക്കുഴലുകളിൽനിന്ന് തുടച്ചുനീക്കുന്ന തന്തുക്കളെ അത് തളർത്തിക്കളയും. പൊടിപടലങ്ങളും ടാറും സംയോജിച്ച് ക്യാൻസർ ഉണ്ടാക്കുകയും ചെയ്യും. പുകവലിയുടെ മുഖ്യമായൊരു ഫലമാണ് ക്യാൻസർ എന്നത് സുവിദിതമാണല്ലോ. വായ്, ശ്വാസകോശം, മൂത്രാശയം, അന്നനാളം, ആമാശയം തുടങ്ങിയവയിൽ ക്യാൻസർ വരുന്നതിന് പുകവലിക്കുള്ള പങ്ക് നിഷേധിച്ചിട്ടുകാര്യമില്ല. പുകവലിക്കുന്ന വ്യക്തി മാനസാന്തരപ്പെട്ടിട്ടു പ്രയോജനമില്ലാത്തവിധം മാരകമാകുമ്പോൾ മാത്രമാണ് പലപ്പോഴും ക്യാൻസർ കണ്ടുപിടിക്കാൻ സാധിക്കുന്നത്. വികസിതരാജ്യങ്ങളിൽ പുകവലി കഴിഞ്ഞകുറെ വർഷങ്ങളായി കുറഞ്ഞുകൊണ്ടിരിക്കയാണെങ്കിലും ഇൻഡ്യയെപ്പോലുള്ള വികസ്വരരാജ്യങ്ങളിൽ പുകവലി ഇനിയും കുറഞ്ഞിട്ടില്ല; വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

## 3. മദ്യം

നമ്മുടെ നാട്ടിൽ ഏററവും കൂടുതലായി ഉപയോഗിക്കുന്ന ലഹരിവസ്തു മദ്യമാണല്ലോ. വ്യക്തിപരമായും സാമൂഹികമായും ഏററവും കൂടുതൽ ദൂഷ്യഫലങ്ങൾ ഉളവാക്കിയിട്ടുള്ളതും മദ്യംതന്നെ. മദ്യം രണ്ടുതരമുണ്ട്: പുളിപ്പിച്ചെടുക്കുന്ന മദ്യങ്ങളും, വാററിയെടുക്കുന്ന മദ്യങ്ങളും. കള്ള്, വീഞ്ഞ് തുടങ്ങിയവ പുളിപ്പിച്ചെടുക്കുന്ന മദ്യങ്ങളാണ്. ഇവയിൽ ആൽക്കഹോളിൻെറ അംശം താരതമ്യേന കുറവായിരിക്കും. ഏതു മദ്യത്തിലെയും ലഹരിക്കുകാരണം ഈതൈൽ ആൽക്കഹോൾ എന്ന രാസവസ്തുവാണ്.

ഈ മദ്യങ്ങൾ വാററി, ഇവയിലെ ജലാംശം പൂർണ്ണമായി മാററിക്കഴിഞ്ഞാൽ തനി ആൽക്കഹോൾ അഥവാ സ്പിരിററ് കിട്ടുന്നു. അതിൻെറതന്നെ ജലാംശം കുറെക്കൂടി വർദ്ധിപ്പിച്ചാൽ കിട്ടുന്നതാണ് ചാരായം. ചില പ്രത്യേകരീതിയിൽ പുളിപ്പി

ച്ചെടുത്ത മദ്യങ്ങൾ പ്രത്യേക അനുപാതങ്ങളിൽ വാററിയെടുത്താണ് വിസ്കി, ബ്രാണ്ടി, ജിൻ, റം തുടങ്ങിയമദ്യങ്ങൾ ഉത്പാദിപ്പിക്കുന്നത്. ഇവയിലെ ആൽക്കഹോളിൻെറ അംശം ഏതാണ്ട് ഒരേതോതിലാണെങ്കിലും രുചിയിലും, നിറത്തിലും വ്യത്യാസങ്ങൾ ഉണ്ടായിരിക്കും.

ഒരുവ്യക്തി മദ്യം കഴിച്ചാൽ വളരെവേഗത്തിൽ ആമാശയത്തിൽനിന്നും കുടലിൽനിന്നും മദ്യം രക്തത്തിലേക്കു വ്യാപിക്കുന്നു. ഈ രക്തം കരളിൽക്കൂടി പ്രവഹിച്ച് ക്രമേണ ശരീരത്തിൻെറ മററു ഭാഗങ്ങളിലേക്കു വ്യാപിക്കും. മദ്യം തലച്ചോറിലേയ്ക്ക് എത്തിക്കഴിയുമ്പോഴാണ് മദ്യത്തിൻെറ തനതായ ലഹരി അനുഭവപ്പെടുന്നത്. രക്തത്തിൽ കലർന്ന മദ്യത്തിൻെറ തോതനുസരിച്ച് മസ്തിഷ്കത്തിൽ അതിൻെറ പ്രവർത്തനം വ്യത്യാസപ്പെട്ടിരിക്കും. ചെറിയതോതിൽ പലപ്പോഴും സുഖകരമായ ഒരു അനുഭൂതിയായി അനുഭവപ്പെടുന്ന മദ്യലഹരി, മദ്യത്തിൻെറ തോത് വർദ്ധിക്കുന്നതോടെ കൂടുതൽ അപകടകാരിയായിത്തീരുന്നു. നിയന്ത്രണമില്ലാത്ത വികാരപ്രകടനങ്ങളും പെരുമാററവും, സ്ഫുടതയില്ലാത്ത സംസാരം മുതലായവയിൽ തുടങ്ങി, ബോധക്ഷയം, മരണം എന്നിവയിൽ വരെ അതുകൊണ്ടു ചെന്നെത്തിച്ചേക്കാം. ആദ്യം പറഞ്ഞ അനുഭവങ്ങൾ ഉണ്ടാകുമ്പോൾ കുടി നിർത്തിയാൽപോലും, ആമാശയത്തിലും കുടലിലുമുള്ള മദ്യം സാവധാനം ശരീരത്തിലേക്കു വ്യാപിച്ച് പിന്നീട് പറഞ്ഞ അവസ്ഥകൾ ഉണ്ടാക്കിയേക്കാം.

തുടർച്ചയായ മദ്യപാനംമൂലം ശരീരത്തിൻെറ ഏതാണ്ട് എല്ലാ അവയവങ്ങൾക്കും കേട് സംഭവിക്കും. മാനസികവും ശാരീരികവുമായ, ചെറുതും വലുതുമായ പലരോഗങ്ങൾക്കും ഇതു കാരണമാകുന്നു.

**കരളിൽ**

ശാരീരികപ്രവർത്തനങ്ങൾ സുഗമമാക്കുന്നതിൽ സുപ്രധാനമായൊരു പങ്കാണല്ലോ കരൾ വഹിക്കുന്നത്. രക്തത്തിൽ കലരുന്ന പോഷകാംശങ്ങളെ ശാരീരികവളർച്ചയ്ക്ക്ചേർന്ന രീതിയിൽ രൂപാന്തരപ്പെടുത്തുന്നതുൾപ്പെടെ മുഖ്യമായ പല പ്രവർത്തനങ്ങൾക്കും ചുക്കാൻപിടിക്കുന്നത് കരളാണ്. മദ്യം രക്തത്തിൽ കലരുമ്പോൾ മററു പ്രവർത്തനങ്ങളെല്ലാം നീക്കിവച്ച്

മദ്യം എന്ന വിഷാംശം നിവർരണംചെയ്യാൻ കരാൾ ശ്രമിക്കും. ഇതുമൂലം കരളിന് പ്രാഥമികചുമതലകാം നിർവ്വഹിക്കാൻ കഴിയാതെവരുന്നു. മാത്രമല്ല അനാവശ്യമായ അധികജോലികാം നിർവഹിക്കേണ്ടിവരുകയും ചെയ്യും. കരളിൻെറ ശേഷി ക്രമേണ നശിക്കുകയായിരിക്കും അതിൻെറ ഫലം. തന്നെയുമല്ല കരളിലെത്തുന്ന മദ്യം കരളിൻെറ കോശങ്ങളെ നശിപ്പിക്കും. തത്ഫലമായി കരാംകോശങ്ങളുടെ സ്ഥാനത്ത് ഉപയോഗരഹിതമായ ഒരുതരം നാരുപോലെയുള്ള കലകാം സൃഷ്ടിക്കപ്പെടും ഇതു മററുകോശങ്ങളെ ഞെരുക്കുന്നതിനാൽ. രക്തംമുഴുവനും ഹൃദയത്തിലേക്കു പോകാതെ കരളിൽ കെട്ടിക്കിടക്കും. ഇങ്ങനെ കെട്ടിക്കിടക്കുന്ന രക്തത്തിൽ ഒരുപങ്ക് വയററിലേക്ക് ഊർന്ന് വീണ് മഹോദരത്തിനും കാരണമാകും.

*തലച്ചോറിൽ*

രക്തത്തിലൂടെ സഞ്ചരിക്കുന്ന മദ്യം വേഗംതന്നെ തലച്ചോറിലെത്തും. മസ്തിഷ്കത്തെ മന്ദിപ്പിച്ച് ആത്മനിയന്ത്രണം, സുബോധം, സൂക്ഷ്മവിവേചനം, സന്മാർഗ്ഗബോധം ഇവയെല്ലാം നഷ്ടപ്പെടുത്തും. പതിവായി മദ്യപിക്കുന്നവരുടെ തലച്ചോറിലെ കോശങ്ങാംക്കു മാരകമായ ഹാനി സംഭവിച്ചിരിക്കും. തുടർച്ചയായ പുലമ്പലും തളർവാതവും ചുഴലിയും ബുദ്ധിഭ്രമവും ഓർമ്മക്കുറവും മററും ഇതിൻെറ പരിണതഫലങ്ങളാണ്. തലച്ചോറിൽ രക്തസ്രാവവും രക്തം കട്ടയാകലും ലഹരിയുടെ ഉപയോഗംകൊണ്ട് സംഭവിക്കാം.

*ഹൃദയത്തിൽ*

മദ്യപാനം ഹൃദ്രോഗങ്ങാംക്കു കാരണമാകുമെന്നത് വൈദ്യശാസ്ത്രം അസന്ദിഗ്ധമായി തെളിയിച്ചിട്ടുണ്ട്. മദ്യം കഴിക്കുന്നത് ഹൃദയമിടിപ്പ് വർദ്ധിക്കാനിടയാക്കും. ഹൃദയത്തിനും ശ്വാസകോശത്തിനും അനാരോഗ്യം സംഭവിക്കുന്നതു വഴി ആസ്തമ, ക്ഷയം മുതലായ രോഗങ്ങളും ഉണ്ടാകാനിടയുണ്ട്.

*വൃക്കകളിൽ*

മാലിന്യങ്ങളെ രക്തത്തിൽനിന്നു വേർപെടുത്തി മൂത്രത്തിലൂടെ പുറന്തള്ളുന്ന വൃക്കകളെയും മദ്യം മാരകമായി ബാ

ധിക്കും. രക്തത്തിലൂടെ വൃക്കകളിൽ എത്തിച്ചേരുന്ന മദ്യം വൃക്കകളുടെ പ്രവർത്തനത്തെ ബലഹീനമാക്കും.

മദ്യം ലൈംഗികകഴിവുകളെ വർദ്ധിപ്പിക്കും എന്നൊരു ധാരണ നിലവിലുണ്ട്. പക്ഷേ അതു ശരിയല്ല, മദ്യപനു പൂർണ്ണമായ ലൈംഗികസംതൃപ്തി ലഭിക്കുകയില്ല. തന്നെയുമല്ല, തീർത്തും മൃഗീയമായ രീതിയിലായിരിക്കും അയാൾ ഇണയോടു പെരുമാറുന്നതും. ലഹരിയുടെ തുടർച്ചയായ ഉപയോഗം വ്യക്തിയെ വന്ധ്യതയിലേക്കും ഷണ്ഡത്വത്തിലേക്കും എത്തിച്ചേക്കാമെന്നും ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. മദ്യപിക്കുന്ന സ്ത്രീകളിൽ ഗർഭംഅലസൽ, ഗർഭസ്ഥശിശുവിന്റെ മരണം എന്നിവയെല്ലാം സംഭവിക്കുന്നതിനു സാധ്യതയുണ്ട്.

## 4. മയക്കുമരുന്നുകൾ

മയക്കുമരുന്നുകളുടെ ഉപയോഗം വരുത്തിവയ്ക്കുന്ന വിപത്തുകൾ ഇതിലും ഞെട്ടിപ്പിക്കുന്നവയാണ്. ഹെറോയിൻ, മോർഫിൻ, ബ്രൗൺഷുഗർ, കോഡിൻ, മെത്തഡൊൺ, ബാർബിച്ചുറേററ്സ്, കൊക്കെയ്ൻ, ആംഫിററമിൻസ്, എൽ. എസ്. ഡി, സ്പൈലോസൈബിൻ, മെസ്കലിൻ, മാരിജുവാന എന്നിവയാണ് ഏറെ പ്രചാരത്തിലുള്ള മയക്കുമരുന്നുകൾ.

### *കറുപ്പ്*

ഒരുതരം പോപ്പിച്ചെടിയുടെ കായ്കളിൽനിന്ന് എടുക്കുന്ന കറ ഉണക്കിക്കിട്ടുന്നതാണ് കറുപ്പ് (opium) പല നൂററാണ്ടുകളായി ലോകത്തിന്റെ പല ഭാഗങ്ങളിലും ലഹരിക്കുവേണ്ടി ഇത് ഉപയോഗിച്ചിരുന്നു.

### *ഹെറോയിൽ*

കറുപ്പ് സംസ്കരിച്ചെടുക്കുന്ന വളരെ ശക്തിയുള്ള ഒരു ലഹരിവസ്തുവാണ് ഹെറോയിൻ (Heroin) താത്കാലികമായി ഉന്മാദാവസ്ഥയും അനുഭൂതികളും പ്രദാനം ചെയ്യുന്ന ഹെറോയിൻ അതിവേഗം വ്യക്തിയുടെ ചിന്താശക്തിയെ മന്ദീഭവിപ്പിക്കും. തലചുററൽ, വിഭ്രാന്തി, ശ്വാസഗതിയിലുള്ള താളംതെററൽ ഇവ താമസംവിനാ ഉണ്ടാകും. വിശപ്പു നഷ്ടപ്പെടുക, തൊലിപ്പുറത്തു പുകച്ചിൽ ഉണ്ടാവുക, ശരീരത്തിനു

തണുപ്പനുഭവപ്പെടുക, വിയർക്കുക തുടങ്ങിയവ ഏറിയ തോതിലോ കുറഞ്ഞ തോതിലോ സംഭവിച്ചേക്കാം. വ്യക്തിയെ ആത്മഹത്യയിലേക്കുവരെ വലിച്ചിഴയ്ക്കാനുള്ള കഴിവ് ഇതിനുണ്ട്.

ബ്രൗൺഷുഗർ

അത്രതന്നെ സംസ്ക്കരിക്കപ്പെടാത്ത ഒരു വസ്തുവാണ് ബ്രൗൺഷുഗർ. ഹെറോയിൻെറകൂടെ പലതരത്തിലുള്ള കലർപ്പുകരം ചേർത്തും ബ്രൗൺഷുഗർ എന്ന പേരിൽ വില്പനക്കായി എത്തിക്കാറുണ്ട്.

ഈവസ്തുക്കരം പലവിധത്തിലും ഉപയോഗിക്കപ്പെടുന്നു. ഭക്ഷിക്കുക, കത്തിച്ച് പുകവലിക്കുക, കുത്തിവയ്ക്കുക. എന്നിങ്ങനെ പലരീതികളും ഇതിൽ ഉരംപ്പെടുന്നു. മയക്കുമരുന്നുകരം കുത്തിവയ്ക്കുന്ന ആസക്തന്മാർക്ക് പലതരത്തിലുള്ള രോഗാണുബാധ സംഭവിക്കാറുണ്ട്. ഉന്മാദം, വിഷാദം, ആസക്തി, ഉറക്കംതൂങ്ങൽ എന്നിവയാണ് ബ്രൗൺഷുഗർ ഉപയോഗിക്കുന്നതിൻെറപരിണതഫലങ്ങരം. മഹോദരം, ക്യാൻസർ, ക്ഷയം, മഞ്ഞപ്പിത്തം തുടങ്ങി നിരവധി മാരകരോഗങ്ങരം ബ്രൗൺഷുഗർ വിളിച്ചുവരുത്തും. ബ്രൗൺഷുഗറിന് അടിമയായവരിൽ ലൈംഗികദൗർബല്യവും അതിവേഗം സംഭവിക്കും. കുത്തിവയ്പുരീതി സ്വീകരിച്ചിട്ടുള്ളവരിൽ എയ്ഡ്സ് രോഗാണുക്കരം കടന്നുകൂടാനും സാധ്യതയുണ്ട്. ഭക്ഷണത്തോടു വിപ്രതിപത്തി ജനിക്കുകയാലും രോഗ



പ്രതിരോധശക്തിയിൽ കുറവുവരുകയാലും മററുപല സാംക്രമികരോഗങ്ങൾക്കും ഇവർ അടിമകളായിത്തീരുന്നു.

*കൊക്കെയ്ൻ*

കുറെക്കൂടി വിലയുള്ള ഒരു മയക്കുമരുന്നാണ് കൊക്കെയ്ൻ. ഇത് വ്യക്തിയുടെ ആരോഗ്യത്തകർച്ചയ്ക്കു കാരണമാകും. അതോടൊപ്പം ശരീരത്തിലെ ധാതുലവണങ്ങളുടെ അളവിൽ കൊക്കെയ്ൻ ഭീമമായ കുറവുവരുത്തുകയും ചെയ്യും.

കൊക്കെയ്ൻ കേന്ദ്രനാഡീവ്യൂഹത്തെ കടന്നാക്രമിച്ച് തലച്ചോറിലുള്ള സന്ദേശവാഹികളെയും അവയെ നിയന്ത്രിക്കുന്ന മററുഗ്രന്ഥികളെയുമെല്ലാം നിർവീര്യമാക്കും. തത്ഫലമായി കേന്ദ്രനാഡീവ്യൂഹവും ഹൃദയവുമായുള്ള ബന്ധത്തിൻെറ താളംതെററും. തന്മൂലം ഹൃദയമിടിപ്പു കുറയുകയും ഹൃദയത്തിൻെറ പ്രവർത്തനരാഹിത്യത്തിലും മരണത്തിലും അതുകൊണ്ടുചെന്നെത്തിക്കുകയും ചെയ്തേക്കാം. കൊക്കെയ്ൻ കേന്ദ്രനാഡീവ്യൂഹത്തെ ആക്രമിക്കുന്നതുകൊണ്ട് ശ്വാസോച്ഛ്വാസത്തിൻെറ ഗതിയും വർദ്ധിക്കും. ആവശ്യമായിടത്തോളം പ്രാണവായു കിട്ടാതെ വ്യക്തി വലയും.

കൊക്കെയ്ൻ തലച്ചോറിലെ കോശങ്ങളെ ജീർണ്ണിപ്പിച്ചുകൊണ്ട് വ്യക്തിയുടെ സ്വഭാവഘടനയിൽത്തന്നെ സമൂലപരിവർത്തനം വരുത്തും. തലച്ചോറിൽ കൊക്കെയ്ൻ വരുത്തുന്ന രാസവ്യത്യാസങ്ങൾമൂലം മാനസികരോഗത്തിൻേറതായ സർവ്വബാഹ്യലക്ഷണങ്ങളും ജീവിതശൈലിയിൽ പ്രകടമാകുന്നതു കാണാം.

കൊക്കെയ്ൻ വർദ്ധിച്ച തോതിൽ ഉപയോഗിക്കുന്നതോടെ വ്യക്തിയുടെ ലൈംഗിക കഴിവുകൾപോലും താറുമാറാകും. ഇതരവർഗ്ഗത്തോടുള്ള സർവ്വതാത്പര്യങ്ങളും നഷ്ടപ്പെടുകയും കൊക്കെയ്ൻ നല്കുന്ന മായികസുഖത്തിനായി നിരന്തരം ദാഹിച്ചുകൊണ്ട് അയാൾ ജീവിതത്തിൽ ലക്ഷ്യവും മാർഗ്ഗവും തെററിയവനായി അലയുകയും ചെയ്യും.

*കഞ്ചാവ്*

ചരസ്, ഭംഗ്, ഹഷീഷ് എന്നിങ്ങനെ പല പേരുകളിലും രൂപത്തിലും കഞ്ചാവ് ലഭിക്കുന്നു. സാഹചര്യങ്ങൾ അനുസരിച്ച് സുഖകരമോ, അസുഖകരമോ ആയ തോന്നലുകൾ ഇത്

ഉളവാക്കുന്നു. ആവർത്തിച്ചുപയോഗിക്കുന്ന വ്യക്തികൾ പലപ്പോഴും ചുററുപുററുക്ക് നഷ്ടപ്പെട്ട്, ഭാവിയെപ്പററി ചിന്തയില്ലാതെ, അലസരായി സാമൂഹ്യജീവിതം ഇഷ്ടപ്പെടാത്തവരായി പരിണമിക്കുന്നു.

മദ്യപാനംമൂലം ശരീരത്തിനും മനസ്സിനും പെട്ടെന്നു തകർച്ചയുണ്ടാക്കിയ സംഭവങ്ങളുണ്ട്. ഏതാനും വർഷം മുൻപ് സംഭവിച്ച വൈപ്പിൻദുരന്തത്തെക്കുറിച്ച് നിങ്ങൾ കേട്ടിട്ടില്ലേ? കേരളീയരെ മുഴുവൻ ഭയചകിതരാക്കിയ ഒരു ദുരന്തസംഭവമായിരുന്നു അത്. വൈപ്പിൻ എന്ന സ്ഥലത്ത് ഒരു ദിവസം മദ്യം കഴിച്ചവർ മുഴുവനും അന്ധരായിത്തീർന്നു!! മദ്യത്തിനു കൂടുതൽ വീര്യം കിട്ടാൻവേണ്ടി അതിൽ കലർത്തിയ വിഷദ്രാവകമാണ് മദ്യപന്മാരെ അന്ധരാക്കിത്തീർത്തത്. മദ്യപാനം മൂലം വെളിച്ചത്തിൻെറ മക്കൾ അങ്ങനെ ഇരുളിൻെറ മക്കളായി മാറി.

ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും മദ്യം നിരോധിച്ചിട്ടുണ്ട്. കേരളത്തിൽ മദ്യം നിരോധിക്കുന്നതിന് മുറവിളി കൂട്ടാൻ തുടങ്ങിയിട്ടു നാളേറെയായി. പക്ഷേ ഗവൺമെൻറു അതു ചെവിക്കൊള്ളുന്ന മട്ടില്ല. മദ്യവ്യവസായം മൂലം സംസ്ഥാനത്തിനു കിട്ടുന്ന വൻപിച്ച സാമ്പത്തിക വരുമാനത്തെക്കുറിച്ചല്ലാതെ മദ്യപാനം മൂലം തകർന്നടിയുന്ന മനുഷ്യജീവികളെക്കുറിച്ചും കുടുംബബന്ധങ്ങളെക്കുറിച്ചും ഭരണാധികാരികൾ ചിന്തിക്കുന്നില്ല.

കേരളത്തിൽ ഓരോ രൂപതയിലും മദ്യവർജ്ജനസമിതികൾ രൂപീകരിച്ചു യുവജനങ്ങൾ മുന്നിട്ടിറങ്ങി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. മദ്യമോ മററു ലഹരിപദാർത്ഥങ്ങളോ ഉപയോഗിക്കാത്ത ഒരു യുവകേരളം നമുക്ക് കെട്ടിപ്പടുക്കണം.

## പാപത്തിലേക്കുള്ള കവാടം

മദ്യത്തിൻെറയും മയക്കുമരുന്നുകളുടെയും ഉപയോഗം മനുഷ്യശരീരത്തെ എത്രത്തോളം ദോഷകരമായി ബാധിക്കുമെന്ന് നാം കണ്ടു. ദൈവത്തിൻെറ ദാനമായ ശരീരത്തെ മനഃപൂർവ്വം വികലമാക്കുന്നുവെന്ന ഒററക്കാരണത്താൽത്തന്നെ അത് ആദ്ധ്യാത്മിക തിന്മയുമാകുന്നു. ദൈവം നല്കിയ ശരീരത്തെ നശിപ്പിക്കാൻ നമുക്ക് അവകാശമില്ല. ശരീരത്തെ നശിപ്പിക്കാനുള്ള ശ്രമങ്ങൾ ആത്മഹത്യാപരമാണ്. തന്മൂലം ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിലൂടെ സ്വന്തം ശരീരത്തെ നശിപ്പി

ക്കുന്ന മനുഷ്യൻ ജീവൻെറ ദാതാവായ ദൈവത്തിനെതിരേ പാപം ചെയ്യുകയാണ്.

ലഹരിപദാർത്ഥങ്ങൾ മനുഷ്യനെ പാപം ചെയ്യാൻ പ്രേരിപ്പിക്കുന്നുവെന്നതും സമൂഹത്തിൽ തിന്മയുടെ വിഷവിത്തുകൾ വിതയ്ക്കുന്നുവെന്നതും തർക്കമററ വസ്തുതകളാണ്. ലഹരി പരമസാത്വികനെപ്പോലും പിശാചാക്കുന്നു. വ്യഭിചാരത്തെയും മോഷണത്തെയുംകാൾ ഹീനമായ തിന്മയായാണ് ഗാന്ധിജി മദ്യപാനത്തെ കണ്ടത്. കാരണം സമസ്ത തിന്മകളിലേക്കും അതു മനുഷ്യനെ നയിക്കുമെന്നതുതന്നെ. ആത്മനിയന്ത്രണം, സുബോധം, സന്മാർഗ്ഗചിന്ത ഇവയെല്ലാം മദ്യംമൂലം നഷ്ടപ്പെടുന്നു. അനാശാസ്യമായ എന്തും പ്രവർത്തിക്കാൻ മദ്യപൻ തയ്യാറാകും. ഭാര്യയെ കാരണംകൂടാതെ സംശയിക്കൽ, കുടുംബകലഹം, പരസ്ത്രീസംസർഗ്ഗം ഇവയ്ക്കൊക്കെ പ്രേരിപ്പിക്കുന്ന ശക്തി പലപ്പോഴും മദ്യമാണ്.




മദ്യം മനുഷ്യനിൽ അക്രമവാസനയെ ഉണർത്തുകയും ഏതു ക്രൂരപ്രവൃത്തി ചെയ്യുന്നതി

നും അവനെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. വാക്കുതർക്കം, അടിപിടി, അക്രമം, കൊലപാതകം ഇവയുടെയെല്ലാം മൂല കാരണം മിക്കപ്പോഴും ലഹരി തന്നെയാണല്ലോ. ലഹരിയുടെ അടിമയാകുകമൂലം പ്രാർത്ഥനയും ആദ്ധ്യാത്മിക ചൈത ന്യവും വ്യക്തിക്ക് കൈമോശം വരുന്നു. മദ്യപനെ സംബ ന്ധിച്ചിടത്തോളം മദ്യമാണ് ദൈവം. അവൻ അതിൽ നിരന്ത രം ആശ്രയിക്കുകയും ചെയ്യുന്നു. സുബോധത്തോടെ ദൈവ തിരുമുൻപിൽ സ്വയം സമർപ്പിക്കുവാനുള്ള കഴിവ് ലഹരി യുടെ ഹരത്തിൽ നഷ്ടപ്പെട്ടുപോകും. ലഹരിയുടെ അടിമ യാകുകമൂലം ജീവിതത്തിലെ പ്രതീക്ഷകളെല്ലാം നഷ്ടപ്പെട്ട് ജീവിതം അവസാനിപ്പിക്കുന്നവരും ധാരാളമുണ്ട്. അങ്ങനെ, ലഹരി വ്യക്തിയെ ആത്മഹത്യയിലേക്കും നയിക്കുന്നു. ആ ത്മഹത്യകളിൽ അറുപതുശതമാനവും നടക്കുന്നത് ലഹരി മൂ ലമാണെന്നു പഠനങ്ങൾ കാണിക്കുന്നു.

ചിന്താശക്തിയെ തളർത്തുന്ന മദ്യം അപകടമരണങ്ങളുടെ മുഖ്യകാരണങ്ങളിലൊന്നാണ്. വാഹനാപകടങ്ങളിൽ ഭൂരിഭാഗ വും ഡ്രൈവർമാരുടെ മദ്യപാനം മൂലമാണ് സംഭവിക്കുന്നത്. ഉയർന്ന സാമ്പത്തിക ചുററുപാടുകളിൽ കഴിഞ്ഞിരുന്ന എത്ര യെത്ര കുടുംബങ്ങളാണ് കുടുംബനാഥൻെറ മദ്യപാനം മൂലം തകർന്നുതരിപ്പണമായിട്ടുള്ളത്.

മദ്യപൻെറ കുടുംബം നരകതുല്യമായിരിക്കും. കുടുംബ ത്തിൽ സന്തോഷവും സമാധാനവും ഉണ്ടായിരിക്കുകയില്ല. എ ന്നും വഴക്കും കണ്ണീരും മർദ്ദനങ്ങളും ദാരിദ്ര്യവും അവിടെ കുടി വാഴും. ആരോഗ്യത്തിനാവശ്യമായ ഭക്ഷണം കിട്ടാതെയും അതിനെക്കാൾ അത്യാവശ്യമായ സ്നേഹവാത്സല്യങ്ങൾ കി ട്ടാതെയും കുട്ടികൾ ശാരീരികവും മാനസികവുമായി മുരടിക്കു കയും വികലവ്യക്തിത്വങ്ങളുടെ ഉടമകളായി മാറുകയും ചെ യ്യും.

താൻ ദുർഗുണങ്ങളിൽ ചെന്നു നിപതിക്കട്ടെ എന്നു വിചാ രിച്ചോ, തൻെറ ജീവിതം നശിച്ചു നാമാവശേഷമാകട്ടെയെന്നു തീരുമാനിച്ചോ അല്ല ഒരാൾ ലഹരി പദാർത്ഥങ്ങൾ ഉപയോ ഗിച്ചു തുടങ്ങുന്നത്. തൊഴിൽക്കുഴപ്പം, ദാമ്പത്യജീവിതത്തകർ ച്ച, അപമാനഭയം, പരാജയം, ഇഷ്ടജനങ്ങളുടെ വിരഹം തുട ങ്ങിയ പ്രശ്നങ്ങൾകൊണ്ട് ഉണ്ടാകുന്ന അസ്വസ്ഥതയ്ക്കു പെട്ടെന്ന് ഒരു പോംവഴി കിട്ടുമെന്ന നിലയ്ക്കാണ് ഭൂരിപ

ക്ഷം പേരും മദ്യപാനം തുടങ്ങുന്നത്. അഭ്യസ്തവിദ്യരായ യുവജനങ്ങൾ ഏറിയപങ്കും ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് ഉപരിസുഖത്തിനും ആനന്ദത്തിനും വേണ്ടിയാണ്. യുവാക്കളിൽ ചിലർക്കു താന്തോന്നിത്തം കാണിച്ചു നടക്കാനാഗ്രഹമുണ്ട്. പക്ഷേ നിലവിലുള്ള സുബോധവും സുബുദ്ധിയും അതിനനുവദിക്കുന്നുമില്ല. മാതാപിതാക്കളെയും മററും ഓർക്കുമ്പോൾ അനാശാസ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അവർക്കു കഴിയുകയില്ല. അതുകൊണ്ട് തത്കാലം വീടും പരിസരവും മറന്നു പ്രവർത്തിക്കാനുള്ള തൻറേടം കിട്ടട്ടെ എന്നു കരുതിയാണു ഇക്കൂട്ടർ ലഹരി കഴിക്കുന്നത്. ഈ ഭൂമിയിൽ ത്തന്നെ സ്വർഗ്ഗാനന്ദം നേടുകയെന്ന സങ്കല്പം വച്ചു പലർത്തിക്കൊണ്ട് ലഹരി ഉപയോഗിക്കുന്ന യുവാക്കളുമുണ്ട്.

താൽക്കാലികാഹ്ലാദത്തിനും ആനന്ദത്തിനുമൊക്കെ വേണ്ടി ഒരു നേരമ്പോക്കെന്ന നിലയിലായിരിക്കും പലരും മദ്യമോ മററു ലഹരി പദാർത്ഥങ്ങളോ ഉപയോഗിച്ചു തുടങ്ങുന്നത്. പക്ഷേ ഇടയ്ക്കുവച്ചു നിർത്താൻ കഴിയാതെ വരുമ്പോഴാണ് ഇക്കൂട്ടർ അന്ധാളിച്ചു പോകുന്നത്.

## അശ്രദ്ധമൂലമുണ്ടാകുന്ന അപകടം

നദി ഇരുകര മുററി ഒഴുകുന്ന ഒരു ദിവസം. പുഴക്കരയിൽ ഒരു സംഘം യുവാക്കന്മാർ വെള്ളപ്പാച്ചിൽ നോക്കി നില്ക്കുന്നു. അങ്ങനെ നില്ക്കുമ്പോൾ ഒരു കരിമ്പടക്കെട്ടു ഒഴുകി വരുന്നു. ഒരു യുവാവ് അതു പിടിച്ചെടുക്കാനായി നദിയിൽ ചാടി. അയാൾ നീന്തിത്തുടിച്ചു അതിൽക്കയറി പിടിച്ചു. കരിമ്പടക്കെട്ടുമായി അയാൾ ഉടനെ കരയിലെത്തുമെന്നു വിചാരിച്ചു കൂട്ടുകാർ നോക്കിനിന്നു. എന്നാൽ ആ യുവാവ് കരിമ്പടക്കെട്ടിൽ പിടിച്ച് ജലപ്രവാഹത്തിൽപ്പെട്ടു താഴോട്ടു തന്നെ ഒഴുകി. എന്തുകൊണ്ടാണ് ആ ചെറുപ്പക്കാരന് കരപററാൻ കഴിയാഞ്ഞത്. വാസ്തവത്തിൽ സംഭവിച്ചതെന്തെന്നോ? കരിമ്പടക്കെട്ടാണെന്നു ആ യുവാവ് കരുതിയത്, ഒരു കരിം കരടിയായിരുന്നു. യുവാവ് അതിനെ തൊട്ടതോടെ കരടി യുവാവിനെ പിടികൂടി. കരടിയുടെ പിടിവിടുവിക്കാൻ അയാൾക്കു കഴിഞ്ഞുമില്ല. പുഴയിലൂടെ ഒഴുകിപ്പോകുന്ന കരടിയെ കരിമ്പടക്കെട്ടാണെന്നു തെററിദ്ധരിച്ച് പിടിച്ചെടുക്കാൻ ശ്രമിച്ച ഈ യുവാവിൻെറ ഗതിയാണ് ലഹരിപദാർത്ഥങ്ങളോടു അടുക്കു

ന്നവർക്കും സംഭവിക്കുന്നത്. ഒരു നേരമ്പോക്കെന്ന നിലയ്ക്കു ലഹരിയോട് അവർ അടുക്കുന്നു. ഇതപകടമാണെന്നറിഞ്ഞ് പിൻവാങ്ങാൻ ഉത്സാഹിക്കുമ്പോഴാണ് അറിയുന്നത് മദ്യം തന്നെ പിടികൂടിക്കഴിഞ്ഞെന്ന്. പിന്നെ ആജീവനാന്തം മദ്യത്തിൻെറ അടിമയായി കഴിയുക തന്നെ.

## രക്ഷാമാർഗ്ഗം കണ്ടെത്തുക

മനോഹരമായ ഒരു ജീവിതം കൈവന്നിട്ട് മദ്യപാനം മൂലം അതു കളഞ്ഞുകുളിക്കുന്നതെന്തിന്? മദ്യവും മററു ലഹരിപദാർത്ഥങ്ങളും ഉപയോഗിക്കുന്നതിനെതിരായ ഒരു മനോഭാവം ചെറുപ്പകാലത്തുതന്നെ നാം വളർത്തേണ്ടിയിരിക്കുന്നു.

ജീവിക്കുന്ന ദൈവത്തിൻെറ ആലയങ്ങളാണ് നമ്മൾ എന്ന വസ്തുത മനസ്സിലാക്കുന്ന ഒരു യുവാവും മദ്യം തൊടുകയില്ല.

താഴെ ചേർക്കുന്ന ദൈവവചനം നാം ഹൃദിസ്ഥമാക്കുകയും അത് നിത്യേന ഉരുവിടുകയും ചെയ്യണം. മദ്യപാനാസക്തിയിൽനിന്ന് ആ ദൈവവചനം നമ്മെ അദ്ഭുതകരമായി രക്ഷിച്ചുകൊള്ളും. മദ്യപിച്ച് സുബോധം വെടിയാതിരിക്കാൻ വി. പലോസ് ഉദ്ബോധിപ്പിക്കുന്നു.

> നിങ്ങൾ എല്ലാവരും പ്രകാശത്തിൻെറയും പകലിൻെറയും പുത്രന്മാരാണ്. നമ്മിൽ ആരും തന്നെ രാത്രിയുടെയോ അന്ധകാരത്തിൻെറയോ മക്കളല്ല...... അതിനാൽ നമുക്ക് ഉണർന്ന് സുബോധം ഉള്ളവരായിരിക്കാം... മദ്യപിച്ച് ഉന്മത്തരാകുന്നവർ രാത്രിയിലാണ് ഉന്മത്തരാകുന്നത്. പകലിൻെറ മക്കളായ നമുക്ക് സ്നേഹത്തിൻെറ കവചവും രക്ഷയുടെ പടത്തൊപ്പിയും ധരിച്ചു സുബോധമുള്ളവരായിരിക്കാം
> (1 തെസ. 5:5–8).

ശരീരസുഖം ഇരട്ടിപ്പിക്കുന്നതിനുവേണ്ടിയാണല്ലോ മദ്യവും മററു ലഹരിപദാർത്ഥങ്ങളും ഉപയോഗിക്കാൻ മനുഷ്യൻ ഉത്സുകനാകുന്നത്. ഇപ്രകാരമുള്ള സുഖേച്ഛുക്കളോട് വി. പത്രോസു പറയുന്നു:

> ''ശരീരത്തിൽ പീഡനമേററ ക്രിസ്തുവിൻെറ മനോഭാവം നിങ്ങൾക്ക് ആയുധമായിരിക്കട്ടെ. എന്തെന്നാൽ ശരീരത്തിൽ സഹിച്ചിട്ടുള്ളവൻ പാപത്തോടു വിടവാങ്ങി

യിരിക്കുന്നു. അവൻ ശരീരത്തിൽ ജീവിക്കുന്നിടത്തോളംകാലം മാനുഷികവികാരങ്ങൾക്ക് അടിമപ്പെട്ടല്ല, ദൈവഹിതത്തിനൊത്താണ് ജീവിക്കുന്നത്. ജഡമോഹത്തിലും മദ്യപാനത്തിലും മദിരോത്സവത്തിലും മുഴുകി നിങ്ങൾ ജീവിക്കരുത്. ശരീരത്തിൽ മനുഷ്യരെപ്പോലെ വിധിക്കപ്പെട്ടെങ്കിലും ആത്മാവിൽ ദൈവത്തെപ്പോലെ ജീവിക്കുന്നതിനുവേണ്ടിയാണ് സുവിശേഷം പ്രസംഗിക്കപ്പെട്ടത്''' (1 പത്രോ. 4:1–6).

ഒരു മദ്യപാനിയെ അല്ലെങ്കിൽ മയക്കുമരുന്നിൽ ആസക്തനായ വ്യക്തിയെ രക്ഷപെടുത്തുവാൻ സാധിക്കുമോ? തീർച്ചയായും സാധിക്കും, അത്ര എളുപ്പമല്ലെങ്കിലും. ഈ പ്രക്രിയയിലെ പ്രധാനഘടകം ലഹരി ഉപേക്ഷിക്കണമെന്നുള്ള വ്യക്തിയുടെ ആഗ്രഹമാണ്. ഇതില്ലാത്തിടത്തോളംകാലം ഒരു വ്യക്തിയെക്കൊണ്ടും ലഹരിശീലം **ഉപേക്ഷിപ്പിക്കുവാൻ സാധ്യ**മല്ല.

വ്യക്തമായ ആഗ്രഹമുള്ള ഒരു വ്യക്തിക്ക് ലഹരിവസ്തുവിൽനിന്ന് പിൻവലിയുന്നതുകൊണ്ട് ഉണ്ടാകുന്ന അസ്വാസ്ഥ്യം അസഹനീയമാണെങ്കിൽ അയാളെ ചികിത്സിക്കണം. ഈ ചികിത്സ സാധാരണയായി രണ്ടോ മൂന്നോ ആഴ്ചയിൽ കൂടുതൽ ദീർഘിപ്പിക്കേണ്ടിവരില്ല.

## ആത്മീയനവീകരണം

ലഹരിശീലംമൂലം സംഭവിച്ചുകൊണ്ടിരിക്കുന്ന പലതരത്തിലുള്ള തകർച്ചകളെപ്പററി മദ്യപാനി ബോധവാനാകണം. ലഹരി അയാളുടെ അപ്പോഴത്തെ ജീവിതശൈലിയുടെ ഭാഗമാണെന്നും ആ ജീവിതശൈലി മാററാതെ ലഹരിയിൽനിന്ന് രക്ഷപെടാൻ അസാദ്ധ്യമാണെന്നും അയാൾ മനസ്സിലാക്കണം. ഈ തരത്തിൽ സമ്പൂർണ്ണപരിവർത്തനം വന്ന ഒരു വ്യക്തിക്കു മാത്രമേ ലഹരിയിൽനിന്നു വിട്ടുനില്ക്കാൻ സാധിക്കൂ!

ലഹരിശീലം ഉപേക്ഷിച്ച ഒരു വ്യക്തിക്ക് പല സാഹചര്യങ്ങളിലും വീണ്ടും അതുപയോഗിക്കാനുള്ള ആഗ്രഹം ജനിക്കും. പലവർഷങ്ങൾകൊണ്ട് അയാളുടെ മനസ്സും ശരീരവും ആർജ്ജിച്ച ശീലത്തിൽനിന്നുണ്ടാകുന്നതാണ് ആ ആഗ്രഹം. ഇങ്ങനെ ഉണ്ടാകുന്ന പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള ശക്തി തുടർന്നും ആർജ്ജിക്കാൻ കഴിയുന്ന വ്യക്തിക്ക് ലഹരിയിൽനിന്നു വിട്ടുനില്ക്കാൻ കഴിയും. ഇതിനായുള്ള സഹായം ലഭിക്കു

ന്നിടത്തേക്കെല്ലാം അയാഠം തിരിയണം. സ്വയം സഹായസംഘട നകളാണ് ഇതിനുള്ള ഒരു ഉപായം. ഏ. ഏ. (Alcoholic Anonymous) പോലുള്ള പല ഗ്രൂപ്പുകളും പലയിടത്തും നിലവിലുണ്ട്. ഇത്തരമൊരു സംഘടനയിൽ അംഗത്വം സ്വീകരിച്ച് സജീവമായി പ്രവർത്തിക്കുന്നത് വളരെ പ്രയോജനകരമാണ്. ലഹരിക്കെതിരേ സ്വയം പിടിച്ചുനില്ക്കാൻ തനിക്കു കഴിവില്ലെന്ന് അംഗീകരിച്ച് ദൈവത്തിൽ ആശ്രയിക്കാനുള്ള മന:സ്ഥിതി അയാഠക്കുണ്ടാകണം. ഒരു ആത്മീയനവീകരണം ഇതിന് ആവശ്യമാണ്.

## 1. ഉത്തരങ്ങൾ പഠിക്കുക

1. ലഹരിവസ്തുക്കഠ മനുഷ്യശരീരത്തിനു വരുത്തുന്ന കെടുതികഠ എന്തെല്ലാം?
2. മദ്യപന്മാർക്കു മദ്യമുപേക്ഷിക്കാൻ വയ്യാതാകുന്നതു എന്തുകൊണ്ട്?
3. മദ്യപാനം കുടുംബജീവിതത്തെ ശിഥിലമാക്കുന്നു എന്ന വിഷയത്തെ മുൻനിറുത്തി എഴുതേണ്ട ഒരു ഉപന്യാസത്തിൽ നിങ്ങഠ ഉഠക്കൊള്ളിക്കുന്ന പ്രധാനകാര്യങ്ങഠ നമ്പറിട്ടെഴുതുക.

## 2. പ്രാവർത്തികമാക്കുക

1. മദ്യപാനശീലം ഉണ്ടാകാതിരിക്കാൻ വിദ്യാർത്ഥികഠക്കു നൽകാവുന്ന ഒരു ബോധവത്കരണ സെമിനാറിൽ ഉഠക്കൊള്ളിക്കേണ്ട പരിപാടികളുടെ ഒരു രൂപരേഖ തയ്യാറാക്കുക.
2. സൺഡേസ്കൂഠ വിദ്യാർത്ഥികഠക്കായി സംഘടിപ്പിക്കപ്പെടുന്ന ഒരു സമ്മേളനത്തിൽ നിങ്ങഠ ഒരു പ്രസംഗകനാണ്. വിഷയം "മനുഷ്യശരീരം ദൈവത്തിന്റെ ആലയമാണ്. അതിനെ ലഹരിയുടെ ആവാസകേന്ദ്രമാക്കരുത്". ഈ പ്രസംഗത്തിൽ ഉന്നയിക്കേണ്ട സുപ്രധാന കാര്യങ്ങഠ കുറിക്കുക.

## 3. ചർച്ചചെയ്യുക

1. ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം സമൂഹത്തിൽ വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങഠ ചർച്ചചെയ്തു പരിഹാരമാർഗ്ഗങ്ങഠ നിർദ്ദേശിക്കുക.
2. മദ്യത്തിനോ മയക്കുമരുന്നിനോ അടിമപ്പെട്ട ഒരു വ്യക്തിയെ മോചിപ്പിക്കുന്നതിന് നിങ്ങഠക്ക് എന്തെല്ലാം ചെയ്യാൻ കഴിയുമെന്നു ചർച്ചചെയ്യുക.

ഷെശദ്ഘനിക്ക് ആന്റ്

ക്രിസ്തുവിന്റെ പിന്നാലെ

Nischal Gibson



# ...തന്ത്ര്യത്തിലേക്ക് വിളിക്കപ്പെട്ടവർ

HCC 1

...0/268.42
POC

Indic Digital Archive Foundation
gpura.org